# മലയാള പാഠാവലി

## ആറാം പുസ്തകം

## അധ്യാപക സഹായി

**IDEAL ASSOCIATION FOR MINORITY EDUCATION (IAME)**
**ISO 9001 - 2008 Certified**

**Published by**

**IDEAL ASSOCIATION FOR MINORITY EDUCATION (IAME)**
**ISO 9001 - 2008 Certified**
**Markaz Complex Annex, Room No.B. 14, 11 Floor**
**Indiran Gandhi Road, Kozhikode 673 004**
**Phone :0495 27223205, Email: iame 313@gmail.com**

# ആമുഖം

മാതൃഭാഷാ പഠനം കേവലം അക്ഷരജ്ഞാനമല്ല; കുട്ടിയുടെ വ്യക്തിത്വ വളർച്ച യിൽ നിർണായകമായ സ്വാധീനം ചെലുത്തുന്ന ഘടകമാണ്. സ്വന്തം സാംസ്കാരികസത്ത അടുത്തറിയാനും സ്വായത്തമാക്കാനുമുള്ള അവസരം കുട്ടികൾക്കു ലഭിക്കുന്നത് മാതൃഭാഷാ പഠനത്തിലൂടെയാണ്. സ്വന്തം ജന്മപശ്ചാത്തലത്തിൽ നിന്നുകൊണ്ട് മാനവിക മൂല്യങ്ങളെ ക്കുറിച്ചുള്ള അവബോധം കുട്ടികൾക്കു ലഭിക്കണം. പാരമ്പര്യ സാമൂഹിക സാംസ്കാരിക മേഖലകളിൽ പരിജ്ഞാനം നേടണം. അതിനു മാതൃഭാഷ തന്നെയാണുചിതം.

ഈ യാഥാർത്ഥ്യം പരിഗണിച്ചുകൊണ്ടാണ് IAME 'മഴത്തുള്ളികൾ' എന്ന പേരിൽ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലേക്കായി മലയാളപാഠാവലി തയ്യാറാക്കിയിരിക്കുന്ന ത്. ആശയങ്ങളിൽ നിന്ന് ഭാഷയുടെ അടിസ്ഥാനഘടകങ്ങളായ അക്ഷരം, പദം, വാക്യം എന്നിവയിലേക്കു മുന്നേറുന്ന സമീപനം ഭാഷാപഠന ക്ലാസുകളെ സർഗാത്മകവും ജീവിത ഗന്ധിയുമാക്കുമെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ സമഗ്രവും യഥാർത്ഥവും ജീവി തത്തിൽ ഉപയുക്തവുമായ സന്ദർഭങ്ങളിലൂന്നിയുള്ള പഠനരീതിയാണ് മഴത്തുള്ളികളിൽ അവലംബിച്ചിരിക്കുന്നത്. കൂടുതൽ വിശദീകരണത്തിന് അഞ്ചാം പുസ്തകത്തിന്റെ ആമുഖം വായിക്കുക.

അഞ്ചാം ക്ലാസിൽ സ്വീകരിച്ച പഠനസമീപനത്തിന്റെ തുടർച്ചയാണ് ആറാം ക്ലാസി ലുള്ളത്. കഥകൾ, കവിതകൾ, ഉപന്യാസങ്ങൾ തുടങ്ങിയവ പ്രമേയപരവും ആസ്വാദ നപരവുമായ ഉയർന്ന മൂല്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അവയുടെ ഉദ്ബോധന രീതികളെക്കുറിച്ച് ചെറിയതോതിൽ ഈ കൈപ്പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കി കുട്ടികളുടെ പ്രകൃതിക്കും സാഹ ചര്യങ്ങൾക്കുമനുസരിച്ച് പാഠഭാഗങ്ങൾ അവതരിപ്പിക്കേണ്ടത് അധ്യാപകരാണ്. പഠനം ഫലപ്രദമാക്കാൻ ഉചിതമായ മാർഗങ്ങൾ സ്വീകരിക്കാൻ അധ്യാപകർക്കു സ്വാതന്ത്ര്യമു ണ്ട്. കൈപ്പുസ്തകത്തെ അവസാനവാക്കായി കാണാതെ വിശാലമായ തലത്തിൽ കാര്യ ങ്ങൾ നിരീക്ഷിച്ച് ക്ലാസ്റൂം പ്രവർത്തനം രസകരവും ഫലപ്രദവുമാക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. അതിന്നു സാധിക്കട്ടെ എന്നാശംസിക്കുന്നു.

# ഉള്ളടക്കം


യൂണിറ്റ് - 1 വാത്സല്യനിലാവിൻ കുളിര്

1 പൊന്നോമനയ്ക്കായ്

2 മാതൃത്വത്തിന്റെ തൂവൽസ്പർശം

3 ഒരുറക്കു പാട്ട്

യൂണിറ്റ് - 2 ഇന്ദ്രധനുസ്സിൻ തീരം

4 മാരിവില്ലിൻ മന്ദഹാസം

5 തുമ്പയുടെ ഭാഗ്യം

6 പുഴ പറയും കഥ

7 ഭാവിമാധുര്യം

യൂണിറ്റ് - 3 ചിരിതൻ രസം, ചിന്താമധുരം

8 ഹോർലിക്സ് ഇഞ്ചക്ഷൻ

9 ചിരിക്കാം

10 വായു പോയാലോ ?

11 ചിന്താ സരണി

യൂണിറ്റ് - 4 മാനവ സ്നേഹത്തിൻ മണിനാവ്

12 ശ്രീനാരായണ ഗുരു

13 മതിൽ

14 മഹിതമായ മനുഷ്യസ്നേഹം

15 മാനിഷാദ :

യൂണിറ്റ് - 5 ഇത്തിരിയിലെ ഒത്തിരി വിശേഷം

16 ചെറിയവ

17 ഉറുമ്പുകളുടെ ലോകം

18 വമ്പന്മാരായ ഇത്തിരിക്കുഞ്ഞന്മാർ

# യൂണിറ്റ് – 1
# വാത്സല്യനിലാവിൻ കുളിര്

അമ്മ, ഉമ്മ! എത്ര ഉദാത്തമായ പദം. വാത്സല്യത്തിന്റെ ആ നിറകുടത്തെ നിർവചിക്കാൻ മനുഷ്യരുപയോഗിക്കുന്ന വാക്കുകളെല്ലാം അപര്യാപ്തമാണ്. അത് അനുഭവിച്ചറിയുന്നു നാം. അതിന്റെ കുളിര് എല്ലാ മനുഷ്യരുടെയും മനസ്സിന്റെ അടിത്തട്ടിലെവിടെയോ ഒളിഞ്ഞിരിക്കുന്നുണ്ട്. അതുകൊണ്ടാണ് കാലം പിന്നിടുമ്പോൾ സ്വന്തം അമ്മയെ മറന്നാലും സ്വന്തം മക്കളെ വാത്സല്യത്തോടെ ലാളിക്കാൻ നമുക്കു കഴിയുന്നത്.

ആരാണ് അമ്മ? ചിന്തിച്ചു നോക്കൂ; പത്തുമാസം നമുക്കുവേണ്ടി ശ്വസിച്ചത് അമ്മയാണ്. ഗർഭാശയത്തിൽ നിന്നു പുറത്തുവന്ന ശേഷമുള്ള ആദ്യത്തെ കരച്ചിലിലാണ് നമ്മുടെ ശ്വാസോച്ഛ്വാസം ആരംഭിക്കുന്നത്. അമ്മയുടെ മജ്ജയും മാംസവും രക്തവുമാണ് നമ്മുടെ ശരീരത്തിന്റെ കാതൽ. അമ്മയിൽ നിന്ന് ഊറ്റിയെടുത്തതാണ് മക്കൾ എന്നർത്ഥം.  അമ്മയിൽ നിന്ന് ശ്വാസം ഏറ്റുവാങ്ങി ജീവിതയാത്ര തുടരുമ്പോൾ ആ ആത്മബന്ധത്തിന്റെ നൂൽ നേർത്തുനേർത്തു വരുന്നു. ചിലപ്പോൾ അതു പൊട്ടിപ്പോയെന്നും വരും. അമ്മ സ്നേഹമാണ്. നന്മയാണ്, ത്യാഗമാണ്, സമർപ്പണമാണ്.  അമ്മയെ അറിയാത്തവന്, ആ നന്മയെ സ്നേഹിക്കാത്തവന് ഈ ലോകത്ത് മറ്റൊന്നിനെയും ആത്മാർത്ഥമായി സ്നേഹിക്കാനാവില്ല.

മാതൃത്വം മഹത്തായ ത്യാഗമാണ്. തന്റെ ജീവിതത്തിലെ സുഖസൗകര്യങ്ങളെല്ലാം അമ്മ മക്കൾക്കായി ത്യജിക്കുന്നു; യാതൊരു പ്രയാസവും കാണിക്കാതെ, ഒട്ടും വൈമനസ്യമില്ലാതെ. കുഞ്ഞുങ്ങൾക്കുവേണ്ടി സമർപ്പിതമാണാ ജീവിതം. തന്റെ കുഞ്ഞിന്റെ രോഗം അമ്മയുടെയും രോഗമാണ്. കുഞ്ഞിന്റെ വേദനകൾ അമ്മയുടെയും വേദനയാണ്. കുഞ്ഞിന്റെ സുഖവും സന്തോഷവുമാണ് അമ്മയുടെ സുഖവും സന്തോഷവും. മക്കളെത്ര മുതിർന്നാലും അമ്മയ്ക്കവർ കുഞ്ഞുങ്ങൾ തന്നെയാണ്.

കാര്യങ്ങളിങ്ങനെയൊക്കെയാണെങ്കിലും, മക്കൾ മുതിരുമ്പോൾ അവരുടെ പെരുമാറ്റത്തിൽ ഇത്തരം വിചാരങ്ങൾ ഇല്ലാതായിപ്പോകുന്നു. സമീപനത്തിൽ അവഗണനയും വെറുപ്പും കടന്നുവരുന്നു. വൃദ്ധരായ മാതാപിതാക്കളെ ഇതേറെ വിഷമിപ്പിക്കുമല്ലോ. പിന്നീടൊരു തിരിച്ചറിവുണ്ടാകുന്നത് മക്കൾ അച്ഛന്മാരും അമ്മമാരുമാകുമ്പോഴാണ്; അപ്പോഴേക്കും വൈകിപ്പോയിരിക്കും.

അമ്മയുടെ കാരുണ്യം, ദയ, സമർപ്പണമനോഭാവം, വാത്സല്യം, ത്യാഗം തുടങ്ങിയവ കുട്ടികളുടെ മനസ്സിൽ രൂഢമൂലമാകണം. ഈ ലക്ഷ്യത്തോടെയാണ് ഈ യൂണിറ്റ് സംവിധാനിച്ചിരിക്കുന്നത്. ഇടശ്ശേരിയുടെ പൂതപ്പാട്ടിൽ നിന്നെടുത്ത 'പൊന്നോമനയ്ക്കായ്,' എ.പി.ജെ. അബ്ദുൽ കലാമിന്റെ ജ്വലിക്കുന്ന മനസ്സുകളിൽ നിന്നെടുത്ത 'മാതൃത്വത്തിന്റെ തൂവൽ സ്പർശം', വള്ളത്തോളിന്റെ സാഹിത്യമഞ്ജരിയിൽ നിന്നെടുത്ത 'ഒരുറക്കുപാട്ട്' എന്നീ പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

അമ്മയെക്കുറിച്ചുള്ള വ്യക്തമായൊരവബോധം ബാലമനസ്സിലുറപ്പിക്കുക എന്നതാണ് യൂണിറ്റിന്റെ പൊതുലക്ഷ്യം.

പ്രവേശക പ്രവർത്തനം

വേഴാമ്പലിനെക്കുറിച്ചുള്ള കുറിപ്പ് കുട്ടികൾ വായിക്കട്ടെ.

പ്രത്യുല്പാദനത്തിനു വേണ്ടി അവ സഹിക്കുന്ന ത്യാഗം ചർച്ച ചെയ്യാം.

പ്രകൃതിയിലെ മിക്ക ജീവികളും ഇത്തരം കഠിന ത്യാഗത്തിലൂടെയാണ് സന്താനോല്പാദനം നടത്തുന്നതെന്നു കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തണം. നൈസർഗികമായിത്തന്നെ ലഭിച്ച വാത്സല്യവികാരമാണ് അവയെ ആ ത്യാഗത്തിനു പ്രേരിപ്പിക്കുന്നത്.

**കുട്ടികളോട് ചോദിക്കാം :**

- മുട്ടയിടാറായാൽ വേഴാമ്പൽ ദമ്പതികൾ എന്താണു ചെയ്യുക?
- എന്തിനായിരിക്കാം പൊത്ത് ഭദ്രമായി അടയ്ക്കുന്നത്?
- അടയിരിക്കുന്ന പെൺവേഴാമ്പലിന് ആൺ വേഴാമ്പൽ എന്തെല്ലാം ചെയ്തുകൊടുക്കുന്നു?
- ആൺ വേഴാമ്പലിന് അപകടം സംഭവിച്ചാൽ ആ കുടുംബത്തിന്ന് എന്താണു സംഭവിക്കുക?
- വേഴാമ്പൽ ഇത്രയും കഠിനമായ ത്യാഗം സഹിക്കുന്നതെന്തിന്നാണ്?

**ക്രോഡീകരണം :**

- സന്താനോല്പാദനം പ്രകൃതിപരമായി ജീവജാലങ്ങൾക്കു ലഭിച്ച അനുഗ്രഹമാണ്.
- കുഞ്ഞുങ്ങളെ ജനിപ്പിക്കാനും അവയെ സംരക്ഷിച്ചു വളർത്താനും ഓരോ ജീവിയും കഠിനമായ ത്യാഗങ്ങൾ സഹിക്കുന്നുണ്ട്.
- ജന്മനാ തന്നെ ഓരോ ജീവിയിലും അന്തർലീനമായ വാത്സല്യവികാരമാണ് അതിന്ന് അവയെ പ്രേരിപ്പിക്കുന്നത്.

- മനുഷ്യമനസ്സിലും ഇത്തരം വികാരങ്ങൾ ജന്മസഹജമായുണ്ട്. എന്നാൽ വളരെ ആസൂത്രിതമായും പ്രായോഗികമായും സന്താന സംരക്ഷണവും ശിക്ഷണവും നൽകാൻ മനുഷ്യന്റെ ബുദ്ധിപൂർവ്വമായ പ്രവർത്തനം കൊണ്ടു സാധിക്കുന്നു.

  മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളോടുള്ള വാത്സല്യം അനിർവചനീയമായ ഒരു വികാരമാണെന്നും അതൊരു വലിയ അനുഗ്രഹമാണെന്നും കുട്ടികളെ ബോധ്യപ്പെടുത്തണം.

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| •കവിതയുടെ കാലം, പ്രമേയം, ചമത്കാരംഭംഗി എന്നിവ ഉൾക്കൊള്ളുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•ഐതിഹ്യങ്ങൾ കണ്ടെത്തുകയും അവയിലെ സന്ദേശം തിരിച്ചറിയുകയും ചെയ്യുന്നു. | പൊന്നോമനയ്ക്കായ്. | •സ്വന്തം ശരീരത്തെക്കാളും ആത്മാവിനെക്കാളും വിലപ്പെട്ടതാണ് ഓരോ അമ്മയ്ക്കും തന്റെ കുഞ്ഞ്.<br>•മാതാവിന്റെ സ്നേഹവാത്സല്യങ്ങൾ കുട്ടികൾ തിരിച്ചറിയുകയും അതിനനുസരിച്ചുള്ള സമീപനങ്ങൾ രൂപപ്പെടുകയും ചെയ്യേണ്ടതുണ്ട്.<br>•ഐതിഹ്യങ്ങൾ നൽകുന്ന സന്ദേശം കാലികമായി തിരിച്ചറിയേണ്ടതുണ്ട്. | കവിതാ വായനയും വിശകലനവും.<br>ഈണവും താളവും കണ്ടെത്തൽ.<br>അനുഭവക്കുറിപ്പ് തയ്യാറാക്കൽ.<br>ഐതിഹ്യത്തിലെ സന്ദേശം തിരിച്ചറിയൽ.<br>ലഘു ഉപന്യാസം തയ്യാറാക്കൽ.<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. | കവിതാലാപനം<br>വിശകലനക്കുറിപ്പ്<br>അനുഭവക്കുറിപ്പ്<br>കുറിപ്പ്<br>ലഘു ഉപന്യാസം<br>ആസ്വാദനക്കുറിപ്പ് | **വിശകലന കുറിപ്പ്**<br>• ആശയ വ്യക്തത.<br>• അഭിപ്രായങ്ങളുടെ യുക്തി.<br>• ഭാഷയുടെ അനുയോജ്യ പ്രയോഗം<br>**അനുഭവകുറിപ്പ്**<br>• അനുഭവ തീക്ഷ്ണത.<br>• സത്യസന്ധമായ വിവരണം<br>• ആശയ വ്യക്തത.<br>**ലഘു ഉപന്യാസം**<br>• ആമുഖം<br>• തലക്കെട്ട്<br>• ഉള്ളടക്കം<br>• നിഗമനങ്ങൾ |
| •ആത്മകഥ, ജീവചരിത്രം എന്നിവയുടെ രചനാപരമായ സവിശേഷതകൾ കണ്ടെത്തുകയും ഇത്തരം സങ്കേതങ്ങൾഉപയോഗിച്ച് രചനകൾ നിർവഹിക്കുകയും ചെയ്യുന്നു.<br>•മഹാന്മാരുടെ ആത്മകഥകൾ പരിചയപ്പെടുന്നതിലൂടെ നല്ല മാതൃകകൾ കണ്ടെത്താനും അവ ജീവിതത്തിൽ പകർത്താനും സാധിക്കുന്നു. | മാതൃത്വത്തിന്റെ തൂവൽ സ്പർശം. | •കുട്ടിക്കാലത്തെ അനുഭവങ്ങൾ വ്യക്തിത്വ രൂപീകരണത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്.<br>•പ്രയാസങ്ങളിൽ പതറാതെ ശുഭാപ്തി വിശ്വാസത്തോടെ ജീവിക്കാൻ പരിശീലിക്കണം.<br>•ഒരു വ്യക്തി സ്വന്തം ജീവിതാനുഭവങ്ങൾ സത്യസന്ധമായി ആവിഷ്ക്കരിക്കുന്നതാണ് ആത്മകഥ. | വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കൽ.<br>വാക്യങ്ങൾ തിരിച്ചറിയൽ.<br>പദങ്ങൾ ചേർത്ത് വാക്യങ്ങളുണ്ടാക്കൽ<br>മഹദ് വ്യക്തിത്വങ്ങളെ പരിചയപ്പെടൽ.<br>ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ. | കുറിപ്പ്<br>വാക്യങ്ങൾ എഴുതിയ ചാർട്ട്.<br>കുറിപ്പ്<br>ജീവചരിത്രക്കുറിപ്പ് | **കുറിപ്പുകൾ**<br>• ആശയ വ്യക്തത<br>• പരസ്പര ബന്ധം.<br>• ഭാഷയുടെ അനുയോജ്യത.<br>**ജീവചരിത്ര ക്കുറിപ്പ്**<br>• ക്രമാനുസൃത വിവരണം.<br>• വിവരങ്ങളുടെ സത്യസന്ധത<br>• സംക്ഷിപ്തത. |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതയുടെ കാലം, പ്രമേയം, എന്നിവ മനസ്സിലാക്കുകയും ഇത്തരം സങ്കേതങ്ങൾ ഉപയോഗിച്ച് രചനകൾ നിർവഹിക്കുകയും ചെയ്യുന്നു. | ഒരുറക്കുപാട്ട് | • കവിതയിലെ സവിശേഷ പ്രയോഗങ്ങൾക്ക് മനസ്സിനെ കുളിരണിയിക്കാനുള്ള ശേഷിയുണ്ട്. | കവിതാവായനയും വിശകലനവും. | കവിതാലാപനം<br>വിശകലനക്കുറിപ്പ്. | **<u>താരതമ്യക്കുറിപ്പ്</u>**<br>• വാക്യവ്യത്യാസങ്ങൾ.<br>• സ്വാഭിപ്രായം<br>• ഭാഷയുടെ അനുയോജ്യത.<br>• ആശയ ക്രമീകരണം. |
| | | • മാതൃസ്നേഹത്തിന്റെ വികാരസാന്ദ്രമായ ചിത്രമാണ് താരാട്ടുപാട്ടിൽ പ്രകടമാകുന്നത്. | താരാട്ടുപാട്ടുകൾ ശേഖരിക്കൽ.<br>കവിതയരങ്ങ് സംഘടിപ്പിക്കൽ. | താരതമ്യക്കുറിപ്പ്.<br>കവിതയരങ്ങ്. | |
| • കവിതകളുടെ സൗന്ദര്യാംശം തിരിച്ചറിഞ്ഞ് സ്വന്തം രചനകളിൽ അർത്ഥപൂർണമായി പ്രയോജനപ്പെടുത്തുന്നു. | | • മനോഹരമായ അലങ്കാര കല്പനകളാൽ സമ്പന്നമാണ് വള്ളത്തോളിന്റെ ഒരുറക്കുപാട്ട് എന്ന കവിത. | ചമത്ക്കാര ഭംഗി കണ്ടെത്തൽ. | കുറിപ്പ്<br>വർക്കുബുക്കിലെ പ്രവർത്തനങ്ങൾ. | **<u>കവിതയരങ്ങ്</u>**<br>• പങ്കാളിത്തം<br>• ഉചിതമായ ഈണവും താളവും. |
| • സമാസം, വിഗ്രഹം എന്നിവ പരിചയപ്പെടുന്നു. | | • വ്യത്യസ്താർത്ഥങ്ങളുള്ള പദങ്ങളെ ഇണക്കത്തോടെ കൂട്ടിച്ചേർക്കുമ്പോൾ സുന്ദരവും അർത്ഥപൂർണവുമായ സമസ്ത പദങ്ങൾ രൂപം കൊള്ളുന്നു. | സമാസിച്ച പദങ്ങൾ വേർതിരിച്ചെഴുതൽ. | വിഗ്രഹിച്ചെഴുതിയ പദങ്ങൾ | സമാസിച്ചപ്പോൾ വിട്ടുപോയ പദം ചേർത്തിട്ടുണ്ട്. |

# പാഠം – 1
# പൊന്നോമനയ്ക്കായ്

ഇടശ്ശേരി ഗോവിന്ദൻനായരുടെ പൂതപ്പാട്ട് എന്ന കൃതിയിൽ നിന്നെടുത്ത ഏതാനും വരികളാണ് പാഠഭാഗം. എഴുത്തിനുപോയ പൊന്നോമനമകൻ വീട്ടിലെത്തേണ്ട സമയം കഴിഞ്ഞിട്ടും എത്താതിരുന്നപ്പോൾ അമ്മയ്ക്കുണ്ടായ വെപ്രാളവും വേവലാതിയും പരിഭ്രമവും ഈ വരികളിൽ പ്രകടമാവുന്നു. കുഞ്ഞുങ്ങൾ അമ്മയുടെ ജീവനാണ്; അല്ല, സ്വന്തം ജീവനെക്കാൾ വിലപ്പെട്ടതാണ്. കുഞ്ഞുങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിക്കാൻ വരെ തയ്യാറാണവർ.

സന്ധ്യയോടടുത്തപ്പോൾ അമ്മ മകനെത്തേടിയിറങ്ങുന്നു. ആറ്റിൻകരയിലും പാടത്തും കുന്നിൻചരുവിലും കാട്ടിലും മേട്ടിലുമെല്ലാം അവർ മോനേ...എന്നു വിളിച്ചു വെപ്രാളപ്പെട്ട് ഓടി നടക്കുന്നു. കണ്ണുനീർ അടർന്നടന്നു വീഴുന്നതും കാലുകളിൽ പരിക്കേൽക്കുന്നതും ഇരുട്ട് തന്നെ വലയം ചെയ്യുന്നതും ഒന്നുമവരറിയുന്നില്ല. തന്റെ മോനെന്തുപറ്റി, അവനെവിടെപ്പോയി എന്ന വേവലാതി മാത്രമാണവരുടെ മനസ്സിൽ.

പൂതം തട്ടിയെടുത്തതായിരുന്നു അവരുടെ ഉണ്ണിയെ. പൂതമാണെങ്കിലും പെറ്റമ്മയുടെ നൊമ്പരം കലർന്ന തേങ്ങലുകൾ അതിന്റെ സ്വൈരം കെടുത്തി. കുട്ടിയെ സ്വന്തമാക്കാനായി ആദ്യം പൂതം അമ്മയെ പേടിപ്പിച്ചോടിക്കാൻ നോക്കി. അമ്മ പേടിച്ചില്ല. ചുഴലിയായി ചെന്ന് എടുത്തെറിയാൻ നോക്കി. അമ്മ കുറ്റികണക്കെ നിന്ന് പൂതത്തെ പരാജയപ്പെടുത്തി. കാട്ടുതീയായി മാറി പൂതം അമ്മയെ കരിക്കാൻ ശ്രമിച്ചു. അമ്മ കണ്ണുനീരുകൊണ്ട് ആ തീ അണച്ചു കളഞ്ഞു. നരിയായും പുലിയായും ചെന്നുനോക്കി. പക്ഷേ അമ്മ പിൻമാറിയില്ല. 'എനിക്കെന്റെ കുഞ്ഞിനെ തിരിച്ചു തരൂ' എന്നായിരുന്നു അമ്മയുടെ പ്രതികരണം.

അവസാനം പൂതം പ്രലോഭനത്തിന്റെ അടവെടുത്തു. കുന്നിനുമുകളിലെ പാറ പൊക്കി അതിന്നടിയിലെ നിധികൾ കാണിച്ചുകൊടുത്തു; അവിടെ പൊന്നും രത്നവും കുന്നുകുന്നായികിടക്കുന്നു. അവ എത്ര വേണമെങ്കിലും കിഴിയാക്കിത്തരാം, കുഞ്ഞിനെ ഞാനെടുത്തോട്ടെ എന്നു പറഞ്ഞുനോക്കി. അപ്പോൾ അമ്മ തന്റെ രണ്ടു കണ്ണുകളും ചുഴ്ന്നെടുത്ത് പൂതത്തിനുമുമ്പിൽ വച്ചു പറഞ്ഞു; "ഇതിലും വലിയതാണെന്റെ പൊന്നോമന. അവനെയാണെനിക്കുവേണ്ടത്."

ഗ്രാമ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള ഒരു ഐതിഹ്യം ഭാവസാന്ദ്രവും വികാരജന്യവുമായ മനോഹരകാവ്യമാക്കി അവതരിപ്പിച്ചിരിക്കയാണ് ഇടശ്ശേരി. മാതൃത്വത്തിന്റെ ഉദാത്തഭാവം അതിന്റെ സർവ്വവിധസൗന്ദര്യത്തോടുംകൂടി ഈ കാവ്യത്തിൽ ആവിഷ്കൃതമായിരിക്കുന്നു. ഒരമ്മയ്ക്കു തന്റെ കുഞ്ഞാണ് സർവ്വത്തെക്കാളും വിലപ്പെട്ടത് എന്ന തിരിച്ചറിവു നൽകുന്നുണ്ട് ഈ കവിത. കുഞ്ഞുങ്ങളോടു മാതാവിനുള്ള സ്നേഹവും വാത്സല്യവും വിലയിരുത്തി അത്രയും സ്നേഹവതിയാണ് അമ്മയെന്നും ആ അമ്മയെ സ്നേഹിക്കാനും ആദരിക്കാനും വാർധക്യത്തിൽ സംരക്ഷിക്കാനും തയ്യാറാവണമെന്നുമുള്ള മഹത്തായ ബോധം കുട്ടികളുടെ മനസ്സിലുണർത്താൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

## പാഠാവതരണം :

അമ്മയ്ക്ക്/ ഉമ്മയ്ക്ക് നിങ്ങളോട് എത്രത്തോളം സ്നേഹമുണ്ട്? ടീച്ചർ ചോദിക്കുന്നു.

നിങ്ങൾക്ക് സ്കൂളിലേക്കു വരുമ്പോൾ എല്ലാം ഒരുക്കിത്തരുന്നത്,

നിങ്ങളെ കാത്തിരിക്കുന്നത്,

നിങ്ങൾക്കു രോഗമോ മറ്റോ വന്നാൽ വിഷമത്തോടെ പരിചരിക്കുന്നത്.

നിങ്ങളിത്തിരി വൈകിയാൽ വേവലാതിയോടെ അന്വേഷിക്കുന്നത്.

ഇങ്ങനെ എന്തെല്ലാം സമീപനങ്ങൾ. ഇതെല്ലാം അവർക്കു നിങ്ങളോടുള്ള സ്നേഹം വെളിപ്പെടുത്തുന്നുണ്ടല്ലോ.

'നമുക്കൊരു അമ്മയുടെ സ്നേഹകഥ പറയുന്ന കവിത വായിക്കാം.'

ടീച്ചറുടെ നിർദ്ദേശ പ്രകാരം കുട്ടികൾ കവിത വായിക്കുന്നു.

## പ്രവർത്തന വിശകലനം

കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നു.

തുടർന്ന് ഗ്രൂപ്പിൽ ആശയമുൾക്കൊണ്ട് ഭാവാത്മകമായി വായിക്കുന്നു. ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾക്കു ശ്രാവ്യവായനക്കവസരം നൽകുന്നു.

കവിത ഉൾക്കൊള്ളുന്ന ആശയം കുട്ടികൾ കണ്ടെത്തട്ടെ.

- ഏതു സമയത്താണു സംഭവം നടക്കുന്നത്?
- അമ്മ എവിടെയെല്ലാമാണു കുഞ്ഞിനെ അന്വേഷിച്ച് ഓടി നടന്നത്?
- കുട്ടി അപ്പോൾ എവിടെ, എന്തു ചെയ്യുകയായിരുന്നു?
- സൈ്വരക്കേടായപ്പോൾ പൂതം എങ്ങനെയൊക്കെയാണ് അമ്മയെ പേടിപ്പിച്ചോടിക്കാൻ നോക്കിയത്?
- അമ്മ പേടിച്ചു പിന്മാറാതായപ്പോൾ പൂതം എടുത്ത അടവെന്താണ്?
- അമ്മ തന്റെ കണ്ണുകൾ ചൂഴ്ന്നെടുത്ത് പൂതത്തിനുമുമ്പിൽ വച്ച് എന്താണു പറഞ്ഞത്?

**കുട്ടികൾ മനസ്സിലാക്കിയ കാര്യങ്ങൾ അവതരിപ്പിക്കട്ടെ.**

**ടീച്ചർ ചർച്ച ക്രോഡീകരിക്കുന്നു:**

- അമ്മയുടെ അദമ്യമായ പുത്രസ്നേഹമാണ് കവിതയിലെ പ്രമേയം.
- അമ്മയ്ക്കു തന്റെ ജീവനെക്കാൾ വിലപ്പെട്ടതാണ് കുഞ്ഞ്. അതുകൊണ്ടാണ് പൂതം പല നിലയ്ക്കും അമ്മയെ പേടിപ്പിച്ചിട്ടും പിന്മാറാതിരുന്നത്.
- പൊന്നും പണവുമൊന്നും ഒരമ്മയ്ക്കും തന്റെ കുഞ്ഞിനോളം വിലപ്പെട്ടതല്ല.

ചർച്ചയിലൂടെ വ്യക്തമായ ആശയങ്ങൾ കുറിപ്പാക്കുന്നു, അവതരിപ്പിക്കുന്നു, മെച്ചപ്പെടുത്തുന്നു.

കവിതാഭാഗം ആവശ്യ ബോധത്തോടെ വീണ്ടും വായിക്കാനുള്ള പ്രവർത്തനമാണിത്. ഓരോ ചോദ്യവും നോട്ടുബുക്കിലെഴുതി പാഠഭാഗത്തുനിന്ന് ഉത്തരം കണ്ടെത്തി വ്യക്തിഗതമായി എഴുതട്ടെ. പാഠഭാഗത്തെ വരികളോ വാക്യങ്ങളോ അതേവിധം പകർത്തിയെഴുതരുത്. ആശയം ഗ്രഹിച്ച് സ്വന്തം വാക്കുകളിൽ എഴുതാൻ പ്രോത്സാഹിപ്പിക്കണം. കണ്ടെത്തിയ ഉത്തരങ്ങൾ ക്ലാസിൽ അവതരിപ്പിക്കാൻ ഏതാനും കുട്ടികൾക്കു നിർദ്ദേശം നൽകാവുന്നതാണ്. ടീച്ചർ ഇടപെട്ട് ആവശ്യമായ മാറ്റങ്ങൾ ചൂണ്ടിക്കാട്ടണം. വ്യക്തിഗതമായി എഴുതിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം.

## <u>വിശദീകരണക്കുറിപ്പ്</u> TB

"അപ്പൊന്നും നോക്കാതെ, യമ്മണി നോക്കാതെ-

------------------------------------

അതിനെത്തരികെന്റെ പൂതമേ നീ."

- ഏതു സന്ദർഭത്തിൽ നിന്നെടുത്തതാണ് ഈ വരികൾ?
- എന്താണ് ഈ വരികളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത്?

ഓരോരുത്തരും മനസ്സിലാക്കിയ കാര്യങ്ങൾ വിശദീകരിക്കട്ടെ. ടീച്ചർ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.

**ക്രോഡീകരണം:** അമ്മയെ ഭയപ്പെടുത്തി ഓടിക്കാൻ കഴിയാതിരുന്നപ്പോൾ പൂതം അമ്മയ്ക്കു പൊന്നും മണികളും നൽകി മയക്കി കുഞ്ഞിനെ സ്വന്തമാക്കാമെന്നു കരുതുന്നു. അമ്മ അപ്പോൾ തന്റെ കണ്ണുകൾ ചുഴ്ന്നെടുത്തു പൂതത്തിനു മുമ്പിൽ വച്ചു പറയുന്നു; ഇതിലും വലിയതാണെനിക്ക് എന്റെ പൊന്നോമനയെന്ന്. കണ്ണുണ്ടെങ്കിലല്ലേ സ്വർണ്ണത്തിന്റെയും രത്നത്തിന്റെയും തിളക്കം കാണാൻ കഴിയൂ. തന്റെ ജീവിതത്തിൽ വിലപ്പെട്ടതായ എന്തു നൽകിയും കുഞ്ഞിനെ വീണ്ടെടുക്കാനുള്ള അമ്മയുടെ ദൃഢനിശ്ചയമാണ് ഈ വരികളിൽ വ്യക്തമാകുന്നത്.

## പ്രയോഗഭംഗി വിശദീകരിക്കുക WB

- വെയിൽ മങ്ങി മഞ്ഞക്കതതിരു പൊങ്ങി ------
- പൂട്ടിമറിച്ചിട്ട മണ്ണടരിൽ ------
- പുലരിച്ചെന്താമര പോലവ -------

വരികൾ എടുത്തുദ്ധരിക്കുന്നു. ചർച്ചയിൽ ചോദ്യങ്ങളുന്നയിക്കുന്നു:

- മഞ്ഞക്കതിര് എന്നതു കൊണ്ടുദ്ദേശിക്കുന്നതെന്താണ്?
- വിയദങ്കണത്തിലെ കാർകങ്ങൾ ചെമക്കുന്നതെപ്പോഴാണ്?

സമയം സന്ധ്യയായി എന്ന ആശയം മനോഹരമായി അവതരിപ്പിച്ചിരിക്കുക യാണീ വരികളിൽ.

**കണ്ടെത്താം.**

- 'മൺകട്ടയിൽ നിന്നു നെടുവീർപ്പുയരുക' എന്നതിന്റെ സൂചനയെന്ത്?

ഉണങ്ങിക്കിടക്കുന്ന മൺകട്ടകളിൽ അമ്മയുടെ കണ്ണീർവീണപ്പോഴുണ്ടായ അവസ്ഥ യാണ് സൂചിപ്പിച്ചിരിക്കുന്നത്.

- പുലർകാലത്തെ ചെന്താമരപ്പൂ എങ്ങനെയിരിക്കും?

വിരിയുന്നതിനു മുമ്പുള്ള ചെന്താമരമൊട്ടിനോട് അപ്പോൾ പിഴുതെടുത്ത, രക്തം പുരണ്ട കണ്ണിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

ചെന്താമരമൊട്ട് ദേവന്റെ മുമ്പിൽ സമർപ്പിക്കുന്നതുപോലെ ആ കണ്ണുകൾ പൂത ത്തിനു മുമ്പിൽ സമർപ്പിച്ചിരിക്കയാണ്.

## ഇഷ്ടവരികൾ കണ്ടെത്താം TB

കവിതയിൽ ഏറ്റവും ഇഷ്ടപ്പെട്ട വരികൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ. എന്തുകൊണ്ടാണവ ഇഷ്ടമായതെന്നും പറയണം.

| |
|---|
| ആശയം, ശബ്ദഭംഗി, പ്രയോഗഭംഗി, കാലിക പ്രാധാന്യം, അനുയോജ്യമായ പദപ്രയോഗം, അനുയോജ്യമായ തുടക്കം, ഒടുക്കം, താളം തുടങ്ങിയവയൊക്കെ ഇഷ്ടപ്പെടാനുള്ള കാരണമാവാം. |

## ചൊല്ലാം, രസിക്കാം TB

ഇടശ്ശേരിയുടെ പൂതപ്പാട്ട് അഞ്ചുഭാഗങ്ങളായി തിരിച്ച് അഞ്ചുഗ്രൂപ്പുകൾക്കു നൽകാം. അനുയോജ്യമായ ഈണത്തിലും താളത്തിലും ഭാവമുൾക്കൊണ്ട് കവി തയരങ്ങ് നടത്താം.

## ചർച്ച ചെയ്യാം, കുറിപ്പ് തയ്യാറാക്കാം TB

- അന്നു കുഞ്ഞിനെ തട്ടിക്കൊണ്ടുപോയത് പൂതം?
- ഇന്നും പലതരം തട്ടിക്കൊണ്ടുപോകലുകൾ നടക്കുന്നില്ലേ?
- അനേകം കുഞ്ഞുങ്ങളെ കാണാതാവുന്നുണ്ട്. ആരാണ് അവരെ കൊണ്ടുപോകുന്നത്?
- ഏതെല്ലാം ആവശ്യങ്ങൾക്കാവാം കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോകുന്നത്?
- സുരക്ഷിതത്വത്തിനു എന്തെല്ലാം വഴികളാണു സ്വീകരിക്കാവുന്നത്?

ചർച്ചയുടെ ക്രോഡീകരണത്തിനു ശേഷം കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ കൈമാറി വായിച്ചു മെച്ചപ്പെടുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

## ലഘു ഉപന്യാസം എഴുതാം WB

**വിഷയം :** മാതൃസ്നേഹത്തിന്റെ മഹത്വം

| |
|---|
| ഉപന്യാസരചനയിൽ ശ്രദ്ധിക്കേണ്ടതെന്തെല്ലാം? |
| ആമുഖം |
| ഉള്ളടക്കം (വിഷയം ക്രമാനുഗതമായി ഖണ്ഡികകൾ തിരിച്ച് എഴുതണം) |
| സ്വന്തം നിഗമനങ്ങൾ ഉൾക്കൊള്ളിക്കണം. |
| ഉചിതമമായ സമാപനം. |
| തലക്കെട്ട്. |

വിശകലനം ചെയ്തു മനസ്സിലാക്കിയ ആശയങ്ങൾ ഗ്രൂപ്പിൽ ക്രോഡീകരിച്ച് വ്യക്തിഗതമായി ഉപന്യാസം തയ്യാറാക്കട്ടെ. കൈമാറി വായിച്ച് മെച്ചപ്പെടുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

## ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക WB

കവിതയിലെ ആസ്വാദനാംശങ്ങൾ കണ്ടെത്തുന്നതെങ്ങനെ?

ടീച്ചർ ചില സൂചകങ്ങൾ അവതരിപ്പിക്കുന്നു:

ആകർഷകമായ ആശയങ്ങൾ,

അവയുടെ അവതരണ രീതി,

വർണ്ണന, പ്രയോഗഭംഗി, പ്രാസഭംഗി, അലങ്കാരപ്രയോഗങ്ങൾ,

- കാലിക പ്രസക്തി, സാമൂഹിക പ്രതിബദ്ധത,
- ഭാവന, ഉചിതമായ പദപ്രയോഗങ്ങൾ,

  ശൈലികൾ, ഈണം, താളം ---------

ഈ അടിസ്ഥാനത്തിൽ കവിത വിലയിരുത്തി ആസ്വാദനാംശങ്ങൾ കണ്ടെത്തട്ടെ. സൂചകങ്ങളിൽ ഓരോ മേഖലയും കണ്ടെത്താൻ ഗ്രൂപ്പുകൾക്കു വിഭജിച്ചു നൽകാം. ഓരോ ഗ്രൂപ്പും തയ്യാറാക്കിയവ ക്രോഡീകരിച്ച് ആസ്വാദനക്കുറിപ്പാക്കാം. ടീച്ചറുടെ ഇടപെടലും വിലയിരുത്തലും അനിവാര്യമാണ്.

## അനുഭവക്കുറിപ്പ്

അമ്മ നിങ്ങളോടെങ്ങനെയെല്ലാമാണ് പെരുമാറുന്നത്?

എന്തെല്ലാം അനുഭവങ്ങൾ?

മനസ്സിൽ തട്ടിയ, ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവങ്ങളില്ലേ?

കുട്ടികൾ ആലോചിച്ചെഴുതട്ടെ.

വ്യക്തിഗതമമായി തയ്യാറാക്കിയ കുറിപ്പ് പരസ്പരം കൈമാറി വായിക്കട്ടെ.

ഒന്നുകൂടി മെച്ചപ്പെടുത്തട്ടെ . ടീച്ചർ വിലയിരുത്തണം.

## ഐതിഹ്യം മനസ്സിലാക്കാം

ചില ഉൾനാടൻ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള ഒരു കഥയാണിത്. പണ്ട് പൂതം ഒരു ഉണ്ണിയെ തട്ടിക്കൊണ്ടുപോയത്രെ. ഉണ്ണിയെ ഇഷ്ടപ്പെട്ട്, തന്റെ കൂട്ടുകാരനാക്കി കൂടെ കളിക്കാനാണ് തട്ടിക്കൊണ്ടുപോയത്. എന്നാൽ മകനെത്തേടിയുള്ള അമ്മയുടെ കരച്ചിലും ഓട്ടവും പൂതത്തിന്റെ സ്വൈരം കെടുത്തി. ഉണ്ണിയോടൊപ്പം കളിച്ചുകൊണ്ടിരുന്ന പൂതം ആദ്യം അമ്മയെ പേടിപ്പിച്ചോടിക്കാൻ നോക്കി. അമ്മ പേടിച്ചു പിന്മാറിയില്ല. പിന്നെ പൊന്നും രത്നവും വാരിക്കൊടുത്തു പ്രലോഭിപ്പിക്കാൻ നോക്കി. അതിനും അവർ വഴങ്ങിയില്ല. അമ്മ തന്റെ കണ്ണുകൾ രണ്ടും ചൂഴ്ന്നെടുത്തു പൂതത്തിനു മുമ്പിൽ വച്ച് 'ഇതിലും വലിയതാണെന്റെ കുഞ്ഞ്, അവനെ എനിക്കു തരണം' എന്നപേക്ഷിച്ചു. കണ്ണില്ലാതായ അമ്മയെ പറ്റിക്കാനാണു പിന്നെ പൂതം ശ്രമിച്ചത്. തെച്ചിക്കോല് പറിച്ച് അതിൽ മന്ത്രച്ചൂതി പൂതം കൃത്രിമമായി ഒരുണ്ണിയെയുണ്ടാക്കി അമ്മയുടെ മുമ്പിൽ വച്ചു പറഞ്ഞു: 'ഇതാ നിങ്ങളുടെ മോൻ. കൊണ്ടുപോയ്ക്കോളൂ.'

അമ്മ വാത്സല്യത്തോടെ ആ ഉണ്ണിയെ വാരിപ്പുണർന്നു. അതിനെ തൊട്ടപ്പോൾ തന്നെ അമ്മയ്ക്കു മനസ്സിലായി, അതു തന്റെ കുഞ്ഞല്ലെന്ന്. ഉഗ്രകോപം പൂണ്ട അമ്മ പൂതത്തെ ശപിക്കാനായി കൈയുയർത്തി. അമ്മയുടെ ശാപമേറ്റാൽ താൻ ദഹിച്ചു

പോകുമെന്നു മനസ്സിലാക്കിയ പൂതം ഉടനെ യഥാർത്ഥ ഉണ്ണിയെ അമ്മയ്ക്കു തിരിച്ചു നൽകുകയും മാപ്പപേക്ഷിക്കുകയും അമ്മയുടെ കാഴ്ച ശക്തി തിരിച്ചു നൽകുകയും ചെയ്തു.

പൂതത്തിനു തന്റെ ഉണ്ണിയോടുള്ള ഇഷ്ടം മനസ്സിലാക്കി അമ്മ പറഞ്ഞു: "നിനക്കു വേണമെങ്കിൽ ഓരോ കൊല്ലവും കൊയ്ത്തുകാലം കഴിയുമ്പോൾ എന്റെ ഉണ്ണിയെ വന്നു കാണാം."

പക്ഷേ പൂതത്തിന് വീട്ടിലേക്കുള്ള വഴി അമ്മ പറഞ്ഞു കൊടുത്തില്ല. ചോദിക്കാൻ പൂതവും മറന്നു. ഓരോ കൊല്ലവും കൊയ്ത്തുകാലം കഴിഞ്ഞാൽ പൂതം ഉണ്ണിയെ ത്തേടി വരുമത്രെ. പ്രത്യേകം വേഷം കെട്ടി തുടി മുട്ടിക്കൊണ്ടാണു വരുക. അപ്പോൾ വീടുകളിൽ നിന്നു മുതിർന്നവർ 'ഉണ്ണിയെ വേണോ' എന്നു വിളിച്ചു ചോദിക്കും. ഇങ്ങനെ വേഷം കെട്ടിവരുന്ന പതിവ് ഇന്നും ചില ഗ്രാമ പ്രദേശങ്ങളിലുണ്ട്.

# പാഠം – 2

# മാതൃത്വത്തിന്റെ തൂവൽസ്പർശം

സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഏതു വ്യക്തിത്വത്തിന്റെയും രൂപീകരണത്തിൽ ഒരു മാതൃസ്പർശം കണ്ടെത്താൻ കഴിയും. ജൈവികഘടനയിൽ മാത്രമല്ല, മാനസിക സമീപനത്തിലും പ്രവർത്തനങ്ങളിലുമെല്ലാമതുണ്ട്. അമ്മയുടെ ഒരു ഭാഗം തന്നെയാണല്ലോ കുഞ്ഞ്.

മാതാവ് പല നിലയ്ക്കും കുഞ്ഞുങ്ങളെ സ്വാധീനിക്കുന്നുണ്ട്. സംസ്കാര രൂപീകരണത്തിന്റെ മടിത്തട്ട് അമ്മയാണ്. അമ്മയുടെ വാക്കുകൾ, അഭിനന്ദനങ്ങൾ, പ്രോത്സാഹനങ്ങൾ എല്ലാം കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയിൽ വലിയ പങ്കു വഹിക്കുന്നുണ്ടെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അമ്മ അടിത്തറയാണ്, പ്രചോദനമാണ്, വഴികാട്ടിയാണ്, ശിക്ഷകയാണ്, എല്ലാമെല്ലാമാണ്.

എ.പി.ജെ അബ്ദുൽകലാമിനെ കുട്ടികൾക്കു പരിചയപ്പെടുത്തേണ്ടി വരില്ല. പല നിലയ്ക്കും പ്രഭാഷണങ്ങളിലും ഉപദേശങ്ങളിലും ക്ലാസുകളിലുമെല്ലാം സുപരിചിതനാണദ്ദേഹം. വളരെ സാധാരണക്കാരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ ഒരു കുടുംബത്തിൽ പിറന്ന്, മുൻമാതൃകകളൊന്നുമില്ലാതെ പഠിച്ചുവളർന്ന് ഏറ്റവും പ്രഗത്ഭനായ എഞ്ചിനീയറും മിസൈൽ സാങ്കേതിക വിദഗ്ധനും ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയുമായിത്തീർന്ന എ.പി.ജെ. അബ്ദുൽകലാം എന്നും കുട്ടികൾക്കു മാതൃകയാണ്. കേവലമൊരു എഞ്ചിനീയറോ ശാസ്ത്രജ്ഞനോ രാഷ്ട്ര മേധാവിയോ ആയിരുന്നില്ല അദ്ദേഹം. അദ്ദേഹത്തിന്റെ മഹത്തായ വ്യക്തിത്വം ആ പദവികൾക്കെല്ലാം അലങ്കാരമായിത്തീരുകയായിരുന്നു. എളിമയിൽനിന്നു തുടങ്ങി എളിമയിലൂടെ തന്നെ ജീവിതഘട്ടങ്ങളെല്ലാം തരണം ചെയ്യാൻ കഴിഞ്ഞ കലാം വിശാലമായ ഒരു മനസ്സിന്റെ ഉടമയായിരുന്നു. ആത്മവിശ്വാസത്തിന്റെ പ്രതീകമായിരുന്നു. ഈ ഗുണങ്ങൾക്ക് അദ്ദേഹം കടപ്പെട്ടിരിക്കുന്നത് സ്വന്തം കുടുംബത്തോടാണ്; പ്രത്യേകിച്ച് അമ്മയോട്.

അബ്ദുൽ കലാമിന്റെ കുട്ടിക്കാലത്തെ ചില അനുഭവങ്ങളാണു പാഠഭാഗം. പഠിക്കുന്ന കാലത്തേ പത്രം വിതരണം നടത്തി കുടുംബത്തെ സഹായിച്ച അദ്ദേഹത്തിൽ, തന്റെ എല്ലാ വിജയത്തിന്റെയും അടിത്തറ മാതാവിൽ കണ്ടെത്തുന്ന കലാമിൽ കുട്ടികൾക്കു നല്ല മാതൃകയുണ്ട്. ഈ ആശയം കുട്ടികളുടെ മനസ്സിലേക്കെത്തിക്കാൻ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്.

## പാഠാവതരണം

ടീച്ചർ ഏതാനും വരി കവിത എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

“ഉടലെത്ര വളർന്നാലും
ഉണ്ണിയുടെ കനവിൽ
ഉരുകുന്നുണ്ടവർ.
ഭൂമിയോളം സഹിച്ച്
വാനോളം വളർന്ന
അവരുടെ തൃപ്പാദങ്ങൾക്കടിയിലത്രേ
പാവന സ്വർഗം.”

ഈ വരികൾ കുട്ടികൾ വയിക്കട്ടെ.

- ആരെയാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്?
- ആരുടെ പാദങ്ങൾക്കു കീഴിലാണു സ്വർഗം?

കുട്ടികൾ അഭിപ്രായം പറയട്ടെ. ‘അമ്മ’ എന്ന ആശയത്തിലേക്ക് കുട്ടികളെ നയിക്കാം.

അമ്മയെക്കുറിച്ചുള്ള ഒരു മഹാവ്യക്തിയുടെ ഓർമ്മകൾ നമുക്കു പരിചയപ്പെടാം എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ പറയാം.

പാഠഭാഗം മൗനമായി വായിക്കട്ടെ.

ആശയഗ്രഹണത്തിനു ക്ലിഷ്ടതയുണ്ടാക്കുന്ന അപരിചിതപദങ്ങൾ കണ്ടെത്തി ചുവടെ വരയ്ക്കട്ടെ. അധ്യാപകരുടെയും നിഘണ്ടുവിന്റെയും സഹായത്തോടെ ആ പദങ്ങളുടെ അർത്ഥം കണ്ടെത്താവുന്നതാണ്.

വർക്കുബുക്കിലെ ആദ്യപ്രവർത്തനം ഇതോടൊന്നിച്ചു ചെയ്യാം. നോട്ടുബുക്കിൽ പദങ്ങളും അർത്ഥവുമെഴുതുന്നത് ഒഴിവാക്കാം.

## കണ്ടെത്താം TB

ആവശ്യബോധത്തോടെ പാഠഭാഗം ഒരിക്കൽകൂടി വായിക്കാനുള്ള പ്രവർത്തനമാണിത്. ചോദ്യങ്ങൾ എഴുതിയെടുത്ത് ഉത്തരം കണ്ടെത്തി എഴുതട്ടെ. വ്യക്തിഗതമായി എഴുതിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു വ്യക്തതയുണ്ടാക്കാം, മെച്ചപ്പെടുത്താം.

തുടർന്ന് ഓരോ ഗ്രൂപ്പും ഓരോ ചോദ്യവും അതിന്റെ ഉത്തരവും ക്ലാസിൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. ടീച്ചർ ഇടപെട്ട് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നു.

## സൂചനകൾ വിശദീകരിക്കാം TB

- “ഏതു സമയത്തും വീട്ടിൽ മൂന്നു തൊട്ടിലുകൾ കാണാം.”

  കൂടുതൽ അംഗങ്ങളുള്ള കൂട്ടുകുടുംബമായിരുന്നു കലാമിന്റേത്. അതിനാൽ ഏതു സമയത്തും മൂന്നു പേരെങ്കിലും വീട്ടിൽ പ്രസവിച്ചു കിടക്കുന്നുണ്ടാവും.

- "പത്രക്കെട്ടുമായി രാമേശ്വരത്തിനു ചുറ്റും ഒരോട്ടമാണ്."

  ആദ്യം പത്രം വിതരണം ചെയ്യണം, കൂടാതെ കലാമിന് ഏറെ തിരക്കുമുണ്ട്. ട്യൂഷൻ കഴിഞ്ഞെങ്കിലും മതപഠനത്തിനു പോകണം. അതിനുമുമ്പേ പത്രം വിതരണം ചെയ്തുതീർക്കണം. തിരക്കു പിടിച്ച കുട്ടിക്കാലം ഓർമ്മപ്പെടുത്തുന്നു.

- "ദൈവത്തിന്റെ ചാരുതയാർന്ന സൃഷ്ടിയാണു സ്ത്രീ."

  മനോഹരമായ സൃഷ്ടി എന്നതുകൊണ്ട് കലാം ഉദ്ദേശിക്കുന്നത് ബാഹ്യ സൗന്ദര്യം മാത്രമല്ല; പുരുഷന്മാരെക്കാൾ ആന്തരികമായ അനേകം സൗന്ദര്യാംശങ്ങൾ സ്ത്രീകളിലുണ്ട് വാത്സല്യം, സഹനം, സഹിഷ്ണുത, ത്യാഗമനോഭാവം, സ്നേഹം, ഹൃദയ നൈർമല്യം,

വിട്ടുവീഴ്ചാമനോഭാവം ...... തുടങ്ങിയ മാനസിക ഗുണങ്ങളിലെല്ലാം സ്ത്രീ മികച്ചു നിൽക്കുന്നു. അവയെല്ലാം വിലയിരുത്തിയാണ് കലാം ഇങ്ങനെ പറയുന്നത്.

## പരിചയപ്പെടാം TB

എ.പി.ജെ. അബ്ദുൽ കലാമിനെ ഏറ്റവുമധികം സ്വാധീനിച്ച ഒരു സ്ത്രീരത്നമാണ് എം.എസ്. സുബ്ബലക്ഷ്മി.

പാഠാവസാനം നൽകിയ കുറിപ്പ് കുട്ടികൾ വായിക്കട്ടെ, കൂടുതൽ പരിചയത്തിന്

സുബ്ബലക്ഷ്മിയുടെ സംഗീതം കേൾപ്പിക്കാം. (ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്താം.) മനസ്സിലേക്ക് ആഴ്ന്നിറങ്ങി സ്വാധീനം ചെലുത്താനുള്ള അതിന്റെ കരുത്ത് അനുഭവവേദ്യമാക്കാം.

## ആശയം വിശദീകരിക്കാം TB

"നിങ്ങളൊരു പൂവിനെപ്പോലെയാകാൻ ശ്രമിക്കുക."

**പൂവിന്റെ ഗുണങ്ങളെന്തെല്ലാമാണ്? കുട്ടികൾ പറയട്ടെ.**

- സുഗന്ധം പരത്തുന്നു. വണ്ടുകൾക്കും തേനീച്ചകൾക്കും മറ്റു പല ജീവികൾക്കും തേൻ നൽകുന്നു.
- തന്റെ സൗന്ദര്യം കൊണ്ട് മറ്റുള്ളവരുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നു.
- എന്നാൽ ഒട്ടും അഹങ്കാരമില്ല. സ്വന്തം മേന്മകൾ എടുത്തു പറയുന്നില്ല. നിശ്ശബ്ദരാണ് പൂക്കൾ.

**ഈ ഗുണങ്ങളിൽനിന്നു നമുക്കു പകർത്താനുള്ളതെന്താണ്?**

- നല്ലവരാവുക, നന്മ മാത്രം ചെയ്യുക, മറ്റുള്ളവർക്കു ഗുണം ചെയ്യുക, സഹായിക്കുക.
- അഹങ്കാരികളാവരുത്, സ്വന്തം മേന്മകൾ എടുത്തുപറഞ്ഞ് മറ്റുള്ളവരെ പ്രയാസപ്പെടുത്തരുത്.

**ചർച്ചയിൽനിന്നു രൂപപ്പെട്ട ആശയം കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ.**

ശേഷം ഗ്രൂപ്പിൽ ചർച്ച ചെയ്തു രചനകൾ മെച്ചപ്പെടുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

## വായിക്കാം TB

വർക്കുബുക്കിലെ കുറിപ്പ് കുട്ടികൾ വായിച്ച് ആശയം മനസ്സിലാക്കട്ടെ.

ശാസ്ത്രത്തെക്കുറിച്ച് അവബോധമുണ്ടാക്കുന്ന വരികളാണ് നൽകിയിരിക്കുന്നത്.

ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരം കണ്ടെത്തി ഗ്രൂപ്പിൽ ചർച്ച ചെയ്ത് വ്യക്തതയുണ്ടാക്കട്ടെ - തുടർന്ന് ക്ലാസിൽ അവതരിപ്പിച്ച ശേഷം മെച്ചപ്പെടുത്തി എഴുതട്ടെ.

## സന്ദർഭം കണ്ടെത്തി വിശദീകരിക്കുക WB

പാഠഭാഗം വീണ്ടും ആവശ്യബോധത്തോടെ വായിക്കാനുള്ള അവസരമാണ് ഈ പ്രവർത്തനത്തിലൂടെ ലഭിക്കുന്നത്.

കുട്ടികൾ വായിച്ചു സന്ദർഭം കണ്ടെത്തി വിശദീകരിക്കട്ടെ.

## ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാം TB

എ.പി.ജെ. അബ്ദുൽകലാമിന്റെ ജീവചരിത്രത്തിലെ ഏതാനും കാര്യങ്ങൾ മാത്രമേ ടെക്സ്റ്റ്ബുക്കിൽ സൂചിപ്പിച്ചിട്ടുള്ളു. ഇനിയും പല വിവരങ്ങളും ലഭിക്കാനുണ്ട്. കുട്ടികൾ അന്വേഷിച്ചറിയട്ടെ. ഓരോ കുട്ടിയും ശേഖരിച്ച വിവരങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കട്ടെ. ഓരോ ഗ്രൂപ്പും തയ്യാറാക്കിയ കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കണം. ആവശ്യമായ മെച്ചപ്പെടുത്തലുകൾ നടത്തണം. ടീച്ചർ വിലയിരുത്തണം.

## വാക്യം TB

എന്താണു വാക്യം?

വ്യക്തമായ ആശയം ലഭിക്കുന്ന ഏതാനും വാക്യങ്ങളും ക്രമപ്രകാരമല്ലാതെയുള്ളതും പ്രത്യേകമൊരാശയം ലഭിക്കാത്തതുമായ പദക്കൂട്ടങ്ങളും ടീച്ചർ ബോർഡിലെഴുതുന്നു.

കുട്ടികൾ അവ വായിക്കട്ടെ. അവയിലെ വ്യത്യാസങ്ങൾ തിരിച്ചറിയട്ടെ.

ടീച്ചർ വിശദീകരിക്കുന്നു :

വ്യക്തമായ ഒരാശയം ലഭിക്കുന്ന വിധം വ്യവസ്ഥാപിതമായ രീതിയിൽ ക്രമീകരിച്ച പദസമൂഹത്തിന്നാണു വാക്യങ്ങൾ എന്നു പറയുന്നത്.

തുടർന്ന് ടെക്സ്റ്റ്ബുക്കിലെ പ്രവർത്തനവും വർക്കുബുക്കിലെ 'പദങ്ങൾ ചേർത്തു വാക്യമാക്കുക' എന്ന പ്രവർത്തനവും കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ.

## മാതൃകപോലെ വേർതിരിച്ചെഴുതുക

സമാസിച്ച പദങ്ങൾ വിഗ്രഹിച്ചെഴുതാനുള്ള പ്രവർത്തനമാണ്. പദങ്ങൾ സമാസിച്ചെഴുതുമ്പോഴുള്ള സൗകര്യവും ഭംഗിയും മനസ്സിലാക്കാൻ ഈ പ്രവർത്തനം സഹായകമാകും.

കൂടുതൽ പദങ്ങൾ പരിശീലനത്തിന്നായി നൽകാം.

# പാഠം – 3

# ഒരുറക്കു പാട്ട്

താരാട്ടുപാട്ടിന്റെ മാധുര്യം ആസ്വദിക്കാത്തവരുണ്ടാവില്ല. മാതൃവാത്സല്യത്തിന്റെ സ്നേഹമസൃണമായ പ്രവാഹമാണ് താരാട്ടുപാട്ടുകളിൽ കാണുന്നത്. കാവ്യമേഖലയിലും താരാട്ടു പാട്ടുകൾക്ക് ഗണനീയമായ സ്ഥാനമുണ്ട്. ഈ വിഭാഗത്തിൽ ഇന്നും ആസ്വദിക്കപ്പെടുന്നതാണല്ലോ ഇരയിമ്മൻ തമ്പിയുടെ താരാട്ടുപാട്ട്. അതിനുശേഷം മലയാള ഭാഷയിൽ കണക്കാക്കാൻ പറ്റാത്തത്ര താരാട്ടുപാട്ടുകൾ പിറന്നിട്ടുണ്ട്. സിനിമാ ഗാനങ്ങളായും മറ്റും ഇന്നും ജനമനസ്സുകളിൽ താരാട്ടുപാട്ടുകൾ തത്തിക്കളിക്കുന്നു. മനുഷ്യൻ അവശേഷിക്കുവോളം കാലം താരാട്ടുപാട്ടുകളുടെ പ്രസക്തി നഷ്ടപ്പെടില്ല എന്നാണിത് സൂചിപ്പിക്കുന്നത്. താരാട്ടുപാട്ടു മൂളാത്ത ഒരമ്മയുമുണ്ടാവില്ല എന്നതാണു സത്യം.

താരാട്ടുപാട്ടുകളിൽ ശ്രദ്ധേയമാണ് വള്ളത്തോൾ നാരായണമേനോന്റെ ഒരുറക്കു പാട്ട്. മനോഹരമായ മഞ്ജരിവൃത്തത്തിൽ രചിക്കപ്പെട്ട ഈ താരാട്ടുപാട്ട് ആശയ സൗന്ദര്യം കൊണ്ടും അലങ്കാരകല്പനകൾകൊണ്ടും ഉൽകൃഷ്ടമായ ഒരു കാവ്യമാണ്. പ്രകൃതിഭാവങ്ങളെല്ലാം കുഞ്ഞിനെയുറക്കാനായ് സംവിധാനിച്ചിരിക്കുന്നു എന്ന മനോഹരമായസങ്കല്പം കവി ഈ പാട്ടിലൂടെ ആവിഷ്കരിച്ചിരിക്കുന്നു.

കാവ്യസൗന്ദര്യത്തെക്കുറിച്ചുള്ള തിരിച്ചറിവിനും മാതൃഭാവങ്ങളുടെ വിശുദ്ധിയും നൈർമല്യവും അനുഭവിച്ചറിയുന്നതിനും അമ്മയെക്കുറിച്ചുള്ള മനോഹരസങ്കല്പം മനസ്സിലുറപ്പിക്കുന്നതിനും ഈ കവിതാഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്.

## പാഠാവതരണം

സൗഹൃദസംഭാഷണത്തിലൂടെ ക്ലാസ് ആരംഭിക്കുന്നു :

- കുഞ്ഞുങ്ങളെ ഉറക്കാൻ കിടത്തുമ്പോൾ അവർ വേഗം ഉറങ്ങാൻ അമ്മ എന്താണു ചെയ്യാറ്?
- എന്തു പാട്ടുകളാണു പാടാറുള്ളത്?

നമുക്ക് അത്തരമൊരു താരാട്ടുപാട്ട് പരിചയപ്പെടാം എന്ന ആമുഖത്തോടെ ഒരുക്കുപാട്ട്. എന്ന കവിത അവതരിപ്പിക്കാം. (ഐ.സി.ടി. സൗകര്യം ഉപയോഗപ്പെടുത്താം.)

ടീച്ചർ താളമുൾക്കൊണ്ട് ഭാവാത്മകമായി അവതരിപ്പിക്കുന്നതാണ് ഉചിതം. തുടർന്ന് കുട്ടികൾ മൗനമായി കവിത വായിക്കട്ടെ, വരികൾ പരിചയപ്പെടട്ടെ.

കവിതക്ക് ടീച്ചർ അവതരിപ്പിച്ചതോ അല്ലാത്തതോ ആയ ഈണം ഗ്രൂപ്പിൽ കണ്ടെത്തി അവതരിപ്പിക്കട്ടെ.

## വരികൾ കണ്ടെത്താം TB

പ്രസ്താവ്യമായി നൽകിയിരിക്കുന്ന ആശയം ഏതു വരികളിലാണ് ഉൾക്കൊള്ളുന്നതെന്നു കുട്ടികൾ കണ്ടെത്തി പറയട്ടെ.

**തുടർന്നു കവിത വിശകലനം ചെയ്യാം.**

- നാളെ പുലർകാലത്ത് ഉന്മേഷത്തോടെ ഉണർന്നെണീക്കാൻ ഇപ്പോഴെന്റെ തങ്കം സുഖമായി ഉറങ്ങിക്കൊള്ളു.
- എല്ലാവർക്കും നിദ്രയുടെ മടിത്തട്ടിൽ വിശ്രമിക്കാനുള്ള സമയമായിരിക്കുന്നു.
- വെള്ളിച്ചാറിനു സമാനമായ നിലാവിതാ എങ്ങും വെള്ളക്കിടക്ക വിരിച്ചു കഴിഞ്ഞിരിക്കുന്നു.

  മാന്തളിർ തിന്നു ലഹരിബാധിച്ച ഇളങ്കുയിലിതാ നിന്റെ രണ്ടു ചെവികളിലും

  നിറയെ പൂന്തേൻകുഴമ്പു നിറയ്ക്കാൻ (മധുരതരമായ ഗാനം കേൾപ്പിക്കാൻ) ഇടയ്ക്കിടെ ഓടക്കുഴലൂതുന്നു.

- വളരെ നിർമ്മലമായ കാറ്റ് എന്റെ ഓമനക്കുട്ടന്റെ ശോഭ പരത്തുന്ന ഇളം ശരീരം തലോടാൻ ഇതാ പിച്ചകപ്പൂന്തൊങ്ങൽ ചലിപ്പിച്ചുകൊണ്ട് മെല്ലെ കടന്നു വരുന്നു.
- ആമ്പൽപൂമൊട്ടു പോലുള്ള നിന്റെ മിഴി അല്പാല്പമായി കൂമ്പുന്നതിന്റെ ഭംഗി കാൺമാനെന്നോണം ഇതാ ആമ്പൽ വിടർത്തുന്ന അമ്പിളി ആകാശത്തിൽ നോക്കി നിൽക്കുന്നു.
- നാളെ രാവിലെ എന്റെ പുത്രൻ ഉണർന്നെഴുന്നേൽക്കുമ്പോൾ കെട്ടിപ്പിടിച്ചു ലാളിക്കാനായി സുപ്രഭാതം മനോഹരമായ ചെമ്പൊന്നിൻപമ്പരവുമായി കിഴക്കു നിന്നു വന്നെത്തുമല്ലോ.

## പ്രയോഗഭംഗി കണ്ടെത്താം TB

“എല്ലാർക്കും നിദ്രതന്നങ്കത്തിൽ വിശ്രമി-
ച്ചുല്ലാസം കോലുവാൻ കാലമായി
വെള്ളിച്ചാറൊത്തു വിളങ്ങും നിലാവിതാ
വെള്ളക്കിടക്ക വിരിച്ചു നീളേ.”

വരികൾ ടീച്ചർ ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിച്ച ശേഷം ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കുന്നു :

- ‘നിദ്രതന്നങ്കത്തിൽ വിശ്രമിക്കുക’ എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്?
- നിദ്രയുടെ മടിത്തട്ടിൽ വിശ്രമിക്കുന്ന വേള എപ്പോഴാണ്?
- നിലാവിനെ എന്തിനോടാണു സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
- നിലാവ് എങ്ങനെയാണു വെള്ളക്കിടക്ക വിരിക്കുന്നത്?

നിഗമനങ്ങൾ ക്രോഡീകരിക്കാം :

- എല്ലാവർക്കും ഉറങ്ങാനുള്ള സമയമായിരിക്കുന്നു.
- വെള്ളിച്ചാറ് പരന്നൊഴുകിയതുപോലെ ഭൂമിയിലെങ്ങും നിലാവു പരന്നിരിക്കുന്നു.

- മനോഹരമായ നിലാവ് ഭൂമിയിൽ പരന്നുകിടക്കുന്നത് നിലാവ് വെള്ളക്കിടക്ക വിരിച്ചതാണെന്നു കവി സങ്കല്പിക്കുന്നു.
- "ആമ്പൽപ്പൂ പോലുള്ള നിൻമിഴിയൊട്ടൊട്ടു
  കൂമ്പുന്നതിൻ ഭംഗി കാണുവാനോ
  സാമ്പ്രതം നോക്കിനിൽക്കുന്നു നഭസ്സിങ്ക-
  ലാമ്പൽ വിടർത്തുന്നൊരമ്പിളി താൻ."
  - കുഞ്ഞിന്റെ മിഴിയെ എന്തിനോടാണു സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
  - ആമ്പലും അമ്പിളിയും തമ്മിലുള്ള ബന്ധമെന്ത്?
  - ആമ്പൽ വിടർത്തുന്നത് അമ്പിളിയാണോ?

## നിഗമനങ്ങൾ ക്രോഡീകരിക്കാം:

കുഞ്ഞിന്റെ ആമ്പൽപൂപോലുള്ള കണ്ണ് അല്പാല്പമായി അടയുന്നത് കാണാനാണോ ആമ്പൽ വിടർത്തുന്ന അമ്പിളി വാനത്തിൽ നോക്കിനിൽക്കുന്നത് എന്നു കവി സംശയിക്കുന്നു.

## ഉത്തരമെഴുതാം WB

കവിതയുടെ ആശയം കൂടുതൽ വ്യക്തമായി ഗ്രഹിക്കാനുള്ള പ്രവർത്തനമാണിത്. കവിത ആശയം മനസ്സിലാക്കി കുട്ടികൾ വായിക്കട്ടെ.
വ്യക്തിപരമായി കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു നോട്ടുബുക്കിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## പിരിച്ചെഴുതുക WB

പദങ്ങൾ ചേർത്തെഴുതുന്ന രീതിയാണല്ലോ കവിതയിൽ കാണാറുള്ളത്. വൃത്തവും താളവുമൊക്കെ ഒപ്പിക്കാൻ അത് അനിവാര്യമാണ്. ചേർത്തെഴുതിയ പദങ്ങൾ പിരിച്ചെഴുതുമ്പോൾ ആശയം പെട്ടെന്നു മനസ്സിലാക്കാൻ കഴിയും. അതിന്നുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിലൂടെ നടക്കേണ്ടത്. കുട്ടികൾ പദങ്ങൾ പിരിച്ചുപറയട്ടെ.

ടീച്ചർ അവ BBയിൽ രേഖപ്പെടുത്തി വ്യക്തമാക്കിക്കൊടുക്കണം.

## നാനാർത്ഥമെഴുതുക WB

അങ്കം - യുദ്ധം, മടിത്തട്ട്

മദിക്കുക - അഹങ്കരിക്കുക, ലഹരി ബാധിക്കുക

## താരാട്ടുപാട്ടുകൾ ശേഖരിക്കാം

ഹോംവർക്കായി നൽകാവുന്ന പ്രവർത്തനമാണിത്.

കുട്ടികൾ പലതരം താരാട്ടുപാട്ടുകൾ ശേഖരിക്കട്ടെ. അവ ഗ്രൂപ്പിൽ അവതരിപ്പിച്ചു താരതമ്യം ചെയ്യുകയും ഈണം കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യണം. ഇതൊരു കവിതയരങ്ങാക്കി മാറ്റാം.

# യൂണിറ്റ് – 2
# ഇന്ദ്രധനുസ്സിൻ തീരം

കേരളം 'ദൈവത്തിന്റെ സ്വന്തം നാട്' എന്നാണു വിശേഷിപ്പിക്കപ്പെടാറ്. എന്താണ് കേരളത്തെ ഇങ്ങനെയൊരു വിശേഷണത്തിന് അർഹമാക്കുന്നത്? കേരളത്തിലെ കാലാവസ്ഥയും പ്രകൃതി മനോഹാരിതയും തന്നെയാണു മുഖ്യകാരണം. പച്ചയണിഞ്ഞ കുന്നും മലകളും വയലുകളും. നനിറഞ്ഞ കേരവൃക്ഷങ്ങൾ തിങ്ങിയ കടലോരങ്ങളാൽ അതിരിട്ട ദേശം. ജലസമൃദ്ധമായ അനേകം പുഴകളും തോടുകളും നിറഞ്ഞനാട്. വൃക്ഷ നിബിഡമായ പശ്ചിമഘട്ടത്താൽ സംരക്ഷിതമായ, ആറുമാസം വെയിലും ആറുമാസം മഴയും ലഭിക്കുന്ന, പ്രകൃതിദുരന്തങ്ങളൊന്നും അത്രയേറെ പ്രയാസങ്ങളുണ്ടാക്കാത്ത സുരക്ഷിത പ്രദേശം. വിശിഷ്ടമായ പല കലാരൂപങ്ങളുടെയും ഈറില്ലവും പോറ്റില്ലവും. ടൂറിസ്റ്റുകളെ കേരളത്തിലേക്കാകർഷിക്കുന്ന പ്രധാനഘടകങ്ങൾ ഇതൊക്കെയാണ്.

ഇത് കേരളത്തിന്റെ പഴയകാല ചിത്രമാണ്. ഇന്ന് കേരളത്തിന്റെ അവസ്ഥയെന്താണ്? കുന്നുകളും മലകളും തകർക്കപ്പെട്ടുകൊണ്ടിരിക്കുന്നു; മരങ്ങളെല്ലാം മുറിച്ചുമാറ്റപ്പെടുന്നു. പച്ചയണിഞ്ഞ വയലേലകൾ ചെന്നിറമാർന്ന് കൂറ്റൻകെട്ടിടങ്ങൾ നിറഞ്ഞിരിക്കുന്നു. പട്ടണങ്ങൾ വാ പിളർന്നുവന്ന് ഗ്രാമങ്ങളെയാകെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. പ്രധാന കൃഷിയും വരുമാനസ്രോതസ്സുമായിരുന്ന തെങ്ങുകൾ അന്യംനിന്നുകൊണ്ടിരിക്കുന്നു. മഴക്കാലത്ത് പുഴകളും തോടുകളും ഭീകരാകാരം പൂണ്ട് ഭയപ്പെടുത്തുകയും മഴ പോകുന്നതോടെ വറ്റി വരളുകയും ചെയ്യുന്നു. കടലോരങ്ങൾ വൃത്തികെട്ട തീരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. പശ്ചിമഘട്ട മലനിരകൾ ഖനനം ചെയ്തുചെയ്തു കേരളത്തിന്റെ പേടിസ്വപ്നമായി മാറികൊണ്ടിരിക്കുന്നു. വെള്ളപ്പൊക്കവും മറ്റും വൻദുരന്തങ്ങൾ തീർത്തുകൊണ്ടിരിക്കുന്നു. ഇങ്ങനെ കേരളമാകെ മാറിപ്പോയിരിക്കുന്നു.

കവിതയിലും ചിത്രങ്ങളിലും നിറഞ്ഞുനിൽക്കുന്ന കേരളത്തിന്റെ മനോഹാരിതയ്ക്കു പിറകിലുള്ള യഥാർത്ഥചിത്രംകൂടി വരുംതലമുറകൾ തിരിച്ചറിയേണ്ടതുണ്ട്. തിരിച്ചറിവാണ് വീണ്ടെടുപ്പിനുള്ള മുന്നേറ്റത്തിന്റെ ആദ്യപടി. ആ തിരിച്ചറിവുണ്ടാക്കാനുള്ള ശ്രമമാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നത്. 'മാരിവില്ലിൻ മന്ദഹാസം' എന്ന പാഠഭാഗം മനോഹരമായൊരു പ്രകൃതിസങ്കല്പത്തിലൂടെ ഐക്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. മഴവില്ല് കേരളത്തിന്റെ പ്രതീകം തന്നെയാണ്. മനോഹരം; അതേ സമയം വൈവിധ്യങ്ങൾ നിറഞ്ഞതും. ആ മനോഹാരിത നിലനിൽക്കണമെങ്കിൽ വൈവിധ്യങ്ങൾക്കിടയിൽ ഐക്യം വേണം. ഐക്യത്തിന്റെ സന്ദേശം നൽകുന്നു ഈ പാഠഭാഗം.

'തുമ്പയുടെ ഭാഗ്യം' കേരളത്തിന്റെ തനത് ആഘോഷമായ ഓണത്തിലേക്കും മാവേലിയിലേക്കും ശ്രദ്ധതിരിക്കുന്നു. ' പുഴ പറയും കഥ' കേരളത്തിലെ പുഴകൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങളെക്കുറിച്ചു ബോധമുണർത്തുന്നു. 'ഭാവിമാധുര്യം' എന്ന കവിതയാവട്ടെ കേരളത്തിലെ പ്രധാന വൃക്ഷങ്ങളിലൊന്നായ മാവിനെക്കുറിച്ചുള്ള മധുര സ്മരണകൾ അയവിറക്കുന്നു.

## പ്രവേശകപ്രവർത്തനം

പ്രവേശകത്തിൽ കൊടുത്ത വരികൾ പാടിയവതരിപ്പിച്ചുകൊണ്ട് പ്രവർത്തനത്തിലേക്കു കടക്കാം. (ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്താം.)

- കവി ഈ വരികളിൽ സൂചിപ്പിച്ച തീരമേതാണ്?
- എന്താണ് ഈ തീരത്തിന്റെ പ്രത്യേകത?
- നമ്മുടെ നാടിനെ തീരം എന്നു വിശേഷിപ്പിക്കാമോ?
- 'കേരളത്തെ മനോഹരമാക്കുന്നത് എന്തെല്ലാമാണ്?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

കേരളത്തിൽ പൊതുവായുള്ള പ്രകൃതിമനോഹര ദൃശ്യങ്ങൾ എടുത്തു പറയട്ടെ.

കേരളം അതിമനോഹരമായ ഒരു തീരം തന്നെയാണെന്നും ഇവിടത്തെ അന്തരീക്ഷവും കാലാവസ്ഥയും സുഖകരമായ ജീവിതത്തിന് അനുയോജ്യമാണെന്നും ഈ പ്രകൃതിയിൽ നിന്നു ലളിതവും സ്വാഭാവികവും ഉദാത്തവുമായ പല പാഠങ്ങളും നമുക്കു കണ്ടും കേട്ടും അനുഭവിച്ചും പഠിക്കാനുണ്ടെന്നുമുള്ള ആശയത്തിലേക്കു ചർച്ച ക്രോഡീകരിക്കാം.

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • ലേഖനം, ഉപന്യാസം പഠനം, നിരൂപണം എന്നിവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ ആശയങ്ങൾ തിരിച്ചറിഞ്ഞ് രചനകളിലും ജീവിത സന്ദർഭങ്ങളിലും ഔചിത്യപൂർവം പ്രയോജനപ്പെടുത്തുന്നു.<br>• ഗദ്യഭാഗങ്ങൾ ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു.<br>• അഭിനയ പരിചയം നേടുന്നു.<br>• ആഖ്യ, ആഖ്യാതം എന്നിവ പരിചയപ്പെടുന്നു. | മാരിവില്ലിൻ മന്ദഹാസം. | • അഹന്ത മനസ്സിലുള്ളവർക്ക് മറ്റുള്ളവർ പറയുന്നത് അംഗീകരിക്കാൻ കഴിയില്ല. അവർ വീരവാദങ്ങൾ മുഴക്കിക്കൊണ്ടിരിക്കും.<br>• തർക്കങ്ങൾ ഗുണകരമായതൊന്നും നേടിത്തരില്ല.<br>• ആരും പൂർണരല്ല. ഓരോരുത്തരുടെയും കഴിവുകൾ വ്യത്യസ്തവും തനിമയാർന്നതുമാണ്. വൈവിധ്യങ്ങളുടെ യോജിപ്പിലാണ് പൂർണത.<br>• ഐക്യമാണ് നിലനിൽപിന്റെയും വിജയത്തിന്റെയും നിദാനം. | വിശകനക്കുറിപ്പ് തയ്യാറാക്കൽ. കവിതാവരികൾ ശേഖരിക്കൽ<br>പതിപ്പ് തയ്യാറാക്കൽ.<br>പ്രയോഗഭംഗി കണ്ടെത്തൽ.<br>അഭിനയിച്ചവതരിപ്പിക്കൽ.<br>അന്വേഷിച്ചു കണ്ടെത്തൽ. | വിശകലനക്കുറിപ്പ്.<br>കവിതാ പതിപ്പ്<br>കുറിപ്പ്<br>സംവാദം<br>അന്വേഷണക്കുറിപ്പ്. | **വിശകലനക്കുറിപ്പ്**<br>• ആശയവ്യക്തത.<br>• വിശകലനശേഷി.<br>• അഭിപ്രായ വ്യക്തത<br>• അനുയോജ്യ ഭാഷ<br>**സംവാദക്കുറിപ്പ്**<br>• അവലോകനം<br>• വാദമുഖങ്ങളുടെ അവതരണം.<br>• താരതമ്യ ക്രോഡീകരണം<br>• സമഗ്രത |
| • കവിതകളിലെ പ്രമേയം, ചമത്കാരഭംഗി തുടങ്ങിയവ കണ്ടെത്തി ഉൾക്കൊള്ളുകയും ഉചിത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.<br>• കേരളത്തിലെ ആഘോഷങ്ങൾ, കേരള പ്രകൃതിയിലെ പൂക്കൾ തുടങ്ങിയവ തിരിച്ചറിയുന്നു. | തുമ്പയുടെ ഭാഗ്യം | • ബാഹ്യസൗന്ദര്യമല്ല, മാനസികസൗന്ദര്യമാണ് ആദരവിന്നു നിദാനം.<br>• എല്ലാവരെയും അർഹിക്കുന്ന വിധം മാനിക്കുന്നതും പെരുമാറുന്നതുമാണ് മാന്യത.<br>• ഓണം കേരളത്തിന്റെ തനത് ആഘോഷമാണ്.<br>• ചില പദങ്ങൾക്ക് പ്രയോഗ സന്ദർഭത്തിനനുസരിച്ച് അർത്ഥഭേദങ്ങളുണ്ടാവാറുണ്ട്. | കവിത ആലാപനം, ആശയ വിശകലനം.<br>പ്രമേയപരമായ സവിശേഷത കണ്ടെത്തൽ<br>പ്രകൃതി നിരീക്ഷണം.<br>പദങ്ങളുടെ സാന്ദർഭികാർത്ഥം കണ്ടെത്തൽ<br>സംഭാഷണം തയ്യാറാക്കൽ. | ആലാപനം<br>വിശകലനക്കുറിപ്പ്<br>കുറിപ്പ്<br>നിരീക്ഷണക്കുറിപ്പ്.<br>വാക്യങ്ങൾ, കുറിപ്പ്<br>സംഭാഷണം | **ആലാപനം**<br>• ഈണം, താളം, ഒഴുക്ക്, വ്യക്തത.<br>**നിരീക്ഷണക്കുറിപ്പ്**<br>• നിരീക്ഷണമികവ്<br>• കണ്ടെത്തിയ വസ്തുതകൾ<br>• അവതരണമികവ്.<br>**സംഭാഷണം**<br>• സ്വാഭാവിക ഭാവം<br>• തുടർച്ച.<br>• അനുയോജ്യത<br>• വ്യക്തത |

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • ആത്മകഥകൾ, നിരൂപണം തുടങ്ങിയവ വായിച്ച് ആശയമുൾക്കൊള്ളുകയും ജീവിത സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു.<br>• പ്രകൃതിയിലെ വസ്തുക്കളുടെ കഥകൾ മനസ്സിലാക്കുകയും ആത്മകഥാരൂപത്തിൽ അവ അവതരിപ്പിക്കുകയും ചെയ്യുന്നു.<br>• സൂചിത കഥകൾ കണ്ടെത്തുന്നു.<br>• കേരളത്തിലെ ഋതുഭേദങ്ങൾ പരിചയപ്പെടുന്നു. | പുഴ പറയും കഥ | • പ്രകൃതിയിലെ ഓരോ വസ്തുവിനും സ്വന്തമായ കഥകളുണ്ട്. സൂക്ഷ്മ നിരീക്ഷണവും ഭാവനയുമുണ്ടെങ്കിൽ നമുക്കത് കണ്ടെത്താൻ കഴിയും.<br>• പുഴ ഒരനുഗ്രമാണ്.<br>• പുഴകളുടെ നാശം സർവനാശത്തിന്റെ മുന്നോടിയാണ്.<br>• പുഴകളെ നശിപ്പിക്കുന്നത് ആർത്തിപൂണ്ട മനുഷ്യരാണ്.<br>• പുഴകൾ നശിപ്പിക്കുന്നതിനെതിരെ ശക്തമായ ബോധവത്കരണം നടക്കേണ്ടതുണ്ട്. | ആത്മകഥ വായനയും ആശയവിശകലനവും.<br>പ്രകൃതിയെക്കുറിച്ചുള്ള തിരിച്ചറിവുനേടി കുറിപ്പ് തയ്യാറാക്കൽ.<br>സംഭാഷണം സങ്കല്പിച്ചെഴുതൽ<br>പ്രകൃതിവസ്തുക്കളുടെ ആത്മകഥ സങ്കല്പിച്ചെഴുതൽ.<br>ഋതുക്കളെക്കുറിച്ച് അന്വേഷിച്ചറിയൽ.<br>ഉപന്യാസം തയ്യാറാക്കൽ. | ആശയം - കുറിപ്പ്<br>നിരീക്ഷണക്കുറിപ്പ്.<br>സംഭാഷണം<br>വൃക്ഷത്തിന്റെ ആത്മകഥ<br>ഋതുക്കൾ - പട്ടിക<br>ഉപന്യാസം | **ആശയം - കുറിപ്പ്**<br>• ആശയവ്യക്തത<br>• അവതരണ രീതി<br>• അനുയോജ്യ ഭാഷ.<br>**ആത്മകഥ**<br>• ആത്മാംശ പ്രകാശനം<br>• അവതരണ രീതി<br>• ഉള്ളടക്കത്തിന്റെ കൃത്യത<br>• അനുയോജ്യഭാഷ<br>**ഉപന്യാസം**<br>• ആമുഖം<br>• തലക്കെട്ട്<br>• ഉള്ളടക്കം<br>• അവതരണരീതി<br>• നിഗമനങ്ങൾ<br>• ഉപസംഹാരം |
| • കവിതകളുടെ കാലം, ആലങ്കാരിക ഭംഗി, ആശയം എന്നിവ ഉൾക്കൊണ്ട് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും സമാനമായവ തയ്യാറാക്കുകയും ചെയ്യുന്നു.<br>• ഋതുക്കൾ, ചുറ്റുപാടുമുള്ള വൃക്ഷങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള അവബോധം നേടിയെടുക്കുന്നു. | ഭാവി മാധുര്യം | • പ്രകൃതിയിൽ നിന്നു പല പാഠങ്ങളും മനസ്സിലാക്കാനുണ്ട്.<br>• എല്ലാ വേദനകളും പ്രയാസങ്ങളും മൂടിവച്ച് മക്കൾക്കായി കഠിനത്യാഗങ്ങൾ സഹിക്കുന്ന അമ്മയുടെ പ്രതീകമാണ് മാവ്.<br>• അമ്മയുടെ ത്യാഗം വിസ്മരിച്ച് മക്കൾ കൃതഘ്നത കാണിക്കാറുണ്ട്. | വിശകലനക്കുറിപ്പ് തയ്യാറാക്കൽ.<br>കാലത്തിന്റെ പ്രത്യേകതകൾ നാട്ടറിവു ശേഖരണം.<br>താരതമ്യക്കുറിപ്പ് തയ്യാറാക്കൽ.<br>അലങ്കാരഭംഗി കണ്ടെത്തൽ. | വിശകലനക്കുറിപ്പ്<br>നാട്ടറിവുകളുടെ ശേഖരം.<br>താരതമ്യക്കുറിപ്പ്<br>കുറിപ്പ് | **താരതമ്യക്കുറിപ്പ്**<br>• സാമ്യവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>• സ്വന്തം വീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.<br>• അനുയോജ്യ ഭാഷ<br>• ആശയ ക്രമീകരണം |

# പാഠം – 4
# മാരിവില്ലിൻ മന്ദഹാസം

ഇതൊരു സങ്കല്പ കഥയാണ്. പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിച്ച് അതിൽനിന്നു പാഠങ്ങൾ പഠിക്കാൻ ശ്രമിക്കുന്ന ആരുടെയോ മനസ്സിൽ രൂപം കൊണ്ട കഥ. എങ്കിലും ഈ കഥയിലൊരു പാഠമുണ്ട്. സ്വാഭാവികമായൊരു പശ്ചാത്തലമുണ്ട്.

പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന കാലംമുതൽ മനുഷ്യൻ മഴവില്ലുകൾ നിരീക്ഷിച്ചിട്ടുണ്ടാവാം. കൊടുങ്കാറ്റും മിന്നലും ഇടിമുഴക്കവുമൊക്കെ അവരെ ഭയപ്പെടുത്തിയിരുന്നെങ്കിലും മനോഹരമായ മാരിവില്ലിൻമന്ദഹാസം എല്ലാം മറന്ന് ആഹ്ലാദിക്കാൻ അവരെ പ്രേരിപ്പിച്ചിട്ടുണ്ടാവാം. അത്രയും മനോഹരമാണല്ലോ നിറങ്ങളുടെ ആ സംഗമം. യഥാർത്ഥത്തിൽ അങ്ങനെയൊരു വില്ലില്ല. ചില പ്രത്യേകസാഹചര്യത്തിൽ ജലകണങ്ങൾക്കുമേൽ സൂര്യപ്രകാശം പതിക്കുമ്പോൾ ഭൂമിയിൽനിന്നു നോക്കുന്നവർക്കു വില്ലിന്റെ രൂപത്തിൽ ദൃശ്യമാകുന്ന ഒരു കാഴ്ചയാണത്. എന്നാലും ഇന്നും മനുഷ്യരെ കോൾമയിർ കൊള്ളിക്കുന്ന മനോഹാരിത തന്നെയാണല്ലോ അത്.

കഥയിലെ നിറങ്ങളിലധികവും അഹങ്കാരികളാണ്. ഞാനാണ് ഭൂമിയിലെ മനോഹരമായ വർണം എന്ന് ഓരോ നിറവും കരുതുന്നു. മനുഷ്യർക്കിടയിലും നിറത്തിന്റെ പേരിലുള്ള അഹന്തകൾ പ്രകടമാണല്ലോ. ആർഭാടവും താൻപോരിമയും അഹന്തയും സ്വാർത്ഥ ചിന്തകളുമൊക്കെ പ്രകടിപ്പിക്കാൻ നിറങ്ങളെ ആശ്രയിക്കുന്ന പതിവ് മനുഷ്യരിൽ ഇന്നും കാണാം. നിറങ്ങളുടെ ഈ അഹന്തയാണ് ഒത്തുകൂടി സ്നേഹം പങ്കിടാനുള്ള അവസരത്തിലും തർക്കിക്കാൻ അവരെ പ്രേരിപ്പിച്ചത്.

തർക്കം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിയപ്പോഴാണു മഴ വന്നത്. നിറങ്ങളിൽ മഴ വീണാൽ എല്ലാം ഒലിച്ചു പോകുമല്ലോ. നിറങ്ങൾ തങ്ങളുടെ അവകാശവാദങ്ങളെല്ലാം മറന്ന് പേടിച്ചോടുന്നു. അപ്പോഴാണ് മഴ അവരെ വിളിച്ചു ചില സത്യങ്ങൾ പറയുന്നത്. നിങ്ങൾക്കു കിട്ടിയ ശേഷികളിൽ അഹങ്കരിക്കാനൊന്നുമില്ല. കാരണം അതു നിങ്ങൾ സ്വയം നേടിയെടുത്തതല്ല. പ്രകൃത്യാ ലഭിച്ചതാണ്. പ്രകൃതിയില്ലെങ്കിൽ നിങ്ങളില്ല. പ്രകൃതിയുടെ ഭാഗമായ മഴയില്ലെങ്കിൽ നിങ്ങളുണ്ടാവുകയേയില്ല. പ്രകൃതിയിലെ ഓരോ വസ്തുവും പരസ്പരാശ്രിതമാണ്. ഒന്നിനും സ്വയം നലനില്പില്ല. ഒത്തു ചേർന്നു സഹകരിച്ചു ജീവിച്ചാൽ എല്ലാവർക്കും സുഖത്തിൽ കഴിയാം. അല്ലെങ്കിൽ സർവ്വ നാശമായിരിക്കും ഫലം.

ഈ കഥാവതരത്തിലൂടെ കുട്ടികൾക്ക് പല സന്ദേശങ്ങളും നൽകാനുണ്ട്:

- യോജിച്ചു നിന്നാൽ ജീവിതം സുഖസമ്പൂർണമാക്കാം.
- ഭിന്നിപ്പ് സർവ്വനാശത്തിന്റെ മുന്നോടിയാണ്.
- തർക്കം അപകടകരമാണ്. അത് പരസ്പരവിരോധവും വാശിയും നശീകരണ മനോഭാവവുമല്ലാതെ മറ്റൊന്നും നേടിത്തരില്ല. അഹന്തയുടെ ലക്ഷണമാണു തർക്കം.

- പ്രകൃതിയിൽനിന്നു നമുക്കു വിലപ്പെട്ട പല പാഠവും പഠിക്കാനുണ്ട്. അതു മനസ്സിലാക്കണമെങ്കിൽ പ്രകൃതിയെ നിരീക്ഷിക്കണം.
- പ്രകൃതി അതിമനോഹരമാണ്. സൂക്ഷ്മനിരീക്ഷണമുണ്ടെങ്കിൽ മാത്രമേ ആ മനോഹാരിത ആസ്വദിക്കാൻ കഴിയുകയുള്ളൂ.
- ഒത്തൊരുമിച്ചുമുന്നേറിയാൽ നമുക്കു മാത്രമല്ല, ലോകത്തിനു മുഴുവൻ ആഹ്ലാദം ജനിപ്പിക്കാൻ സാധിക്കും.

## പാഠാവതരണം

**സൗഹൃദ സംഭാഷണത്തിലൂടെ പാഠഭാഗത്തേക്കു കടക്കാം.**

- മഴവില്ല് കണ്ടിട്ടുണ്ടോ നിങ്ങൾ?
- എവിടെയാണു മഴവില്ല് പ്രത്യക്ഷപ്പെടാറ്?
- എപ്പോഴാണ് മഴവില്ലുണ്ടാവാറ്?
- മഴവില്ലിൽ കാണുന്ന നിറങ്ങളേതെല്ലാം?
- മഴവില്ലുണ്ടാകുന്നതെങ്ങനെയെന്നറിയാമോ?
- മഴവില്ലിൽനിന്നു നമുക്കെന്തെങ്കിലും പാഠം പഠിക്കാനുണ്ടോ?

ചോദ്യങ്ങളിലൂടെ, കുട്ടികളുടെ പ്രതികരണങ്ങളിലൂടെ പാഠഭാഗം അവതരിപ്പിക്കാവുന്നതാണ്.

ആദ്യഭാഗം മാതൃകാവായന എന്ന നിലയ്ക്ക് ടീച്ചർ തന്നെ വായിക്കുന്നു.

തുടർന്ന് നിശ്ചിതഭാഗങ്ങൾ ഏതാനും കുട്ടികൾ വായിക്കട്ടെ.

## കണ്ടെത്താം TB

ആവശ്യബോധത്തോടെ പാഠഭാഗം വീണ്ടും വായിക്കാനുള്ള പ്രവർത്തനമാണിത്. ചോദ്യങ്ങൾ ഓരോന്നും നോട്ടുബുക്കിലെഴുതി പാഠഭാഗത്തുനിന്ന് ഉത്തരം കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരം ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തണം. തുടർന്ന് ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികൾ ഉത്തരം വായിക്കട്ടെ.

എഴുതിയ ഉത്തരം പൂർണമാണോ? മറ്റു കുട്ടികൾ അഭിപ്രായം പറയുന്നു.

മാറ്റം ആവശ്യമാണെങ്കിൽ തിരുത്താനും കൂട്ടിച്ചേർക്കാനും സമയം അനുവദിക്കാം.

എല്ലാ ചോദ്യങ്ങളുടെയും ഉത്തരം ടീച്ചർ വിലയിരുത്തണം.

## ഇഷ്ടം പറയാം

യുക്തിപൂർവ്വം കാര്യങ്ങൾ നിരീക്ഷിക്കാനും സ്വാഭിപ്രായം പ്രകടിപ്പിക്കാനുമുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. അതുകൊണ്ട് എല്ലാ നിറങ്ങളുടെയും അവകാശവാദങ്ങൾ കുട്ടികൾ സൂക്ഷ്മമായി പരിശോധിക്കട്ടെ. അതിനുള്ള ന്യായികരണവും കണ്ടെത്തണമെന്നു പ്രത്യേകം നിർദ്ദേശിക്കണം.

കുട്ടികൾ അഭിപ്രായം തുറന്നു പറയട്ടെ.

ഓരോ നിറത്തിന്റെയും അവകാശവാദങ്ങൾ ഇഷ്ടപ്പെട്ടവരെ പ്രത്യേക ഗ്രൂപ്പുകളാക്കി ആ നിറത്തിന്റെ പേരു നൽകാം. തങ്ങളുടെ അഭിപ്രായത്തിന്നുള്ള ന്യായീകരണം ചർച്ച ചെയ്തു ക്രോഡീകരിച്ചു നോട്ടുബുക്കിലെഴുതട്ടെ. ഗ്രൂപ്പിലൊരാൾക്ക് തങ്ങൾ കണ്ടെത്തിയ ഉത്തരം ക്ലാസിൽ അവതരിപ്പിക്കാനുള്ള അവസരം നൽകാം.

## മഴവിൽക്കവിതകൾ ശേഖരിക്കാം TB

കവിതകൾ പരിശോധിക്കാനും നിർദ്ദിഷ്ടവിഷയത്തിലുള്ള വരികൾ കണ്ടെത്താനുമുള്ള അവസരം ലഭ്യമാക്കുന്നു. കുട്ടികൾ അന്വേഷിച്ചു കണ്ടെത്തട്ടെ. നിശ്ചിത ദിവസം കവിതയരങ്ങ് സംഘടിപ്പിക്കാം. ഓരോ കുട്ടിയും ശേഖരിച്ച വരികൾ അവതരിപ്പിക്കണം.

ശേഖരിച്ച മഴവിൽകവിതകൾ പതിപ്പാക്കാം. സ്വന്തം രചനകളെയും പ്രോത്സാഹിപ്പിക്കണം. എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ വേണം പതിപ്പുകൾ തയ്യാറാക്കാൻ. ഗ്രൂപ്പുകളായി തിരിച്ച് (സമാനതാല്പര്യക്കാരായ കുട്ടികളെ ഒരു ഗ്രൂപ്പിലാക്കാൻ ശ്രദ്ധിക്കണം) ഓരോ ഗ്രൂപ്പിനും നിശ്ചിതചുമതലകൾ നൽകാം. പതിപ്പ് തയ്യാറാക്കി അസംബ്ലിയിൽ പ്രകാശനം നിർവ്വഹിക്കാം.

## അടിവരയിട്ട പദം ഉൾപ്പെടുത്തി മറ്റൊരു വാക്യം WB

• സൊറ പറയുക • ആധിപത്യം സ്ഥാപിക്കുക • ഞെളിഞ്ഞു നടക്കുക • പരസ്പരം എന്നീ പദങ്ങൾ ഉൾപ്പെടുത്തി ഓരോ വാക്യം എഴുതണം.

പദങ്ങളുടെ ശരിയായ അർത്ഥം കണ്ടെത്തി വ്യക്തിഗതമായി വാക്യമെഴുതട്ടെ. ഓരോരുത്തരും രചിച്ച വാക്യങ്ങൾ പരസ്പരം കൈമാറി വിലയിരുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

## ടീച്ചർവേർഷൻ അവതരിപ്പിക്കാം.

- സൊറ പറഞ്ഞിരുന്നു നേരം പോയതറിഞ്ഞില്ല.
- ജനങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ചില പാർട്ടികൾ ശ്രമിക്കാറുണ്ട്.
- ഭൂമിയിൽ അഹങ്കാരം നടിച്ചു ഞെളിഞ്ഞു നടക്കുന്നവർ സ്വന്തം കഴിവുകേടുകൾ തിരിച്ചറിയാത്തവരാണ്.
- പഠന കാര്യത്തിൽ പരസ്പരം മത്സരിച്ചു മുന്നേറാൻ ശ്രമിക്കണം.

## അഭിനയിച്ചു രസിക്കാം TB

മൊത്തം കുട്ടികൾ ഏഴു ഗ്രൂപ്പുകളായി മാറട്ടെ.

ഓരോ ഗ്രൂപ്പും തങ്ങളുടെ വാദമുഖങ്ങൾ അവതരിപ്പിച്ചു സമർത്ഥിക്കുന്ന സംവാദമാണിത്. സാധാരണ സംവാദത്തിൽ രണ്ടു കക്ഷികളാണല്ലോ ഉണ്ടാവാറ്. ഇവിടെ ഏഴു കക്ഷികളുണ്ടാവും. ഓരോ കക്ഷിയും ആവശ്യമായ തെളിവുകൾ നിരത്തി തങ്ങളുടെ വാദം സമർത്ഥിക്കാൻ ശ്രമിക്കണം.

മോഡറേറ്റർ ചർച്ച നിയന്ത്രിക്കുകയും ക്രോഡീകരിച്ച് അവതരിപ്പിക്കുകയും വേണം. എല്ലാ കക്ഷികളും പ്രധാനപ്പെട്ട ആശയങ്ങൾ കുറിച്ചെടുക്കുകയും സംവാദ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യണം.

**സംവാദം സംഘടിപ്പിക്കുമ്പോൾ**

വ്യത്യസ്ത നിലപാടുകളിൽ എതാണു ശരി എന്ന നിഗമനത്തിലെത്താൻ സംവാദങ്ങൾ സഹായകമാണ്. ഇവിടെ സംവാദമെന്നാൽ തർക്കമല്ല. ഓരോ വിഭാഗവും തങ്ങളുടെ നിലപാടുകൾക്ക് അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങളും പ്രതീക്ഷിക്കാവുന്ന എതിർവാദങ്ങളും കണ്ടെത്തി കുറിച്ചെടുത്തു വിശകലനവിധേയമാക്കണം. അവ ഫലപ്രദമായി അവതരിപ്പിക്കാൻ കഴിവുള്ളവരുടെ പാനൽ തയ്യാറാക്കണം. സംവാദം സംഘടിപ്പിക്കുന്ന സ്ഥലം, ദിവസം, സമയം എന്നിവ കണ്ടെത്തണം.

മോഡറേറ്റർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം. ഒരു പക്ഷത്തിനും അനുകൂലമായോ പ്രതികൂലമായോ നടപടികളെടുക്കരുത്. ഓരോ പക്ഷത്തിനും തുല്യമായ അവസരവും സമയവും നൽകണം. ചർച്ച വഴിമാറിപ്പോകാതെ നോക്കണം. സമയനിഷ്ഠ ഉറപ്പുവരുത്തണം. സദസ്യർക്ക് സംശയനിവാരണത്തിനുള്ള അവസരം നൽകണം.

പാഠഭാഗത്തെ ആശയങ്ങൾക്കു മുൻഗണന നൽകിക്കൊണ്ടായിരിക്കണം ഓരോ കക്ഷിയും തങ്ങളുടെ വാദമുഖങ്ങൾ അവതരിപ്പിക്കുന്നത്. സംവാദം നടക്കുമ്പോൾ പ്രധാനപ്പെട്ട ആശയങ്ങൾ എഴുതിയെടുക്കാൻ എല്ലാ കുട്ടികളോടും നിർദ്ദേശിക്കണം.

## പ്രയോഗഭംഗി കണ്ടെത്താം TB

- ഓരോന്ന് പറഞ്ഞുപറഞ്ഞ് അവർ വഴക്കായി.
- ഓരോന്നു പറഞ്ഞ് അവൻ വഴക്കായി.

ടീച്ചർ ഈ രണ്ടുവാക്യങ്ങളും BBയിൽ കുറിക്കുന്നു.

കുട്ടികൾ ഇവ ഉൾക്കൊള്ളുന്ന ആശയത്തിലെ വ്യത്യാസം കണ്ടെത്തട്ടെ. ആദ്യവാക്യത്തിൽ പറഞ്ഞു എന്ന ക്രിയയുടെ തുടർച്ച വ്യക്തമാകുന്നില്ലേ?

- ആശയത്തിൽ കൂടുതൽ തീവ്രത അനുഭവപ്പെടുന്നില്ലേ?
- ആ ക്രിയയ്ക്ക് പ്രത്യേകമായൊരൂന്നൽ ലഭിക്കുന്നില്ലേ?
- വാക്യഭംഗി വർദ്ധിക്കുന്നില്ലേ?

സമാനപ്രയോഗങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

ഓടിയോടി, ചാടിച്ചാടി, പറന്നുപറന്ന്, ചിരിച്ചുചിരിച്ച്.......

## ലഘു ഉപന്യാസം തയ്യാറാക്കാം WB

- ഐകമത്യം മഹാബലം.

ഐക്യത്തിന്റെ പ്രാധാന്യമാണ് കഥയിലെ മുഖ്യാശയം.

- ഒന്നിച്ചാൽ ബലമേറും. തകർക്കാൻ കഴിയാത്ത ശക്തിയാവും. ഭിന്നിച്ചാലോ?

ആർക്കും പെട്ടെന്നു പരാജയപ്പെടുത്താം.

- ഒന്നിച്ചാൽ മേന്മയേറെയുണ്ട്: പ്രശ്നങ്ങൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാം. സൗകര്യങ്ങളൊരുക്കാം.

സൂചനകളിലൂടെ വിഷയത്തെക്കുറിച്ച് അവബോധമുണ്ടാക്കണം.

ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം.

| | |
|---|---|
| ഉപന്യാസം വിലയിരുത്തൽ സൂചകങ്ങൾ | ഘടന ആശയങ്ങൾ ക്രമീകരണം വിശകലനം സമഗ്രത ഭാഷ |

## മഴച്ചൊല്ലുകൾ വിശദീകരിക്കാം WB

- അടമഴ വിട്ടാലും ചെടിമഴ വിടില്ല.

കനത്ത മഴ തോർന്നാലും കാടുകളിൽ മഴ പെയ്തുകൊണ്ടിരിക്കും. ഇലകളിലൂടെ വെള്ളം ഇറ്റി വീണുകൊണ്ടിരിക്കും. ഇങ്ങനെ അല്പാല്പമായി ഭൂമിയിലെത്തുന്ന വെള്ളമാണ് മണ്ണിലേക്ക് ഊർന്നിറങ്ങുന്നത്. മഴക്കാടുകൾ എന്നു പറയുന്ന ചെറുചെടികളാണ് ഈ പ്രക്രിയയ്ക്കു സഹായകമാകുന്നത്.

വലിയ സംഭവങ്ങളുടെ പ്രതികരണങ്ങൾ / പ്രത്യാഘാതങ്ങൾ പിന്നെയും തുടർന്നുകൊണ്ടിരിക്കും എന്ന സൂചനകൂടി ഉൾക്കൊള്ളുന്നുണ്ട് ഈ ചൊല്ല്.

- കുംഭത്തിൽ മഴ പെയ്താൽ കുന്നെല്ലാം ചോറ്

നാട്ടറിവുകളിൽ പെട്ട നല്ലൊരു അനുഭവ വിവരണമാണിത്. കൃഷിയുടെ വളർച്ചയിലും വികസനത്തിലും കുംഭത്തിലെ മഴയ്ക്കു വലിയ പങ്കുണ്ട്. വേനലിന്റെ കാഠിന്യത്തിലേക്കു കടക്കുന്നതിനുമുമ്പെ ലഭിക്കുന്ന കുംഭമഴ ഭൂമിയിലെ ഈർപ്പം വറ്റിപ്പോകാതെ സൂക്ഷിക്കാൻ സഹായകമാണ്. കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി നടത്താനും മണ്ണിലുള്ള വിത്തുകൾ നശിച്ചുപോവാതിരിക്കാനും കുംഭമഴ പ്രയോജനപ്പെടുന്നു.

ആവശ്യമായ സമയത്തു കിട്ടുന്ന സഹായങ്ങൾ / ആനുകൂല്യങ്ങൾ ഏറെ പ്രയോജനം ചെയ്യുമെന്ന സൂചന കൂടി ഈ ചൊല്ല് ഉൾക്കൊള്ളുന്നുണ്ട്.

## അന്വേഷിച്ചു കണ്ടെത്താം TB

മഴവില്ലിന്റെ ശാസ്ത്രീയവശം കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ടാവും.

ഇല്ലെങ്കിൽ ചോദിച്ചറിഞ്ഞു കുറിപ്പു തയ്യാറാക്കട്ടെ.

അനുയോജ്യമായ സമയം നോക്കി ഒരു മഴവിൽപ്രദർശനവുമാകാം.

ടീച്ചർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വിലയിരുത്തുകയും വേണം.

## ആഖ്യ-ആഖ്യാതം TB

ടീച്ചർ ഏതാനും വാക്യങ്ങൾ BBയിൽ കുറിക്കുന്നു.

- അമ്മ വീട്ടിലേക്ക് പോയി.
- ഐക്യത്തെക്കുറിച്ച് ഉപന്യാസമെഴുതി.
- മഴവിൽ മാഞ്ഞുപോയി

ഓരോ വാക്യവും രണ്ടു ഭാഗങ്ങളാക്കി തിരിക്കാം.

- ആരെപറ്റി, എന്തിനെ പറ്റി പറയുന്നു എന്നത് ഒരു ഭാഗം.
- എന്താണു പറയുന്നത് എന്നതു രണ്ടാമത്തെ ഭാഗം.

ഇങ്ങനെ കുട്ടികൾ പ്രസ്തുതവാക്യങ്ങൾ രണ്ടായി വിഭജിക്കട്ടെ.

തുടർന്ന് പാഠഭാഗത്തെ വിശദീകരണം വായിക്കാം, വികലനം ചെയ്യാം.

കൂടുതൽ മാതൃകാ പ്രവർത്തനങ്ങൾ നൽകണം. വിലയിരുത്തണം.

# പാഠം – 5

## തുമ്പയുടെ ഭാഗ്യം

വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഏറെ പ്രസിദ്ധമായ ഒരു കവിതയാണ് 'തുമ്പയുടെ ഭാഗ്യം.' മഹാബലിചക്രവർത്തിയുടെ ഭരണകാലം കേരളീയരുടെ മധുരതരമായ ഒരു സങ്കല്പമാണ്. ഐതിഹ്യങ്ങളിലൂടെ, നാടൻപാട്ടുകളിലൂടെ ജനമനസ്സിൽ കുടിയേറിക്കഴിഞ്ഞ ആ സങ്കല്പമാണ് ഓണാഘോഷത്തിന്നു പിന്നിലുള്ളത്. കള്ളവും ചതിയും കൊള്ളരുതായ്മകളുമില്ലാത്ത, ജനങ്ങളെല്ലാം വിവേചനത്തിന്റെ പീഡനങ്ങൾ പേറാതെ സ്നേഹത്തോടെയും സഹവർത്തിത്വത്തോടെയും ജീവിച്ചിരുന്ന കാലമായിരുന്നു മാവേലിയുടെ ഭരണകാലം എന്നു വിശ്വസിച്ചുപോരുന്നു. മാവേലിത്തമ്പുരാനെ വാമനൻ പാതാളത്തിലേക്ക് ചവുട്ടിത്താഴ്ത്തിക്കളഞ്ഞു. പാതാളത്തിൽ കഴിയുന്ന മാവേലി വർഷത്തിലൊരിക്കൽ തന്റെ പ്രിയപ്പെട്ട ജനതയെ കാണാൻ കേരളത്തിലെത്തുന്നു. അന്നാണ് തിരുവോണം.

മാവേലിയെ സ്വീകരിക്കാൻ കേരളീയർ പൂക്കളമൊരുക്കുകയും ഓണപ്പാട്ടുകൾ പാടുകയും ചെയ്യുന്നു. ഓണപ്പൂക്കളത്തിൽ തുമ്പപ്പൂവിന്നാണ് ഇന്നും പ്രാധാന്യം. രൂപഭംഗിയോ വർണ ഭംഗിയോ സൗരഭ്യമോ ഒന്നുമില്ലാത്ത തുമ്പപ്പൂവിന് എങ്ങനെ ഇത്രയും വലിയ പദവി ലഭിച്ചു? ആ കഥയാണു 'തുമ്പയുടെ ഭാഗ്യം' എന്ന കവിതയിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

മഹാബലിയെ എതിരേൽക്കാൻ പൂവുകളെല്ലാം അണിഞ്ഞൊരുങ്ങിച്ചെന്നു. ശരീരം മുഴുവൻ തങ്കച്ചാറു പുരട്ടിയാണു മൂക്കുറ്റിപ്പൂ ചെന്നത്. ചിറ്റാട പട്ടുവസ്ത്രമുടുത്തുചെന്നു. ആമ്പൽപ്പൂ കിരീടമണിഞ്ഞു ചെന്നു. മനം മയക്കുന്ന സൗരഭ്യവുമായാണു സുന്ദരിയായ നെല്ലിപ്പൂ ചെന്നത്. എന്നാൽ തുമ്പപ്പൂവിന് അണിയാനൊന്നുമില്ല; പ്രദർശിപ്പിക്കാൻ സൗന്ദര്യവും പ്രസരിപ്പിക്കാൻ സൗരഭ്യവുമില്ല. ഈ വിഷമങ്ങളെല്ലാം ഉള്ളിലൊതുക്കി നാണത്തോടെ മഹാബലിയെ കാണാൻ തുമ്പപ്പൂവുമെത്തി.

മഹാബലി എല്ലാവരെയും മാനിച്ചു. മുക്കൂറ്റിപ്പൂവിനെ കനിവോടെ ഒന്നു കടാക്ഷിച്ചു. ചിറ്റാടപ്പൂവിനെ കൗതുകത്തോടെ ഒന്നു തടവി. ആമ്പലിന്നൊരു പുഞ്ചിരി സമ്മാനിച്ചു. നെല്ലിപ്പൂവിനെ സ്നേഹപൂർവ്വം ചുംബിച്ചു. നാണത്തോടെ മാറി നിൽക്കുകയായിരുന്ന തുമ്പപ്പൂവിനെ മഹാബലി വാരിയെടുത്ത് തന്റെ മൂർദ്ധാവിൽ വച്ചാദരിച്ചു. അങ്ങനെ തുമ്പപ്പൂവ് ഭാഗ്യവതിയും അനുഗൃഹീതയുമായി.

വിനയവും വിശുദ്ധിയും ഉൾക്കൊള്ളണമെന്ന സന്ദേശം നൽകുന്നുണ്ട് ഈ കവിത.

തുമ്പപ്പൂവിന്റെ ശുഭ്രത വിശുദ്ധിയെ സൂചിപ്പിക്കുന്നു. അഹന്തയും ആർഭാടവുമില്ലാത്ത അതിന്റെ പ്രകൃതം വിനയത്തെ പ്രതീകവൽക്കരിക്കുന്നു. മഹാബലിയെ ഈ വിനയവും വിശുദ്ധിയുമാണ് ആകർഷിച്ചത്. മറ്റെല്ലാ പൂക്കളും ബാഹ്യസൗന്ദര്യത്തിനു മുൻഗണന നൽകിയപ്പോൾ തുമ്പപ്പൂ വിനയത്തോടെ നാണംപൂണ്ട്, ദേവനോടുള്ള ആദരവോടെ ഒതുങ്ങി നിൽക്കുകയായിരുന്നു. ഈ സവിശേഷതകൾ ദേവൻ കണ്ടെത്തുകയും തുമ്പപ്പൂവിനെ ആദരിക്കുകയും ചെയ്തു.

പ്രകൃതിയെ, കൊച്ചുപൂക്കളെപ്പോലും സൂക്ഷ്മമായി നിരീക്ഷിക്കാനും അടുത്തറിയാനുമുള്ള പ്രചോദനം നൽകുന്ന കവിതയാണിത്. പ്രകൃതിയോടു കുട്ടികൾ കൂടുതൽ അടുക്കണം. നിസ്സാരമായി കണക്കാക്കുന്ന ചെടികളെപ്പോലും കണ്ടറിയണം, തൊട്ടറിയണം. അപ്പോഴേ പ്രകൃതിയുടെ മൂല്യവും പരിപാവനതയും തിരിച്ചറിയുകയും അതിനെ അതേ നിലയിൽ സംരക്ഷിക്കാനുള്ള താല്പര്യം ജനിക്കുകയുമുള്ളൂ. ഈ അറിവ് കുട്ടികളുടെ മനസ്സിലുറപ്പിക്കാൻ കവിത പ്രയോജനപ്പെടുത്തേണ്ടതാണ്.

## പാഠാവതരണം

ടീച്ചർ ഏതാനും വരി കവിതയെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു:

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലേ
കള്ളവുമില്ല, ചതിയുമില്ലാ
എള്ളോളമില്ലാ പൊളിവചനം
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ലാ....

**കുട്ടികൾ ചാർട്ടിലെ വരികൾ ചൊല്ലട്ടെ**

ഈ വരികൾ നിങ്ങൾക്കു സുപരിചിതമാണല്ലോ.

- ആരെക്കുറിച്ചാണ് ഈ വരികളിൽ പറയുന്നത്?
- അദ്ദേഹത്തിന്റെ ഭരണകാലത്തെ പ്രത്യേകതയെന്തായിരുന്നു?
- മഹാബലിയും കേരളീയരും തമ്മിലുള്ള ബന്ധമെന്താണ്?
- മഹാബലിയെ എതിരേൽക്കാൻ കേരളീയർ എന്തൊക്കെയാണു ചെയ്യാറുള്ളത്?

ചർച്ച മഹാബലിയിലേക്കും ഓണപ്പൂക്കളത്തിലേക്കും ക്രോഡീകരിക്കാം.

കുട്ടികൾ 'തുമ്പയുടെ ഭാഗ്യം' എന്ന കവിത മൗനമായി വായിക്കട്ടെ.

ഗ്രൂപ്പുകളിൽ ഈണം കണ്ടെത്തി അവതരിപ്പിക്കട്ടെ.

## ആശയ വിശകലനം:

- പൂക്കളെല്ലാം എന്തിന്നാണു വന്നിരിക്കുന്നത്?
- മുക്കുറ്റി വന്നതെങ്ങനെ?
- ചിറ്റാടയെത്തിയതോ?
- ആമ്പൽ എന്ത് അണിഞ്ഞാണ് മാവേലിയെ എതിരേൽക്കാൻ വന്നിരിക്കുന്നത്?
- സൗരഭ്യം പരത്തിക്കൊണ്ടു വന്നതാരാണ്?
- തുമ്പപ്പൂ നാണമൊതുക്കി വന്നതെന്തുകൊണ്ടാണ്?
- മഹാബലി തുമ്പയല്ലാത്ത പൂവുകളെ എങ്ങനെയാണ് സ്വീകരിച്ചത്?

തുമ്പപ്പൂ ഭാഗ്യവതിയാണെന്നു കവി പറയുന്നതിന്റെ കാരണമെന്താണ്?

## കണ്ടെത്താം TB

മഹാബലിയെ എതിരേൽക്കാൻ വന്ന പൂക്കളുടെ പേരുകൾ കുട്ടികൾ എടുത്തെഴുതട്ടെ.

ഇതോടൊപ്പം വർക്കുബുക്കിലെ ആദ്യ പ്രവർത്തനവും പൂർത്തീകരിക്കാൻ നിർദ്ദേശിക്കാം.

## മറ്റെന്തെല്ലാം പൂക്കൾ? TB

ഈ പ്രവർത്തനം സാവകാശം നിർവഹിക്കേണ്ടതാണ്.

കുട്ടികൾ വീട്ടിനു പരിസരത്തും വഴിയരികിലുമൊക്കെ കാണുന്ന സസ്യങ്ങൾ നിരീക്ഷിക്കട്ടെ. അവയിൽ വിരിയുന്ന പൂക്കളുടെ നിറം, മണം, രൂപം, അവയുടെ പേര് തുടങ്ങിയവ അന്വേഷിച്ചറിയട്ടെ.

ശേഖരിച്ച വിവരങ്ങൾ ക്ലാസിൽ പൊതുചർച്ചയ്ക്കു വിധേയമാക്കാം.

കുട്ടികൾ അവതരിപ്പിക്കുന്ന വിവരങ്ങൾ ടീച്ചർ BBയിൽ പട്ടികപ്പെടുത്തുന്നു. തുടർന്ന് പൂക്കളെക്കുറിച്ചുള്ള വിവരണം കുട്ടികൾ വ്യക്തിഗതമായി എഴുതി തയ്യാറാക്കട്ടെ.

## വരികൾ കണ്ടെത്താം TB

വീണ്ടും കവിത ആശയം മനസ്സിലാക്കി വായിക്കാനുള്ള പ്രവർത്തനമാണിത്.

നൽകിയിരിക്കന്ന ആശയം ഉൾക്കൊള്ളുന്ന വരികൾ കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തട്ടെ. ക്ലാസിൽ അവതരിപ്പിക്കട്ടെ.

## ചർച്ച ചെയ്യാം, കുറിപ്പെഴുതാം TB

തുമ്പപ്പൂവ് എങ്ങനെയാണ് മഹാബലിയെ സ്വീകരിക്കാൻ ചെന്നത്?

സൗന്ദര്യവും സൗരഭ്യവുമില്ലെങ്കിലും മഹാബലി തുമ്പയെ ഇഷ്ടപ്പെട്ടത് എന്തു കൊണ്ടാവാം?

ഗ്രൂപ്പിൽ ചർച്ച ചെയ്ത് നിഗമനത്തിലെത്തട്ടെ.

ഓരോ ഗ്രൂപ്പും തങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കട്ടെ.

- തുമ്പപ്പൂവിനു ജാടകളില്ല.
- വിനയത്തോടെയും എളിമയോടെയുമാണു തുമ്പപ്പൂ വന്നത്.
- അണിഞ്ഞൊരുങ്ങി മോടി കൂട്ടാൻ തുനിഞ്ഞിട്ടില്ല.
- വിശുദ്ധമായ വെള്ള നിറമാണ് തുമ്പപ്പൂവിനുള്ളത്.

നിഗമനങ്ങൾ ക്രോഡീകരിച്ച് വ്യക്തിഗതമായി കുറിപ്പുകൾ തയ്യാറാക്കട്ടെ.

ടീച്ചർ വിലയിരുത്തണം.

## അർത്ഥവ്യത്യാസം തിരിച്ചറിയാം TB

പദങ്ങൾ ടീച്ചർ BBയിൽ എഴുതുന്നു.

അണഞ്ഞു എന്ന പദത്തിനു ചുവടെ വരയ്ക്കുന്നു.

രണ്ടു വാക്യങ്ങളിലും അണഞ്ഞു എന്ന പദത്തിന്റെ ഉദ്ദേശ്യാർത്ഥം കുട്ടികൾ തിരിച്ചറിയട്ടെ. ആദ്യ പദത്തിൽ 'അണഞ്ഞു' എന്ന പദത്തിനു 'വന്നു' എന്നും രണ്ടാമത്തേതിൽ 'കെട്ടു' എന്നുമാണർത്ഥം.

## സംഭാഷണം തയ്യാറാക്കാം TB

തുമ്പപ്പൂവിനെ മഹാബലി വാരിയെടുത്ത് മൂർദ്ധാവിൽ വച്ചു -

അവർ പിന്നെ പരസ്പരം എന്തൊക്കെ സംസാരിച്ചിട്ടുണ്ടാവാം? കുട്ടികൾ സങ്കല്പിച്ചു പറയട്ടെ.

| |
|---|
| സംഭാഷണം തയ്യാറാക്കുമ്പോൾ രണ്ടു പേരുടെയും അവസ്ഥകൾ പരിഗണിക്കണം. തുമ്പപ്പൂവിന്റെ വിനയവിനീതഭാവവും ദേവനോടുള്ള അങ്ങേയറ്റത്തെ ആദരവും സംഭാഷണത്തിൽ പ്രകടമാവണം. അതിനനുയോജ്യമായ സംബോധനയും മറ്റും പദങ്ങളും ഉപയോഗിക്കണം.<br>മഹാബലിയുടെ വാക്കുകളിൽ ഒരു ചക്രവർത്തിയുടെ ഭാവവും ഗാഭീര്യവും മറ്റും പ്രകടമാകണം. |

വ്യക്തിഗതമായി തയ്യാറാക്കിയ സംഭാഷണം ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തിയ ശേഷം ഓരോ ഗ്രൂപ്പും ക്ലാസിൽ അവതരിപ്പിക്കട്ടെ. സ്വാഭാവിക നിതിയിലുള്ള സംഭാഷണം പ്രോത്സാഹിപ്പിക്കണം. മെച്ചപ്പെട്ട ഗ്രൂപ്പിനെ അഭിനന്ദിക്കണം.

## കവിത ചൊല്ലാം WB

ഓണത്തെക്കുറിച്ചുള്ള ചർച്ച പാഠാനുബന്ധമായി വന്നല്ലോ. ഓണത്തോടടുത്ത സമയത്തായിരിക്കും ഈ പാഠഭാഗം വിശകലനം ചെയ്യുന്നത്. കൂട്ടത്തിൽ ഓരോണപ്പാട്ടുമാകാം. കുട്ടികൾ ഈണം കണ്ടെത്തി കവിത ചൊല്ലി അവതരിപ്പിക്കട്ടെ. ശേഷം കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതട്ടെ. ഹോം വർക്കായി നൽകാം.

# പാഠം – 6
# പുഴ പറയും കഥ

പുഴയുണ്ടാകണമെങ്കിൽ വെള്ളം വേണം. വെള്ളമുണ്ടാകണമെങ്കിൽ മഴ വർഷിക്കണം. മഴ പെയ്യണമെങ്കിൽ മഴ മേഘങ്ങൾ വേണം, മഴമേഘങ്ങളുണ്ടാവണമെങ്കിൽ ബാഷ്പീകരണം നടക്കണം. ബാഷ്പീകരണം നടക്കണമെങ്കിലോ, സൂര്യനും വെള്ളവും വേണം. ജലത്തിന്റെ ഈ ചാക്രീകരണാവസ്ഥ ഭംഗിയായി അവതരിപ്പിച്ചുകൊണ്ടാണ് പുഴയുടെ ആത്മകഥാ രൂപത്തിലുള്ള ഈ പാഠഭാഗം തുടങ്ങുന്നത്.

പുഴയുടെ ഉത്ഭവം, സഞ്ചാരപഥം, സഞ്ചാരരീതി, പുഴയുടെ ധർമ്മം, സൗന്ദര്യം, ശക്തി തുടങ്ങിയവയെല്ലാം ആത്മകഥയിലൂടെ ആകർഷകമാം വിധം കടന്നുവരുന്നു. പുഴയെക്കുറിച്ചു മനുഷ്യർ നിർമ്മിച്ച കഥകളും ഭാവനകളുമെല്ലാം അനാവൃതമാകുന്നു. മനുഷ്യരുടെ ഇടപെടലുകളും ചൂഷണങ്ങളും പുഴയിൽ വരുത്തിത്തീർക്കുന്ന അപകടാവസ്ഥകൾ, പുഴയോട് മനുഷ്യൻ കാണിക്കുന്ന ക്രൂരതകൾ, അതുവഴി മറ്റു ജീവജാലങ്ങൾക്കുണ്ടാവുന്ന പ്രയാസങ്ങൾ തുടങ്ങി പുഴയുമായി ബന്ധപ്പെട്ട ഒട്ടനവധി കാര്യങ്ങൾ ആത്മകഥാ രൂപത്തിലുള്ള ഈ പാഠഭാഗത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

പുഴ, വെള്ളം, പരിസ്ഥിതി സംബന്ധമായി വ്യക്തമായ അവബോധം കുട്ടികളുടെ മനസ്സിലുണ്ടാക്കാൻ ഈ പാഠഭാഗം പര്യാപ്തമാണ്. പുഴകളെ വീണ്ടെടുക്കാനും പരിസ്ഥിതിയുടെ സുസ്ഥിതി ഉറപ്പാക്കാനും വരുംതലമുറകളെ പ്രതിജ്ഞാബദ്ധരാക്കാൻ ഈ പാഠഭാഗാവതരണത്തിലൂടെ അധ്യാപകർ ശ്രദ്ധിക്കേണ്ടതുണ്ട്. അതോടൊപ്പം ആത്മകഥ എന്ന വ്യവഹാര രൂപം പരിചയപ്പെടാനും സ്വന്തം കഥ മാത്രമല്ല, മറ്റു വസ്തുക്കളുടെയും ജീവികളുടെയും കഥയും ആത്മകഥാരൂപത്തിൽ ആവിഷ്ക്കരിക്കാനുമുള്ള പരിശീലനവും നേടണം.

## പാഠാവതരണം

പുഴയൊരഴകുള്ള പെണ്ണ്, ആലുവാ-
പ്പുഴയൊരഴകുള്ള പെണ്ണ് --------
കല്ലും മലയും മാറിൽ ചാർത്തി
ചെല്ലക്കൊലുസ്സിട്ട പെണ്ണ് --------- പുഴയൊരഴകുള്ള -------

മഴ പെയ്താൽ തുള്ളുന്ന പെണ്ണ്, മാനത്തൊരു
മഴവില്ലു കണ്ടാലിളകും പെണ്ണ് ---------
പാടത്തെ നെല്ലിനും തീരത്തെ തൈകൾക്കും
പാലും കൊണ്ടോടുന്ന പെണ്ണ്,
അവളൊരു - പാവം പാൽക്കാരിപ്പെണ്ണ് --------
പാവംപാൽക്കാരിപ്പെണ്ണ് -----------

ടീച്ചർ ഈ ഗാനം ഈണത്തിൽ പാടുന്നു. (ഐ.സി.ടി.സാധ്യത ഉപയോഗപ്പെടുത്തുകയുമാവാം) ഗാനം ആസ്വദിച്ച ശേഷം ചർച്ചയിലേക്കു കടക്കാം.

- പുഴയെ ആരായിട്ടാണീ ഗാനത്തിൽ സങ്കല്പിച്ചിരിക്കുന്നത്?
- അവളുടെ സൗന്ദര്യത്തെ വർണ്ണിച്ചിരിക്കുന്നതെങ്ങനെ?
- മഴ പെയ്താൽ തുള്ളുക, മഴവില്ലു കണ്ടാലിളകുക എന്നീ പ്രയോഗങ്ങളുടെ ഉദ്ദേശ്യമെന്താണ്?
- പുഴ നെല്ലിനും തൈകൾക്കും പാൽ നൽകുന്നതെങ്ങനെ?

പുഴയെ ഒരു വ്യക്തിയായിട്ടാണല്ലോ കവി സങ്കല്പിച്ചിരിക്കുന്നത്. എങ്കിൽ പുഴയ്ക്കു സ്വന്തം കഥ പറയാനും കഴിയുമല്ലോ. പുഴ പറയുന്ന കഥ കേട്ടിട്ടുണ്ടോ നിങ്ങൾ? വായിച്ചു നോക്കൂ.

കുട്ടികൾ മൗനമായി 'പുഴ പറയും കഥ' എന്ന പാഠഭാഗം വായിക്കട്ടെ.

എല്ലാ കുട്ടികളും വായിക്കുന്നുണ്ടെന്നുറപ്പു വരുത്തണം.

ഓരോരുത്തരെയായി ഉറക്കെ വായിപ്പിക്കുകയും ചെയ്യാം.

ടീച്ചർ എല്ലാ കുട്ടികളുടെയും പേരെഴുതിയ നറുക്കിൽനിന്ന് ഒരു കുട്ടിയെക്കൊണ്ട് നറുക്കെടുപ്പിക്കുന്നു. നറുക്കിലെ പേര് ആ കുട്ടി ഉറക്കെ വായിക്കുന്നു.

നറുക്കിലൂടെ വായിക്കാൻ നിർദ്ദേശിക്കപ്പെട്ട കുട്ടി ഉടനെ വായന തുടങ്ങുന്നു.

ഒന്നോ രണ്ടോ പേരഗ്രാഫുകൾ വായിച്ചു കഴിയുമ്പോൾ വീണ്ടും നറുക്കെടുക്കാം.

നിർദ്ദിഷ്ട കുട്ടി വായന തുടരട്ടെ. ഇങ്ങനെ വായനാ സദസ്സ് ആകാംക്ഷാഭരിതവും രസകരവുമാക്കാൻ കഴിയും. ടീച്ചർക്ക് യുക്തമായി തോന്നുന്ന മറ്റു രീതികളുമാവാം.

## കണ്ടെത്താം TB

പാഠഭാഗം വ്യക്തിഗതമായി ആവശ്യബോധത്തോടെ വായിക്കാനുള്ള അവസരമാണിത്. ഓരോ ചോദ്യവും നോട്ടുബുക്കിലെഴുതി പാഠഭാഗത്തുനിന്ന് ഉത്തരം കണ്ടെത്തി സ്വന്തം വാക്യത്തിലെഴുതട്ടെ. (ഉത്തരമായി വരുന്ന വരികൾ പകർത്തുന്നത് പ്രോത്സാഹിപ്പിക്കരുത്.)

എഴുതിക്കഴിഞ്ഞാൽ ഓരോ ചോദ്യവും ക്ലാസിൽ വായിച്ച് ഉത്തരങ്ങൾ വിശകലനം ചെയ്യാം. മെച്ചപ്പെടുത്തി എഴുതാൻ അവസരം നൽകാം. എന്നാൽ ടീച്ചർ പറയുന്ന അതേ വാക്യങ്ങൾ തന്നെ എഴുതണമെന്നു നിർബന്ധിക്കരുത്. ഏതെങ്കിലും വിധത്തിൽ ഉത്തരമായി വരുന്നവിധം അവതരിപ്പിച്ചാൽ മതി. അത് കുട്ടികളുടെ വാക്കുകളിൽ തന്നെയാവട്ടെ. എഴുതിയ കുറിപ്പുകളോട് ആത്മബന്ധമുണ്ടാവുന്നതപ്പോഴാണ്.

## സംഭാഷണം തയ്യാറാക്കാം TB

പുഴയുടെ അവസ്ഥകൾ മനസ്സിലാക്കിക്കഴിഞ്ഞാൽ ഈ പ്രവർത്തനം ലളിതമായി നിർവഹിക്കാൻ കഴിയും.

പുഴയോടു പലതും പറയാനും ചോദിക്കാനുമുണ്ടാകുമല്ലോ കുട്ടികൾക്ക്. പാഠഭാഗത്തെ

ആശയം അവലംബിച്ചുകൊണ്ട് കുട്ടികൾ ചോദ്യങ്ങളുണ്ടാക്കുകയും ഉത്തരം കണ്ടെത്തി എഴുതുകയും ചെയ്യട്ടെ. ഹോം വർക്കായി നൽകാം. കുട്ടികൾ സ്വസ്ഥമായിരുന്ന് ആലോചിച്ചെഴുതട്ടെ. സംഭാഷണം ടീച്ചർ വിലയിരുത്തണം.

## അടിവരയിട്ട പദം ഉൾപ്പെടുത്തി വാക്യനിർമ്മാണം WB

അടിവരയിട്ട പദങ്ങളുടെ അർത്ഥം കുട്ടികൾ മനസ്സിലാക്കട്ടെ.

അംബരചുംബി - ആകാശത്തെ ചുംബിക്കുംവിധം ഉയരമുള്ളത്

അപ്രാപ്യം - പ്രാപിക്കാൻ കഴിയാത്തത്, എത്തിപ്പിടിക്കാൻ കഴിയാത്തത്

രൗദ്രഭാവം - പേടിപ്പിക്കുന്ന ഭാവം

കൊല്ലാക്കൊല - നേരിട്ടു കൊല്ലാതെ കൊന്നുകൊണ്ടിരിക്കുന്ന അവസ്ഥ

ഉചിതമായ സന്ദർഭങ്ങളിൽ ഈ പദങ്ങളും ശൈലികളും പ്രയോഗിച്ചു വാക്യം രചിക്കട്ടെ. വ്യക്തിഗതമായി രചിച്ച വാക്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്താം. ഏതാനും വാക്യങ്ങൾ ക്ലാസിൽ വായിച്ച് പൊതു ചർച്ചയ്ക്കു വിധേയമാക്കാം. ടീച്ചർ വിലയിരുത്തണം.

## കഥ പറയാം TB

- മരത്തിന്റെ ആത്മകഥയാണ് എഴുതേണ്ടത്.
- മരത്തിന്റെ ഉത്ഭവം എങ്ങനെയാവാം?
- ആരൊക്കെ, എന്തൊക്കെ സഹായങ്ങളായിരിക്കാം മരത്തിനു വളരാൻ നൽകിയത്?
- എന്തൊക്കെ അപകടഘട്ടങ്ങളാവാം വളർച്ചയിൽ അത് നേരിട്ടത്?
- വളരുമ്പോൾ എന്തെല്ലാം പ്രതീക്ഷകളാണു മരത്തിനുണ്ടായിരുന്നത്?
- തന്റെ ചുറ്റുപാടുമുള്ള ജീവികളോടും മനുഷ്യരോടും മരത്തിന്റെ സമീപനമെങ്ങനെ?
- വളർന്നു വലുതായപ്പോൾ മരത്തിന്റെ പ്രതീക്ഷകൾ സഫലമായോ?
- ഇപ്പോൾ മരം ഭയപ്പെടുന്നതാരെയാണ്?

ചോദ്യങ്ങളിലൂടെ, ചർച്ചകളിലൂടെ മരത്തിന്റെ കഥ മനസ്സിൽ രൂപപ്പെടുത്തിയെടുക്കാം.

**കുട്ടികൾ ഹോംവർക്കായി ഈ പ്രവർത്തനം നിർവഹിക്കട്ടെ.**

| |
|---|
| ആത്മാംശത്തിനുള്ള പ്രാധാന്യം, |
| സംഭവങ്ങളുടെ ക്രമാനുസൃത അവതരണം, |
| ഉചിതമായ പദപ്രയോഗങ്ങൾ, |
| ആകർഷകമായ അവതരണ രീതി തുടങ്ങിയവ വിലയിരുത്തലിൽ പരിഗണിക്കണം. |

## ചിഹ്നങ്ങൾ ചേർത്തെഴുതാം TB

നിർദ്ദിഷ്ടവാക്യം ടീച്ചർ BBയിൽ കുറിക്കുന്നു.

- അതാ മാനം മുട്ടി നിൽക്കുന്ന ആ മലയുടെ നെറുകയിലേക്കു നോക്കൂ അവിടെ യെന്താണു നിങ്ങൾ കാണുന്നത്.
- ഹായ് എത്ര മനോഹരമായ കാഴ്ചയാണത്

  ഇങ്ങനെ വാക്യങ്ങൾ ഒരു ചിഹ്നവും ചേർക്കാതെ എഴുതിയാൽ എന്താണു കുഴപ്പം?

ഏതൊക്കെ ചിഹ്നങ്ങളാണ് സാധാരണ വാക്യങ്ങൾക്കൊടുവിലും ഇടയ്ക്കുമൊക്കെ പ്രയോഗിക്കാറുള്ളത്. വാക്യത്തിൽ ചേർക്കേണ്ട ചിഹ്നങ്ങൾ കണ്ടെത്തി പറയട്ടെ.

| | |
|---|---|
| പൂർണ വിരാമം | - Full stop |
| ആശ്ചര്യ ചിഹ്നം | - Exclamation Mark |
| ചോദ്യ ചിഹ്നം | - Question Mark |
| അല്പ വിരാമം | - Comma |

ഇവ തിരിച്ചറിഞ്ഞു കഴിഞ്ഞാൽ ഓരോന്നിനെക്കുറിച്ചുമുള്ള വിശദചർച്ചയിലേക്കു കടക്കാം.

(!) ചോദ്യചിഹ്നം : ചോദ്യവാക്യത്തിന്റെ ഒടുവിൽ ചേർക്കുന്ന ചിഹ്നം. ചോദ്യത്തിന്റെയോ അന്വേഷണത്തിന്റെയോ സംശയപ്രകടനത്തിന്റെയോ രൂപത്തിലുള്ള വാക്യങ്ങളുടെ ഒടുവിൽ ഈ ചിഹ്നം ചേർക്കണം. ചോദ്യചിഹ്നം ചേർത്താൽ പിന്നെ പൂർണ വിരാമചിഹ്നം ചേർക്കേണ്ടതില്ല.

(1) ആശ്ചര്യചിഹ്നം : വിസ്മയം,ആഹ്ലാദം, സ്തോഭം, നിന്ദ, അധിക്ഷേപം, പരിഹാസം തുടങ്ങിയ വികാരങ്ങളെ ശക്തമായി അവതരിപ്പിക്കുന്ന വാക്യങ്ങൾക്കൊടുവിൽ ചേർക്കുന്ന ചിഹ്നം.

വികാരപൂർണമായ സംബോധനക്കു ശേഷവും വാക്യത്തിന്റെ തുടക്കത്തിൽ ആശ്ചര്യം പ്രകടിപ്പിക്കുന്ന ശബ്ദം ചേർത്തിട്ടുണ്ടെങ്കിൽ അതിനുശേഷവും ഈ ചിഹ്നം ചേർക്കണം. ഈ ചിഹ്നത്തിനു ശേഷവും പൂർണവിരാമ ചിഹ്നം ആവശ്യമില്ല.

ഉദാ:- ഹായ് ! എന്തൊരു ഭംഗി!

ഛെ ! മഹാമോശം!

- പൂർണവിരാമം : ചോദ്യവാക്യങ്ങളോ ആശ്ചര്യ വാക്യങ്ങളോ അല്ലാത്തവ നിർദ്ദേശവാക്യങ്ങളോ (പ്രസ്താവനകൾ) നിയോഗവാക്യങ്ങളോ ആയിരിക്കും. അത്തരം വാക്യങ്ങളുടെ ഒടുവിൽ പൂർണ വിരാമചിഹ്നം (ബിന്ദു) ചേർക്കണം.
- അൽപവിരാമം: വാക്യങ്ങൾക്കിടയിൽ അൽപം നിറുത്തണമെങ്കിൽ ചേർക്കേണ്ട ചിഹ്നമാണിത്. സംബോധനക്കു ശേഷവും ഇതുപയോഗിക്കണം.

ചിഹ്നം സംബന്ധമായ സമാന്യവിവരണം ഉൾക്കൊണ്ട ശേഷം കുട്ടികൾ പറയട്ടെ,

പ്രസ്തുത വാക്യത്തിൽ ഏതെല്ലാം ചിഹ്നങ്ങളാണ് ചേർക്കേണ്ടതെന്ന്.

ടീച്ചർ ബോർഡിലെഴുതിയ വാക്യങ്ങളിൽ ചിഹ്നങ്ങൾ ചേർക്കുന്നു. കുട്ടികൾ അവ പകർത്തിയെഴുതട്ടെ.

## ഋതുക്കൾ പരിചയപ്പെടാം

നമ്മുടെ നാട്ടിൽ അനുഭവപ്പെടുന്ന ഋതുഭേദങ്ങൾ :ആറ് ഋതുക്കൾ അനുഭവപ്പെടു

ന്നുണ്ടെന്നാണ് പറയാറ്. വസന്തം, ഗ്രീഷ്മം, വർഷം, ശരത്ത്, ഹേമന്തം, ശിശിരം എന്നിവയാണവ.

## കുറിപ്പ് തയ്യാറാക്കാം WB

കഴലിൽ ചിറകുള്ള സഞ്ചാരപ്രിയൻ, നില -

ത്തെഴുതാൻ പഠിച്ചവർ, പറയാൻ പഠിച്ചവർ.

നദികളെ വയലാർ 'വൃക്ഷം' എന്ന കവിതയിൽ ഇങ്ങനെ വിശേഷിപ്പിക്കുന്നു. അതിവേഗം സഞ്ചരിക്കുന്നവരും നിലത്തെഴുത്താനും കഥകൾ പറയാനും പഠിച്ചവരുമാണ് നദികൾ എന്നർത്ഥം.

നദികൾക്കു ജനതതികളുടെയും പ്രദേശങ്ങളുടെയും നിരവധി കഥകൾ പറയാൻ കഴിയുമെന്നും അവ പലതും രേഖപ്പെടുത്തിയിട്ടുണ്ടെന്നും കുട്ടികളെ ബോധ്യപ്പെടുത്തണം. ലോകത്തിൽ അറിയപ്പെട്ട നാഗരികതകളെല്ലാം നദീതീരങ്ങളിലാണല്ലോ രൂപം കൊണ്ടത്. സൂക്ഷ്മനിരീക്ഷണമുണ്ടെങ്കിൽ, അന്വേഷിച്ചു കണ്ടെത്താൻ താല്പര്യമുണ്ടെങ്കിൽ അതെല്ലാം നമുക്കു മനസ്സിലാക്കാൻ കഴിയുമെന്നാണു സൂചന. അത്തരം കഥ പറച്ചിലിന്റെ ലളിതമായ ആവിഷ്ക്കാരമാണു പാഠഭാഗം. നദി കഥ പറയുന്നതിനെക്കുറിച്ചു കുട്ടികൾ കുറിപ്പു തയ്യാറാക്കട്ടെ.

വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പ് ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം. ടീച്ചർ വിലയിരുത്തണം.

## ലഘു ഉപന്യാസം തയ്യാറാക്കുക WB

- പുഴകൾ മരിച്ചുകൊണ്ടിരിക്കയാണോ? എങ്കിൽ എങ്ങനെ?
- പുഴകൾ നശിക്കാനിടയാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?
- പുഴകൾ നിലനിൽക്കേണ്ടത് ആവശ്യമാണോ?
- എന്താണു പുഴകൾ കൊണ്ടുള്ള പ്രയോജനം?
- പുഴ സംരക്ഷണം എങ്ങനെ?

ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസിൽ ചർച്ച ചെയ്യാം.

ഗ്രൂപ്പിൽ വിശകലനം ചെയ്ത് കുട്ടികൾ ഉപന്യാസം തയ്യാറാക്കട്ടെ.

## സൂചിതകഥ കണ്ടെത്താം

ഫിനിക്സ് പക്ഷി : ഈജിപ്ഷ്യൽ പുരാണകഥകളിലാണ് ഫിനിക്സ് പക്ഷിയെക്കുറിച്ചുള്ള പരാമർശമുള്ളത്. ഈ പക്ഷിക്ക് 500 വർഷത്തോളം ആയുസ്സുണ്ടത്രെ! സ്വർണനിറമുള്ള തൂവലുകളും രാജകീയപ്രൗഢിയും തലയെടുപ്പുമുള്ള ഈ പക്ഷി 500 വയസ്സാകുമ്പോൾ തന്റെ ചിറകുകളാൽ സ്വയം ചിതയൊരുക്കി എരിഞ്ഞടങ്ങുകയാണത്രെ ചെയ്യാറ്. എന്നാൽ അതോടെ പക്ഷിയുടെ അവസാനം കുറിക്കുന്നില്ല. എരിഞ്ഞടങ്ങി നിമിഷങ്ങൾക്കകം ആ ചാരത്തിൽ നിന്നത് ഉയിർത്തെഴുന്നേൽക്കുമത്രെ! ഗ്രീക്ക്, ജാപ്പനീസ്, ഇറ്റാലിയൻ, പേർഷ്യൻ ഐതിഹ്യങ്ങളിലും ഈ പക്ഷിയെക്കുറിച്ചുള്ള പരാമർശമുണ്ട്. 500 വർഷത്തെ ഇടവേളകളിൽ വന്നുപോകുന്ന ഒരു പക്ഷിയായി മാത്രമാണ് ഗ്രീക്ക് ചരിത്രകാരനായ ഹെറോഡോട്ടസ് ഫിനിക്സിനെ പരിചയപ്പെടുത്തുന്നത്.

# പാഠം – 7
# ഭാവി മാധുര്യം

മാവിനെയും മാമ്പഴത്തെയും വിഷയമാക്കി മലയാളത്തിൽ ധാരാളം കവിതകളും കഥകളും ആവിഷ്കൃതമായിട്ടുണ്ട്. മാമ്പഴത്തിന്റെ സ്വാദ് എന്നും കേരളീയരുടെ നാവിൽ മാത്രമല്ല, മനസ്സിലും മധുരതരമായ അനുഭൂതിയായി നിലകൊള്ളുന്നുവെന്നാണ് ഇതു സൂചിപ്പിക്കുന്നത്.യൂസുഫലി കേച്ചേരി എഴുതിയ 'ഭാവി മാധുര്യം' എന്ന കവിത ഇത്ത രത്തിൽ പെട്ട ഒന്നാണ്. മനസ്സിൽ ആഹ്ലാദം നിറയ്ക്കുന്ന പൂങ്കുലകൾ നിരത്തി കൊതി പ്പിക്കുന്ന മാവ്, ആ പൂങ്കുലകളിൽ തൊട്ടിലാടുന്ന ഒരായിരം ആരോമലുണ്ണികൾ! വൃശ്ചി കക്കാറ്റ് എത്ര തല്ലിക്കൊഴിച്ചാലും മാവ് പുത്രസമ്പന്ന തന്നെയായിരിക്കും; കാരണം അത്രയും ഉണ്ണിമാങ്ങകളുണ്ടാവുമല്ലോ ഓരോ മാവിലും. തന്റെ ഉണ്ണികളുടെ ദാഹം തീർക്കാനായി വേനലിന്റെ കാഠിന്യത്തിൽ ഭൂമിയുടെ അഗാധതയിലേക്കു വേരുകൾ നീട്ടിനീട്ടിപ്പോകുന്ന മാവ് സഹിക്കുന്ന വ്യഥ കുറച്ചൊന്നുമല്ല. എന്നാൽ ആ വ്യഥക ളെല്ലാം തന്റെ പച്ചയിലകളുടെ പുഞ്ചിരിയിൽ മറച്ചുവയ്ക്കുകയാണു മാവ്.

മാവിന്റെ ഈ അവസ്ഥയിലൂടെ കവി കാണുന്നത് സ്വന്തം അമ്മയെത്തന്നെയാണ്. മക്കൾക്കു വേണ്ടി എത്ര വ്യഥകളാണ് അമ്മ സഹിക്കുന്നത്! എന്നാൽ അതൊന്നും അവർ വെളിപ്പെടുത്തുന്നില്ല. മക്കളുടെ സംരക്ഷണത്തിനും വളർച്ചക്കും വേണ്ടി അവർ തീയിൽ സ്വയം നീറുകയാണ്. സൂര്യതാപം മുഴുവൻ തലകളിൽ താങ്ങി തന്റെ പൊന്നോ മനകൾക്കു തണലും കുളിരുമേകുന്ന മാവിനെപ്പോലെ കഷ്ടപ്പാടുകളുടെ തീയിൽ സ്വയം നീറിനീറി തന്നെ കുളിർപ്പിക്കുന്ന അമ്മയെ കാണേണ്ട വിധത്തിൽ കാണാനും പരിചരി ക്കേണ്ട വിധത്തിൽ പരിചരിക്കാനും തുനിയാത്ത താൻ നന്ദികെട്ടവനും അമ്മയെ മറന്ന വനുമാണെന്നു കവി സ്വയം കുറ്റപ്പെടുത്തുന്നു.

അമ്മയുടെ ഈ കഷ്ടപ്പാടുകളൊന്നുമറിയാതെ മാങ്ങകൾ സുഖകരമായ പൂന്തെ ന്നലിൽ ആടിക്കളിക്കുന്നു. സമീപഭാവിയിൽ നറുതേൻകനികളായി തങ്ങൾ മാറുമല്ലോ എന്ന മനോഹരസ്വപ്നത്തിൽ മുങ്ങിക്കിടക്കുകയാണവ. മക്കളുടെ ഈ അവസ്ഥകളെല്ലാം നിർവൃതിയോടെ നോക്കിക്കാണുന്ന തേന്മാവിനെക്കുറിച്ചു കവി ഒരു ഭാവഗാനം രചി ക്കാനുദ്ദേശിക്കുന്നു. അപ്പോൾ കവിയുടെ നെഞ്ചിലും ആ കൊച്ചുമക്കളുടെ ഉള്ളിലുള്ള തുപോലുള്ള പുളിയും ഭാവിയിലെ മാധുര്യത്തെക്കുറിച്ചുള്ള അഹങ്കാരവും നിറയുന്നു. കവി ആ മാങ്ങകളിൽ തന്നെത്തന്നെ കാണുന്നു; ആ മാവിൽ തന്റെ അമ്മയെയും.

## പാഠാവതരണം

സൗഹൃദ സംഭാഷണത്തിലൂടെ തുടങ്ങാം.

- നമ്മുടെ നാടുകളിൽ സാധാരണ വിളയുന്ന പഴങ്ങളേതെല്ലാമാണ്?
- അവയിൽ പച്ചയാണെങ്കിൽ നല്ല പുളിയും പഴുത്താൽ നല്ല മധുരവുമുള്ള പഴമേത്?

സംഭാഷണം 'മാങ്ങ' യിലേക്കു ക്രോഡീകരിക്കുന്ന വിധം ചർച്ച നയിക്കണം.

നമുക്ക് മാവിനെയും മാങ്ങയെയും കുറിച്ചുള്ള ഒരു കവിത വായിക്കാം' എന്ന ആമുഖത്തോടെ കവിത വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ കവിതാഭാഗം മൗനമായി വായിക്കട്ടെ

തുടർന്ന് ടീച്ചറോടൊപ്പം ഒന്നിച്ചു ചൊല്ലുന്നു.

- ഈ കവിതയുടെ ആശയം മനസ്സിലായോ?

വിശകലന ചർച്ചയ്ക്കു മുമ്പ് കുട്ടികൾ അർത്ഥമറിയാത്ത പദങ്ങളുടെ ചുവടെ വരയ്ക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആ പദങ്ങളുടെ അർത്ഥം മനസ്സിലാക്കി എഴുതട്ടെ.

തുടർന്നു വിശകലനചർച്ച തുടങ്ങാം.

- മുറ്റത്തെ മാവ് പൂവിട്ട് ഇളംപച്ച മുത്തുകളണിഞ്ഞു.
- ഇളംപച്ച മുത്തുകൾ എന്നതു കൊണ്ടുദ്ദേശിക്കുന്നതെന്താണ്?
- അവ ആരോമലുണ്ണികളായി കണ്ണുതുറന്നതെന്തിനാണ്?
- വൃശ്ചികക്കാറ്റ് എന്തിനെയാണു തല്ലിക്കൊഴിച്ചത്?
- എന്നിട്ടും മാവ് പുത്രസമ്പന്നയാണെന്നു പറയുന്നതിന്റെ സൂചനയെന്ത്?
- മാവ് എന്തിനാണ് വേരുകൾ താഴോട്ടു നീട്ടുന്നത്?
- തന്റെ ദുഃഖം എങ്ങനെയാണു മാവ് മറച്ചു വയ്ക്കുന്നത്?
- തന്റെ ദുഃഖം എന്തായിരിക്കാം?
- അമ്മയെ കൂപ്പുന്നതിനു മുമ്പ് തന്റെ കൈകൾ അഗ്നിശുദ്ധമാക്കട്ടെ എന്നു കവി പറയുന്നതെന്തുകൊണ്ടാണ്?
- പുളിക്കുടങ്ങൾ എന്നു വിശേഷിപ്പിച്ചതെന്തിനെയാണ്? എന്തുകൊണ്ടാണങ്ങനെ വിശേഷിപ്പിച്ചത്?
- ആ പുളിക്കുടങ്ങൾ എന്താണു സ്വപ്നം കാണുന്നത്?
- മാവിനെക്കുറിച്ചു ഭാവഗാനം നെയ്യാനൊരുങ്ങുമ്പോൾ കവിക്കുണ്ടായ അനുഭവമെന്താണ്?

ചോദ്യങ്ങളിലൂടെ, വിശദീകരണങ്ങളിലൂടെ കുട്ടികൾ കവിതയുടെ ആശയം മനസ്സിലാക്കട്ടെ.

## ഉത്തരം കണ്ടെത്താം TB

ചോദ്യങ്ങൾ നോട്ടുബുക്കിലെഴുതി അവയുടെ ഉത്തരങ്ങൾ വ്യക്തിഗതമായി കണ്ടെത്തട്ടെ.

കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിച്ചു ചർച്ച ചെയ്ത് മെച്ചപ്പെടുത്തിയാണ് നോട്ടുബുക്കിൽ എഴുതേണ്ടത്. ടീച്ചർ വിലയിരുത്തണം.

## പദങ്ങൾ പിരിച്ചെഴുതി ആശയം വിശദമാക്കുക WB

കവിതയുടെ ആശയം കൂടുതൽ വ്യക്തമാവാൻ സഹായകമായ പ്രവർത്തനമാണിത്.

പിരിച്ചെഴുതി ആശയം വ്യക്തമാക്കി എഴുതട്ടെ. പരസ്പരം കൈമാറി മെച്ചപ്പെടുത്താം.

## ഉത്തരം കണ്ടെത്തി എഴുതുക WB

'തീയിൽ സ്വയം നീറി നമ്മെ കുളിർപ്പിക്കുന്നു എന്ന പ്രയോഗത്തിന്റെ പൊരുൾ.

മാവിനെ സംബന്ധിച്ചിടത്തോളം അത് സൂര്യതാപം മുഴുവൻ ഏറ്റുവാങ്ങി, ഇലകൾകൊണ്ടു തണൽവിരിച്ച് അന്തരീക്ഷവായു ശുദ്ധീകരിക്കുന്ന പ്രവർത്തനം നടത്തുന്നു.

മാതാവിനെ സംബന്ധിച്ചാണെങ്കിൽ എല്ലാ കഷ്ടപ്പാടും സഹിച്ച്, കഠിനമായി അധ്വാനിച്ചും ത്യാഗങ്ങൾ സഹിച്ചും മക്കൾക്കു തണലേകുന്നു.

## വിശകലനം ചെയ്യാം TB

കവിതാ വരികൾ ടീച്ചർ പ്രദർശിപ്പിക്കുന്നു.

കുട്ടികൾ ആ വരികൾ വായിച്ച് ആശയം പറയട്ടെ.

തുടർന്ന് താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ.

ഈ വരികളിൽ 'തീയിൽ സ്വയം നീറിയെന്നെ കുളിർപ്പിച്ചവൾ' എന്നു വിശേഷിപ്പിക്കുന്നത് സ്വന്തം മാതാവിനെയാണ്.

ആ മാതാവ് തനിക്കുവേണ്ടി സഹിച്ച കഷ്ടപ്പാടുകൾ മറന്ന് നന്ദികേട് കാണിച്ചതിലുള്ള പശ്ചാത്താപമായിരിക്കാം കവിയുടെ ഈ വരികളിൽ തുടിച്ചുനിൽക്കുന്നത്.

## നാനാർത്ഥമെഴുതുക WB

ഒരു പദത്തിന്റെ ഒന്നിലധികം അർത്ഥങ്ങൾക്കാണല്ലോ നാനാർത്ഥം എന്നു പറയുന്നത്.

ടീച്ചർ ആ അർത്ഥങ്ങൾ പറഞ്ഞുകൊടുക്കുകയല്ല, കണ്ടെത്താൻ നിർദ്ദേശിക്കുകയാണ് വേണ്ടത്. പുസ്തകാവസാനത്തിൽ കൊടുത്ത നിഘണ്ടുവിൽ ഒന്നിലധികം അർത്ഥമുണ്ടാവില്ല. നിഘണ്ടു ഗ്രന്ഥങ്ങൾ പരിശോധിക്കാനുള്ള അവസരം ഉപയോഗപ്പെടുത്തണം. കുട്ടികൾ ശബ്ദതാരാവലിയും മറ്റു നിഘണ്ടുക്കളും നോക്കി നാനാർത്ഥം കണ്ടെത്തട്ടെ.

## കാലത്തിന്റെ പ്രത്യേകതകൾ അന്വേഷിച്ചറിയാം TB

നിർദ്ദിഷ്ട മാസങ്ങളിൽ നമ്മുടെ കേരളത്തിൽ പ്രകടമാവുന്ന കാലാവസ്ഥാ മാറ്റങ്ങൾ കണ്ടെത്തുകയാണുദ്ദേശ്യം. പരിസ്ഥിതിയെ അറിയുക എന്ന പ്രവർത്തനത്തിന്റെ ഭാഗമാണിത്. മാറ്റങ്ങൾ കുട്ടികൾ അന്വേഷിച്ചറിഞ്ഞു കുറിപ്പു തയ്യാറാക്കട്ടെ.

ടീച്ചർ വിലയിരുത്തണം.

- വൃശ്ചികം കേരളത്തിൽ മഞ്ഞുകാലമായാണ് അറിയപ്പെടുന്നത്. നല്ല തണുപ്പുണ്ടാകും.
- മകരമാസം കൊടുംവേനലിന്റെ തുടക്കം കുറിക്കുന്നു. മാങ്ങയുംചക്കയുമൊക്കെ വിളയുന്നത്ഈ കാലത്താണ്.
- കർക്കിടകം ശക്തമായ മഴ വർഷിക്കുന്ന കാലമാണ്.
- ഇടവത്തിലാണു മഴക്കാലത്തിന്റെ തുടക്കം. ഇടവപ്പാതി മുതൽ തോരാമഴ ആരംഭിക്കുമെന്നാണ് പറയാറ്.
- ചിങ്ങം കൊയ്ത്തുകാലമാണ്; കൊയ്ത്തുത്സവമാണ് ഓണം.

## മാവുകൾ എത്രതരം? TB

ഈ പ്രവർത്തനവും പരിസ്ഥിതിയെ അടുത്തറിയാനുള്ള അന്വേഷണത്തിന്റെ ഭാഗമാണ്. കുട്ടികൾ നമ്മുടെ പരിസ്ഥിതിയെ നിരീക്ഷിക്കണം. അറിയാത്തത് ചോദിച്ചു മനസ്സിലാക്കണം. അവർ കണ്ടെത്തട്ടെ.

ഈ പ്രവർത്തനങ്ങൾക്കൊന്നും ക്ലാസ്സമയം വിനിയോഗിക്കേണ്ടതില്ല. ഹോംവർക്കായി കൊടുത്താൽ മതി. അവർ കണ്ടെത്തി തയ്യാറാക്കുന്ന കുറിപ്പുകൾ ടീച്ചർ വിലയിരുത്തണം.

## ആശയം വിശദീകരിക്കുക

ഉള്ളൂരിന്റെ നാലുവരി കവിത നൽകി ആശയം കണ്ടെത്താൻ നിർദ്ദേശിക്കാം.

“ഇനന്റെ ചെന്തീക്കതിർ മാരി നിത്യ -
മിടംപെടും തൻ തലകൊണ്ടുതാങ്ങി
നമ്മൾക്കു പച്ചക്കുടയും പിടിച്ചു
തേന്മാവതാ ദീനദയാലു നില്പൂ.”

- തേന്മാവ് തന്റെ തലകൊണ്ടു താങ്ങി നിറുത്തുന്നതെന്തിനെയാണ്?
- തേന്മാവ് പച്ചക്കും പിടിക്കുന്നതെങ്ങനെ?

- തേന്മാവ് നമുക്ക് എന്തു സഹായമാണു ചെയ്യുന്നത്?
- തേന്മാവിനെ ദീനദയാലു എന്നു വിശേഷിപ്പിക്കുന്നതെന്തുകൊണ്ടാണ്?

തേന്മാവിനു മനുഷ്യരോടും മറ്റു ജീവജാലങ്ങളോടുമുള്ള മനോഭാവം വ്യക്തമാക്കുന്ന രൂപത്തിൽ ചർച്ച നടക്കട്ടെ.

## ക്രോഡീകരണം :

സൂര്യന്റെ തീ പോലുള്ള രശ്മികളെ തന്റെ ഇലകളാകുന്ന തലകൊണ്ടുതാങ്ങി തേന്മാവ് നമുക്കു തണൽ നൽകുന്നു. തേന്മാവിന്റെ ഇലക്കൂട്ടങ്ങളെ പച്ചക്കുടയായാണു കവി വിശേഷിപ്പിക്കുന്നത്? ഇങ്ങനെ കഠിനമായ ചൂടിൽനിന്നു നമുക്കു സംരക്ഷണം നൽകുന്ന തേന്മാവ് ദീനദയാലുവാണ്; പ്രയാസമനുഭവിക്കുന്നവരോടു ദയയുള്ളവൻ.

## താരതമ്യം ചെയ്യാം

ഈ വരികൾക്ക് 'ഭാവി മാധുര്യം' എന്ന കവിതയിലെ ചില വരികളുമായി സാമ്യമില്ലേ?

കുട്ടികൾ കണ്ടെത്തി പറയട്ടെ.

- തീയിൽ സ്വയം നീറിയെന്നെക്കുളിർപ്പിച്ച

താായെ, കൃതഘ്നൻ മറന്നവൻ ഞാൻ.

മാവിനെ തീയിൽ സ്വയം നീറി മക്കൾക്കു കുളിരു പകരുന്ന അമ്മയായി കവി ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നു.

ഗ്രൂപ്പിൽ ചർച്ച ചെയ്തു കുറിപ്പു തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

## അലങ്കാരഭംഗി വിശദമാക്കാം

"മുറ്റത്തെ മാകന്ദം പൂവിട്ടിളം പച്ച
മുത്തുകൾ മുറ്റുമണിഞ്ഞു നിൽപ്പൂ"

- മുറ്റത്തെ മാവ് എന്താണ് അണിഞ്ഞു നിൽക്കുന്നത്?
- പച്ചമുത്തുകൾ എന്നു വിശേഷിപ്പിച്ചിരിക്കുന്നതെന്തിനെയാണ്?

മാവ് പൂത്ത് ഉണ്ണിമാങ്ങകൾ വിരിഞ്ഞു തുടങ്ങുന്നു. ആ ഉണ്ണിമാങ്ങകളെയാണ് ഇവിടെ പച്ച മുത്തുകളായി വിശേഷിപ്പിച്ചിരിക്കുന്നത്.

# യൂണിറ്റ് – 3
# ചിരിതൻ രസം, ചിന്താമധുരം

ഭൂമിയിൽ മനോഹരമായി ചിരിക്കാൻ, വശ്യമായി പുഞ്ചിരിക്കാൻ കഴിയുന്ന ഏക ജീവി മനുഷ്യൻ മാത്രമാണ്. സാമൂഹികജീവിയായ മനുഷ്യന്റെ ആത്മാർത്ഥമായ ദൃഢബന്ധങ്ങളും സുഗമമായ ആശയ വിനിമയങ്ങളുമെല്ലാം ചിരിയെ ആശ്രയിച്ചാണു നിലകൊള്ളുന്നത്. സ്രഷ്ടാവ് മനുഷ്യനു നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണു ചിരിക്കാനുള്ള ശേഷി എന്നു പറയാവുന്നതാണ്. 'ഞാൻ' എന്ന സ്വാർത്ഥചിന്തക്കപ്പുറം 'നമ്മൾ' എന്ന സാമൂഹികബോധത്തിലേക്കുയരുമ്പോൾ മാത്രമേ മറ്റുള്ളവരെ ഉൾക്കൊള്ളാനാവൂ. മറ്റുള്ളവരെയും ഉൾക്കൊള്ളുമ്പോൾ മാത്രമേ നിഷ്ക്കപടമായ പുഞ്ചിരി വിടരുകയുള്ളൂ.

ചിരിയെക്കുറിച്ച് ശാസ്ത്രീയമായി ഏറെ പഠനങ്ങൾ നടന്നിട്ടുണ്ട്; നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. എല്ലാ പഠനങ്ങളും തെളിയിക്കുന്നത് ചിരിയുടെ ഗുണവശം മാത്രമാണ്. ചിരിയെ ഒരു ഔഷധമായാണു വൈദ്യശാസ്ത്രം കണക്കാക്കുന്നത്. ഇരുപതു സെകന്റ് നേരം ഹൃദ്യമായി ചിരിക്കുന്നതുവഴി മൂന്നു മിനുട്ടുനേരം സർവ്വബലവും പ്രയോഗിച്ചു വള്ളം തുഴയുന്നതിനു തുല്യമായ വ്യായാമം ശരീരത്തിനു ലഭിക്കുമത്രെ! ശരീരത്തിനു ക്ലേശരഹിതമായ അവസ്ഥ പ്രദാനം ചെയ്യുന്ന രാസവസ്തുക്കൾ വർദ്ധിക്കാനും മാനസിക പിരിമുറുക്കത്തിന് ഹേതുവാകുന്ന ഹോർമോണുകളുടെ അളവ് കുറയ്ക്കാനും ആന്തരാവയവങ്ങളെ ദോഷകരമായി ബാധിക്കുന്ന രോഷം, അമർഷം, ശത്രുത, പക തുടങ്ങിയ രോഗങ്ങളിൽനിന്നു മുക്തിനേടാനും ചിരിയും പുഞ്ചിരിയും ഏറെ സഹായിക്കുന്നുണ്ട്. മാത്രമല്ല ശരീരത്തിലെ ഓക്സിജന്റെ അളവ് വർദ്ധിപ്പിച്ച് ശ്വാസകോശപ്രവർത്തനം മെച്ചപ്പെടുത്താനും ഹൃദയത്തിലേക്കുള്ള രക്തപ്രവാഹം ത്വരിതഗതിയിലാക്കാനും പുഞ്ചിരിക്കു കഴിയുമെന്നു വിദഗ്ധാഭിപ്രായങ്ങളുണ്ട്. ശരീരത്തിനേറെ ഗുണം ചെയ്യുന്ന ഒരു പുഞ്ചിരിക്കു നമ്മുടെ ശരീരത്തിലെ ഇരുപത്തിരണ്ടുപേശികൾ മാത്രമേ പ്രയോജനപ്പെടുത്തേണ്ടതുള്ളൂ; എന്നാൽ മറ്റുള്ളവരോടു പരിഭവം നടിച്ചും ഗൗരവം നടിച്ചും ഗമ കാണിച്ചും മുഖം വീർപ്പിച്ചിരിക്കുന്നതിന് ശരീരത്തിലെ നാല്പത്തിമൂന്നു പേശികൾ കഠിനാധ്വാനം ചെയ്യേണ്ടതുണ്ട്.

ചിരിയുടെ ഈ പ്രാധാന്യം കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. ഉള്ളുതുറന്നു ചിരിക്കാനും ഹൃദ്യമായി പുഞ്ചിരിക്കാനും കുട്ടികൾക്ക് അവസരം സൃഷ്ടിക്കേണ്ടതുണ്ട്. അനാവശ്യമായ ഗൗരവം പൂണ്ടും എപ്പോഴും കർത്തവ്യങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ഓർമ്മിപ്പിച്ചും കുട്ടികളുടെ മനോമണ്ഡലം ഊഷരമാക്കാൻ അനുവദിച്ചു കൂടാ. അവിടെ നർമ്മങ്ങൾ വിരിയട്ടെ! അവർ മനസ്സിലുള്ളത് തുറന്നവതരിപ്പിക്കട്ടെ. അപ്പോൾ പഠന ശേഷിയും വൈഭവവും വർദ്ധിക്കുകയേയുള്ളൂ.

ചിരിയോടൊപ്പം ചിന്തയുടെ പ്രാധാന്യവും ഊന്നിപ്പറയേണ്ടതുണ്ട്. കളിചിരികൾ മാത്രമായാൽ പോര, ചിന്തയുടെ മുകുളങ്ങളും വിരിയണം. ചിരിയിലൂടെ മനസ്സ് സ്വതന്ത്രമാകുമ്പോൾ, മനസ്സിലെ പ്രയാസങ്ങൾ ഒഴുകിപ്പോകുമ്പോൾ ചിന്തയുടെ കാറ്റ്

അങ്ങോട്ടു കടന്നു വരാതിരിക്കില്ല. ചിരിയിലൂടെ നേടുന്ന മാനസികാരോഗ്യത്തിന്റെ പ്രതിഫലനമാണിത്. ആരോഗ്യമുള്ള മനസ്സിലേ ആരോഗ്യകരമായ ചിന്തകളുണരുകയുള്ളൂ. ചിന്താബോധമുണർത്തുക എന്ന ലക്ഷ്യംകൂടിയുണ്ട് ഈ യൂണിറ്റിലെ പ്രവർത്തനങ്ങൾക്ക് എന്നു ചുരുക്കം.

ശിഹാബുദ്ദീൻ പൊയ്ത്തും കടവിന്റെ നർമ്മരസ പ്രധാനമായ 'ഹോർലിക്സ് ഇഞ്ചക്ഷൻ' എന്ന കഥയാണ് ആദ്യപാഠഭാഗം. സ്വാനുഭവങ്ങൾ നർമ്മം കലർത്തി ആവിഷ്കരിച്ച ഈ കഥ ആരുടെ ചുണ്ടിലും ചിരി വിടർത്താതിരിക്കില്ല. 'ചിരിക്കാം' എന്ന ഉള്ളൂരിന്റെ കവിത ചിരിയുടെ പ്രാധാന്യം ഗൗരവപൂർവ്വം ഉണർത്തുന്ന രചനയാണ്. പ്രൊഫസർ എസ്. ശിവദാസന്റെ 'വായു പോയാലോ' എന്ന രചന ശാസ്ത്രീയ അന്വേഷണ വാഞ്ഛയുണർത്തുന്നതും രസകരവുമായ പാഠഭാഗമാണ്. വെണ്ണികുളം ഗോപാലക്കുറുപ്പിന്റെ 'ചിന്താസരണി' മനുഷ്യജീവിതത്തിന്റെ സാക്ഷാൽ പുമർത്ഥം കണ്ടെത്തുന്നതിലേക്കു നയിക്കുന്ന ഹൃദ്യമായ രചനയാണ്.

## പ്രവേശക പ്രവർത്തനം

രസിക ശിരോമണിയായ നാസിറുദ്ദീൻ ഹോജയുടെ ഒരു കഥയാണ് പ്രവേശകമായി നൽകിയിരിക്കുന്നത്. ഹോജാ കഥകൾ നർമ്മരസം നിറഞ്ഞതും അതേസമയം ചിന്തോദ്ദീപകവുമാണ്. വെറും ഹാസ്യത്തിൽ കവിഞ്ഞ് ഹോജാകഥകൾക്ക് ദാർശനികമാനം കൂടി കണ്ടെത്താൻ കഴിയും. കുട്ടികളോട് കഥ മൗനമായി വായിക്കാൻ നിർദ്ദേശിക്കുന്നു.

- മാവിൻ ചുവട്ടിൽ മലർന്നു കിടക്കുകയായിരുന്ന ഹോജ എന്താണു ചിന്തിച്ചത്?
- ഹോജയുടെ വിചാരം തിരുത്തിയ സംഭവമെന്തായിരുന്നു?
- അപ്പോൾ ഹോജയുടെ പ്രതികരണമെന്തായിരുന്നു?

  കുട്ടികൾ അഭിപ്രായങ്ങൾ തുറന്നു പറയട്ടെ, നർമ്മം ആസ്വദിക്കട്ടെ.

  തുടർന്ന് ആശയക്രോഡീകരണം നടത്താം:

- നമ്മുടെ പ്രകൃതിയിലെ ഓരോ സൃഷ്ടിയും തികഞ്ഞ ആസൂത്രണ വൈഭവത്തോടെ സംവിധാനിക്കപ്പെട്ടതാണ്.
- നമ്മുടെ സാമാന്യബുദ്ധിക്ക് അതിൽ പല പോരായ്മകളും കണ്ടെത്താനും സംശയമുന്നയിക്കാനും കഴിയുമെങ്കിലും അവസാനം യാഥാർത്ഥ്യം ബോധ്യപ്പെടാതിരിക്കില്ല.
- ഈ കഥ ചിരിക്കാൻ വകയുള്ളതാണെങ്കിലും ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതു കൂടിയാണ്.

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കഥ ഭാവമുൾക്കൊണ്ട് വായിക്കുന്നു.<br>• കഥയുടെ പ്രമേയം, ആഖ്യാനരീതി, ഭാഷ എന്നിവ തിരിച്ചറിയുന്നു.<br>• ശൈലികൾ പരിചയപ്പെടുകയും ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ പരിശീലിക്കുകയും ചെയ്യുന്നു.<br>• അക്ഷരങ്ങൾ വർണങ്ങളാക്കി എഴുതി സന്ധി പരിചയപ്പെടുന്നു. | ഹോർലിക്സ് ഇഞ്ചക്ഷൻ. | • അനുഭവങ്ങൾ ജീവിതത്തിലെ വലിയ പാഠങ്ങളാണ്.<br>• എക്കാലവും ഒരാളെയും പറ്റിക്കാൻ കഴിയില്ല. കള്ളത്തരങ്ങൾ എപ്പോഴെങ്കിലും പിടിക്കപ്പെടുക തന്നെ ചെയ്യും.<br>• സ്വാനുഭവങ്ങൾ നർമ്മം കലർത്തി ആവിഷ്കരിക്കുമ്പോൾ ഹൃദ്യമായ രചനകളായി മാറുന്നു. .<br>• ഭാഷയുടെ പ്രാഥമിക ഘടകം വർണങ്ങളാണ്. | കഥാവായന<br>പ്രമേയം വിശകലനം<br>ശൈലീ പരിചയം - വാക്യത്തിൽ പ്രയോഗിക്കൽ.<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. | ശ്രാവ്യവായന<br>വിശകലനക്കുറിപ്പ്.<br>ശൈലികൾ ഉൾപ്പെടുത്തിയുള്ള വാക്യങ്ങൾ.<br>ആസ്വാദനക്കുറിപ്പ് | <u>ശ്രാവ്യവായന</u><br>• ഉച്ചാരണ ശുദ്ധി<br>• സ്ഫുടത<br>• ഭാവം<br>• ശബ്ദ ക്രമീകരണം ഒഴുക്ക്<br>• ശൈലിയുടെ ആശയം ഗ്രഹിച്ചിട്ടുണ്ട്.<br><u>ആസ്വാദനക്കുറിപ്പ്</u><br>• ആമുഖം<br>• കഥാസംഗ്രഹം<br>• കഥാപാത്ര നിരൂപണം<br>• ആസ്വദനീയാംശങ്ങൾ വിശകലനം<br>• ഉചിതമായ ഭാഷ |
| • കവിതയിലെ ആശയം ഉൾക്കൊള്ളുകയും അവ ജീവിത സന്ദർഭങ്ങളിൽ പ്രയോഗവത്ക്കരിക്കുകയും ചെയ്യുന്നു.<br>• കവിതകളുടെ ആഖ്യാന സവിശേഷതകൾ കണ്ടെത്തുന്നു.<br>• ആശയപരമായ ചർച്ച സംഘടിപ്പിക്കുന്നു.<br>• നർമ്മം അവതരിപ്പിക്കാനും ആസ്വദിക്കാനും ശേഷി നേടുന്നു. | ചിരിക്കാം | • ജീവിതത്തിൽ നർമ്മങ്ങളുടെയും ചിരിയുടെയും പ്രാധാന്യം തിരിച്ചറിയുന്നു.<br>• ചിരി ധർമ്മമാണ്. അത് ബന്ധങ്ങൾ സൃഷ്ടിക്കുന്നു. നിലനിർത്തുന്നു.<br>• ചിരി മനസ്സിന്റെ പ്രയാസങ്ങളകറ്റാനുള്ള ഔഷധമാണ്. | കവിതാവായനയുംവിശകലനവും.<br>കവിതാവരികളുടെ പൊരുൾ കണ്ടെത്തൽ.<br>ഫലിതങ്ങളുടെ അവതരണം.<br>പൂർണക്രിയ, അപൂർണക്രിയ വിശകലനം. | കവിതാലാപനം<br>വിശകലനക്കുറിപ്പ്.<br>കുറിപ്പ്<br>ഫലിതവേദി<br>പട്ടിക പൂർത്തീകരണം(വർക്കുബുക്ക്) | <u>വിശകലനക്കുറിപ്പ്</u><br>• വിശകലനശേഷി<br>• നിരീക്ഷണ പാടവം<br>• അവതരണ ശൈലി |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • നർമ്മ രസ പ്രധാനമായ ഗദ്യങ്ങൾ വായിച്ചാസ്വദിക്കുകയും പാഠങ്ങളുൾക്കൊള്ളുകയും ചെയ്യുന്നു.<br>• ഭൂമിയിൽ വായുവിന്റെ പ്രാധാന്യം തിരിച്ചറിയുകയും വായുമലിനീകരണത്തെക്കുറിച്ചു ബോധമുൾക്കൊള്ളുകയും ചെയ്യുന്നു.<br>• ജനങ്ങളെ ബോധവത്കരിക്കരിക്കാനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ പരിശീലിക്കുന്നു. | വായു പോയാലോ? | • വായു ജീവനിലനിൽപിന്ന് അനിവാര്യമാണ്. വായുവില്ലെങ്കിൽ ജീവിതമില്ല.<br>• പുരാണ കഥകളും യാഥാർത്ഥ്യവും തമ്മിൽ ഭിന്നതയുണ്ട്.<br>• ശാസ്ത്രീയ കാര്യങ്ങൾ അന്വേഷിച്ചു കണ്ടെത്തണം.<br>• അനിവാര്യമായ കാര്യങ്ങൾ ജനങ്ങളെ അറിയിക്കാനും തിന്മകൾക്കെതിരെ പ്രവർത്തിക്കാനും പരിശ്രമിക്കണം. | ഗദ്യവായനയും വിശകലനവും.<br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ.<br>പ്രധാന കാര്യങ്ങളെക്കുറിച്ചുള്ള ചർച്ച<br>പോസ്റ്റർ വാക്യരചന<br>വാക്യങ്ങളിലെ അപാകതകൾ കണ്ടെത്തൽ. | പാഠവായനക്കുറിപ്പ്<br>വിശകലനക്കുറിപ്പ്<br>ചർച്ചാകുറിപ്പ്<br>പോസ്റ്റർ വാക്യങ്ങൾ<br>എഡിറ്റിങ്ങ് | **കുറിപ്പ്**<br>• ആശയ വ്യക്തത<br>• പരസ്പര ബന്ധം<br>• സംഗ്രഹ രൂപം<br>• ഉചിതമായ ഭാഷ<br>**പോസ്റ്റർ വാക്യങ്ങൾ**<br>• ആശയ പൂർണത<br>• ആകർഷക പദങ്ങൾ<br>• സംവിധാനം<br>**എഡിറ്റിംഗ്**<br>• തെറ്റുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>• വാക്യഘടന ശരിയാക്കിയിട്ടുണ്ട്<br>• മറ്റു തെറ്റുകൾ തിരുത്തിയിട്ടുണ്ട്. |
| • കവിതകൾ ആശയം മനസ്സിലാക്കി ചൊല്ലി അവതരിപ്പിക്കുകയും ആസ്വാദനീയാംശങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.<br>• പ്രമേയപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞു ഉൾക്കൊള്ളുകയും സ്വന്തം ജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.<br>• കവിതാവരികൾ വിശകലനം ചെയ്തു താരത്മ്യക്കുറിപ്പ് തയ്യാറാക്കുന്നു. | ചിന്താസരണി | • ചിന്തകളാണ് സ്വന്തം കഴിവുകളെക്കുറിച്ചുള്ള തിരിച്ചറിവുകളാണ് മനുഷ്യരെ ഉണർത്തുന്നതും ഉയരങ്ങളിലേക്കു നയിക്കുന്നതും.<br>• മനുഷ്യൻ മോഹിച്ചു കൊണ്ടിയിരിക്കുന്നു. മറ്റുള്ളതെല്ലാം മെച്ചപ്പെട്ടതാണെന്നു നിരൂപിക്കുന്നു. എന്നാൽ സ്വന്തം കഴിവുകൾ തിരിച്ചറിയാനും സ്വന്തം ധർമ്മങ്ങൾ നിറവേറ്റുന്നതിലൂടെ സാഫല്യം നേടാനും ശ്രമിക്കുന്നില്ല. | കവിത ഈണം കണ്ടെത്തി ചൊല്ലി അവതരിപ്പിക്കൽ.<br>ആശയം വിശകലനം ചെയ്യൽ<br>ചർച്ചചെയ്തു, കുറിപ്പ് തയ്യാറാക്കൽ.<br>കവിതാ വരികൾ ആശയം ഗ്രഹിച്ച് താരതമ്യം ചെയ്യൽ. | കവിതാലാപനം<br>വിശകലനക്കുറിപ്പ്<br>ചർച്ചാ കുറിപ്പ്<br>താരതമ്യക്കുറിപ്പ് | **താരതമ്യക്കുറിപ്പ്**<br>• സാമ്യവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>• സ്വന്തം കാഴ്ചപ്പാടുകൾഅവതരിപ്പിച്ചിട്ടുണ്ട്.<br>• അനുയോജ്യമായ ഭാഷ<br>• ആശയങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. |

# പാഠം – 8
# ഹോർലിക്സ് ഇഞ്ചക്ഷൻ

ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'കഥാപാത്രം വിട്ടുമുറ്റത്ത്' എന്ന കഥാസമാഹാരകൃതിയിൽ നിന്നെടുത്തതാണ് 'ഹോർലിക്സ് ഇഞ്ചക്ഷൻ' എന്ന പാഠഭാഗം. കുട്ടിക്കാലത്ത് കഥാകൃത്ത് വീട്ടിൽ പതിവാക്കിയ മോഷണകലയാണു വിഷയം. ഉടുപുടവകൾ സൂക്ഷിക്കുന്ന പെട്ടിയുടെ കടലാസ്വിരിക്കടിയിലാണ് ഉമ്മയുടെ ബാങ്ക്. കള്ളത്താക്കോലുപയോഗിച്ച് പെട്ടി തുറന്നു ചെറിയ സംഖ്യകൾ മോഷ്ടിച്ച് കൂട്ടുകാർക്കു മിഠായിയും മറ്റും വാങ്ങിക്കൊടുക്കുകയും ചെറിയ സഞ്ചാരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു കഥാകൃത്ത്. ഒരു ബാങ്കുകൊള്ളയുടെ ഗൗരവത്തിലാണ് ഈ സംഭവങ്ങളുടെ അവതരണം.

പെട്ടിയിൽ നിന്നു പണം നഷ്ടപ്പെടുന്നത് തിരിച്ചറിഞ്ഞപ്പോൾ ഉമ്മ പെട്ടിയുടെ പൂട്ടും താക്കോലും മാറ്റുന്നു. മോഷണം വഴിമുട്ടിയപ്പോൾ  പണം നേടാൻ കഥാകൃത്ത് സ്വീകരിച്ച മറ്റു വഴികൾ രസകരമാണ്. സർക്കാറാശുപത്രിയിലെ ബ്ലാങ്ക്ചീട്ട് സംഘടിപ്പിച്ച് അതിൽ ആർക്കും മനസ്സിലാക്കാൻ വയ്യാത്തവിധം ഡോക്ടർമാർ എഴുതുന്നതുപോലെ എന്തൊക്കെയോ വരച്ചിട്ട് മരുന്നുവാങ്ങാനെന്നും ഇഞ്ചക്ഷൻ അടിക്കാനെന്നും പറഞ്ഞ് ഉമ്മയോടു പണം പിടുങ്ങുക. ശീട്ടിന്റെ സത്യസന്ധതയിൽ ഉമ്മയ്ക്കു സംശയം വന്നപ്പോൾ പണം കിട്ടാതായി. അപ്പോഴെടുത്ത അടവാണു വലിയ കുഴപ്പമുണ്ടാക്കിയത്. അമ്മാവന്റെ വരവും ശീട്ട് കണ്ടെടുത്ത് മരുന്നു വാങ്ങാനുള്ള പോക്കും കഥാകാരന്റെ ഭയവും വേവലാതിയും ആർക്കും മനസ്സിലാവാത്ത കുറിപ്പനുസരിച്ച് മരുന്നുവാങ്ങിയുള്ള അമ്മാവന്റെ വരവും...എല്ലാം ആകാംക്ഷ ജനിപ്പിക്കുന്നതും കുടുകുടെ ചിരിപ്പിക്കുന്നതുമായ സംഭവവിവരണമാണ്. ഉമ്മയുടെ വാക്കുകൾ തേനരുവിപോലെ അനുഭവപ്പെട്ടതും കഥാകൃത്തിന്റെ പശ്ചാത്താപവും ചിന്താർഹം തന്നെയാണ്.

രസകരമായ ആവിഷ്ക്കാരത്തിന്നിടയിലും നമ്മുടെ സാമൂഹികരാഷ്ട്രീയ വ്യവസ്ഥിതികളിലെ തെറ്റായ സമീപനങ്ങൾക്കു നേരെയുള്ള ഒളിയമ്പുകൾ കഥയെ കൂടുതൽ രസകരമാക്കുന്നുണ്ട്. മൂന്നുതരത്തിലുള്ള കലക്കവെള്ളം മാത്രമുള്ള മനോഹരമായ സർക്കാറാശുപത്രി, രോഗികളെങ്ങാനും വായിച്ചുകളയുമോ എന്നു ഭയന്ന് നമ്മുടെ ഡോക്ടർമാരാരും മരുന്നുചീട്ട് വൃത്തിയിൽ എഴുതി വെക്കാറില്ലല്ലോ, അമ്മാവൻ നൂറ്റിരുപത് പീടികയിലെങ്കിലും കയറിയിറങ്ങി കാലുതേഞ്ഞ് അവസാനം ഒരുവിധം സംഗതിയൊപ്പിച്ചു.... തുടങ്ങിയ വരികളിൽ രൂക്ഷമായ വിമർശം കണ്ടെത്താൻ കഴിയും. നർമ്മരസ പ്രധാനങ്ങളായ രചനകൾ വായിച്ചാസ്വദിക്കാനും അവയിലെ ഫലിത പരിഹാസങ്ങളും വിമർശനങ്ങളും കണ്ടെത്താനും അവ സ്വന്തം ജീവിതത്തിൽ അനുയോജ്യ സന്ദർഭങ്ങളിൽ പ്രയോഗവൽക്കരിക്കാനുമുള്ള ശേഷി ഈ കഥയിലൂടെ കുട്ടികൾ ആർജ്ജിക്കേണ്ടതുണ്ട്. അതോടൊപ്പം കളവും വഞ്ചനയുമെല്ലാം ഏതുഘട്ടത്തിലും തെറ്റാണെന്നും അവ തുടർന്നാൽ ആപത്തായിരിക്കുമെന്നും ഏതു കളവും അവസാനം പിടിക്കപ്പെടുക തന്നെ ചെയ്യുമെന്നുമുള്ള അവബോധവും കുട്ടികളുടെ മനസ്സിൽ രൂപപ്പെടേണ്ടതുണ്ട്.

## പാഠാവതരണം

സൗഹൃദ സംഭാഷണത്തിലൂടെ കഥാവായനയിലേക്കു കടക്കാം.

- ആരെങ്കിലും വീട്ടിൽനിന്നു മോഷ്ടിക്കാറുണ്ടോ?

  നിങ്ങൾക്കേറെ കൊതിയുള്ള പഴങ്ങൾ, പലഹാരങ്ങൾ... ഇങ്ങനെ വല്ലതും?

- മോഷണംപിടിക്കപ്പെട്ടാൽ എന്താണു ചെയ്യുക?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

ഇന്ന് ഇത്തരമൊരു മോഷണത്തെക്കുറിച്ചുള്ള കഥ വായിക്കാം.

കുട്ടികൾ കഥ മൗനമായി വായിച്ചാസ്വദിക്കട്ടെ. കണ്ടെത്തിയ ആശയതലങ്ങൾ പങ്കുവയ്ക്കട്ടെ. തുടർന്നു ചർച്ചയിലേക്കു കടക്കാം.

**ചർച്ചയിൽ വരേണ്ട ആശയങ്ങൾ :**

- മോഷണം ഒരു കലയായി കാണുന്ന കുട്ടി
- മോഷണത്തിന്റെ ലക്ഷ്യം
- ഉമ്മയുടെ ബാങ്ക്
- മോഷണവഴികൾ അടയുന്നത്
- പുതിയ കണ്ടെത്തൽ
- ബ്ലാങ്ക്ചീട്ടിലെ കുറിപ്പുകൾ - ഇഞ്ചക്ഷൻ
- ഉമ്മയുടെ നിഷേധവും കുട്ടിയുടെ രോഗാഭിനയവും
- അമ്മാവന്റെ വരവ്, മരുന്നിനുള്ള പോക്ക്
- അമ്മാവന്റെ സ്വഭാവത്തെക്കുറിച്ചുള്ള കുട്ടിയുടെ ഞെട്ടലുളവാക്കുന്ന വിചാരങ്ങൾ
- മരുന്നുമായി അമ്മാവന്റെ തിരിച്ചുവരവ്
- കുട്ടി കറണ്ടടിച്ചതുപോലെ മരവിച്ചുപോയത്
- ഉമ്മയുടെ തേനരുവി പോലുള്ള ശബ്ദം
- കുട്ടി ഉൾക്കൊണ്ട പാഠം.

ആശയതലത്തെക്കുറിച്ചുള്ള സാമാന്യധാരണയ്ക്കു ശേഷം പ്രവർത്തനങ്ങളിലേക്കു കടക്കാം.

## പ്രവർത്തന വിശകലനം

### കണ്ടെത്താം TB

കഥ ആവശ്യബോധത്തോടെ വീണ്ടും വായിക്കാൻ പ്രേരിപ്പിക്കുന്ന പ്രവർത്തനമാണിത്.

ഓരോ ചോദ്യവും കുട്ടികൾ നോട്ടുബുക്കിലെഴുതി പാഠഭാഗത്തുനിന്ന് ഉത്തരം കണ്ടെത്തി സ്വന്തം വാക്കുകളിൽ എഴുതട്ടെ.

വ്യക്തിഗതമായി എഴുതിയ ഉത്തരം ഗ്രൂപ്പിൽ ചർച്ചചെയ്തു മെച്ചപ്പെടുത്തണം. ശേഷം ക്ലാസിൽ അവതരിപ്പിച്ചു ടീച്ചറുടെ ഇടപെടലിലൂടെ കുറ്റമറ്റതാക്കാം.

### ശൈലീ വിശേഷങ്ങളറിയാം TB

- "ഈ കാത്തിരിപ്പ് ചെകുത്താനും കടലിനുമിടയിലുള്ള ബേജാറാണ്."

  ടീച്ചർ ഈ വാക്യം BBയിൽ കുറിക്കുന്നു. ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഈവാക്യം ഉൾക്കൊള്ളുന്ന ആശയതലങ്ങൾ എന്തൊക്കെയാണ്?
- ചെകുത്താനും കടലിനും ഇടയിൽ പെട്ടാലുള്ള ബേജാറ് എങ്ങനെയായിരിക്കും?

ഒരു ഭാഗത്ത് ചെകുത്താൻ, മറുഭാഗത്തു കടൽ.

ഒന്നുകിൽ ചെകുത്താന്റെ പിടിയിൽ പെടും, അല്ലെങ്കിൽ കടിലിൽ മുങ്ങിമരിക്കും. ഇങ്ങനെയുള്ള പ്രതിസന്ധിയിൽ പെട്ടയാളുടെ അവസ്ഥ എന്തായിരിക്കും?

- ഈ വാക്കുകൾ ഏതു സന്ദർഭത്തിലാണു പറയുന്നതെന്നു കുട്ടികൾ കണ്ടെത്തട്ടെ.

അമ്മാവൻ അതിക്രൂരമായി ശിക്ഷിക്കുന്നയാളാണ്. മരുന്നു വാങ്ങാൻ പോയിട്ട് അദ്ദേഹം തിരിച്ചെത്തുന്നില്ല. ചീട്ട് വ്യാജമാണെന്നറിയുമ്പോൾ അമ്മാവനുണ്ടാകുന്ന കോപവും അദ്ദേഹം നടപ്പിൽ വരുത്തിയേക്കാവുന്ന ശിക്ഷയും ഒരു ഭാഗത്ത്. മറുഭാഗത്ത് അദ്ദേഹത്തിനു വല്ല മരുന്നും കിട്ടിയാലോ എന്ന ബേജാറ്. രോഗമില്ലാതെ ഇഞ്ചക്ഷനടിച്ചാൽ മരിച്ചു പോകുമെന്ന ഭീതി.

- പാമ്പു കടിയേറ്റവന് ഇടിയേറ്റു
- മൂക്കത്ത് ശുണ്ഠി

ഇത്തരം ശൈലികളും വിശകല വിധേയമാക്കണം.

### ആശയം വിശദീകരിക്കാം TB

വാക്യങ്ങൾ ടീച്ചർ ബോർഡിൽ കുറിക്കുന്നു.

- ഞാൻ കിടന്ന കിടപ്പിൽ 1600 വോൾട്ടിന്റെ കറണ്ടടിച്ചതുപോലെ മരവിച്ചുപോയി.

1600 വോൾട്ടിന്റെ കറണ്ടടിച്ചാൽ എന്തായിരിക്കും അവസ്ഥ?

പിന്നെ ജീവൻ നിലനിൽക്കാൻ സാധ്യതയില്ല.

അപ്പോൾ കഥാകൃത്ത് മരിച്ചുപോയി എന്നാണോ അർത്ഥം?

ഏതു സന്ദർഭത്തിലാണ് ഈ വാക്കുപയോഗിച്ചതെന്നു കുട്ടികൾ കണ്ടെത്തട്ടെ. താൻ കുത്തിക്കുറിച്ച ചീട്ടുമായി പോയ അമ്മാവൻ ഇഞ്ചക്ഷന്റെ മരുന്നുവാങ്ങി വന്നപ്പോഴുള്ള ഞെട്ടലിന്റെ തീവ്രത വെളിപ്പെടുത്തുന്നതാണീ വാക്ക്.

- അക്കാര്യമോർത്തപ്പോൾ ഇടനെഞ്ചിൽ ഡിസ്കോ തുടങ്ങി.

പഴയകാല പ്രയോഗമാണ് ഡിസ്കോ ; ഒരു തരം ഡാൻസ്. അമ്മാവൻ തന്നെ ശിക്ഷിക്കുന്നതോർത്തപ്പോൾ നെഞ്ചിടിപ്പ് വർദ്ധിച്ചതിനെക്കുറിച്ചാണിവിടെ സൂചിപ്പിക്കുന്നത്.

- ഈ സംഭവം ശരിക്കും ഒരു ഇഞ്ചക്ഷന്റെ ഫലം ചെയ്തു.

  രോഗം സുഖപെടാനാണ് ഇഞ്ചക്ഷൻ കഥാകൃത്ത് പണം തട്ടാൻ ഇഞ്ചക്ഷൻ വേണമെന്ന തന്ത്രം പ്രയോഗിക്കുകയായിരുന്നു. അതു പാളിയപ്പോൾ മാനസികമായി ഒട്ടേറെ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നു. മനസ്സിലെ രോഗമായ കള്ളത്തരം മാറ്റാനുള്ള നല്ലൊരു ചികിത്സയായി മാറി ആ ഇഞ്ചക്ഷൻ സംഭവം എന്നർത്ഥം.

## കുറിപ്പ് തയ്യാറാക്കുക WB

"രോഗികളെങ്ങാനും ......... എഴുതി വയ്ക്കാറില്ലല്ലോ."

ഈ വാക്യം നൽകുന്ന സൂചനകളിലേക്കു കുട്ടികളെ നയിക്കാൻ ഏതാനും ചോദ്യങ്ങളുന്നയിക്കാം.

- ഡോക്ടർമാർ മരുന്നുചീട്ടുകൾ എഴുതാറുള്ളതെങ്ങനെയാണ്?
- എന്തുകൊണ്ടായിരിക്കാം അവർ മെഡിക്കൽഷോപ്പുകാർക്കു മാത്രം മനസ്സിലാവുന്ന രീതിയിൽ കുറിപ്പുകൾ എഴുതുന്നത്?
- മരുന്നുകളുടെ പേരുകൾ വ്യക്തമായി എഴുതുകയല്ലേ വേണ്ടത്?

  ക്രോഡീകരണം: • മരുന്നുകളെക്കുറിച്ചുള്ള ഒരു തരം രഹസ്യസ്വഭാവം നിലനിർത്താൻ ചില ഡോക്ടർമാർ ശ്രമിക്കാറുണ്ട്. അതിന്റെ ഭാഗമാണ് ഇത്തരം കുറിപ്പുകൾ.

- കഥാകാരന്റെ നിഗമനം ഏറെക്കുറെ ശരിയാണ്.

ഈ വസ്തുതകൾ ചർച്ച ചെയ്ത് സ്വന്തം അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കുന്നു.

ചർച്ചയിലെ വ്യക്തിഗത പങ്കാളിത്തം ഉറപ്പാക്കണം.

"അവസാനം ഒരു വിധം സംഭവം ഒപ്പിച്ചു."

- എന്താണ് ഈ വരികൾ നൽകുന്ന സൂചന?
- മരുന്നു കച്ചവടക്കാർ ചീട്ട് സൂക്ഷ്മമായി പരിശോധിച്ച് ഉറപ്പുവരുത്തിയല്ല മരുന്നു നൽകിയത്.

- വെറും അനുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു മരുന്ന് നൽകുകയായിരുന്നു.
- മരുന്നുകൾ ഒരിക്കലും ഇങ്ങനെ ഊഹിച്ചു നൽകാൻ പാടില്ലാത്തതാണ്.

  ഗ്രൂപ്പ് ചർച്ചയിലൂടെ കണ്ടെത്തിയ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ പ്രതികരണക്കുറിപ്പ് തയ്യാറാക്കട്ടെ.

"പണം ശേഖരിക്കാൻ ---- ശരിയാണോ?"

- മോഷണം ഒരു നിലക്കും ന്യായീകരിക്കാൻ പറ്റാത്തതാണ്?
- സ്വന്തം വീട്ടിൽ നിന്നാണെങ്കിലും മോഷണം തെറ്റുതന്നെയാണ്?
- മോഷ്ടിച്ചെടുത്തത് എന്തിനുവേണ്ടി ഉപയോഗിച്ചു എന്നത് മോഷണത്തിനു ന്യായീകരണമാകുന്നില്ല.
- ഈ നിലക്ക് കഥാകാരൻ ചെയ്തത് തെറ്റാണ്.

ചർച്ച ചെയ്ത് കൂടുതൽ ആശയങ്ങൾ ഉൾപ്പെടുത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കട്ടെ.

## ശൈലികൾ ഉൾപ്പെടുത്തി വാക്യങ്ങൾ രചിക്കുക WB

- തല പുണ്ണാക്കി ആലോചിക്കുക - വളരെ കൂടുതൽ ആലോചിക്കുക
- പാമ്പു കടിയേറ്റവന് ഇടിയേറ്റു - ദുരന്തങ്ങൾ മേൽക്കുമേൽ ദുരന്തങ്ങൾ വന്നു ചേർന്നു
- ചെകുത്താനും കടലിനുമിടയിൽ പെട്ട പോലെ- ഒരു വിധത്തിലും രക്ഷപ്പെടാൻ കഴിയാത്ത കുരുക്കിൽ പെടുക.

## ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

കുട്ടികളെ അഞ്ചു സംഘങ്ങളായി തിരിച്ച് അഞ്ചു വിഷയങ്ങൾ നൽകുന്നു.

- കഥാപാത്രങ്ങളെ കണ്ടെത്തൽ
- കഥയിലെ പ്രമേയം കണ്ടെത്തൽ
- ഭാഷയെക്കുറിച്ചുള്ള വിശകലനം
- കഥയുടെ ആഖ്യാന രീതി
- ആസ്വദനീയമായ ഭാഗങ്ങൾ കണ്ടെത്തൽ

ഓരോ വിഷയത്തെക്കുറിച്ചും അവ ലഭിച്ച സംഘം ചർച്ച ചെയ്ത് ചുരുക്കി എഴുതി അവതരിപ്പിക്കട്ടെ. അവതരണം നടക്കുമ്പോൾ എല്ലാ കുട്ടികളും പ്രധാനാശയങ്ങൾ എഴുതിയെടുക്കണം.

അവതരണശേഷം, കുറിച്ചെടുത്ത വസ്തുതകൾ കൂട്ടിച്ചേർത്ത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം.

ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയശേഷം പൊതുവായി അവതരിപ്പിക്കാം.

ഓരോ ഗ്രൂപ്പും കുറിപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ സൂചകങ്ങൾ വച്ചു വിലയിരുത്തട്ടെ.

**സൂചകങ്ങൾ :**

- കഥയെ സമഗ്രമായി സമീപിച്ചിട്ടുണ്ട്.
- ഉചിതമായ ശീർഷകവും ആമുഖവും ചേർത്തിട്ടുണ്ട്.
- കഥാപാത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട്.
- ഭാഷയുടെ സവിശേഷതകൾ വിലയിരുത്തിയിട്ടുണ്ട്.
- സന്ദർഭത്തിനും കഥാപാത്രത്തിനുമനുസരിച്ചു ഭാഷയിൽ വന്ന മാറ്റങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്.
- കഥ നൽകുന്ന സന്ദേശം തിരിച്ചറിഞ്ഞു പരാമർശിച്ചിട്ടുണ്ട്.
- കഥയിലെ വിവരണങ്ങൾ എടുത്തുക്കാണിച്ചിട്ടുണ്ട്.

# പാഠം – 9
# ചിരിക്കാം

ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ ചിന്തോദ്ദീപകമായ ഒരു കവിതയാണ് 'ചിരിക്കാം.' കാവ്യ രചനയിൽ അധികമാരും തിരഞ്ഞെടുത്തിട്ടില്ലാത്ത ഒരു വിഷയമാണിത്. മനുഷ്യന്റെ മഹത്വവും മാനവധർമ്മങ്ങളുടെ പ്രാധാന്യവും വ്യക്തിസംസ്കരണത്തിന്റെ അനിവാര്യതയും ദാർശനികതലത്തിൽ വിളംബരം ചെയ്യുന്ന ഉള്ളൂർ കവിതകളിൽ ഏറെ ശ്രദ്ധേയമാണ് ഈ ലഘുകവിതയും.

ചിരി സൗഹാർദ്ദത്തിന്റെയും സ്നേഹത്തിന്റെയും പ്രകടരൂപമാണ്. മനസ്സ് സംസ്കൃതമായവർക്കേ ഉള്ളറിഞ്ഞു ചിരിക്കാനും പുഞ്ചിരിക്കാനും കഴിയുകയുള്ളൂ. അതുകൊണ്ടാണ് മനുഷ്യരെ ഇതര ജീവികളിൽനിന്നു വേർതിരിക്കുന്ന പ്രധാന ഗുണങ്ങളിലൊന്ന് പുഞ്ചിരിക്കാനുള്ള ശേഷിയാണെന്നു പറയുന്നത്. മനസ്സിൽ നിന്നുണർന്ന് ചുണ്ടിലൂടെ വിടരുന്ന പുഞ്ചിരി മനസ്സുകളിലേക്കിറങ്ങിച്ചെല്ലുമെന്നതിൽ സംശയമില്ല. ശാരീരികാരോഗ്യവും സാമൂഹികാരോഗ്യവും കൈവരിക്കുന്നതിൽ ചിരിക്കു വലിയ പങ്കുണ്ടെന്നാണ് ആധുനികശാസ്ത്രം വിലയിരുത്തുന്നത്. ചിരിയുടെ ഇത്തരം സവിശേഷതകളെക്കുറിച്ചു വലിയ പഠന ഗവേഷണങ്ങളൊന്നും നടക്കുന്നതിനുമുമ്പാണ് ഉള്ളൂർ ഈ കവിത രചിച്ചത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ജന്മസിദ്ധമായ വിലപ്പെട്ട ഒരു വരമാണ് ചിരിക്കാനുള്ള ശേഷി. ഏതിരുട്ടിലും വെളിച്ചം കാട്ടുന്ന വെള്ളിഗ്രഹമാണതെന്നും ഏതു കാലത്തും ചിരിക്കുന്ന ചുണ്ടുകളിൽ പൂന്തേനൂറുമെന്നും കവി പറയുന്നു.

ചിരിക്കൂ, കുറെ പൊട്ടിച്ചിരിച്ചാലേ കരളിലെ പുണ്ണുകൾ കരിഞ്ഞുപോവുകയുള്ളൂ എന്ന ആശയം വളരെ ശ്രദ്ധേയമാണ്. അസൂയ, പക, വിദ്വേഷം, പോര് തുടങ്ങിയവയെല്ലാം മനസ്സിനെ ബാധിക്കുന്ന പുണ്ണുകളാണ്. വിഷാദവും ദുഃഖവും മറ്റും പുണ്ണുകളിൽ പെട്ടതുതന്നെ. ഇവയെല്ലാം നീങ്ങിക്കിട്ടണമെങ്കിൽ ഉള്ളറിഞ്ഞു ചിരിക്കണം. ശാരീരികരോഗങ്ങൾക്കും ചിരി ഏറ്റവും നല്ല ചികിത്സയാണെന്നാണു പുതിയ കണ്ടെത്തൽ. ചിരിയിലൂടെ മാരകരോഗങ്ങളെയും വാർധക്യസഹജമായ പ്രയാസങ്ങളെയും അകറ്റി നിർത്താമെന്നു പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്.

ആത്മാർത്ഥമായ ചിരിയെന്നാൽ മനസ്സറിഞ്ഞുള്ള ആത്മാർത്ഥമായചിരിയാണിവിടെ ഉദ്ദേശ്യം; കോമാളിച്ചിരിയല്ല. അതു വെറും ഗോഷ്ടി മാത്രമാണെന്നാണു കവിയുടെ അഭിപ്രായം. 'ചിരിക്കണം.' പുഞ്ചിരിയിലൂടെ സ്നേഹസൗഹൃദങ്ങൾ വളർത്തിയെടുക്കണം. മറ്റുള്ളവരോടുള്ള നമ്മുടെ സമീപനം പോലെയായിരിക്കും ഇങ്ങോട്ടുള്ള പ്രതികരണവും. ഇങ്ങനെ ചിരിയുടെ ഗുണങ്ങളും പ്രതിഫലനങ്ങളും എതാനും വരികളിലൊതുക്കിയ ഈ കവിത ജീവിതത്തെക്കുറിച്ചു നല്ലൊരു പാഠം നൽകാൻ പര്യാപ്തമാണ്.

**പാഠാവതരണം**

സൗഹൃദസംഭാഷണത്തിലൂടെ പാഠഭാഗം അവതരിപ്പിക്കുന്നതിനുള്ള പശ്ചാത്തല മുണ്ടാക്കാം.

- തമാശകൾ കേട്ടാൽ നിങ്ങളെന്താണു ചെയ്യാറ്?
- കൂട്ടുകാരെ കണ്ടുമുട്ടുമ്പോഴോ?
- ഈ രണ്ടു സന്ദർഭങ്ങളിലുമുള്ള ചിരിക്കു വല്ല വ്യത്യാസവുമുണ്ടോ?
- മറ്റേതെല്ലാം സന്ദർഭങ്ങളിലാണു ചിരിക്കാറുള്ളത്?
- കുറെ ചിരിക്കുമ്പോൾ എന്തനുഭവമാണുണ്ടാവാറ്?
- ചിരിക്കുന്നതോ കരയുന്നതോ ഇഷ്ടം?

**സംഭാഷണം ക്രോഡീകരിക്കാം:**

ചിരി നല്ലൊരു അനുഭവമാണ്.

ചിരിക്കാനാണ് എല്ലാവർക്കും ഇഷ്ടം, കരയാനല്ല.

ചിരി പല തരമുണ്ട്, (പുഞ്ചിരി, ഇളിഞ്ഞ ചിരി, പൊട്ടിച്ചിരി, കൊലച്ചിരി, പരിഹാസച്ചിരി, ചിരിക്കാനായുള്ള ചിരി ........ )

'ചിരിയുടെ പ്രാധാന്യം മനസ്സിലാക്കേണ്ടേ? നമുക്കൊരു കവിത വായിക്കാം.' എന്ന ആമുഖത്തോടെ കവിത വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ മൗനമായി കവിത വായിക്കട്ടെ.

**പ്രവർത്തനവിശകലനം**

**ഈണം കണ്ടെത്താം TB**

ടീച്ചർ രണ്ടുവരി കവിത ആലപിക്കുന്നു.

"അങ്കണത്തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ

അമ്മ തൻ നേത്രത്തിൽ നിന്നുതിർന്നൂ ചൂടുകണ്ണീർ ------"

ഈ കവിത നിങ്ങൾക്കു സുപരിചിതമല്ലേ?

ഇതേ ഈണത്തിലും താളത്തിലും 'ചിരി' എന്ന കവിത ആലപിക്കാൻ കഴിയുമോ?

കുട്ടികൾ ഗ്രൂപ്പിൽ ഈണംകണ്ടെത്തി കവിത ചൊല്ലി അവതരിപ്പിക്കട്ടെ. എല്ലാ ഗ്രൂപ്പിനും അവസരം നൽകണം.

**ആശയ വിശകലനം**

കവിതയുടെ ആശയം മനസ്സിലായോ? വരികൾ ശ്രദ്ധിക്കൂ:

- ജനിക്കുമ്പോഴേ നാം ഒരു നിധി കൂടെ കൊണ്ടുവന്നിട്ടുണ്ട്, അതാണു ചിരി.

ഏതിരുട്ടിലും വെളിച്ചം കാട്ടുന്ന വെള്ളിഗ്രഹമാണത്.

- ചിരിയെങ്ങനെയാണ് ഇരുട്ടിൽ വെളിച്ചം കാട്ടുന്നത്?

  ഇവിടെ ഇരുട്ട് എന്നതുകൊണ്ടുദ്ദേശ്യം ജീവിതത്തിലെ പ്രയാസങ്ങളാവാം, ദുഃഖങ്ങളാവാം....

- ചിരിയിലൂടെ സമ്പാദിച്ച കൂട്ടുകാർ നമ്മുടെ പ്രയാസങ്ങളകറ്റാനും സമാധാനിപ്പിക്കാനും കൂടെയുണ്ടാവും.

- ഏതു കാലത്തും ആ പിച്ചിച്ചെണ്ടിൽ പൂന്തേനൂറും.

  ചിരി ഒരു പൂച്ചെണ്ടാണ്; തേനൂറുന്ന പൂക്കൾ നിറഞ്ഞ ചെണ്ട്.

  എല്ലാ കാലത്തും ആ പൂക്കൾ വിടരും, ആ പൂക്കളിൽ എന്നും തേനുണ്ടാവും.

  ചിരിയുടെ അറ്റമില്ലാത്ത ഗുണങ്ങളിലേക്ക് ഈ വരികൾ സൂചന നൽകുന്നു.

  ചിരിയിലൂടെ സ്നേഹവും സൗഹൃദവും മറ്റു ബന്ധങ്ങളും നിലനിർത്താം, അതുവഴി ജീവിതം മധുരതരവും സുഖകരവുമാക്കാം.

- ചിരിക്കുക; കുറെ പൊട്ടിച്ചിരിച്ചാലല്ലാതെ കരളിലെ പുണ്ണുകൾ കരിയുകയില്ല.

  കരളിലെ പുണ്ണുകളെന്നാൽ വിഷമങ്ങളും ദുഃഖങ്ങളും വേദനകളും നിരാശയും ഒക്കെയാവാം.  അവ ഇല്ലാതാക്കുവാനുള്ള ഔഷധമാണു പൊട്ടിച്ചിരി! മാനസികരോഗങ്ങളായ അസൂയ, വിദ്വേഷം, പക തുടങ്ങിയവയുമാകാം. അവയും നീങ്ങിക്കിട്ടാൻ ഉത്തമമാർഗമാണു ഉള്ളറിഞ്ഞുള്ള പൊട്ടിച്ചിരി.

- ഗുണകരമായ ചിരി കോമാളികളുടെ ഗോഷ്ടികാണിക്കൽ ചിരിയല്ല.

  ഉള്ളറിഞ്ഞ, സന്തോഷം പ്രകടമാക്കുന്ന ചിരികളേ ഫലം ചെയ്യുകയുള്ളൂ.

- നാം കൊടുക്കുന്നതിനനുസരിച്ചേ തിരിച്ചു വാങ്ങാനുണ്ടാവൂ. കടലിൽ നിന്നാണെങ്കിലും കുടത്തിൽ കൊള്ളുന്നതേ കോരിയെടുക്കാൻ ശ്രമിക്കാവൂ.

  ചിരിയും സ്നേഹവും കൊടുക്കുക. എന്നാലേ നമുക്കും അവ തിരിച്ചു ലഭിക്കുകയുള്ളൂ. അമിതപ്രതീക്ഷയും അതിമോഹവും പാടില്ല. അവ സന്തോഷം കെടുത്തിക്കളയും.

- ചിരിയെന്ന പണം ലോകത്തിനു കടം കൊടുക്കുക.  എന്നാൽ ലോകം നമുക്ക് ആ പണം മാത്രമല്ല അതിന്റെ പലിശയും തിരിച്ചു തരും.

  ജനങ്ങൾക്കു നന്മ ചെയ്താൽ, സ്നേഹപൂർവ്വം സമീപിച്ചാൽ അങ്ങോട്ടുകൊടുക്കുന്നതിലുപരി നന്മകളും സ്നേഹവും നമുക്കു തിരിച്ചു കിട്ടും.

- നമ്മുടെ ശരീരം ലോകനാഥന്റെ ദാനമാണ്. നാം ആവശ്യപ്പെടാതെ തന്നെ അനേകം കഴിവുകൾ നൽകി ഈശ്വരൻ നമ്മെ സൃഷ്ടിച്ചു. ആ ഈശ്വരനോട് ഇനിയും നമ്മുടെ ആവശ്യങ്ങൾ നിരത്തി യാചിക്കുന്നതു ശരിയല്ല. ആപത്തിലകപ്പെടുത്തരുതേ

എന്ന് ഈശ്വരനോട് പ്രാർത്ഥിക്കാൻ ഞാൻ ലജ്ജിക്കുന്നു. കാരണം ജീവിതമെന്നാൽ സുഖവും ദുഃഖവും നിറഞ്ഞതാണ്. വിപത്തുകളും ഐശ്വര്യങ്ങളും സമ്മിശ്രമായതാണ്. മരണം പോലുള്ള വിപത്തുകൾ ജീവിതത്തിൽ അനിവാര്യമായതുമാണ്. അവയിൽ നിന്നെല്ലാം എന്നെ ഒഴിവാക്കിത്തരണേ എന്നു പ്രാർത്ഥിക്കുന്നതിൽ അർത്ഥമില്ല. പിന്നെ, ഈശ്വരനോട് ഒരുവരം മാത്രം ചോദിക്കാം: അത് ആപത്തുകളെ സധൈര്യം നേരിടാനുള്ള മനസ്സുറപ്പും സഹനശക്തിയും നൽകണമേയെന്നതാണ്. ആപത്തിൽ ചിരിക്കുവാനുള്ള ശക്തി പകരണമേയെന്നതാണ്.

## അപരിചിതപദങ്ങൾ

കവിതയിൽ അർത്ഥം വ്യക്തമാവാത്ത ചില പദങ്ങളുണ്ടല്ലോ. അവയേതെല്ലാം?

അത്തരം പദങ്ങളുടെ അടിയിൽ വരച്ച് ഗ്രൂപ്പിൽ ചർച്ച ചെയ്ത് അർത്ഥം കണ്ടെത്തട്ടെ. ടീച്ചർ വിലയിരുത്തണം.

## ഉത്തരം കണ്ടെത്താം TB

വിശകലനത്തിലൂടെ കവിതയുടെ ആശയം കുട്ടികൾ പൂർണമായി മനസ്സിലാക്കിയിട്ടുണ്ടാവുമല്ലോ. ചോദ്യങ്ങൾക്ക് അവർ വ്യക്തിഗതമായി ഉത്തരം കണ്ടെത്തട്ടെ. ഹോം വർക്കായി നൽകിയാലും മതി. ടീച്ചർ വിലയിരുത്തണം.

## വരികൾ കണ്ടെത്താം TB

കവിതയുടെ ആശയത്തിലേക്കു കുട്ടികളുടെ ശ്രദ്ധ വീണ്ടും പതിയാനുള്ള പ്രവർത്തനമാണിത്. പരാമർശിച്ച ആശയമുൾക്കൊള്ളുന്ന വരികൾ കണ്ടെത്തി എഴുതട്ടെ. പരസ്പരം കൈമാറി വ്യക്തത വരുത്തട്ടെ. ഒന്നോ രണ്ടോ കുട്ടികൾ ആ വരികൾ ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്തൽ നടത്തണം.

## ചർച്ച ചെയ്യാം TB

ചിരിയുടെ ഗുണങ്ങൾ അന്യത്ര പരാമർശിച്ചു കഴിഞ്ഞല്ലോ.

കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവ ക്രോഡീകരിക്കട്ടെ.

ഓരോ ഗ്രൂപ്പും ക്രോഡീകരിച്ച വസ്തുതകൾ ക്ലാസിൽ അവതരിപ്പിക്കുന്നു.

ടീച്ചറുടെ ഇടപെടലുകളിലൂടെ മെച്ചപ്പെടുത്തി വ്യക്തിഗതമായി കുറിപ്പുകൾ തയ്യാറാക്കുന്നു.

## ഏതെല്ലാം ചിരികൾ? TB

ചിരിയുടെ ഇനങ്ങളെക്കുറിച്ചു ക്ലാസിൽ പൊതുവായ ചർച്ച നടത്താം.

- എല്ലാ ചിരിയും ഒരു പോലെയാണോ?
- പല സന്ദർഭങ്ങളിലെയും ചിരികൾ വ്യത്യസ്തമല്ലേ?

ചർച്ചയുടെ അടിസ്ഥാനത്തിൽ കുട്ടികൾ കുറിപ്പു തയ്യാറാക്കട്ടെ.

## വിശദീകരിക്കാം TB

"നിന്റെ സഹോദരനെ കാണുമ്പോഴുള്ള പുഞ്ചിരി ധർമ്മമാണ്." മുഹമ്മദ്നബിയുടെ വിശുദ്ധവചനങ്ങളിലൊന്നാണിത്.

ധർമ്മം (ദാനം) ഒരു തരം വളർച്ചയാണ്. നൽകുന്നയാളുടെ മാനസിക ഗുണങ്ങളുടെ വളർച്ചയും സ്വീകരിക്കുന്നയാളുടെ സാമ്പത്തിക വളർച്ചയുമാണ് ദാനത്തിലൂടെ സാധ്യമാകുന്നത്. അതുപോലെ പുഞ്ചിരി നൽകുന്നയാളുടെയും സ്വീകരിക്കുന്നയാളുടെയും മനസ്സിൽ വളർത്തുന്ന മാറ്റങ്ങളാണ് ഇവയിൽ സൂചിപ്പിക്കുന്നത്. ഒരു പക്ഷേ സാമ്പത്തിക സഹായത്തെക്കാൾ പ്രയോജനകരമാകും പുഞ്ചിരിയെന്ന മഹാദാനം.

കുട്ടികൾ ചർച്ച ചെയ്തു കുറിപ്പ് തയ്യാറാക്കട്ടെ.

## അനുഭവക്കുറിപ്പ് തയ്യാറാക്കുക TB

- ആരുടെയെങ്കിലും പുഞ്ചിരി നിങ്ങളുടെ മനസ്സിൽ സന്തോഷമുണ്ടാക്കിയിട്ടുണ്ടോ?
- എന്തെങ്കിലും കാര്യങ്ങൾക്കുള്ള പ്രോത്സാഹനമായിട്ടുണ്ടോ?
- ഏതെങ്കിലും കാര്യത്തിൽ ആവേശം ജനിപ്പിച്ചിട്ടുണ്ടോ?
- ഏതെങ്കിലും പ്രയാസഘട്ടത്തിൽ മനഃസമാധാനം നൽകിയിട്ടുണ്ടോ?

കുട്ടികൾ പ്രതികരിക്കട്ടെ.

പല അനുഭവങ്ങളും കുട്ടികൾക്കു പറയാനുണ്ടാവും.

ടീച്ചർ സ്വന്തം അനുഭവം വിവരിക്കുന്നു. തുടർന്ന് ഓരോ കുട്ടിയും വ്യക്തിഗതമായി അനുഭവക്കുറിപ്പ് തയ്യാറാക്കട്ടെ.

എഴുതിയ കുറിപ്പ് ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താം. ടീച്ചർ വിലയിരുത്തണം.

## പൊരുൾ കണ്ടെത്തി എഴുതുക WB

"ആപത്ത് നൽകൊല്ലെന്ന് ---------"

- കവി ഏതു കാര്യത്തിലാണു ലജ്ജിക്കുന്നത്?
- എന്തു വരമാണ് കവി ആവശ്യപ്പെടുന്നത്?
- എന്തുകൊണ്ടായിരിക്കാം ഇങ്ങനെ പറയുന്നത്?

**ക്രോഡീകരണം:**

- ആപത്തുകൾ ജീവിതത്തിന്റെ ഭാഗമാണ്.
- മരണവും മറ്റു അപകടങ്ങളും സാർവത്രികമാണ്.
- അവ നൽകരുതേയെന്നു യാചിക്കുന്നതിൽ അർത്ഥമില്ല.
- ആപത്തുകളെ പുഞ്ചിരിയോടെ നേരിടാനുള്ള കരുത്താണ് ആവശ്യം.
- ഇതാണ് ധീരന്മാരുടെ മനോഭാവം.

ഈ വസ്തുതകൾ ഉൾക്കൊള്ളിച്ച് കുട്ടികൾ പ്രസ്തുത വരികളുടെ പൊരുൾ എഴുതട്ടെ.

## കുറിപ്പ് തയ്യാറാക്കുക WB

"ചിരിക്കുവിനൊരിക്കലെൻ സഹജരേ, സഖാക്കളേ

ചിരിയാൽത്താൻ മനുഷ്യന്നു മൃഗേതരത്ത്വം." സഞ്ജയൻ.

- മനുഷ്യനെപ്പോലെ ചിരിക്കുന്ന ഏതെങ്കിലും ജീവികളുണ്ടോ?
- ചിരിയുണ്ടാകുന്നതെങ്ങനെ?

കുട്ടികൾ സ്വന്തം അഭിപ്രായങ്ങൾ തുറന്നു പറയട്ടെ.

**ക്രോഡീകരണം:**

- ജീവികളിൽ മനുഷ്യനു മാത്രമുള്ള പ്രത്യേകതയാണ് ചിരി.
- വായയുടെ ഇരുവശത്തുമുള്ള പേശികൾ വളയ്ക്കുന്നതു വഴി രൂപപ്പെടുന്ന മുഖഭാവമാണ് ചിരി.
- സുഖം, സന്തോഷം, ഉല്ലാസം തുടങ്ങിയവയുടെ പ്രകടിത രൂപമാണ് സാധാരണ പുഞ്ചിരി.
- മനസ്സിൽ നിന്നു രൂപപ്പെട്ടുവരുന്ന ചിരിയേ യഥാർത്ഥ ചിരിയായി പരിഗണിക്കേണ്ടതുള്ളൂ.
- ചിരി മനുഷ്യന്റെ ലക്ഷണമായതിനാൽ മനുഷ്യത്വത്തിന്റെ പൂർണ്ണത ചിരിക്കുന്നവരിൽ മാത്രമാണെന്നു പറയാം.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കാം.

ടീച്ചർ വിലയിരുത്തണം.

**സഞ്ജയൻ**

മാണിക്കോത്ത് രാമുണ്ണി നായർ എന്ന എം.ആർ നായർ.

ഹാസ്യസാഹിത്യസമ്രാട്ടായിരുന്ന എം.ആർ.നായർ 'സഞ്ജയൻ' എന്ന പേരിൽ ഒരു ഹാസ്യ സാഹിത്യമാസിക തുടങ്ങിയതോടെയാണ് ഈ പേരിൽ അറിയപ്പെട്ടത്. പണ്ഡിതനും ദാർശനികനുമായിരുന്ന സഞ്ജയൻ രാജ്യത്ത് നടക്കുന്ന അനീതികൾക്കും ദുഷ്പ്രവർത്തനങ്ങൾക്കുമെതിരെ രൂക്ഷമായ പരിഹാസം തൊടുത്തുവിട്ട സാമൂഹിക പരിഷ്കരണത്തിനു ശ്രമിച്ച എഴുത്തുകാരനാണ്. ജനങ്ങളെ കുടുകുടെ ചിരിപ്പിച്ചുകൊണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്താനുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു.

## ചിരിച്ചെപ്പ് തുറക്കാം

കുട്ടികൾ പരമാവധി ഫലിതങ്ങൾ ശേഖരിക്കട്ടെ; അൽപസമയം ചിരിക്കായി മാറ്റിവയ്ക്കാം. ഓരോ കുട്ടിയും താൻ ശേഖരിച്ച ഫലിതങ്ങൾ ഭാവചേഷ്ടകളോടെ ക്ലാസിൽ അവതരിപ്പിക്കുന്നു. അവതരിപ്പിക്കുന്നതിനു മുമ്പെ ഓരോ കുട്ടിയുടെയും ഫലിതശേഖരം ടീച്ചർ വിലയിരുത്തണം. അശ്ലീലമായ പ്രയോഗങ്ങളും മറ്റും കടന്നുവരാൻ സാധ്യതയുണ്ടെന്നോർക്കുക.

## ആശയം ഗ്രഹിക്കാം

"ഒരു പുഞ്ചിരി -------------- പൗർണമി."

അക്കിത്തത്തിന്റെ ഈ വരികളിൽ ചിരി സ്വന്തം മനസ്സിലുണ്ടാക്കുന്ന പരിവർത്തനത്തെക്കുറിച്ചാണു സൂചിപ്പിക്കുന്നത്. 'മറ്റുള്ളവരോടു പുഞ്ചിരിക്കുമ്പോൾ സ്വന്തം മനസ്സിൽ സംതൃപ്തിയുടെ പൂർണചന്ദ്രൻ ശോഭ പരത്തുന്നു' എന്നാണ് ആശയം. പുഞ്ചിരിയുടെ പ്രയോജനം സ്വന്തം മനസ്സിനും ശരീരത്തിനും ലഭിക്കുന്നു എന്നു ചുരുക്കം.

ഈ വരികൾക്ക് 'ചിരിക്കാം' എന്ന കവിതയിലെ ഏതെങ്കിലും വരികളോടു സാമ്യമുണ്ടോ? കുട്ടികൾ കണ്ടെത്തട്ടെ.

"ഏതിരുട്ടിലും വിളക്കാ ---------- പിച്ചിച്ചെണ്ടിൽ"

"ചിരിക്കൂ .............. കരിയാനേതും വഴി."

ഈ വരികളുടെ ആശയവുമായുള്ള സാമ്യം കുട്ടികൾ തിരിച്ചറിയട്ടെ.

# പാഠം – 10
# വായു പോയാലോ?

ഒരു പുരാണ കഥാവതരണത്തിലൂടെ ശാസ്ത്രീയമായ അന്വേഷണത്തിലേക്കു കുട്ടികളെ നയിക്കുന്ന രചനയാണ് പ്രൊഫസർ എസ്. ശിവദാസിന്റെ 'വായുപോയാലോ' എന്ന പാഠഭാഗം. ശസ്ത്രവീക്ഷണങ്ങൾ രസകരമായി കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നവയാണ് ശിവദാസിന്റെ രചനകളിലധികവും. ചിരിക്കാൻവക നൽകുന്ന അവതരണവും അതേസമയം ചിന്തിക്കാൻ പ്രേരിപ്പിക്കന്ന സത്യങ്ങളും ഉൾക്കൊള്ളുന്നതായതുകൊണ്ടാണ് ഈ രചന 'ചിരിതൻ രസം ചിന്താമധുരം' എന്ന യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഭൂമിയിലാകെ വായു നൽകിയിരുന്നമാരുതൻ പുത്രമരണത്തിൽ ദുഃഖം പൂണ്ട് പാതാളത്തിൽ പോയിരുന്നു. അതോടെ ഭൂമിയിൽ വായുപ്രവാഹം നിലച്ചു. അപ്പോഴുണ്ടായ അവസ്ഥ കുഞ്ചൻനമ്പ്യാർ ഭാവനാപൂർവം സരസമായി അവതരിപ്പിച്ച തുള്ളൽ ഭാഗം പണ്ടേ പ്രചാരംനേടിയതാണ്.

ഉണ്ടിരിക്കുന്നവൻ കൈയിലുരുളയും വച്ചു വാ പിളർന്നും കണ്ടിരിക്കുന്നവൻ കണ്ണു തുറന്നും. മുങ്ങിയവൻ മുങ്ങിക്കിടന്നും തെങ്ങു കേറുന്നവൻ തെങ്ങേലിരുന്നും നിശ്ചലരായിപ്പോയ വാങ്മയചിത്രം നമ്പ്യാരുടെ കവിതയിൽ തെളിഞ്ഞു കാണാം. ഭാവനാധിഷ്ഠിതമായ ഈ കഥയുടെ സത്യാവസ്ഥയെക്കുറിച്ച അന്വേഷണമാണ് 'വായുപോയാലോ' എന്ന രചന. ഭൂമിയിൽനിന്നു വായുപോയാലും ഭൂമിയുടെ ആകർഷണശക്തി കുറയുകയില്ലെന്നും അതുകൊണ്ട് തെങ്ങുകയറുന്നവൻ തെങ്ങിനു മുകളിലുള്ളപ്പോൾ വായു പോയാലും താഴെ വീഴുമെന്നുമുള്ള ശാസ്ത്രീയസത്യം പാഠഭാഗത്ത് അനാവരണം ചെയ്യപ്പെടുന്നുണ്ട്.

കേവലമൊരു തമാശക്കഥാവതരണം എന്നതിലുപരി ശാസ്ത്രീയസത്യങ്ങൾ കണ്ടെത്താനുള്ള പ്രചോദനമാണ് ഈ കഥാവതരണത്തിനു പിന്നിലുള്ളത്. കഥകൾ പലതും നമ്മെ അത്ഭുതപ്പെടുത്തുകയും രസിപ്പിക്കുകയും ചെയ്യും. ആ വിധത്തിൽ കഥ ആസ്വദിക്കുന്നതോടൊപ്പം അവയ്ക്കു പിന്നിലെ സത്യാവസ്ഥയെക്കുറിച്ചുള്ള ചിന്തയും അന്വേഷണവും കൂടി ആവശ്യമാണെന്നുള്ള അവബോധം കുട്ടികളുടെ മനസ്സിലേക്കു കൊണ്ടുവരാൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം. അതോടൊപ്പം വായുവിന്റെ പ്രാധാന്യം തിരിച്ചറിയാനും വർദ്ധിച്ചുകൊണ്ടിരിക്കുന്ന വായുമലിനീകരണത്തെക്കുറിച്ചു ബോധമുൾക്കൊള്ളാനും ജനങ്ങളെ ബോധവത്കരിക്കാനുമുള്ള പരിശീലനവും ലക്ഷ്യമാക്കുന്നു.

## പാഠാവതരണം

ടീച്ചർ ചില ചോദ്യങ്ങൾ ഉന്നയിച്ചു കൊണ്ടു തുടങ്ങുന്നു:

- എന്തുകൊണ്ടാണ് മനുഷ്യനു ചന്ദ്രനിലും മറ്റു ഗ്രഹങ്ങളിലും താമസിക്കാൻ കഴിയാത്തത്?

കുട്ടികൾ സ്വന്തം അഭിപ്രായങ്ങൾ പറയട്ടെ. അവരുടെ നിഗമനങ്ങളെ ആക്ഷേപിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യരുത്

വായുവിന്റെ അഭാവമാണ് അതിനു കാരണമെന്ന കാഴ്ചപ്പാടിലേക്കു ചർച്ച ക്രോഡീകരിക്കാം.

ഭൂമിയിൽ നിന്നു വായു പൂർണമായും നീങ്ങിപ്പോയാലോ? എന്താണു സംഭവിക്കുക? ഇതു സംബന്ധമായ ഒരു കഥ വായിക്കാം എന്ന ആമുഖത്തോടെ ടീച്ചർ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ മൗനമായി പാഠഭാഗം വായിക്കട്ടെ.

## പ്രവർത്തനവിശകലനം

**ആശയതലം ചർച്ച ചെയ്യാം:**

- ഭൂമിയിൽ ജീവജാലങ്ങൾക്കെല്ലാം പ്രാണവായു നൽകിയിരുന്നതാരാണെന്നാണു സങ്കല്പം?
- വായു നൽകിയിരുന്ന മാരുതന് എന്താണു സംഭവിച്ചത്?
- കോപം വർദ്ധിച്ച മാരുതൻ എന്താണു ചെയ്തത്?
- മാരുതൻ പാതാളത്തിലൊളിച്ചപ്പോൾ ഭൂമിയിൽ എന്തു സംഭവിച്ചു?
- ഈ കഥ കുഞ്ചൻനമ്പ്യാർ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

ക്രോഡീകരണം :

- ഭൂമിയിൽ വായു നിശ്ശേഷം ഇല്ലാതായാൽ സകല ജീവജാലങ്ങളും മരിച്ചുപോകും.
- എന്നാലും ഭൂമിയുടെ ആകർഷണശക്തി കുറയില്ല. അതിനാൽ മുകളിലിരിക്കുന്നത് താഴോട്ടു വീഴും.
- വായുപോയ അവസ്ഥ വർണ്ണിച്ചതിൽ കുഞ്ചൻനമ്പ്യാർക്കു തെറ്റുപറ്റിയിട്ടുണ്ട്.

## കണ്ടെത്താം TB

ഉത്തരം കണ്ടെത്താനുള്ള ചോദ്യങ്ങൾ നോട്ടുബുക്കിൽ എഴുതി ഓരോ കുട്ടിയും വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. തുടർന്നു ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തണം.

നാലു ഗ്രൂപ്പുകളിൽ ഓരോ ഗ്രൂപ്പും ഓരോ ചോദ്യത്തിന്റെ ഉത്തരം ക്ലാസിൽ അവതരിപ്പിക്കട്ടെ. ചർച്ച ചെയ്ത് അപാകതകൾ തിരുത്താം. ടീച്ചർ വിലയിരുത്തണം.

## പുരാണകഥ കണ്ടെത്താം TB

ഭൂമിയിൽ വായുസഞ്ചാരം നിലച്ചുപോയ സന്ദർഭം പരാമർശിക്കുന്ന പുരാണകഥ കുട്ടികൾ അന്വേഷിച്ചു കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കട്ടെ.

**ഭൂമിയിൽ നിന്നു വായു പോയ കഥ**

വായു പുത്രനായ ഹനുമാൻ കുഞ്ഞായിരുന്ന കാലം.

മാനത്ത് കത്തിജ്വലിച്ചു നിൽക്കുന്ന സൂര്യനെ കണ്ടപ്പോൾ അതൊരു

തൊണ്ടിപ്പഴമാണെന്നു കരുതി കടിച്ചുതിന്നുവാൻ ഹനുമാൻ ആകാശത്തേക്കു കുതിച്ചു.

സൂര്യന്നടുത്തെത്തിയപ്പോൾ ഹനുമാൻ അതിനെക്കാൾ വലിയൊരു പഴം കണ്ടു.

സൂര്യനെ വിഴുങ്ങാൻ വന്ന രാഹുവായിരുന്നത്രെ അത്. എന്നാൽ അതിനെത്തന്നെ

തിന്നു കളയാം എന്നു കരുതി ഹനുമാൻ രാഹുവിനു നേരെ കുതിച്ചു.

രാഹു പേടിച്ചുവിറച്ച് ഇന്ദ്രനെ വിളിച്ചു രക്ഷക്കായി പ്രാർത്ഥിച്ചു. ഇന്ദ്രൻ ഉടനെ

രാഹുവിനെ രക്ഷിക്കാൻ ഐരാവതത്തിന്റെ പുറത്തുകയറി അവിടെയെത്തി.

ഐരാവതത്തെ കണ്ടപ്പോൾ ഹനുമാന്റെ കൊതി അതിനോടായി.

അതുകണ്ടു കോപിഷ്ഠനായ ഇന്ദ്രൻ വജ്രായുധം കൊണ്ട് ഹനുമാനെ ഒറ്റവെട്ടും

ഒരു തള്ളും. ഹനുമാൻ ഭൂമിയിൽ ചെന്നുവീണു, മാരകമായി പരിക്കേറ്റു.

ഭൂമിയിൽ വീണുകിടക്കുന്ന പുത്രനെ താങ്ങിയെടുത്ത് വായുഭഗവാൻ പാതാളത്തിലേക്കു പോയി. അവനെ ശുശ്രൂഷിച്ചുകൊണ്ട് അവിടെത്തന്നെയിരുന്നു. അങ്ങനെയാണത്രെ ഭൂമിയിൽ വായുവില്ലാതായിപ്പോയത്. വായുവില്ലാതായപ്പോഴുണ്ടായ അവസ്ഥയാണ് കുഞ്ചൻനമ്പ്യാർ തുള്ളലിലൂടെ ഹാസ്യാത്മകമായി അവതരിപ്പിച്ചത്.

ഭൂലോകത്തെ വായുസ്തംഭനം കൊണ്ടു പൊറുതിമുട്ടിയ ത്രിമൂർത്തികൾ വായുഭഗവാനെ തേടിയിറങ്ങി. പാതാളത്തിൽ മകനെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന വായുവിനെ കണ്ടെത്തി ഭൂമിയിലേക്കു പോകാൻ അപേക്ഷിച്ചു. ശ്രീരാമകാര്യത്തിന്നാണ് ഹനുമാൻ പിറന്നതെന്നും സൂര്യഭഗവാന് ഹനുമാൻ വിദ്യയഭ്യസിപ്പിക്കുമെന്നും പറഞ്ഞു സമാധാനിപ്പിച്ച് ഹനുമാനൊടൊപ്പം വായുഭഗവാനെ ഭൂമിയിലേക്കു തിരിച്ചുകൊണ്ടുവന്നു.

ടീച്ചർ കഥ വിശകലനം ചെയ്ത് ചർച്ചയ്ക്കു വിധേയമാക്കണം.

## ചർച്ച ചെയ്യാം TB

ജീവന്റെ നിലനില്പിനു ശുദ്ധവായുവിന്റെ പ്രാധാന്യം ഈ പാഠാവതരണത്തിൽ പ്രത്യേകം ചർച്ച ചെയ്യേണ്ട വിഷയമാണ്. ആഗോളതലത്തിൽ ഇന്നേറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണത്. മനുഷ്യരുടെ തെറ്റായ / അശ്രദ്ധമായ / അത്യാർത്തിപൂണ്ട പ്രവർ ത്തനങ്ങൾ പലയിടത്തും വായുമലിനീകരണ പ്രശ്നം രൂക്ഷമാക്കിയിരിക്കയാണ്.പല പ്രധാന പട്ടണങ്ങളിലും ശുദ്ധവായു ലഭിക്കാത്ത കാരണത്താൽ ഓക്സിജൻപാർലറുകൾ സ്ഥാപിക്കേണ്ട അവസ്ഥയാണിന്ന്. മാരകമായ പല രോഗങ്ങൾക്കും കാരണവും വായുമലിനീകരണം തന്നെയാണ്. ഈ അവസ്ഥ തുടരുകയാണെങ്കിൽ സമീ

പഭാവിയിൽ ഭൂമിയിൽ ജീവിതം അസാധ്യമാകുന്ന അവസ്ഥ വന്നേക്കാമെന്നു ശാസ്ത്രജ്ഞർ മുന്നറിയിപ്പു നൽകുന്നു. ഈ സാഹചര്യങ്ങളെക്കുറിച്ചുള്ള ചർച്ച ക്ലാസിൽ നടക്കട്ടെ.

വായുമലിനീകരണത്തിന്റെ കാരണങ്ങൾ വിശകലനം വിധേയമാക്കണം.

കുട്ടികൾ വ്യക്തിഗതമായി വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കട്ടെ.

ചർച്ചയിൽ  പങ്കെടുത്തും വീക്ഷിച്ചും പ്രധാന ആശയങ്ങൾ കുറിക്കട്ടെ.

ആശയങ്ങൾ ഉൾപ്പെടുത്തി വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പ് ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം.ഏറ്റവും നല്ല കുറിപ്പ് ഓരോ ഗ്രൂപ്പും ക്ലാസിൽ അവതരിപ്പിക്കട്ടെ.  ടീച്ചർ വിലയിരുത്തണം.

## വായിക്കാം ചോദ്യങ്ങളുണ്ടാക്കാം WB

വായുമലിനീകരണത്തെക്കുറിച്ചു സൂചിപ്പിക്കുന്ന ഒരു ഖണ്ഡികയാണു ചോദ്യങ്ങൾ കണ്ടെത്താൻ നൽകിയിരിക്കുന്നത്.  വസ്തുനിഷ്ഠമായ ചോദ്യങ്ങൾ കണ്ടെത്തുകയെന്നത് ചിലപ്പോൾ ഉത്തരം കണ്ടെത്തുന്നതിനെക്കാൾ പ്രയാസകരമായിരിക്കും.

ഗ്രൂപ്പ് പ്രവർത്തനമായി നിർദ്ദേശിക്കാം.  ഓരോ ഗ്രൂപ്പിലും ഉചിതമായ അഞ്ചു ചോദ്യങ്ങളും കണ്ടെത്തട്ടെ.

ഓരോ ഗ്രൂപ്പും കണ്ടെത്തിയ ചോദ്യങ്ങൾ മറ്റൊരു ഗ്രൂപ്പിനു നൽകി ചോദ്യത്തിന്റെ പ്രസക്തിയും സാമ്യവ്യത്യാസങ്ങളും ചർച്ച ചെയ്യണം.

ടീച്ചർ വിലയിരുത്തി അഞ്ചുചോദ്യങ്ങൾ BBയിൽ കുറിക്കുന്നു.

- ജീവജാലങ്ങൾ ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമെന്താണ്?
- അന്തരീക്ഷ വായുവിനെ മലിനമാക്കുന്നത് എന്തെല്ലാമാണ്?
- വായുമലിനീകരണം കാരണം ഭൂമിയിലും ആകാശത്തും എന്തെല്ലാമാണു സംഭവിച്ചുകൊണ്ടിരിക്കുന്നത്?
- വായുമലിനീകരണം ഈ വിധം തുടർന്നാൽ പരിണതഫലം എന്നായിരിക്കും?
- വായുമലിനീകരണത്തിന്റെ അനന്തരഫലമായി ബാധിക്കുന്ന പ്രധാനരോഗം ഏതാണ്?

## നിർദ്ദേശിക്കാം

വായുമലിനീകരണം കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു ക്രോഡീകരിക്കട്ടെ.

പ്രധാന നിർദ്ദേശങ്ങൾ ടീച്ചർ BBയിൽ രേഖപ്പെടുത്തണം.

## പോസ്റ്റർവാക്യങ്ങൾ എഴുതുക WB

വായുമലിനീകരണത്തെക്കുറിച്ചും അതിന്റെ അനന്തരഫലത്തെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്ന പോസ്റ്റർവാക്യങ്ങൾ.

- എന്താണ് പോസ്റ്റർ വാക്യങ്ങൾ?
- പോസ്റ്ററിന്റെ ലക്ഷ്യമെന്താണ്?
- പോസ്റ്ററും നോട്ടീസും തമ്മിലുള്ള വ്യത്യാസമെന്താണ്?
- പോസ്റ്റർവാക്യങ്ങൾ എങ്ങനെയുള്ളതായിരിക്കണം?

ക്ലാസിൽ ചർച്ച നടക്കട്ടെ. കുട്ടികൾ തങ്ങളുടെ വീക്ഷണം അവതരിപ്പിക്കട്ടെ.

ക്രോഡീകരണം:

- ആശയങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കുന്ന വ്യവഹാരരൂപമാണ് പോസ്റ്റർ.
- സന്ദേശങ്ങൾ എളുപ്പത്തിൽ ജനശ്രദ്ധയിൽ എത്തിക്കാനുള്ള മാർഗമാണത്.
- ഉദ്ദിഷ്ടകാര്യം വ്യക്തമാക്കുന്ന വാക്യത്തിന്നാണ് പ്രാധാന്യം നൽകേണ്ടത്.
- ആ ആശയം പ്രകാശിപ്പിക്കുന്ന ചിത്രങ്ങളുമാവാം.
- ആകർഷകമായ വാക്യമായിരിക്കണം.
- ദൂരെ നിന്ന് ഒറ്റനോട്ടത്തിൽ വായിച്ചുമനസ്സിലാക്കാൻ കഴിയുന്നതാവണം.
- ആകർഷകമായ വിധത്തിൽ സംവിധാനം ചെയ്യണം.
- വല്ല പരിപാടിയുടെയും പോസ്റ്ററാണെങ്കിൽ പരിപാടി നടക്കുന്ന സ്ഥലം, തീയതി, സമയം തുടങ്ങിയവ ഉൾപ്പെടുത്തണം.
- പോസ്റ്റർ സംക്ഷിപ്തമാണ്. എന്നാൽ നോട്ടീസ് വിശദവിവരങ്ങളടങ്ങിയതായിരിക്കും.

ലഭിച്ച ധാരണയുടെ അടിസ്ഥാനത്തിൽ കുട്ടികൾ പോസ്റ്റർവാക്യങ്ങൾ തയ്യാറാക്കട്ടെ. വ്യക്തിപരമായി തയ്യാറാക്കിയ വാക്യങ്ങൾ ഗ്രൂപ്പിൽ പങ്കുവച്ച് മെച്ചപ്പെടുത്താം. തയ്യാറാക്കിയവ ഗ്രൂപ്പ് ലവലിൽ പ്രദർശിപ്പിക്കാം. എല്ലാ പോസ്റ്ററും ക്ലാസിലെ എല്ലാ കുട്ടികളും കണ്ടു വിലയിരുത്തട്ടെ.

## ശരിയാക്കി എഴുതുക WB

എഡിറ്റിംഗ് ആണ് ഇവിടെ ഉദ്ദേശിക്കുന്നത്.

വർക്കുബുക്കിൽ നൽകിയ വാക്യങ്ങളിലെ ഘടനാപരമായ തെറ്റുകൾ, അനാവശ്യ പദപ്രയോഗങ്ങൾ, ആവർത്തനങ്ങൾ തുടങ്ങിയ ദോഷങ്ങൾ കണ്ടെത്തി തിരുത്തണം.

**ആദ്യവാക്യം**

- സുഹൃത്തേ, പഴയകാലത്ത് ജീവിക്കാൻ ഇത്ര ചെലവുണ്ടായിരുന്നില്ല.

  ഈ വാക്യത്തിൽ സുഹൃത്തേ' എന്നതു സംബോധനയാണ്. അതിൽ അവസാന അക്ഷരത്തിനു ദീർഘം വേണം, ശേഷം അല്പവിരാമചഹ്നവും ചേർക്കണം. പണ്ട് എന്നാൽ പഴയകാലം എന്നാണർത്ഥം. അപ്പോൾ ഒന്നുകിൽ പങ്കുണ്ട്. എന്നു മാത്രം മതി. അല്ലെങ്കിൽ പഴയകാലം എന്നെഴുതാം.

ചെല്ലുന്നത് ചെലവാണ്. ചിലവ് അതിന്റെ തെറ്റായ പ്രയോഗമാണ്.

**രണ്ടാം വാക്യം :** ഓരോ മനുഷ്യന്റെയും മനസ്സിൽ ആർഭാടത്തോടും ആഡംബര ത്തോടുമുള്ള ആഗ്രഹമുണ്ടാകും.

'ഓരോ' എന്നത് ഏകവചന പ്രയോഗമാണ്. അപ്പോൾ മനുഷ്യൻ എന്നാ മതി. മനുഷ്യൻ എന്ന പദത്തിലെ 'ശ' തെറ്റാണ്. ആർഭാടം എന്നതിൽ 'ട' യാണ് വേണ്ടത്.

**മൂന്നാം വാക്യം:** ഒരിക്കൽ കൂടി ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

കൂടി വരുമ്പോൾ 'വീണ്ടും' ആവശ്യമില്ല. അഭ്യർത്ഥിക്കുക, അപേക്ഷിക്കുക എന്നീ പദങ്ങൾക്ക് ഒരേ അർത്ഥമാണ്. ഏതെങ്കിലുമൊന്ന് പ്രയോഗിച്ചാൽ മതി.

## പാടി രസിക്കാം, ആശയം കണ്ടെത്താം TB

കവിതകൾ ചൊല്ലി ആസ്വദിക്കാനും ആശയം കണ്ടെത്താനുമായി നൽകിയ ഒരു പ്രവർത്തനമാണിത്. ഈണവും താളവുമൊപ്പിച്ച് പാടാൻ കഴിയുന്ന ഈ കവിത കുട്ടികൾ ഗ്രൂപ്പായി അവതരിപ്പിക്കട്ടെ. എല്ലാ ഗ്രൂപ്പും അവതരിപ്പിച്ച ശേഷം ആശയം കണ്ടെത്താൻ നിർദ്ദേശിക്കാം. ഓരോ ഗ്രൂപ്പും തങ്ങൾ കണ്ടെത്തിയ ആശയം കുറിപ്പായി അവതരിപ്പിക്കട്ടെ.

ടീച്ചർ വിലയിരുത്തണം.

# പാഠം – 11
# ചിന്താസരണി

വെണ്ണികുളം ഗോപാലക്കുറുപ്പിന്റെ 'ചിന്താസരണി' എന്ന കവിത മനുഷ്യമനസ്സിലെ മോഹങ്ങളിലേക്കു സൂചന നൽകുന്ന കവിതയാണ്. മോഹങ്ങളാവാം, പക്ഷേ സ്വന്തം നിലയും വിലയും അവസ്ഥയുംമറന്ന് കാണുന്നതെല്ലാം മോഹിച്ചാലോ? മറ്റുള്ളതെല്ലാം തന്നെക്കാൾ മെച്ചപ്പെട്ടതാണെന്നു വിചാരിച്ചാലോ? അതൊരുതരം അതിമോഹമാണ്. ചിന്താശൂന്യമായ വികാരപ്രകടനമാണ്. കവി ആദ്യം ഇത്തരം മോഹങ്ങളിലൂടെയാണു സഞ്ചരിക്കുന്നത്.

പൂങ്കാവനത്തിലെ പൂവു കാണുമ്പോൾ 'ഞാനൊരു പൂവായിരുന്നെങ്കിൽ' എന്നാഗ്രഹിക്കുന്നു. എന്നാൽ തന്റെ സൗന്ദര്യവും സുഗന്ധവും കാഴ്ചക്കാർക്കെല്ലാം ആനന്ദമേകുമായിരുന്നല്ലോ.

കുയിലിന്റെ മനോഹരമായ പാട്ടുകേൾക്കുമ്പോൾ കവിക്കു കുയിലാകാൻ മോഹം. അപ്പോൾ വസന്തസൗഭാഗ്യം നുകർന്ന് പാടുന്ന തന്റെ സംഗീതം എല്ലാവർക്കും സുഖം നൽകുമായിരുന്നു എന്നാണു വിചാരം.

മയിലിനെ കണ്ടപ്പോൾ അത്തരമൊരു പക്ഷിയാവാത്തതു തന്റെ ഭാഗ്യദോഷമായി കവി കരുതിപ്പോകുന്നു. മയിലായിരുന്നെങ്കിൽ അറ്റമില്ലാത്ത സന്തോഷത്താൽ തനിക്കു ചിറകുകൾ വിരിച്ചു നൃത്തമാടാമായിരുന്നല്ലോ.

കൊച്ചു കുഞ്ഞിന്റെ ഇളയ ചുണ്ടുകളിൽ തിളങ്ങുന്ന പുഞ്ചിരി കാണുമ്പോൾ കവിക്കു സങ്കടം, ആ പുഞ്ചിരിയായി പിറക്കാത്തതു കാരണം തന്റെ ഈ ജന്മം തന്നെ അർത്ഥശൂന്യമായിപ്പോയല്ലോ എന്ന്. ഇതൊന്നും വേണ്ട. പ്രശാന്തവും സുന്ദരവുമായ ഭൂമിയിൽ വനലക്ഷ്മിയുടെ മാറിൽ കൗതുകത്തോടെ കൂത്താടുന്ന ഒരു മാൻകിടാവെങ്കിലുമായിരുന്നെങ്കിൽ മതിയായിരുന്നു എന്നാണ് കവി ഒടുവിൽ മോഹിച്ചുപോകുന്നത്.

ഇങ്ങനെ പകൽക്കിനാവു കണ്ടുകൊണ്ടിരിക്കുന്നതിന്നിടയിലാണ് കവിയുടെ ബോധമനസ്സ് ഉണരുന്നത്. അപ്പോൾ കവി സ്വയം കുറ്റപ്പെടുത്തുന്നു. ഇങ്ങനെ യാഥാർത്ഥ്യത്തിൽ നിന്നകന്ന് സ്വതന്ത്രമായി സ്വർഗം പണിയാൻ തുനിയുന്ന മനസ്സേ, ആശയാകുന്ന മനോഹരതേരിൽ കയറി എങ്ങോട്ടാണ് അഭിമാനിയായ നീയിങ്ങനെ പറന്നു പോകുന്നത്? നീ നിന്റെ വില മറന്നു പോകുന്നോ? മഹത്തായ വിവേചനശക്തിയുള്ള മനുഷ്യജന്മത്തിന്റെ മഹത്വം കാണാതെ സുഖാസക്തിയിൽ മുഴുകി കാലം കഴിക്കുകയാണോ നീ? അതൊരിക്കലും ശരിയല്ല. ജീവിതത്തിൽ മോഹങ്ങളനവധിയുണ്ടാവാം, അതൊന്നും പൂർത്തീകരിക്കപ്പെടാത്തതിൽ ദുഃഖമുണ്ടാവാം. എന്നാലും സാക്ഷാൽ പുരുഷാർത്ഥം നിറവേറ്റിയാൽ – ജീവിതദൗത്യം പാലിച്ചാൽ ശാശ്വതവും വിശുദ്ധവുമായ അമൃതക്കടലിൽ ആറാടിക്കഴിയാൻ നീ അവകാശിയാകുമല്ലോ. നിനക്കു ശാശ്വതസൗഖ്യം നേടിയെടുക്കാമല്ലോ.

മനുഷ്യജന്മത്തിന്റെ മഹത്വം വിളംബരപ്പെടുത്തുന്ന കവിതയാണിത്. പ്രകൃതിയിലെ ഒരു വസ്തുവിനും ഒരു ജീവിക്കും മനുഷ്യനോളം മഹത്വമില്ല. വിവേചനശക്തികൊണ്ട്, ബുദ്ധിവൈഭവം കൊണ്ട് മനുഷ്യന്നു സർവ്വജീവജാലങ്ങളെയും അധീനപ്പെടുത്താൻ കഴിയും. കുറെ ഭക്ഷണംകഴിച്ചും ഇണചേർന്നും ജീവിച്ചു മണ്ണടിഞ്ഞുപോകുന്ന ജീവജാലങ്ങൾക്ക് ജീവിത ലക്ഷ്യമെന്നൊന്നില്ല. എന്നാൽ മനുഷ്യന് അതുണ്ട്. അത്യന്തികമായ ആ ലക്ഷ്യം നേടിയെടുക്കാനുള്ള അവസരമാണ് ഭൗതികജീവിതം. ബുദ്ധിയുപയോഗിച്ചു ജീവിതം ചിട്ടപ്പെടുത്തി ശാശ്വതസൗഖ്യമാകുന്ന മോക്ഷം നേടിയെടുക്കാൻ മനുഷ്യൻ ശ്രമിക്കേണ്ടതുണ്ട്. അതു നേടുമ്പോഴേ ജീവിതം സഫലമാവുകയുള്ളൂ. മഹത്തായ ഈ സന്ദേശമാണ് 'ജീവിതസരണി' എന്ന കവിത നൽകുന്നത്. ഈ ചിന്ത കുട്ടികളുടെ മനസ്സിലുണർത്താൻ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

## പാഠാവതരണം

കുട്ടികൾ പാഠഭാഗത്തെ ചിത്രം നിരീക്ഷിക്കട്ടെ.

- എന്തെല്ലാമാണ് ആ ചിത്രത്തിൽ കാണുന്നത്?
- ചിത്രത്തിൽ കാണുന്നതെല്ലാം ഒരാളുടെ മോഹങ്ങളാണെങ്കിലോ? അയാൾ എന്തെല്ലാമാവാനാണ് ആഗ്രഹിക്കുന്നത്?

ചിത്രത്തിൽ കാണുന്ന മാൻ, ചിരിക്കുന്ന കുട്ടി, മയിൽ, പൂവ് എന്നിവയിലേക്കു ശ്രദ്ധ തിരിക്കാം. തുടർന്ന് കൂടുതൽ മനസ്സിലാക്കാൻ നമുക്ക് ഈ കവിത വായിക്കാം എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.കുട്ടികൾ കവിത മൗനമായി വായിക്കുന്നു.

## ആശയ വിശകലനം:

- കവിയുടെ മോഹങ്ങൾ തിരിച്ചറിഞ്ഞോ?
  പൂവായ് പിറന്നാൽ എന്തു മേന്മയാണു കവി കാണുന്നത്?
- കാർവർണമൊക്കും കളകണ്ഠമായാൽ എന്താണു ഗുണം?
- കളകണ്ഠമെന്നാൽ കുയിൽ എന്നാണർത്ഥം. കാർവർണമൊക്കും കുയിലെന്നാൽ?
- സന്തോഷത്തോടെ ചിറകുകൾ വിരിച്ചുത്സവമാടാൻ കഴിയുന്നത് എന്തായാലാണ്?
- തന്റെ ജന്മം അപാർത്ഥമായിപ്പോയെന്നു കവി ചിന്തിച്ചുപോകുന്നത് എന്തു കാണുമ്പോഴാണ്?
- ഒരു കുട്ടിമാനായിരുന്നെങ്കിൽ താൻ എന്തുചെയ്യുമായിരുന്നു എന്നാണു കവി സങ്കല്പിക്കുന്നത്?
- ശുദ്ധപകൽക്കിനാവിൽ സ്വർഗ്ഗം രചിക്കാൻ തുനിയുന്നതെന്താണ്?
- അതിനോടു കവി ചോദിക്കുന്നതെന്ത്?
- എങ്ങനെ കാലം തുലച്ചാൽ മതിയാവില്ല എന്നാണു കവി തിരിച്ചറിയുന്നത്?
- സദാ ചിദാനന്ദ സുധാ സരിത്തിലാറാടി വാഴാൻ അവകാശിയാകുന്നതെപ്പോഴാണ്?

ചോദ്യങ്ങളിലൂടെ, ചർച്ചകളിലൂടെ കവിതയുടെ ആശയതലത്തിലേക്കു കുട്ടികളെ നയിക്കാം. തുടർന്നു കവിതയുടെ സാരാംശം മനസ്സിലായവിധം ഏതാനും കുട്ടികൾ സ്വന്തം വാകൃത്തിൽ അവതരിപ്പിക്കട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു:

- ആകർഷകമായ പലതും കാണുമ്പോൾ അതായിരുന്നെങ്കിൽ എന്ന് മനുഷ്യൻ ആശിച്ചു പോകുന്നു.
- പൂവായിരുന്നെങ്കിൽ, കുയിലായിരുന്നെങ്കിൽ, മയിലായിരുന്നെങ്കിൽ, കുഞ്ഞിന്റെ ചുണ്ടിലെ പുഞ്ചിരിയായിരുന്നെങ്കിൽ, മാൻപേടയായിരുന്നെങ്കിൽ....

  ഇങ്ങനെ പല മോഹങ്ങളാണു കവിക്കുള്ളത്.
- ഇങ്ങനെ പകൽക്കിനാവു കാണുന്ന മനസ്സിനെ ശാസിച്ചുകൊണ്ട് കവി അവസാനം പറയുന്നു: അഭിമാനിയായ നീ വെറും മോഹങ്ങളുടെ പിന്നാലെ പോകുന്നോ?

  വിവേചനശക്തിയുള്ള മനുഷ്യജന്മത്തിന്റെ വില മനസ്സിലാക്കാതെ നിസ്സാര ജീവികളുടെ അവസ്ഥ കൊതിച്ചു പോകുന്നോ നീ?

  ഇത്തരം സുഖാന്വേഷണ ചിന്ത ബുദ്ധിമാനായ നിനക്കൊരിക്കലും ചേർന്നതല്ല. ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം നിറവേറ്റിയാൽ മാത്രമേ നിനക്കു ശാശ്വതമായ സൗഖ്യം / മോക്ഷം നേടാൻ കഴിയുകയുള്ളൂ.

## പ്രവർത്തന വിശകലനം

## കവിതാവരികൾ കണ്ടെത്താം TB

കവിതയുടെ ആശയം മനസ്സിലാക്കിക്കഴിഞ്ഞുവല്ലോ.

തന്നിരിക്കുന്ന ആശയമുൾക്കൊള്ളുന്ന വരികൾ കുട്ടികൾ കവിതയിൽ നിന്നു കണ്ടെത്തി അവതരിപ്പിക്കട്ടെ. ടീച്ചർ വിലയിരുത്തണം.

## ഉത്തരം കണ്ടെത്താം TB

കവിത വീണ്ടും ആശയ ഗ്രഹണത്തോടെ വായിക്കാനുള്ള അവസരമാണിത്. ഇത്തരം പ്രവർത്തനങ്ങളെല്ലാം നിർവഹിക്കുമ്പോൾ പാഠഭാഗത്തേക്കു കുട്ടികളുടെ ശ്രദ്ധ തിരിയേണ്ടത് അത്യാവശ്യമാണ്. നിരന്തര പ്രവർത്തനങ്ങളിലൂടെ പാഠഭാഗത്തെ ആശയം കുട്ടികൾക്ക് സുപരിചിതമാവണം. ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞുകൊടുത്താൽ ഈ പ്രവർത്തനം സഫലമാവില്ലെന്നറിയാമല്ലോ.

## ചർച്ച ചെയ്യാം, പാഠമുൾക്കൊള്ളാം TB

“ഇക്കരെ നിന്നാൽ അക്കരെപ്പച്ച.”

എന്താണ് ഈ ചൊല്ല് സൂചിപ്പിക്കുന്നത്?

- തനിക്കു കിട്ടിയതൊക്കെ വളരെനിസ്സാരമാണ്; മറ്റുള്ളവരുടേതാണ് മെച്ചപ്പെട്ടത്.
- തനിക്കൊന്നുമറിയില്ല മറ്റുള്ളവരൊക്കെ നല്ല അറിവുള്ളവരാണ്.
- എനിക്കിത്തിരിയേയുള്ളൂ, അവർക്കൊക്കെ കൂടുതൽ കിട്ടിയിട്ടുണ്ട്.
- എന്റേതു മോശമാണ്, അവരുടേതൊക്കെ നല്ലതാണ്.

## ക്രോഡീകരണം:

- ഇങ്ങനെ സ്വന്തം അവസ്ഥകളെ ചെറുതായി കാണുകയും മറ്റുള്ളവരുടേത് മെച്ചപ്പെട്ടതും വലുതുമാണെന്നു വിചാരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഈ ചൊല്ലിൽ സൂചിപ്പിക്കുന്നത്.
- പുഴയുടെ ഇക്കരെ നിൽക്കുമ്പോൾ നമുക്കു തോന്നുന്നു, അക്കരെ ധാരാളം മരങ്ങളും ചെടികളുമൊക്കെ നിറഞ്ഞ പ്രദേശമാണെന്ന്. അക്കരെ ചെന്നു നോക്കിയാലോ, ആ ധാരണ തെറ്റാണെന്നു ബോധ്യമാകും. അവിടുന്ന് ഇങ്ങോട്ടു നോക്കുമ്പോൾ ഇക്കരെയായിരിക്കും പച്ച.
- ഇത്തരം ധാരണകൾ ശരിയല്ല; സ്വന്തം ശേഷികൾ തിരിച്ചറിയുകയും അതു വികസിപ്പിക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത്.
- മോഹങ്ങളധികവും അർത്ഥശൂന്യമായ വിചാരങ്ങളാണ്. സുഖാസ്വാദന താല്പര്യമാണ് മോഹങ്ങളെ പിന്തുടരാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത്.
- സ്വന്തം ജീവിതാവസ്ഥകളെയും ജീവിതലക്ഷ്യങ്ങളെയും മനസ്സിലാക്കുന്നവരാണ് ബുദ്ധിമാന്മാർ. അവർക്കേ ശാശ്വതസൗഖ്യം നേടിയെടുക്കാനാവൂ.

## കുറിപ്പ് തയ്യാറാക്കുക

കവിതയുടെ ആശയവും ഉദ്ദേശ്യാർത്ഥവും വേണ്ടത്ര വിശകലനം ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവർത്തനം കുട്ടികൾ ഹോംവർക്കായി ചെയ്യട്ടെ.

**സൂചനകൾ :**

- നമ്മുടെ ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്.
- വിവേചന ശേഷിയില്ലാത്ത മൃഗങ്ങളും പക്ഷികളുമക്കെ തിന്നും കുടിച്ചും സുഖിച്ചും കഴിയുന്നതുപോലെ നമ്മുടെ ജീവിതവും തള്ളിനീക്കാൻ പറ്റില്ല.
- മനുഷ്യജീവിതത്തിന്റെ മഹത്വം തിരിച്ചറിയണം.
- ലക്ഷ്യം മുമ്പിൽ കാണണം. ആ ലക്ഷ്യത്തിലേക്കു മുന്നേറേണ്ട വഴി മനസ്സിലാക്കി പ്രവർത്തിക്കണം.

## താരതമ്യം ചെയ്യാം, കുറിപ്പ് തയ്യാറാക്കാം

കവിതാവരികൾ ടീച്ചർ BBയിൽ പ്രദർശിപ്പിക്കുന്നു.
രണ്ടു കവികളുടെയും മോഹങ്ങൾ കുട്ടികൾ തിരിച്ചറിയട്ടെ.

ഈ മോഹങ്ങൾ തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?
ചർച്ചയിൽ പങ്കെടുത്ത കുട്ടികൾ അഭിപ്രായങ്ങൾ പറയട്ടെ.

- ഒ.എൻ.വിയുടെ മോഹം പഴയ വിദ്യാലയമുറ്റത്തേക്ക് ഒരിക്കൽ കൂടി പോകാനാണ്.
- താൻ പഠിച്ചുവളർന്ന ആ ചുറ്റുപാട് വീണ്ടും കാണാനും ആ ഓർമ്മകൾ അയ വിറക്കാനുമുള്ള താല്പര്യമാണത്.
- എന്നാൽ വെണ്ണികുളത്തിന്റേത് വെറും പകൽക്കിനാവാണ്. ഒരിക്കലും സംഭവി ക്കാനിടയില്ലാത്ത കാര്യമാണ്. മനുഷ്യന് ഒരിക്കലുമൊരു പൂവായോ മൃഗമായോ മാറാൻ കഴിയില്ലല്ലോ.

## ക്രോഡീകരണം:

- മോഹങ്ങൾ പലതരമുണ്ട് : പ്രായോഗികമായതേ മോഹിക്കാവൂ. അല്ലാതെ നട ക്കാത്ത കാര്യങ്ങൾ സങ്കല്പിച്ചു കൊതിക്കുന്നതിൽ ഒരർത്ഥവുമില്ല.

ചർച്ചയിലൂടെ നേടിയ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ താരതമ്യക്കു റിപ്പ് തയ്യാറാക്കട്ടെ. വ്യക്തിപരമായി തയ്യാറാക്കിയ കുറിപ്പുകൾ ഗ്രൂപ്പിൽ അവതരി പ്പിച്ചു മെച്ചപ്പെടുത്തട്ടെ.

ഓരോ ഗ്രൂപ്പും മെച്ചപ്പെട്ട ഒരു കുറിപ്പ് അവതരിപ്പിക്കണം.

അവയെക്കുറിച്ചുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ എല്ലാ കുട്ടികളും ആവശ്യ മായ മാറ്റങ്ങൾ വരുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

## ഭാവിക്കാം, എഴുതാം

ഭാവനയുണർത്താനുള്ള ഒരു പ്രവർത്തമാണിത്.

രസകരമായ ഭാവനകൾ കുട്ടികൾ നെയ്തെടുക്കട്ടെ.

ഏതാനും മാതൃകകൾ കുട്ടികളെ പരിചയപ്പെടുത്താം. ഉദാഹരണമായി അഞ്ചാം ക്ലാസിൽ പരിചയപ്പെട്ട ‘പറക്കും ഞാൻ’ എന്ന കവിത ഓർമ്മിപ്പിക്കാം. കുട്ടികൾ സ്വന്തം ഭാവനകൾ നെയ്ത് കുറിപ്പ് തയ്യാറാക്കട്ടെ. ഏതു ഭാവനയുമാവാം. അർത്ഥപൂർണമായി രിക്കണം അവതരണം.

# യൂണിറ്റ് – 4
# മാനവസ്നേഹത്തിൽ മണിനാവ്

മനുഷ്യൻ സാമൂഹിക ജീവിയാണ്; സമൂഹമില്ലാതെ, മറ്റാരുമായും ബന്ധപ്പെടാതെ ഒരു മനുഷ്യനും ജീവിതം സാധ്യമല്ല. മനുഷ്യപ്രകൃതി തന്നെ സാമൂഹിക ബന്ധങ്ങളില ധിഷ്ഠിതമാണ്. സാമൂഹികബന്ധങ്ങൾ പ്രയോജനപ്രദവും സഫലവുമാകണമെങ്കിൽ വ്യക്തികളിൽ സ്നേഹം, ദയ, കാരുണ്യം, സഹകരണം, സഹജീവിസ്നേഹം തുടങ്ങിയ മാനവിക ഗുണങ്ങൾ അനിവാര്യമാണ്. ഈ ഗുണങ്ങൾ ജന്മസഹജമായിത്തന്നെ മനുഷ്യരിലുണ്ടെങ്കിലും അതിനെതിരായ മൃഗീയവാസനകളും മനുഷ്യമനസ്സിൽ അന്തർലീനമായുണ്ട്. സാഹചര്യങ്ങൾക്കും ഉദ്ബോധനങ്ങൾക്കും പ്രചോദനങ്ങൾക്കും അനുകൂലാവസ്ഥക്കും അനുസൃതമായേ മാനവികമൂല്യങ്ങൾ വികസിക്കുകയുള്ളൂ. തെറ്റായ പ്രവണതകൾ ചില വ്യക്തികളിൽ പ്രകടമാകുമ്പോൾ അതു തിരിച്ചറിയാനും തിരുത്താനും ആരെങ്കിലുമൊക്കെ വേണം. വഴി കാട്ടാൻ മഹാത്മാക്കൾ വേണം. ഗതകാല സമൂഹങ്ങളിലെല്ലാം മാനവസമൂഹത്തെ നന്മയിലേക്കു നയിക്കാൻ പല മഹാത്മാക്കളും സാമൂഹിക പ്രവർത്തകരും രംഗത്തുവന്നിട്ടുണ്ട്. സ്വന്തം ജീവൻപോലും തൃണവദ്ഗണിച്ച സഹജീവികൾക്കായി ആത്മാർത്ഥമായും ധീരമായും അവർ പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ടാണ് മാനവികമൂല്യങ്ങൾ ഇന്നും നിലനിൽക്കുന്നത്.

ഇന്നും മഹാത്മാക്കളുടെ ജീവിതം മനുഷ്യസമൂഹത്തിനു മാതൃകയാണ്. അതുകൊണ്ടുതന്നെ അവരെക്കുറിച്ചു പുതുതലമുറകൾ മനസ്സിലാക്കണം. അവരുടെ സന്ദേശങ്ങൾ ഉൾക്കൊള്ളണം. അവരുടെ പ്രവർത്തനരീതികൾ തിരിച്ചറിയണം. കാലികമായി പ്രായോഗികമാക്കാൻ പറ്റിയവ പ്രായോഗികമാക്കാനുള്ള പ്രചോദനം ലഭിക്കണം.

കാലം അതാവശ്യപ്പെടുന്നുണ്ട്. സമഹൂത്തിൽ മുമ്പുണ്ടായിരുന്ന പല അനാചാരങ്ങളും ദുഷ്പ്രവണതകളും കൂടുതൽ ശക്തമായി ഇന്നു തിരിച്ചുവരുന്നുണ്ട്. ഒരു ഭാഗത്ത് സമ്പത്ത് വർദ്ധിക്കുന്നുണ്ടെങ്കിലും സഹായമർഹിക്കുന്ന പട്ടിണിപ്പാവങ്ങൾ കൂടിക്കൊണ്ടിരിക്കയാണ്. പല തരം ക്രൂരതകൾക്ക് വിധേയരാവുന്നവരുടെ എണ്ണം ദിനം തോറും പെരുകിക്കൊണ്ടിരിക്കുന്നു. അഭയാർത്ഥികളുടെ മുറവിളികൾ എല്ലാ ഭാഗത്തുനിന്നും ഉയർന്നുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കനിവുള്ള മനസ്സും ത്യാഗബോധവും ധൈര്യവും പുതുതലമുറകൾക്കുണ്ടാവേണ്ടതുണ്ട്. നന്മയ്ക്കായി കൂടുതൽ പ്രവർത്തിക്കാൻ കഴിഞ്ഞില്ലെങ്കിലും സ്വന്തം പ്രവർത്തനങ്ങളും വാക്കുകളും സമീപനങ്ങളും ചിന്തകളും മറ്റുള്ളവർക്ക് ആപത്കരമാവരുതെന്ന ബോധമെങ്കിലും പുതുതലമുറകളുടെ മനസ്സിലുണ്ടാവണം. സഹജീവികൾക്കും തന്നെപ്പോലെത്തന്നെ ഇവിടെ ജീവിക്കാൻ അവകാശമുണ്ടെന്ന തിരിച്ചറിവു വേണം.

ഈ ബോധമുണർത്താൻ സഹായകമായ പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ജാതീയതയും അന്ധവിശ്വാസങ്ങളും കൊടികുത്തി വാണിരുന്ന സാമൂഹികാന്തരീക്ഷത്തിൽ അവയ്ക്കെതിരെ പ്രതികരിച്ച് മാനവരെല്ലാം ഒരുപെലെയാണെന്ന

സന്ദേശം പ്രചരിപ്പിക്കുകയും വിദ്യനേടാൻ ജനങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്ത ശ്രീനാരായണഗുരുവിന്റെ ഹ്രസ്വചരിത്രമാണ് ഒന്നാമത്തെ പാഠഭാഗം. രണ്ടാമത്തെ പാഠഭാഗമായ പവിത്രൻ തീക്കുനിയുടെ 'മതിൽ' എന്ന കവിത ജനങ്ങൾക്കിടയിൽ തീർത്തുകൊണ്ടിരിക്കുന്ന വിഭാഗീയമതിലുകൾക്കെതിരെ അവബോധമുണ്ടാക്കുന്നതും വൻവിപത്തിനെക്കുറിച്ചു മുന്നറിയിപ്പു നൽകുന്നതുമാണ്. 'മഹനീയ മനുഷ്യസ്നേഹം' എന്ന പാഠഭാഗം അറേബ്യൻ ഭരണാധികാരിയായിരുന്ന ഖലീഫാഉമറിന്റെ ജനസേവന പ്രവർത്തനങ്ങളിലെ ശ്രദ്ധേയമായൊരു സംഭവം അവതരിപ്പിക്കുന്നു. ജനക്ഷേമത്തിനായി രാത്രികളിൽ ഉറക്കമൊഴിഞ്ഞ് ഊരുചുറ്റിയിരുന്ന ഖലീഫാ ഉമറിന്റെ ജീവിതം ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ടതാണ്. വയലാർ രാമവർമ്മയുടെ 'മാനിഷാദ' എന്ന കവിതയാണ് നാലാമത്തെ പാഠഭാഗം. ആദി കാവ്യത്തിന്റെ പിറവിക്കു നിമിത്തമായ സംഭവം ആവിഷ്കരിക്കുന്നതിലൂടെ കവി സ്നേഹാധിഷ്ഠിത തത്വശാസ്ത്രങ്ങളുടെ പിറവിയെ ഊന്നിപ്പറയുന്നുണ്ട്. മാനവിക മൂല്യങ്ങൾ കുട്ടികളുടെ മനസ്സിലുണർത്താൻ ഈ പാഠഭാഗങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

## പ്രവേശക പ്രവർത്തനം

2018-ൽ ഗസ്സയിലെ ഖാൻയൂനിസിന്റെ കിഴക്കെ അതിർത്തിയിൽ നടന്ന അതിക്രൂരമായ ഒരു കൊലപാതകത്തിന്റെ വാർത്തയാണ് പ്രവേശകമായി നൽകിയിരിക്കുന്നത്. ഇസ്രായേൽ പട്ടാളത്തിന്റെ കൊടുംക്രൂരതകൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ഫലസ്തീൻ ജനതയെ (ജന്മനാട്ടിൽ നിന്ന് ആടിയോടിക്കപ്പെട്ടവരാണ് ഫല്തീനികൾ. ഇസ്രയേൽ പട്ടാളം അവരെ നിരന്തരം വേട്ടയാടുകയും - കൊച്ചു കുഞ്ഞുങ്ങളെയടക്കം - നിഷ്ഠൂരമായി കൊന്നൊടുക്കുകയും ചെയ്യുന്നു.) ആശ്വസിപ്പിക്കാനും പരിചരിക്കാനും സേവനനിരതയായ ധീരയായ റസാൻ അൽനജ്ജാർ എന്ന പെൺകുട്ടിയെയാണ് ഇസ്രയേൽ പട്ടാളം വെടിവച്ചുകൊന്നത്. മുറിവേറ്റവർക്കു മരുന്നുവച്ചുകെട്ടാനും മരണം വരിക്കുന്നവരെ പരിചരിക്കാനും സ്വന്തം ജീവനെക്കുറിച്ച് ചിന്തിക്കാതെ, ഗർജ്ജിക്കുന്ന തോക്കുകൾക്കു കീഴെ ഓടി നടക്കുകയായിരുന്നു വെള്ളവസ്ത്രമണിഞ്ഞ ആ നഴ്സ്. ദയയുടെയും കാരുണ്യത്തിന്റെയും പ്രതീകമായ ആ വെള്ള പ്രാവിനെ സേവന പ്രവർത്തനങ്ങൾക്കിടയിലാണ് ഇസ്രായേൽപട്ടാളം നിഷ്ക്കരുണം വധിച്ചത്.

**പ്രവേശകം കുട്ടികൾ വായിക്കുന്നു. ടീച്ചർ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു:**

എവിടെ നടന്ന സംഭവമാണ് ഈ വാർത്തയിൽ വിവരിക്കുന്നത്?

ജനങ്ങൾ എന്തിന്നാണ് ഇസ്രയേലിന്നെതിരെ പ്രതിഷേധിക്കുന്നത്?

റസാൻ അവിടെയെത്തിയത് എന്തിന്നായിരുന്നു?

റസാൻ ധീരയും ത്യാഗസന്നദ്ധയുമാണെന്നതിനു എന്താണു തെളിവ്?

## ക്രോഡീകരണം:

- തങ്ങൾക്ക് ദൈവം വാഗ്ദത്തം ചെയ്ത ഭൂമിയാണെന്നു പറഞ്ഞു ജൂതന്മാർ ഫലസ്തീനികളുടെ പ്രദേശങ്ങൾ പിടിച്ചടക്കി ഇസ്രായേൽ എന്ന രാജ്യം സ്ഥാപി

ക്കുകയായിരുന്നു 1947 ൽ. അന്നു മുതൽ തുടങ്ങിയതാണ് ഇസ്രയേലും ഫലസ്തീനികളും തമ്മിലുള്ള പോരാട്ടം.

- അമേരിക്കൻ പിന്തുണയോടു കൂടി ഇസ്രയേൽ ഫലസ്തിനികളെ നിഷ്ക്കരുണം കൊന്നൊടുക്കുന്നു. സ്വദേശികളെ ആട്ടിയോടിച്ച് ഇടക്കിടെ തങ്ങളുടെ രാജ്യത്തിന്റെ അതിർത്തികൾ വികസിപ്പിക്കുന്നു.

  ജന്മനാട്ടിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട ഫലസ്തീനികളുടെ സമ്പത്തും വരുമാന മാർഗങ്ങളും വീടുകളും സ്വന്തമാക്കുന്നു.

- ജന്മനാടിന്റെ മോചനത്തിന്നു വേണ്ടി പൊരുതുന്നവരാണു ഫലസ്തീനികൾ.
- നിത്യേനയെന്നോണം അവിടെ വെടിവെപ്പും മരണങ്ങളും നടക്കുന്നു.
- പരിക്കേറ്റവരെ ശുശ്രൂഷിക്കാൻ സ്വന്തം ജീവൻ വകവയ്ക്കാതെ സേവനത്തിന്നിറങ്ങിയ നഴ്സാണ് റസാൻ അൽനജ്ജാർ എന്ന ഇരുപത്തൊന്നുകാരി.
- പരിചരണത്തിനു വരുന്നവരെ അക്രമിക്കാൻ പാടില്ലെന്നാണു നിയമം.
- എന്നിട്ടും ഇസ്രയേൽപട്ടാളക്കാരൻ അവളെ വെടിവച്ചു കൊന്നു.
- ഏതു നിമിഷവും വെടിയേറ്റു മരിക്കാൻ സാധ്യതയുള്ള സംഘർഷഭൂമിയിൽ ഭയപ്പെടാതെ സേവനത്തിന്നിറങ്ങിയ ത്യാഗിനിയാണ് റസാൻ.

റസാന്റെ ധീരമായ പ്രവൃത്തിയെ നിങ്ങൾ എങ്ങനെ കാണുന്നു?

കുട്ടികൾ സ്വന്തം അഭിപ്രായങ്ങൾ കുറിക്കട്ടെ.

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| •മഹാന്മാരുടെ ജീവചരിത്രങ്ങളും അവരെക്കുറിച്ചുള്ള കഥകളും വായിച്ചറിയുകയും ജീവിതപാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു.<br>•സാമൂഹിക പരിഷ്ക്കർത്താക്കളുടെ ജീവചരിത്രവും മഹദ്വചനങ്ങളും ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു. ആശയങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തുന്നു. | ശ്രീനാരായണ ഗുരു | •സാമൂഹിക പരിഷ്കർത്തവായ ശ്രീനാരായണ ഗുരുവിനെ അറിയുന്നു.<br>•കേരളത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും കുറിച്ചു മനസ്സിലാക്കുന്നു.<br>•സാമൂഹിക സേവനത്തിന്നായി ജീവിതം സമർപ്പിച്ച മഹാത്മാക്കളെ പരിചയപ്പെടുന്നു.<br>•ജനസേവന പ്രവർത്തനങ്ങളെക്കുറിച്ചു കുട്ടികളും ബോധമുൾക്കൊള്ളേണ്ടതുണ്ട്. | •പാഠഭാഗം വായന<br>•ജീവചരിത്രം വിശകലനം ചെയ്യൽ.<br>•മഹദ്വചനങ്ങളെക്കുറിച്ചു ചർച്ച.<br>•ആൽബം തയ്യാറാക്കൽ.<br>•വാക്യങ്ങൾ രചിക്കൽ. | ഭാവമുൾ കൊണ്ടുള്ള വായന<br>വിശകലനക്കുറിപ്പ്.<br>ചർച്ചാകുറിപ്പ്<br>ആൽബം<br>വാക്യങ്ങൾ -വർക്കുബുക്ക് | **വിശകലനക്കുറിപ്പ്**<br>• വിശകലന ശേഷി<br>• നിരീക്ഷണ പാടവം<br>• അനുയോജ്യമായ ഭാഷ<br>**ആൽബം**<br>• വിഷയബന്ധം<br>• ക്രമീകരണം<br>• അടിക്കുറിപ്പുകൾ<br>• സംവിധാന രീതി |
| •സമ്പത്ത് വർദ്ധിച്ചപ്പോൾ സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന പല രീതികളും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്.<br>•പഴയ കാലത്തേതിൽ നിന്നു വ്യത്യസ്തമായി സാമൂഹിക ബന്ധത്തിൽ വലിയ മാറ്റങ്ങൾ പ്രത്യക്ഷമായിട്ടുണ്ട്.<br>•ആധുനിക കവിതകൾ സമൂഹത്തിലെ തെറ്റായ രീതികൾക്കെതിരെ രൂക്ഷമായി പ്രതികരിക്കുന്നുണ്ട് | മതിൽ | •ആധുനിക കവിതകൾ ഉൾക്കൊള്ളുന്ന സൂചനകൾ തിരിച്ചറിയേണ്ടതുണ്ട്.<br>•കവിതകൾക്ക് പ്രത്യേക ഈണവും താളവും അനിവാര്യമല്ല. ധ്വനിയാണ് പ്രധാനം.<br>•സാമൂഹിക ബന്ധങ്ങളെക്കുറിച്ചുള്ള ചില തിരിച്ചറിവുകൾ നേടാനുണ്ട്.<br>•കവിതകളിലെ ചില പ്രയോഗങ്ങൾ വിശാലമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. | കവിതാഭാവമുൾക്കൊണ്ട് വായിക്കൽ<br>സമാനാശയമുള്ള കവിതകൾ പരിചയപ്പെടൽ, കുറിപ്പ് തയ്യാറാക്കൽ.<br>മഹദ്വചനങ്ങൾ വിശകലനം ചെയ്യൽ.<br>പ്രയോഗഭംഗിയും ആശയവൈപുല്യവും തിരിച്ചറിയൽ അനുഭലലവക്കുറിപ്പ് തയ്യാറാക്കൽ. | കവിതാ വായന<br>കുറിപ്പ്<br>വിശകലനക്കുറിപ്പ്<br>കുറിപ്പ്<br>അനുഭവക്കുറിപ്പ് | • വിശകലനക്കുറിപ്പ്<br>• വചനങ്ങൾ ഉൾക്കൊള്ളുന്ന ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>• ഉചിതമായ രീതിയിൽ വിശകലനം ചെയ്തിട്ടുണ്ട്.<br>• അനുയോജ്യമായ ഭാഷ |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • മഹാത്മാക്കളുടെ ചരിത്ര കഥകൾ വായിച്ച് ആശയമുൾക്കൊള്ളുകയും അനുയോജ്യമായ സന്ദർഭങ്ങളിൽ ആ മാതൃക പിൻപറ്റി സേവന നിരതരാവുകയും ചെയ്യുന്നു.<br>• മതൃകകൾ ഉൾക്കൊള്ളുന്ന ചരിത്ര കഥകൾ ശേകരിക്കുകകയും അവയിൽനിന്നും പാഠമുൾക്കൊള്ളുകയും ചെയ്യുന്നു.<br>• നാമം, ക്രിയഭേദകം എന്നിവ തിരിച്ചറിയുന്നു. | മഹിതമായ മനുഷ്യസ്നേഹം | • മാനവ സേവനത്തിന്റെ മഹത്തായ മാതൃകകൾ കാണിച്ച മഹാത്മാക്കൾ പലരുണ്ട് ചരിത്രത്തിൽ.<br>• അത്തരം മഹാത്മാക്കളെ മനസ്സിലാക്കുകയും അവരുടെ മാതൃകകൾ പിൻപറ്റി ജീവിക്കുകയും ചെയ്യേണ്ടതുണ്ട്.<br>• അർഹരായവരെ കണ്ടെത്തി സഹായം എത്തിച്ചുകൊടുക്കലാണ് ഏറ്റവും വലിയ സേവനം. | ചരിത്ര കഥ ആശയം വ്യക്തമാക്കി ഭാവാത്മകമായി വായിക്കൽ<br>കഥാവിശകലനം<br>താരതമ്യക്കുറിപ്പ് തയ്യാറാക്കൽ.<br>ചരിത്ര കഥകൾ ശേകരിക്കലും അവതരിപ്പിക്കലും നാമം , ക്രിയ, ഭേദകം മനസ്സിലാക്കൽ സംഭാഷണം തയ്യാറാക്കൽ. | മാതൃകാ വായന<br>വിശകലനക്കുറിപ്പ്<br>താരതമ്യക്കുറിപ്പ്<br>കഥാശേഖരം<br>കുറിപ്പ്<br>സംഭാഷണം | <u>**മാതൃക വായന**</u><br>• ഭാവമുൾക്കൊള്ളൽ<br>• ആശയ വ്യക്തത<br>• ഒഴുക്ക്<br>• അക്ഷരസ്ഫുടത<br><u>**സംഭാഷണം**</u><br>• സ്വഭാവികത<br>• വ്യക്തത<br>• ഉചിതമായ പദ<br>• പ്രയോഗങ്ങൾ<br>പൂർവാപര ബന്ധം |
| • കവിതയുടെ കാലം പ്രമേയം, ചമത്ക്കാര ഭംഗി എന്നിവ ഉൾക്കൊള്ളുകയും അവയെക്കുറിച്ചു കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>• കവിതയുടെ ഈണം, താളം എന്നിവ ക്കണ്ടത്തി ചൊല്ലി അവതരിപ്പിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു.<br>• നോവുന്ന ആത്മാവുകൾക്കു സ്നേഹം പകരാനുള്ള പ്രചോദനം ഉൾക്കൊള്ളുന്നു. | മാനിഷാദ | • കവിതയുടെ താളം കണ്ടെത്തുന്നത് ആസ്വാദ ത്തെ മെച്ചപ്പെടുത്തും<br>• നോവുന്ന ആത്മാവുകൾക്ക് ആശ്വാസം പകരുന്ന തത്വശാസ്ത്രങ്ങൾ മാത്രമേ സ്നേഹാർഹമായിട്ടുള്ളൂ.<br>• മനോവേദനയിൽ നിന്നാണ് ആദികാവ്യമായ രാമായണത്തിന്റെ തുടക്കം.<br>• സാഹിത്യകാരന്മാരിൽ പലരും തൂലികാനാമത്തിലാണ് അറിയപ്പെടുന്നത്. | ഈണം കണ്ടെത്തൽ<br>വിശകലനം ചെയ്യൽ<br>അന്വേഷിച്ചു കണ്ടെത്തൽ<br>സാഹിത്യകാരന്മാരുടെ യഥാർത്ഥ പേരുകൾ കണ്ടെത്തൽ. | ഈണത്തിലുള്ള ആലാപനം.<br>വിശകലനക്കുറിപ്പ്.<br>യഥാർത്ഥ പേരുകൾ: വർക്കുബുക്കിലെ പട്ടിക പൂർത്തീകരിക്കൽ. | <u>**വിശകലനക്കുറിപ്പ്**</u><br>• കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>• കാവ്യസന്ദർഭങ്ങളിലെ പാഠങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>• അനുയോജ്യമായ ഭാഷ<br>• യഥാർത്ഥ പേരുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. |

# പാഠം – 12
# ശ്രീനാരായണ ഗുരു

കേരളത്തിൽ ജാതീയത കൊടികുത്തിവാണിരുന്ന കാലത്താണ് ശ്രീനാരായണ ഗുരുവിന്റെ ജനനം. തിരിച്ചറിവിന്റെ പ്രായമായതു മുതൽ നാരായണൻ എന്ന നാണുചുറ്റും കാണുന്നത് വേർതിരിവിന്റെ മതിൽക്കെട്ടുകളാണ്. ഉയർന്ന ജാതിക്കാർ സ്വേഛാധിപതികളായി വാഴുന്നു. താഴ്ന്ന ജാതിക്കാർക്ക് അമ്പലത്തിൽ പ്രവേശനമില്ല. വിദ്യാഭ്യാസം നേടാൻ അവകാശമില്ല. സ്വന്തം താല്പര്യപ്രകാരം വസ്ത്രംധരിക്കാൻ പോലും അനുവാദമില്ല. ഉയർന്ന ജാതിക്കാർക്കുവേണ്ടി പണിയാനും കൃഷി നടത്താനും അവർക്കു പാദസേവ ചെയ്യാനും വിധിക്കപ്പെട്ടവരാണു താഴ്ന്ന ജാതിക്കാർ. ഉയർന്ന ജാതിക്കാർക്ക് അവരെ എന്തുവേണമെങ്കിലും ചെയ്യാം. കൊന്നാൽ പോലും ചോദ്യമില്ല.

അമ്പലങ്ങളും ദൈവങ്ങളും ഉയർന്ന ജാതിക്കാരുടേതായിരുന്നു. തങ്ങൾ സൃഷ്ടിച്ച നിയമങ്ങൾ ലംഘിക്കുന്നത് ദൈവകോപത്തിനു കാരണമാകുമെന്ന് അവർ താഴ്ന്ന ജാതിക്കാരെ വിശ്വസിപ്പിച്ചു. അതു കാരണം എന്തു നെറികേടുകളും നിശ്ശബ്ദം സഹിക്കാനും ജാതിക്കോമരങ്ങളെ അനുസരിക്കാനും അവർ നിർബന്ധിതരായി.

തിരിച്ചറിവിന്റെ പ്രായമെത്തിയപ്പോൾ മുതൽ നാണു കാണുന്നത് ഇത്തരമൊരു ലോകമാണ്. ബുദ്ധിമാനായ അവന്റെ മനസ്സിൽ അതു ചില ചോദ്യങ്ങളുയർത്തിയിരിക്കണം; മറ്റു പലരുടെയും മനസ്സിലെന്നപോലെ. എന്നാൽ പലരും പറയാൻ മടിച്ചത്, ചോദിക്കാൻ മടിച്ചത് നാണു പറയുകയും ചോദിക്കുകയും ചെയ്തു. സ്വന്തം ജീവിതത്തിന്റെ അർത്ഥതലങ്ങളെക്കുറിച്ചു ചിന്തിച്ചു. തന്റെ ചുറ്റുമുള്ള ജനങ്ങളെക്കുറിച്ചു ചിന്തിച്ചു. ചൂഷകരുടെയും ചൂഷിതരുടെയും അവസ്ഥകൾ വിലയിരുത്തി. മോചനത്തിന്റെ വഴികൾ ആരാഞ്ഞു.

ഏതു പ്രവർത്തനത്തിനും വിദ്യാഭ്യാസത്തിന്റെ അനിവാര്യത തിരിച്ചറിഞ്ഞ നാണു അക്കാലത്ത് കിട്ടാവുന്നേടത്തോളം വിദ്യ കരസ്ഥമാക്കി. മനനവും ധ്യാനവും ശീലിച്ചു. അപ്പോഴാണദ്ദേഹത്തിനു തന്റെ ദൗത്യത്തെക്കുറിച്ചു ബോധമുണർന്നത്. ജനസേവനത്തിലൂടെ അദ്ദേഹം സ്വന്തം സമുദായാംഗങ്ങളുടെ പ്രീതി നേടി. അവരുടെ മനസ്സിലദ്ദേഹം വിമോചനത്തിന്റെ മന്ത്രങ്ങൾ കുടിയിരുത്തി. അങ്ങനെയാണദ്ദേഹം അരുവിപ്പുറത്ത് സ്വന്തമായി ശിവപ്രതിഷ്ഠ നടത്തിയത്. ക്ഷുഭിതരായ സവർണജാതിക്കാരെ അദ്ദേഹം പ്രതിരോധിച്ചത് യുക്തിപൂർണമായ പ്രതികരണത്തിലൂടെയായിരുന്നു. ഈഴവനായ താൻ പ്രതിഷ്ഠിച്ചത് ഈഴവശിവനെയാണെന്നദ്ദേഹം പ്രഖ്യാപിച്ചു.. അമ്പലത്തിലുള്ളത് അവർണർക്കു പ്രാപിക്കാൻ കഴിയാത്ത സവർണ ശിവനാണെങ്കിൽ തങ്ങളുടേത് ഈഴവനായ, ഈഴവർക്കു പ്രാപിക്കാവുന്ന ശിവനാണെന്നർത്ഥം. ദൈവങ്ങളെപ്പോലും സ്വന്തമാക്കിവച്ചവർക്ക് അതൊരു കനത്ത പ്രഹരമായി.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ ശ്രീനാരയണഗുരു ധർമപരിപാലന യോഗം സ്ഥാപിച്ചു വിദ്യാലയങ്ങൾക്കു തുടക്കമിട്ടു. സാരോപദേശങ്ങളിലൂടെ ജനമനസ്സുകളെ പ്രബുദ്ധമാക്കി. അങ്ങനെ വലിയൊരു വിപ്ലവത്തിന് അദ്ദേഹം തുടക്കം കുറിച്ചു.

ശ്രീനാരായണ ഗുരുവിനെയും അദ്ദേഹത്തിന്റെ സന്ദേശങ്ങളെയും പ്രവർത്തനരീതികളെയും കുറിച്ചു വരുംതലമുറകൾ ഉദ്ബുദ്ധരാവേണ്ടതുണ്ട്. സമത്വത്തിന്റെയും സേവനത്തിന്റെയും ഐക്യത്തിന്റെയും പാഠങ്ങൾ അവർ പഠിക്കേണ്ടതുണ്ട്. വിപ്ലവപാതകൾ പരിചയപ്പെടേണ്ടതുണ്ട്. അതിന്നായി ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം.

## പാഠാവതരണം

ടീച്ചർ ഒരു ചാർട്ട് പ്രദർശിപ്പിക്കുന്നു :

| |
|---|
| ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്<br>ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത്<br>വിദ്യനേടി പ്രബുദ്ധരാവുക.<br>ശ്രീനാരായണ ഗുരു |

**കുട്ടികൾ ചാർട്ട് വായിക്കട്ടെ**

തുടർന്ന് ഒരു ചർച്ചയാവാം: ആരാണീ ശ്രീനാരായണഗുരു?
ജാതീയത എന്നാലെന്ത്?
ജാതികൾക്കെന്താണു കുഴപ്പം?

കുട്ടികൾ അഭിപ്രായം പറയട്ടെ.

'ശ്രീനാരായണ ഗുരുവിനെയും ജാതീയതയെയും കുറിച്ച് നമുക്ക് കൂടുതൽ മനസ്സിലാക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശം നൽകാം.

മൗനവായനയിലൂടെ കുട്ടികൾ പാഠഭാഗം പരിചയപ്പെടട്ടെ.

- ശ്രീനാരായണഗുരു ജനിച്ച കാലത്തെ അവസ്ഥകൾ വ്യക്തമാക്കുന്ന ഭാഗം കുട്ടികൾ കണ്ടെത്തട്ടെ.
- തൊട്ടു കൂടായ്മ, തീണ്ടൽ എന്നൊക്കെ പറയുന്നതെന്താണ്?
- താഴ്ന്ന ജാതിക്കാരുടെ അന്നത്തെ അവസ്ഥ എങ്ങനെയായിരുന്നു?
- ഉയർന്ന ജാതിക്കാർ താഴ്ന്ന ജാതിക്കാരെ വിശ്വസിപ്പിച്ചിരുന്നതെന്തായിരുന്നു?

ടീച്ചറുടെ ഇടപെടലിലൂടെ കുട്ടികൾ അന്നത്തെ അവസ്ഥകൾ തിരിച്ചറിയുന്നു.

തുടർന്ന് ഗുരുവിന്റെ കുട്ടിക്കാലം, പഠനം, യാത്രകൾ എന്നിവ ചർച്ച ചെയ്യുന്നു.

നാടുചുറ്റൽ കഴിഞ്ഞു തിരിച്ചെത്തിയ ഗുരു ഇരവിപുരത്തു താമസമാക്കിയതു മുതലുള്ള കാര്യങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

ഗുരു ശിവപ്രതിഷ്ഠ നടത്തിയത്,

- ക്ഷേത്രങ്ങൾ സ്ഥാപിച്ചത്,
- പിന്നാക്കക്കാരെ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾ,

- ഗുരുവിന്റെ ഉപദേശങ്ങൾ,
- ധീരമായ പ്രവർത്തനങ്ങൾ തുടങ്ങിയവ വിശകലന വിധേയമാക്കാം.

## അർത്ഥം ഗ്രഹിക്കാം TB

കേവലം പദാർത്ഥത്തിന്നപ്പുറമുള്ള അർത്ഥതലങ്ങൾ തിരിച്ചറിയേണ്ട ചില പദങ്ങൾ ഈ പാഠഭാഗത്തുണ്ട്. അവ വിശകലനംവിധേയമാക്കണം.

- സവർണ്ണൻ, അവർണ്ണൻ: ചാതുർവർണ്യത്തിൽ പെട്ടവരെ (ബ്രാഹ്മണർ, ക്ഷത്രിയർ വൈശ്യർ, ശൂദ്രർ) ഉയർന്ന ജാതിക്കാർ എന്ന നിലയിൽ സവർണരെന്നും അതിൽ ഉൾപ്പെടാത്തവരെ താഴ്ന്നജാതിയിൽ പെട്ടവർ എന്ന അർത്ഥത്തിൽ അവർണർ എന്നും പറയുന്നു.

- തീണ്ടൽ എന്നാൽ അശുദ്ധി എന്നർത്ഥം. ഉയർന്ന ജാതിക്കാരിൽനിന്നു താഴ്ന്ന ജാതിക്കാർ നിശ്ചിതഅകലം പാലിക്കണം എന്നാണു നിയമം. അവരോടടുക്കാൻ പാടില്ല.

- കോമരം : ദേവീക്ഷേത്രത്തിൽ ഭഗവതിയുടെ പ്രതിനിധിയായി നിൽക്കുന്ന ആൾ. മൂർത്തി, അവതാരം, വെള്ളിച്ചപ്പാട്, ആവേശം കൊണ്ടു തുള്ളുന്നവൻ എന്നും അർത്ഥമുണ്ട്.

യാഥാസ്ഥിതികൻ : നേരുള്ളവൻ,മുമ്പുണ്ടായിരുന്ന അതേ അവസ്ഥയിലുള്ളവർ എന്നൊക്കെ അർത്ഥമുണ്ട്. കാലത്തിന്നൊത്ത് മാറാൻ തയ്യാറാവാതെ പഴയ അവസ്ഥയിൽ തന്നെ നിലകൊള്ളണമെന്നു ശഠിക്കുന്നവർ എന്നാണുദ്ദേശ്യം.

പ്രതിഷ്ഠ : ക്ഷേത്രങ്ങളിൽ ദേവനായി ഒരു വിഗ്രഹത്തെ സങ്കല്പിക്കുന്ന ചടങ്ങിന്നാണ് പ്രതിഷ്ഠ എന്നു പറയുന്നത്.

## കണ്ടെത്താം TB

പാഠഭാഗം വീണ്ടും വായിക്കാനുള്ള പ്രവർത്തനമാണിത്. ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കുട്ടികൾ പാഠഭാഗം വീണ്ടും വായിക്കട്ടെ. വ്യക്തിഗതമായി ഉത്തരം കണ്ടെത്തി ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തട്ടെ.

ഓരോ ഗ്രൂപ്പിലും തയ്യാറാക്കിയ മെച്ചപ്പെട്ട ഒരു ഉത്തരം ക്ലാസിൽ വായിക്കുന്നു. കൂട്ടിച്ചേർക്കലുകൾക്കു ശേഷം നോട്ടുബുക്കിൽ എഴുതാം.

## വിശകലനം ചെയ്യാം TB

ചില വാക്യങ്ങൾക്ക് അതിൽ പ്രയോഗിച്ച പദങ്ങൾക്കപ്പുറം ചില ആശയങ്ങളുണ്ടാവും. അവ കണ്ടെത്തുകയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

നൽകിയ വാക്യങ്ങൾ കുട്ടികൾ വായിക്കട്ടെ. BBയിൽ എഴതിക്കാണിക്കാം.

ഇവ പാഠഭാഗത്ത് ഏതു സന്ദർഭത്തിലാണ് പ്രയോഗിച്ചതെന്നും എതർത്ഥത്തിലാണു പ്രയോഗിച്ചതെന്നും കുട്ടികൾ കണ്ടെത്തട്ടെ. തുടർന്നു ചർച്ച ചെയ്യാം.

- "ഞാൻ പ്രതിഷ്ഠിച്ചത് ഈഴവശ്ശിവനെയാണ്, നിങ്ങളുടെ ശിവനെയല്ല."
- ഗുരു എന്തായിരിക്കാം ഈ വാക്കിലൂടെ ഉദ്ദേശിക്കുന്നത്?

  ദൈവം എല്ലാവരുടേതുമല്ലേ? ദൈവത്തിനു ജാതിയുണ്ടോ?

- സർവ്വേശ്വരനായ ദൈവത്തെ സ്വന്തമാക്കിവച്ച സവർണരുടെ നടപടിയെ പരിഹസിക്കുകയാണിവിടെ ഗുരു.

  ജാതിയില്ലാത്ത ദൈവത്തെ നിങ്ങൾ നിങ്ങളുടേതാക്കിയെങ്കിൽ ഈഴവരായ ഞങ്ങൾ പ്രതിഷ്ഠിച്ചത് ഈഴവനായ ശിവനെയാണ് എന്നു സൂചന.

- ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്-

  ജാതി ഒന്നേയുള്ളൂ, അതു മനുഷ്യജാതിയാണ് എന്നും

  മനുഷ്യത്വമാണ് എല്ലാവരുടെയും മതമെന്നും എല്ലാ സൃഷ്ടികൾക്കുമായി ഒരു ദൈവം മാത്രമേയുള്ളുവെന്നുമാണ് ഗുരുവിന്റെ വീക്ഷണം.

## കുറിപ്പ് തയ്യാറാക്കാം TB

" അവനിവനെ -------- വരേണം."

ശ്രീനാരായണ ഗുരുവിന്റെ ഈ കാവ്യശകലം കുട്ടികൾ വായിക്കട്ടെ.

ഈ വരികളിലെ പദങ്ങൾ പിരിച്ചെഴുതി ആശയം കണ്ടെത്താൻ നിർദ്ദേശിക്കാം.

അവൻ, ഇവൻ എന്നിങ്ങനെ നാം മനുഷ്യരെ വേർതിരിച്ചു പറയുന്നു. എന്നാൽ എല്ലാവരും ഒരു സത്തയിൽനിന്നു വേർതിരിഞ്ഞുണ്ടായതാണ്. അടിസ്ഥാനം ഭൂമിയിൽ ആദിയിലുണ്ടായ ഒരു ആത്മീയരൂപമാണ് നിന്ന് (ആദ്യമനുഷ്യന്റെ സന്തതികളാണെല്ലാവരും എന്നു പറയാം) എല്ലാവരും പരസ്പരം സഹോദരരാണ്. സത്താപരമായി യാതൊരു വിവേചനത്തിനും അടിസ്ഥാനമില്ല. അതിനാൽ സൗഹൃദത്തോടെ, സ്നേഹത്തോടെ ജീവിക്കാൻ എല്ലാവർക്കും ബാധ്യതയുണ്ട്.

- ഓരോരുത്തരും സ്വന്തം സുഖത്തിനായി ചെയ്യുന്ന കാര്യങ്ങൾ പോലും മറ്റുള്ളവരുടെയും സുഖത്തിനു പ്രയോജനപ്പെടുന്നതാവണം. ഒരാളെയും ഉപദ്രവിക്കാനോ ഒരാളുടെയും അവകാശങ്ങളെ ഹനിക്കാനോ പാടില്ലെന്നു ചുരുക്കം.

ചർച്ചയിലൂടെ ഈ ആശയത്തിലേക്കു കുട്ടികളെ കൊണ്ടുവരണം.

വ്യക്തിഗതമായി കുറിപ്പുകൾ തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തട്ടെ.

ടീച്ചർ വിലയിരുത്തണം.

## വാക്യം മാറ്റി എഴുതുക TB

അർത്ഥവ്യത്യാസം വരാതെ ഒരേ വാക്യം എങ്ങനെയെല്ലാം മാറ്റി എഴുതാം?

പദങ്ങള വിവിധതരത്തിൽ പ്രയോഗിക്കാനുള്ള പരിശീലനമാണുദ്ദേശ്യം.

പദം വായിച്ച് കുട്ടികൾ വ്യത്യസ്ത രൂപത്തിൽ പറയട്ടെ. ടീച്ചർ അവ BBയിൽ കുറിക്കുന്നു. അപാകതകൾ തിരുത്തുന്നു.

- ♦ സമാധാനം തേടി ഹിന്ദുസമുദായത്തിലെ സാധാരണക്കാരായ ജനങ്ങൾ സ്വാമിയുടെ സന്നിധിയിലെത്തി.
- ♦ സ്വാമിയുടെ സന്നിധിയിൽ സമാധാനം തേടി ഹിന്ദുസമുദായത്തിലെ സാധാരണക്കാരായ ജനങ്ങളെത്തി.
- ♦ സമാധാനം തേടി സ്വാമിയുടെ സന്നിധിയിൽ ഹിന്ദുസമുദായത്തിലെ സാധാരണക്കാരായ ജനങ്ങളെത്തി.

## ശേഖരിക്കാം, ആൽബം തയ്യാറാക്കാം TB

'കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കൾ.'

കുട്ടികൾ അന്വേഷിച്ചു കണ്ടെത്തട്ടെ. പരിഷ്കർത്താക്കളുടെ ചിത്രങ്ങൾക്കൊപ്പം അവരുടെ ജീവചരിത്രവും അവർ ചെയ്ത സേവനവും ലഘുവായി രേഖപ്പെടുത്തണം. പരമാവധി വിവരങ്ങൾ വ്യക്തിഗതമായി ശേഖരിച്ച് ഗ്രൂപ്പുകളിൽ ചർച്ച നടത്തട്ടെ.

ടീച്ചർ സന്ദർഭോചിതമായി ഇടപെടുകയും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുകയും വേണം. ചിത്രീകരണത്തിനും ആകർഷകമായി സംവിധാനം ചെയ്യുന്നതിനും യോഗ്യരായ കുട്ടികളെ ചുമതലപ്പെടുത്തണം.

ആൽബം തയ്യാറാക്കി അസംബ്ലിയിൽ പ്രകാശനം ചെയ്യാം.

## വിശകലനം ചെയ്യാം, കുറിപ്പു തയ്യാറാക്കാം

നൽകിയിരിക്കുന്ന വരികൾ കുട്ടികൾ വായിക്കട്ടെ :

"നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര!
നിങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര!"

കവിതയിൽ പ്രയോഗിച്ച ഭാഷാപദങ്ങളിലെ വ്യത്യാസം കണ്ടെത്തട്ടെ.

- ഇത്തരം ഭാഷാപദങ്ങൾ ആരാണുപയോഗിച്ചിരുന്നത്?
- എന്താണ് ഈ വരികളിൽ പറയുന്നത്?
- ആ ചോദ്യങ്ങളുടെ പൊരുളെന്താണ്?

സമുദായത്തിലെ താഴ്ന്ന ജാതിയിൽ പെട്ട പുലയവിഭാഗത്തിന്നിടയിൽ പ്രചാരമുള്ള തോറ്റംപാട്ടിലെ ഈ വരികളിൽ തൊട്ടുകൂടായ്മക്കും തീണ്ടിക്കൂടായ്മക്കുമെതിരെയുള്ള രൂക്ഷമായ വിമർശവും അരിശവും പരിഹാസവും ഒളിഞ്ഞിരിക്കുന്നുണ്ട്. നേരിട്ട് ഇത്തരം കാര്യങ്ങൾ പറയാൻ സാധ്യമല്ലാതിരുന്ന കാലത്ത് തങ്ങളുടെ മനോഭാവം പാട്ടുകളിലൂടെ പ്രകടിപ്പിച്ചതാവാം. ഉയർന്ന ജാതിക്കാർ വഴിയിലൂടെ വന്നാൽ താഴ്ന്ന ജാതിക്കാർ ആ വഴിയിൽനിന്നു നിശ്ചിത അകലം മാറി നിൽക്കണമെന്നായിരുന്നു നിയമം. അടുത്തുപോയാൽ ഉയർന്ന ജാതിക്കാർ അശുദ്ധരായിപ്പോകും.

ചിന്നപ്പുലയൻ സഞ്ചരിക്കുന്ന വഴിയിലൂടെ തമ്പ്രാനും സേവകരും വരുന്നതാണു പശ്ചാത്തലം.

പുലയനോട് തിരിഞ്ഞോടി വഴിയിൽനിന്നു അകന്നു നിൽക്കാൻ അവർ ആവശ്യപ്പെടുന്നു. അപ്പോൾ പുലയൻ വഴിമാറാതെ തമ്പ്രാനെ ചോദ്യം ചെയ്യുന്ന ഭാഗത്തു നിന്നെടുത്തതാണീ വരികൾ:

എന്റെ ശരീരത്തിലും താങ്കളുടെ ശരീരത്തിലും ഒരേ നിറത്തിലുള്ള ചോരയാണുള്ളത്. മരിച്ച് ഈശ്വരന്റെ സന്നിധിയിലെത്തിയാലോ, നിങ്ങളും ഞങ്ങളുമൊക്കെ അവിടെ ഒരുപോലെയാണ്. മനുഷ്യൻ എന്ന നിക്കു നമ്മൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ല പിന്നെ എന്തിന്നാണു നിങ്ങളിങ്ങനെ ജാതിയും തറവാടിത്തവും പറഞ്ഞു ശാഠ്യം പിടിക്കുന്നത്. എന്നിങ്ങനെ പല ന്യായങ്ങളും പറഞ്ഞ് പുലയൻ ചെറുത്തു നിൽക്കുന്നു. പുലയിൻ പറയുന്ന ന്യായങ്ങളിൽ പെട്ടതാണ് പ്രസ്തുത വരികൾ.

എന്തടിസ്ഥാനത്തിലാണ് തമ്പ്രാൻ വഴിമാറാൻ എന്നോട് ആവശ്യപ്പെടുന്നത്? എന്റെ ഉക്കത്ത് ഒരു കുഞ്ഞുണ്ട്, തലയിൽ കള്ളുപാത്രമുണ്ട്, എങ്ങനെയാണിപ്പോൾ ഞാൻ വഴി തിരിഞ്ഞോടുക? അങ്ങെല്ലാം കാട്. ഇങ്ങെല്ലാം മുള്ള്, എന്തു ചെയ്യണമെന്നെനിക്കറിയില്ല...

ചർച്ചയ്ക്കു ശേഷം കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കട്ടെ.

ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തി വർക്കുബുക്കിലെഴുതാം.

## വിപരീത പദം TB

| | | | |
|---|---|---|---|
| അനേകം x ഏകം | | സ്ഥിരം | x അസ്ഥിരം |
| ധീരൻ | x ഭീരു | പിന്നാക്കം | x മുന്നോക്കം |
| സംഹാരം x നിർമ്മാണം | | ഉന്നതൻ | x അധമൻ |

## ഒറ്റ വാക്യമാക്കുക WB

ആശയമാറ്റം സംഭവിക്കാതെ ഒറ്റ വാക്യമാക്കി എഴുതട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താം. ടീച്ചർ വിലയിരുത്തണം.

## മാതൃകപോലെ എഴുതുക WB

പദങ്ങൾ അനുയോജ്യമായ സന്ദർഭത്തിൽ വ്യത്യസ്ത രൂപങ്ങളിൽ പ്രയോഗിക്കാനുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം.

- വിശ്വസനീയം
- വന്ദനീയം
- കരണീയം
- ശ്ലാഘനീയം

} അർത്ഥം മനസ്സിലാക്കി എഴുതട്ടെ. കുടുതൽ ഉദാഹരണങ്ങൾ നൽകണം.

- ഇവയിൽ സ്ത്രീലിംഗവും പുല്ലിംഗവും കുട്ടികൾ വേർതിരിച്ചു പറയട്ടെ.

അച്ഛൻ, സഹോദരി, പണിക്കാരൻ, ഉദ്യോഗസ്ഥ, നേതാവ്, വൃദ്ധ, നായകൻ
കള്ളൻ, അമ്മ, സഹോദരൻ, കള്ളി, പണിക്കാരി, പുതുമാരൻ, നായിക
തുടർന്നു വർക്കുബുക്കിലെ പ്രവർത്തനം കുട്ടികൾ പൂർത്തീകരിക്കട്ടെ.

## കത്തെഴുതാം WB

കത്ത് എന്ന വ്യവഹാരൂപം പരിചയപ്പെടുന്ന പ്രവർത്തനമാണിത്. വ്യക്തിപരമായ കത്താണ് എഴുതേണ്ടത്.

കത്ത് എഴുതേണ്ടതെങ്ങനെ? ചർച്ച ചെയ്യാം.

### ക്രോഡീകരണം :

- കത്തിന്റെ വലതു വശത്തു മുകളിൽ കത്ത് എഴുതുന്ന സ്ഥലവും താഴെ എഴുതുന്ന തിയ്യതിയും കാണിക്കണം.
- അഭിസംബോധന വേണം. ആർക്കാണോ എഴുതുന്നത് അവരുടെ അവസ്ഥക്കനുസരിച്ച് പ്രിയ സുഹൃത്തേ, ചങ്ങാതീ, കൂട്ടുകാരാ,..വന്ദ്യരേ എന്നിങ്ങനെ.
- അതിനുശേഷം സുഖാന്വേഷണം നടത്തണം.
- പിന്നെ എഴുതുന്നയാളുടെയും കൂട്ടുകാരുടെയും കുടുംബത്തിന്റെയുമൊക്കെ വിശേഷങ്ങൾ എഴുതാം.
- തുടർന്ന് കത്തെഴുതാനുള്ള കാരണം/ വസ്തുത വിവരിക്കണം.
- ഉപസംഹാരം വേണം.
- അവസാനത്തിൽ ആർക്കാണോ എഴുതുന്നത് അവരുടെ അവസ്ഥയനുസരിച്ച്

സസ്നേഹം, സവിനയം, ആദരവോടെ, സ്നേഹത്തോടെ, നിങ്ങളുടെ, നിന്റെ.... എന്നിങ്ങനെയുള്ള പ്രയോഗങ്ങൾക്കു ശേഷം പെരെഴുതി ഒപ്പിടണം. താഴെ സ്വന്തം മേൽവിലാസം എഴുതണം

| |
|---|
| അയക്കാനുള്ള ആളുടെ മേൽവിലാസം<br>കോളത്തിൽ നൽകണം |

# പാഠം – 13

# മതിൽ

പവിത്രൻ തീക്കുനി എഴുതിയ ലഘുകവിതയാണു മതിൽ. ലഘുവെങ്കിലും വിശാലമായ അർത്ഥതലങ്ങൾ ഈ കവിത ഉൾക്കൊള്ളുന്നുണ്ട്. സമൂഹത്തിൽ ഓരോ വ്യക്തിയും സ്വന്തം തട്ടകങ്ങളിലേക്ക് ഒതുങ്ങിക്കൂടുന്ന കാലമാണിത്. വാഹനങ്ങളിൽ അടുത്തടുത്തിരുന്ന് മണിക്കൂറുകൾ യാത്ര ചെയ്താലും പരസ്പരം ഒന്നുരിയാടാൻ പോലും സന്നദ്ധരാവാതെ അകലെയുള്ളവരുമായി സംവദിച്ചുകൊണ്ടിരിക്കുകയും സ്വകാര്യദൃശ്യങ്ങളിൽ രമിക്കുകയും ചെയ്യുന്നവരായി മാറിക്കഴിഞ്ഞിരിക്കുന്നു ജനങ്ങൾ. കൊടിയ സ്വാർത്ഥത എന്നു വേണമെങ്കിലിതിനെ വിശേഷിപ്പിക്കാം.

ഈ പ്രവണതയുടെ പ്രത്യക്ഷമായൊരു ദൃശ്യമാണ് ഗ്രാമ പ്രദേശങ്ങളിൽ പോലും ഉയർന്നുകൊണ്ടിരിക്കുന്ന മതിലുകൾ. അയൽക്കാരെ കാണാൻപോലും കഴിയാത്ത വിധം വീടിനു ചുറ്റും മതിലുകളുയർത്തി ഗേറ്റ് വച്ചു പൂട്ടിയിട്ടാലേ ചിലർക്കു സ്വസ്ഥതയുള്ളൂ. സ്വന്തം ഭൂമിയിൽ സ്വന്തം വീടിനു ചുറ്റും മതിലുകെട്ടുന്നതിലെന്താണു കുഴപ്പം എന്നാണു പലരുടെയും ധാരണ. എന്നാൽ ഈ മതിലുകൾ വ്യക്തികൾക്കിടയിൽ തീർക്കുന്ന അകലം കുറച്ചൊന്നുമല്ല. ഓരോ മതിലും ആദ്യം മറകൾ തീർക്കുന്നത് മനസ്സിലായിരിക്കും. ആ നിലക്ക് മതിൽ ഒരു പ്രതീകമാണെന്നു പറയാം. പ്രത്യക്ഷമായും പരോക്ഷമായും വ്യക്തികൾക്കിടയിലുണ്ടായിക്കൊണ്ടിരിക്കുന്ന അകൽച്ചയുടെ പ്രതീകമാണു മതിൽ.

അടുത്തകാലം വരെ ഇങ്ങനെയായിരുന്നില്ലല്ലോ നമ്മുടെ നാട്ടിലെ അവസ്ഥ. അയൽക്കാർ തമ്മിൽ നിരന്തരസമ്പർക്കമുണ്ടായിരുന്നു. ഉപ്പും മുളകും, മുതൽ തീ വരെ പരസ്പരം കൈമാറിക്കൊണ്ടിരുന്നു. ഒരിടത്തെ ഇല്ലായ്മ അടുത്ത വീട്ടിലെ സമൃദ്ധിയിൽ പരിഹരിക്കപ്പെട്ടിരുന്നു. ദുഃഖങ്ങളും വേദനകളും പങ്കു വച്ചു ലഘൂകരിച്ചിരുന്നു. സന്തോഷങ്ങൾ പങ്കുവച്ച് ഇരട്ടിച്ചിരുന്നു. സഹായങ്ങൾക്കായി അങ്ങോട്ടുമിങ്ങോട്ടും ഓടിയിരുന്നു. ഇന്നോ? ഇന്ന് ഓരോ വീടും ഒറ്റപ്പെട്ട സങ്കേതങ്ങളാണ്. അടുത്തവീട്ടിലെ മരണം പോലും അറിയുന്നത് ഏറെ വൈകിയായിരിക്കും. അസ്വസ്ഥ മനസ്സുകളാണധികവും. ഒന്നും ഷെയർ ചെയ്യാത്തതുകൊണ്ടുതന്നെ മതിലകങ്ങൾക്കുള്ളിൽ കിടന്ന് അവ നീറുന്നു; ചിലപ്പോൾ പൊട്ടിത്തെറിക്കുന്നു. സംഘർഷങ്ങളുണ്ടാവുന്നു. കുട്ടികൾ പരസ്പരം തിരിച്ചറിയാത്തവരായി മാറുന്നു. മാനവിക മൂല്യങ്ങളിൽ സംഭവിക്കുന്ന ഈ ച്യുതി വ്യംഗ്യമായി സൂചിപ്പിച്ചിരിക്കുന്നു മതിൽ എന്ന കവിതയിൽ.

“എന്നിട്ടും എന്റെ പ്രിയപ്പെട്ട അയൽക്കാരാ,

നമ്മുടെ വീടുകൾക്കിടയിൽ
പരസ്പരം കാണാനാകാത്തവിധം
എന്തിനാണ് ഇങ്ങനെയൊരെണ്ണം?

നീ കെട്ടിയുയർത്തിയത്" എന്ന കവിയുടെ ചോദ്യത്തിൽ നൊമ്പരമുണ്ട്, അതിലേറെ പ്രതിഷേധമുണ്ട്, ഒപ്പം സംശയവുമുണ്ട്. മനസ്സുകൾ അകന്നകന്നു പോകുന്നതിന്റെ സൂചന നമുക്കാ വരികൾക്കിടയിൽ വായിച്ചെടുക്കാം.

അയൽബന്ധങ്ങളുടെ പ്രാധാന്യം നമ്മുടെ കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. അതു നൽകുന്ന മാനസിക സന്തോഷവും സുരക്ഷിതത്വവും ശുഭാപ്തിവിശ്വാസവും അനുഭവിച്ചറിയേണ്ടതുണ്ട്. 'അകലെയുള്ള മിത്രത്തെക്കാൾ അടുത്തുള്ള ശത്രുവായിരിക്കും പ്രയോജനപ്പെടുക' എന്ന ചൊല്ല് അന്വർത്ഥമാണെന്നു മനസ്സിലാക്കേണ്ടതുണ്ട്. അയൽവാസി ആരായാലും ഏതു തരക്കാരായാലും ആദരവും സ്നേഹവും സഹകരണവും അർഹിക്കുന്നുവെന്ന മഹദ്വചനങ്ങളുടെ പൊരുൾ ഉൾക്കൊള്ളേണ്ടതുണ്ട്. ഇത്തരം അവബോധമുണർത്താൻ ഈ പാഠഭാഗം ഉപയോഗപ്പെടുത്തേണ്ടതാണ്.

## പാഠാവതരണം

സൗഹൃദ സംഭാഷണത്തിലൂടെ പാഠഭാഗത്തേക്കു കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കാം.

- നിങ്ങളുടെ വീടിന്നടുത്ത വീട്ടിൽ താമസിക്കുന്നതാരാണെന്നറിയാമോ?
- അവിടെ താമസിക്കുന്നവരിലാരെയെങ്കിലും നിങ്ങളിന്നു കണ്ടോ?
- അവരുമായി സംസാരിക്കാറുണ്ടോ?
- അയൽവീടുകൾ സന്ദർശിക്കാറുണ്ടോ?
- നിങ്ങളുടെ വിശേഷങ്ങൾ അവരെ അറിയിക്കുകയും വിഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യാറുണ്ടോ?
- അടുത്ത വീടിനു വലിയ മതിൽക്കെട്ടും പൂട്ടിയിടുന്ന ഗേറ്റുമുണ്ടോ?
- ആ വീട്ടിലേക്കു പോകുന്നതിന് അതു തടസ്സമാകാറുണ്ടോ?
- നിങ്ങൾക്കതു വല്ല പ്രയാസവുമുണ്ടാക്കാറുണ്ടോ?

കുട്ടികളുടെ പ്രതികരണമനുസരിച്ചു ചോദ്യങ്ങളിൽ മാറ്റങ്ങൾ വരുത്താം.

ക്രോഡീകരണം : എത്ര അടുത്തവരാണെങ്കിലും കുടുംബങ്ങളാണെങ്കിലും വലിയ മതിൽക്കെട്ടും ഗേറ്റുമൊക്കെ ചില പ്രയാസങ്ങളുണ്ടാക്കാറുണ്ട്.

: അടുത്തടുത്ത വീടുകൾക്കിടയിൽ അത്തരമൊരു മതിൽ ആവശ്യമുണ്ടായിരുന്നില്ല എന്നു തോന്നാറുണ്ട്.

: മതിൽ പണിയുന്നതിനുമുമ്പ് പരസ്പരബന്ധം ഇപ്പോഴത്തെക്കാൾ ദൃഢമായിരുന്നു.

: മതിലുള്ള വീടുകളിലേക്കു കടന്നു ചെല്ലാൻ പ്രയാസം തോന്നാറുണ്ട്.

: 'മതിലുകളെക്കുറിച്ചുള്ള ഈ കവിത വായിച്ചുനോക്കൂ.'

ടീച്ചർ നിർദ്ദേശിക്കുന്നു.

കവിത കുട്ടികൾ മൗനമായി വായിക്കട്ടെ. കവിതയുടെ ആശയം കണ്ടെത്തട്ടെ.

ഏതാനും കുട്ടികൾ ആശയം സ്വന്തം വാക്യത്തിൽ അവതരിപ്പിക്കുന്നു, ചർച്ച ചെയ്യുന്നു.

ടീച്ചർ ക്രോഡീകരിക്കുന്നു :

- അയൽക്കാർ തമ്മിൽ യാതൊരുവിധ അസ്വാരസ്യങ്ങളും ഉണ്ടായിരുന്നില്ല.
- വീടിനു കല്ലെറിയുകയോ അങ്ങോട്ടെത്തി നോക്കുകയോ വല്ലതും നശിപ്പിക്കുകയോ തർക്കത്തിലേർപ്പെടുകയോ ഒന്നും ചെയ്തിരുന്നില്ല.

  എന്നിട്ടും ചിലർ പരസ്പരം കാണാനാകാത്തവിധം ഇടിയിൽ വലിയ മതിലുകൾ പണിതുയർത്തുന്നു. പര്സപരം അകലാൻ വേണ്ടി ചെയ്യുന്ന പണിയാണോ ഇത്?

## ചർച്ച ചെയ്യാം TB

മുമ്പുനടന്ന ചർച്ചയുടെ തുടർച്ചയാണിവിടെ നടക്കേണ്ടത്.

- മതിലുകൾ പരസ്പരബന്ധത്തിൽ തീർക്കുന്ന വിള്ളലുകൾ.
- അതുകാരണം ഉടലെടുക്കുന്ന സംശയങ്ങൾ
- അയൽബന്ധങ്ങൾ തകരുന്നതു വഴിയുണ്ടാകുന്ന നഷ്ടങ്ങൾ.
- ആവശ്യമായ സമയത്ത് സഹായിക്കാനാരുമില്ലാത്തതിനാൽ വന്നുചേരുന്ന ദുരിതങ്ങൾ

  അയൽ ബന്ധത്തകർച്ച മൂലം സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ....

ചർച്ചയുടെ അടിസ്ഥാനത്തിൽ കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തിയ ശേഷം ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കാം. ടീച്ചർ വിലയിരുത്തണം.

## ആശയം വിശദീകരിക്കാം TB

മുഹമ്മദ്നബിയുടെയും യേശുവിന്റെയും വചനങ്ങളാണ് ആശയം വിശദീകരിക്കാനായി നൽകിയിരിക്കുന്നത്.

- ഈ വചനങ്ങൾ നൽകുന്ന സൂചനയെന്താണ്?
- അയൽവാസികൾക്ക് നൽകിയ പ്രാധാന്യം എത്രത്തോളമാണ്?

ക്ലാസിൽ ചർച്ച സംഘടിപ്പിക്കാം.

- മതങ്ങൾ അയൽബന്ധത്തിനു വലിയ പ്രാധാന്യം നൽകുന്നു.
- സ്വന്തം വീട്ടിലുണ്ടാക്കുന്ന വിഭവങ്ങൾ അയൽവീട്ടിലുമെത്തിക്കാൻ പ്രവാചകൻ നിർബന്ധിക്കുന്നു.
- അയൽവാസിയുടെ അവസ്ഥകൾ അന്വേഷിക്കുകയും ആവശ്യമെങ്കിൽ സഹായമെത്തിക്കാൻ മടിക്കരുതെന്നു നിർദ്ദേശിക്കുകയും ചെയ്യുന്നു.
- അയൽവാസിക്ക് അനന്തരസ്വത്തിൽ അവകാശമുണ്ടെന്നു വരെ പറഞ്ഞേക്കുമോ എന്ന വിധം തനിക്കവരുടെ കാര്യത്തിൽ ദൈവത്തിൽ നിന്ന് ഉപദേശം ലഭിച്ചുവെന്നു മുഹമ്മദ്നബി പറഞ്ഞിട്ടുണ്ട്.
- തന്നെപ്പോലെത്തന്നെ അയൽവാസിയെയും പരിഗണിക്കാനാണ് യേശുവിന്റെ കൽപന.
- അയൽവാസികൾ ആരായാലും അവരോടുള്ള ബാധ്യതയിൽനിന്ന് ഒഴിഞ്ഞുമാറാൻ ഓരാൾക്കും കഴിയില്ലെന്നാണ് ഈ വചനങ്ങൾ സൂചിപ്പിക്കുന്നത്.

വിശദീകരണക്കുറിപ്പ് കുട്ടികൾ ഹോംവർക്കായി നിർവ്വഹിക്കട്ടെ.

ടീച്ചർ വിലയിരുത്തണം.

## പ്രയോഗഭംഗി വിശദമാക്കാം TB

"അടുപ്പെരിയാത്ത ദിനങ്ങളിൽ
വിശപ്പിനെത്തന്നെ വാരിത്തിന്നപ്പോഴും
ചോദിച്ചിട്ടില്ല നിന്നോടു കടം."

കുട്ടികൾ ഈ വരികൾ വായിക്കട്ടെ.

'അടുപ്പെരിയാത്ത ദിനങ്ങൾ' എന്നതിന്റെ സൂചനയെന്താണ്?

'വിശപ്പിനെത്തന്നെ വാരിത്തിന്നുക' എന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്ത്?

## ക്രോഡീകരണം:

കവി ദരിദ്രനാണ്. അടുപ്പിൽ വേവിക്കാനുള്ള ആഹാരസാധനങ്ങളൊന്നും ലഭിക്കാത്ത ദിനങ്ങളുണ്ടായിട്ടുണ്ട്. അന്നൊക്കെ മുഴുപട്ടിണിയാണ് എന്നാണു 'വിശപ്പിനെത്തന്നെ വാരിത്തിന്നുക' എന്ന പ്രയോഗത്തിൽ സൂചിപ്പിക്കുന്നത്. പട്ടിണി കിടന്നപ്പോൾ പോലും കടം ചോദിക്കാൻ ചെന്ന് അയൽവാസിയെ പ്രയാസപ്പെടുത്തിയിരുന്നില്ല എന്നു സാരം. തന്റെ പട്ടിണിയെയും ദാരിദ്ര്യത്തെയും അഭിമാനബോധത്തെയും ഈ വരികളിൽ കവി വ്യംഗ്യമായി സൂചിപ്പിച്ചിരിക്കുന്നു.

ചർച്ചയുടെ അടിസ്ഥാനത്തിൽ കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

പരസ്പരം കൈമാറി വായിച്ചു മെച്ചപ്പെടുത്താം. ടീച്ചർ വിലയിരുത്തണം.

## ഭാവമുൾക്കൊണ്ടു ചൊല്ലാം TB

ആധുനിക കവിതകളിൽ പലതും ഈണത്തിൽ ചൊല്ലാൻ കഴിയില്ല: എന്നാലും ഭാവമുൾക്കൊണ്ട് ചൊല്ലുമ്പോഴേ കവിത ആസ്വാദ്യകരമാവൂ.

ടീച്ചർ കവിത ഭാവമുൾക്കൊണ്ട് മാതൃകാപരമായി ചൊല്ലുന്നു.

മാതൃക ഉൾക്കൊണ്ട് കുട്ടികൾ കവിത ചൊല്ലി അവതരിപ്പിക്കട്ടെ.

## കവിത വായിക്കാം WB

റഫീഖ് അഹ്മ്മദിന്റെ വേലി എന്ന ഈ കവിത കുട്ടികൾ വായിക്കട്ടെ.

ആശയം ചർച്ച ചെയ്യാം.

ഈ കവിതയിലെ ആശയവും 'മതിൽ' എന്ന പാഠഭാഗത്തെ ആശയവും തമ്മിൽ വല്ല സാമ്യവുമുണ്ടോ?

'മതിലിൽ' സൂചിപ്പിച്ച കാര്യങ്ങൾ തന്നെയല്ലേ വേലിയിലുമുള്ളത്?

പരസ്പരം കാണുന്നതിനും ഇടപെടുന്നതിനും തടസ്സം സൃഷ്ടിക്കുന്ന മതിലിനെക്കുറിച്ചുള്ള പവിത്രൻ തീക്കുനിയുടെ മനസ്സിലെ വിചാരങ്ങളാണ് 'മതിൽ' എന്ന കവിതയിൽ. എന്നാൽ വേലി എന്ന കവിതയിൽ അയൽവാസികൾ തമ്മിൽ അനുഭവതലത്തിൽ വന്നുചേർന്ന മാറ്റങ്ങൾ പരാമർശിക്കുന്നുണ്ട്.

ഒരു വീടുപോലെ കഴിഞ്ഞ പഴയകാലം. സ്വതന്ത്രമായി അങ്ങോട്ടുമിങ്ങോട്ടും വേലി ചാടിക്കടന്ന് സൗഹൃദവും സ്നേഹവും പങ്കുവച്ച നല്ല കാലം.

ഇന്നോ? ഇന്നു പരസ്പരം സംശയമാണ്, പേടിയാണ്. അയൽവാസി തന്നെ ദ്രോഹിച്ചേക്കുമോ എന്ന പേടി? എന്താണീ മാറ്റത്തിനു കാരണം? ജീവിതത്തിലെ സമൃദ്ധികളോ?

അന്ന് ആർക്കും മെച്ചപ്പെട്ട ജോലിയുണ്ടായിരുന്നില്ല. ജാതിവിചാരവും രൂക്ഷമായിരുന്നില്ല. എന്നാൽ ഇന്ന് ഐശ്വര്യം വർദ്ധിച്ചു, മതവികാരമുണ്ടായി. മാറ്റങ്ങളുണ്ടായി. ഇതാണോ അയൽ ബന്ധത്തിന്റെ തകർച്ചയ്ക്കു കാരണം?

കുട്ടികൾ സ്വതന്ത്രമായി അഭിപ്രായങ്ങൾ പറയട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു :

- ജാതിയും മതവും ജോലിയും വിദ്യാഭ്യാസവും ഒന്നുമല്ല പ്രശ്നത്തിനു കാരണം,

തനിക്കു താൻ മതി എന്ന സ്വാർത്ഥതയാണ്. സമ്പത്തും സന്താനങ്ങളും ജീവിത സൗകര്യങ്ങളും വർദ്ധിക്കുമ്പോൾ അറിയാതെ അഹന്തയും മനസ്സിൽ കടന്നു കൂടുന്നു.

- ഞാനാരുടെയും മുമ്പിൽ തല കുനിക്കേണ്ടതില്ല, ആരുടെയും ഔദാര്യം എനിക്കു വേണ്ട, അവരൊന്നുമില്ലെങ്കിലും സുഖമായി കഴിയാനുള്ള വക എനിക്കുണ്ട്... എന്നിങ്ങനെയുള്ള വിചാരങ്ങൾ പരസ്പരബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തുന്നു.

ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

## അനുഭവക്കുറിപ്പ് WB

അയൽവാസികളുമായുള്ള നല്ല ബന്ധത്തിൽ തനിക്കുണ്ടായ. ഒരനുഭവം ടീച്ചർ വിവരിക്കുന്നു:

- ♦ സുഖമില്ലാതായപ്പോൾ ഹോസ്പിറ്റലിലേക്കു കൊണ്ടുപോയത്.
- ♦ വിഷമാവസ്ഥയിൽ ഭക്ഷണമോ വസ്ത്രമോ മറ്റോ എത്തിച്ചു തന്നത്.
- ♦ ഒറ്റപ്പെട്ടുപോയ ദിവസങ്ങളിൽ കൂട്ടുനിന്നത്.
- ♦ വിഭവങ്ങൾ ഓഹരി ചെയ്തു തന്നത്.
- ♦ സാമ്പത്തികമായി സഹായിച്ചത്.... ഇങ്ങനെ ഏതെങ്കിലും ഒരനുഭവം.

നിങ്ങൾക്കാർക്കുമില്ലേ ഇത്തരം അനുഭവങ്ങൾ?

ഏതാനും പേർ സ്വന്തം അനുഭവം ക്ലാസിൽ അവതരിപ്പിക്കട്ടെ.

ഇത്തരമൊരു അനുഭവം ഭംഗിയായി എഴുതാൻ നിർദ്ദേശിക്കാം.

ഗൃഹപാഠമായി ചെയ്താലും മതി. ടീച്ചർ വിലയിരുത്തണം.

## വേർതിരിച്ചെഴുതുക TB

സ്ത്രീലിംഗവും, പുല്ലിംഗവും സംബന്ധിച്ച് അവബോധമുണ്ടാക്കാനുള്ള പ്രവർത്തനമാണിത്. ടീച്ചർ കുറെ നാമങ്ങൾ BBയിൽ കുറിക്കുന്നു. കുട്ടികൾ അവ വേർത്രിച്ചെഴുതട്ടെ.

# പാഠം – 14
# മഹിതമായ മനുഷ്യ സ്നേഹം

യൂഫ്രട്ടീസ് നദീതീരത്തെവിടെയെങ്കിലും ഒരാട്ടിൻകുട്ടി വെള്ളമോ ഭക്ഷണമോ കിട്ടാതെ ജീവൻ വെടിയേണ്ടി വന്നാൽ അതിനുപോലും ദൈവത്തിന്റെ മുമ്പിൽ താൻ സമാധാനം പറയേണ്ടിവരുമല്ലോ എന്നോർത്ത്, മനുഷ്യരുടെ മാത്രമല്ല സർവ്വ ജീവജാലങ്ങളുടെയും സുസ്ഥിതിക്കു വേണ്ടി ജാഗ്രത കൈക്കൊണ്ട മഹാനായ ഭരണാധികാരിയായിരുന്നു ഖലീഫാഉമർ. ഭരണാധികാരിക്ക് പ്രജകളെക്കാൾ രാഷ്ട്രസമ്പത്തിൽ യാതൊരവകാശവുമില്ലെന്നു വിശ്വസിച്ചിരുന്ന അദ്ദേഹം ഭക്ഷണത്തിന് ഒന്നിലധികം കറി കൂട്ടാൻ തയ്യാറായില്ല; അതിനുള്ള ശേഷി തന്റെ പ്രജകളിൽ എല്ലാവർക്കുമുണ്ടോ എന്ന ആശങ്കയായിരുന്നു കാരണം. പ്രജകൾക്കു നൽകുന്നതിലധികം വസ്ത്രമോ മറ്റു വിഹിതമോ എടുത്തില്ല. എടുത്താൽ അത് അനീതിയായിപ്പോകുമെന്ന ഭയമായിരുന്നു ഖലീഫക്ക്.

പകൽ മുഴുവൻ ജനക്ഷേമത്തിനും രാഷ്ട്രപുരോഗതിക്കുമായി കർമ്മനിരതനായാലും രാത്രികളിൽ അദ്ദേഹത്തിനുറക്കം വരുമായിരുന്നില്ല. തന്റെ രാജ്യത്തെവിടെയെങ്കിലും അനീതിയോ അക്രമമോ തിന്മകളോ നടക്കുന്നുണ്ടോ, ആരെങ്കിലും പ്രയാസമനുഭവിക്കുന്നുണ്ടോ, സഹായമർത്ഥിക്കുന്നവർ ആരെങ്കിലുമുണ്ടോ എന്നിങ്ങനെ ചിന്തിച്ച് നാടുചുറ്റുന്ന പതിവുണ്ടായിരുന്നു അദ്ദേഹത്തിന്. അങ്ങനെയുള്ള സഞ്ചാരത്തിന്നിടയിലുണ്ടായ ഒരനുഭവമാണു പാഠഭാഗം.

യാത്രാമധ്യേ ഭാര്യക്കു പ്രസവനൊമ്പരം തുടങ്ങി മരുഭൂമിയിൽ അകപ്പെട്ടുപോയ ഒരു ഗ്രാമീണൻ നിസ്സഹായനായ അയാളെ ഖലീഫ കണ്ടെത്തുക തന്നെ ചെയ്തു. അപരിചിതയായ ആ സ്ത്രീക്ക് സൂതികർമ്മിണിയായി അദ്ദേഹം കണ്ടെത്തിയത് സ്വന്തം ഭാര്യയെത്തന്നെ! അർദ്ധരാത്രിയിൽ തനിച്ച് വീട്ടിൽ ചെന്ന് ഭാര്യയെയും കൂട്ടി ആവശ്യമായ ഭക്ഷണസാധനങ്ങളുമെടുത്ത് അദ്ദേഹം മരുഭൂമിയിലെ ടെന്റിലെത്തുന്നു. സൂതികർമ്മിണിയായി മാറിയ ഭാര്യയുടെ 'അമീറുൽമുഅ്മിനീൻ' (വിശ്വാസികളുടെ നേതാവേ) എന്ന സംബോധനയിൽ നിന്നാണ് തന്നെ സഹായിക്കാനെത്തിയത് പ്രസിദ്ധനായ ഖലീഫാ ഉമർ ആണെന്ന് ആ ഗ്രാമീണൻ തിരിച്ചറിയുന്നത്. അയാൾ ചകിതനായി വിറച്ചുകൊണ്ട് വണങ്ങിയപ്പോഴും ഭാവഭേദമൊന്നുമില്ലാതെ,ഇതെല്ലാം തന്റെ കർത്തവ്യമാണെന്ന ഉറച്ച വിശ്വാസത്തിൽ ഖലീഫ ആ ദമ്പതികൾക്കു ഭക്ഷണം തയ്യാറാക്കാൻ തീയൂതിക്കത്തിക്കുകയായിരുന്നു.

മാനവിക മൂല്യങ്ങളായ സ്നേഹവും കരുണയും ദയയും സേവനമനോഭാവവുമൊക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പുതിയകാലത്ത് വരുംതലമുറകളുടെ മനസ്സിൽ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വിത്തുകൾ പാകാൻ ഇത്തരം മഹാത്മാക്കളുടെ കഥകൾ ഏറെ പ്രയോജനപ്പെട്ടേക്കും. മഹദ് മാതൃകകൾ കുട്ടികളുടെ മനസ്സിൽ സന്നിവേശിപ്പിക്കുന്നതാണ് നിരന്തരം ഉപദേശങ്ങൾ നൽകുന്നതിനെക്കാൾ ഫലപ്രദം.

## പാഠാവതരണം

ടീച്ചർ ഒരു കഥ പറയുന്നു:

ഒരിടത്ത് ഒരു കൊച്ചു കൂരയിൽ ഒരുമ്മയും മക്കളും. അർദ്ധരാത്രിയായിട്ടും മക്കളുറങ്ങിയിട്ടില്ല. അവർ വാവിട്ടു കരഞ്ഞ് ഉമ്മയെ പൊത്തിപ്പിടിക്കുന്നു: ഉമ്മാ വിശക്കുന്ന്.... ഉമ്മാ വിശപ്പ് സഹിക്കാനാവുന്നില്ല ഉമ്മാ...! എന്ന് ആ മക്കൾ ഇടക്കിടെ വിളിച്ചു പറയുന്നുമുണ്ട്. ഉമ്മ ഒരു പാത്രത്തിൽ വെള്ളമെടുത്ത് അടുപ്പത്തുവച്ച് തീ കത്തിക്കുന്നു. അതിൽ തവിയിട്ട് ഇളക്കുന്നു.

"അതെന്താണുമ്മാ?" മൂത്തമകൻ ചോദിക്കുന്നു. "മക്കൾക്കു വിശപ്പകറ്റാൻ ഭക്ഷണമാണ് മക്കളേ. ഇതൊന്നു വേവട്ടെ. മക്കള് കരയാതിരിക്ക്."

കണ്ണീരോടെ ഇടറുന്ന ശബ്ദത്തിൽ ഉമ്മ മക്കളെ സമാധാനിപ്പിക്കുന്നു. എത്രയോ നേരം കഴിഞ്ഞിട്ടും ഭക്ഷണം വിളമ്പാതിരുന്നപ്പോൾ മക്കൾ ഉറക്കെയുറക്കെ കരയുന്നു. അപ്പോഴാണൊരാൾ ആ കൂരയുടെ അടുത്തെത്തുന്നത്. അദ്ദേഹം കുറച്ചുനേരം അകത്തേക്കു നോക്കിനിന്നു. പിന്നെ വാതിലിൽ മുട്ടി അന്വേഷിച്ചു: "ഈ പാതിരാത്രിയിൽ മക്കളെന്തിനാണിങ്ങനെ കരയുന്നത്?"

" അവർ വിശന്നു കരയുകയാണ്. ഇവിടെ ഭക്ഷണമൊന്നുമില്ല."

"പിന്നെ നിങ്ങൾ പാചകം ചെയ്യുന്നതോ?"

"അതു വെറും വെള്ളം! മക്കളെ സമാധാനിപ്പിക്കാൻ.... കരഞ്ഞുകരഞ്ഞ് അവർ തളർന്നുറങ്ങിയിരുന്നെങ്കിൽ...!" അവർ വിതുമ്പിക്കരഞ്ഞു.

"ക്ഷമിക്കു സഹോദരീ, ഞാൻ ഭക്ഷണം കൊണ്ടുവരാം."

ആഗതൻ തന്റെ കൂടെയുണ്ടായിരുന്നയാളെ അവിടെ നിർത്തി ഉടൻ ഇരുളിൽ മറഞ്ഞു. അൽപസമയത്തിനുള്ളിൽ വലിയൊരു ചാക്കുനിറയെ ഭക്ഷണസാധനങ്ങളുമായി അദ്ദേഹം പ്രത്യക്ഷപ്പെട്ടു. ആ സ്ത്രീയുടെ അനുവാദം വാങ്ങി അകത്തുകടന്നു ഭക്ഷണസാധനങ്ങൾ സ്വയം പാചകം ചെയ്യാൻ തുടങ്ങി. വേവിച്ച ഭക്ഷണം ആദ്യം കുഞ്ഞുങ്ങൾക്കു നൽകി; പിന്നെ ആ ഉമ്മക്കും. ബാക്കിയുള്ള ഭക്ഷണസാധനങ്ങളെല്ലാം ആ സ്ത്രീക്കു നൽകി അദ്ദേഹം പറഞ്ഞു: "ഇനി ഭക്ഷണം ആവശ്യമാകുമ്പോൾ നിങ്ങൾ ഖലീഫാ ഉമറിനെ വിവരമറിയിക്കണം." കൂടുതലൊന്നും പറയാതെ അദ്ദേഹം കൂട്ടുകാരനോടൊപ്പം ഇരുളിലേക്കിറങ്ങി നടന്നു.

ഈ കഥ കേട്ടിട്ടുണ്ടോ നിങ്ങൾ?

- ആരാണ് അവർക്കു ഭക്ഷണവുമായി വന്നതെന്നറിയാമോ?
- അദ്ദേഹം ഏതു രാജ്യത്തെ ഭരണാധികാരിയായിരുന്നു?

'ഖലീഫ ഉമറിന്റെ വേറെ കഥകൾ അറിയാൻ നിങ്ങൾക്കു താല്പര്യമില്ലേ? ഈ കഥ വായിച്ചു നോക്കൂ" എന്നു പറഞ്ഞു പാഠഭാഗം വായിക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു.

പാഠഭാഗം കുട്ടികൾ മൗനമായി വായിക്കട്ടെ

തുടർന്നു നന്നായി വായിച്ചവതരിപ്പിക്കുന്ന ഒരു കുട്ടിക്ക് ഓരോ ഗ്രൂപ്പിൽ നിന്നും ശ്രാവ്യവായനക്ക് അവസരം നൽകുന്നു.

കഥ മുന്നോട്ടുവയ്ക്കുന്ന ആശയതലങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

കുട്ടികളുടെ അവതരണം - ചർച്ച

ടീച്ചർ ആശയങ്ങൾ ക്രോഡീകരിക്കുന്നു :

- ഖലീഫാ ഉമർ ജനജീവിതത്തിന്റെ നിജസ്ഥിതിയറിയാൻ രാത്രികളിൽ നാടുചുറ്റാറുണ്ടായിരുന്നു.
- കഴിയുന്ന സഹായങ്ങൾ ജനങ്ങൾക്കു ചെയ്യേണ്ടത് തന്റെ ബാധ്യതയാണെന്നദ്ദേഹം വിശ്വസിച്ചിരുന്നു.
- തന്റെ ഭാര്യയെയും അദ്ദേഹം ജനസേവന പ്രവർത്തനത്തിൽ പങ്കാളിയാക്കിയിരുന്നു.
- മുഹമ്മദ്നബിയുടെ മകൾ ഫാത്വിമയുടെ മകളായ ഉമ്മുകുൽസൂം ആയിരുന്നു അദ്ദേഹത്തിന്റെ ഭാര്യ.
- മരുഭൂമിയിൽ ഒറ്റപ്പെട്ടുപോയ ആ ദമ്പതികൾക്ക് ഖലീഫാഉമറിനെയോ ഭാര്യയെയോ ഒട്ടും പരിചയമുണ്ടായിരുന്നില്ല.
- ഖലീഫയുടെ ഭാര്യ ആ സ്ത്രീക്ക് പ്രസവസംബന്ധമായ ശുശ്രൂഷകളെല്ലാം നൽകി.
- ഖലീഫ അവർക്കു ഭക്ഷണം പാകം ചെയ്തു കൊടുത്തു.
- താൻ ചെയ്തത് വലിയൊരു സേവനമാണെന്ന ഭാവമോ പ്രജകൾ തന്നെ ആദരിക്കണമെന്ന വിചാരമോ ഖലീഫക്കു ഒട്ടുമുണ്ടായിരുന്നില്ല.

## പ്രവർത്തന വിശകലനം

### കണ്ടെത്താം TB

പാഠഭാഗം ആവശ്യബോധത്തോടെ വീണ്ടും വായിക്കാനുള്ള അവസരമാണിത്. ചോദ്യങ്ങൾ എഴുതിയെടുത്ത് കുട്ടികൾ വ്യക്തിഗതമായി ഉത്തരങ്ങൾ കണ്ടെത്തി എഴുതട്ടെ.

കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തട്ടെ.

തുടർന്ന് ഓരോ ഗ്രൂപ്പും ഉത്തരങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.

### കഥകൾ ശേഖരിക്കാം

സമാനമായ കഥകൾ ലൈബ്രറിയിൽ നിന്നു പുസ്തകങ്ങൾ പരിശോധിച്ചും ചോദിച്ചറിഞ്ഞും കുട്ടികൾ ശേഖരിക്കട്ടെ. ഖലീഫാ ഉമറിന്റെ പ്രവർത്തനങ്ങൾ പ്രമേയമായി

വരുന്ന കഥകളാണു കണ്ടെത്തേണ്ടത്. ശേഖരിച്ച കഥകൾ ഭാവാത്മകമായി ക്ലാസിൽ അവതരിപ്പിക്കട്ടെ. അവ ഭംഗിയായി എഴുതി കഥാപതിപ്പ് തയ്യാറാക്കട്ടെ.

**കഥാവായന വിലയിരുത്തേണ്ടത്:**

- ഭാവം ഉൾക്കൊണ്ടു വായന
- ഒഴുക്കോടെയുള്ള വായന
- നിർത്തേണ്ടിടത്തു നിർത്തിയും ഊന്നൽ നൽകേണ്ടിടത്ത് ഊന്നൽ നൽകിയുമുള്ള വായന
- സ്ഫുടമായ വായന
- ശബ്ദ നിയന്ത്രണം പാലിച്ചുകൊണ്ടുള്ള വായന

## സങ്കല്പിച്ചെഴുതാം TB

സംഭാഷണരചന നേരത്തെ പരിചയപ്പെട്ടതാണ്.

ആത്മാംശമുള്ളതും വിഷയബന്ധമുള്ളതും സ്വാഭാവികവുമായ സംഭാഷണ വാക്യങ്ങൾ

കുട്ടികൾ തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഓരോ ഗ്രൂപ്പിലും രണ്ടുപേർ ആ സംഭാഷണം അവതരിപ്പിക്കട്ടെ.

## സ്വാഭിപ്രായമെഴുതാം TB

"അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ." കുമാരനാശാൻ

ടീച്ചർ ഈ വരികൾ BBയിൽ കുറിക്കുന്നു.

കവിതാവരികൾ നൽകുന്ന സൂചനകളിലേക്കു കുട്ടികളെ നയിക്കാൻ ടീച്ചർ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു:

- ആരെക്കുറിച്ചാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്?
- വിവേകികൾ എന്നാൽ ആരാണ്?
- സ്വജീവിതം എങ്ങനെ നയിക്കുന്നവരാണു വിവേകികൾ?
- അന്യജീവനുതകി എന്നതിന്റെ ഉദ്ദേശമെന്താണ്?

## ക്രോഡീകരണം :

- വിവേകികളെന്നാൽ ബുദ്ധിയുപയോഗിച്ചു തെറ്റും ശരിയും മനസ്സിലാക്കി പ്രവർത്തിക്കുന്നവരാണ്.
- മറ്റുള്ളവർക്കു പരമാവധി സഹായം ചെയ്തുകൊണ്ട് ജീവിതം ധന്യമാക്കുന്നവരാണ് വിവേകികൾ.

- ചരിത്രം പരിശോധിക്കുമ്പോൾ ഖലീഫാ ഉമർ കുമാരനാശാന്റെ വീക്ഷണത്തിൽ വിവേകിയാണ്.
- അദ്ദേഹത്തിന്റെ ജീവിതം ജനസേവനത്തിന്നായി സമർപ്പിക്കപ്പെട്ടതായിരുന്നു.

കണ്ടെത്തിയ വസ്തുതകൾ ഉൾപ്പെടുത്തി ഗ്രൂപ്പ് ചർച്ചയിലൂടെ കുട്ടികൾ സ്വന്തം അഭിപ്രായം രൂപപ്പെടുത്തുന്നു. സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുന്നു.

## വിട്ടുപോയ പദം എടുത്തെഴുതുക WB

ലളിതമായ പ്രവർത്തനമാണ്. പാഠഭാഗം പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം അനുയോജ്യമായ പദങ്ങൾ എടുത്തെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## നാമം TB

നാമമെന്നാൽ എന്താണ്?

'പേര്' എന്നു കുട്ടികൾ പറയും. ശരിയാണത്. ഒരു വസ്തുവിന്റെയോ ഗുണത്തിന്റെയോ ക്രിയയുടെയോ പേരായി വരുന്നതാണല്ലോ നാമം.

- വസ്തു എന്നാൽ ജീവനുള്ളതും ഇല്ലാത്തതുമാവാം. (ഉദാ: മനുഷ്യൻ, മൃഗം. കല്ല്, മണ്ണ്, വെള്ളം, നായ, പൂച്ച, കാക്ക.....) ഇത്തരം നാമങ്ങളെ ദ്രവ്യനാമം എന്നു പറയുന്നു.
- ഗുണം എന്നാൽ ഏതെങ്കിലും വിധത്തിലുള്ള സവിശേഷതയാണ്. (ഉദാ: നല്ലത്, വെളുത്തത്, ബുദ്ധി, ദുഃഖം, സന്തോഷം.......)
- ക്രിയ എന്നാൽ പ്രവൃത്തിയാണ്. (ഉദാ: എഴുത്ത്, കിടപ്പ്, നോട്ടം, വായന, സംസാരം....)

ചർച്ചകളിലൂടെ വ്യക്തത വരുത്തിയശേഷം താഴെ കൊടുത്ത നാമപദങ്ങൾ കുട്ടികൾ വേർതിരിച്ചെഴുതട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് പട്ടിക തയ്യാറാക്കുന്നതാണുചിതം.

**ടീച്ചർ BBയിൽ പട്ടിക വരയ്ക്കുന്നു**

| ദ്രവ്യനാമം | ഗുണനാമം | ക്രിയ നാമം |
|---|---|---|
| | | |

ഓരോ നാമവും ഏതു വിഭാഗത്തിൽ ചേർക്കണമെന്ന് കുട്ടികൾ പറയട്ടെ. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ഉറപ്പുവരുത്തിയ ശേഷം BBയിൽ കുറിക്കാം.

## വിശേഷണങ്ങൾ ചേർക്കാം WB

വിശേഷണങ്ങളെക്കുറിച്ച് പ്രാഥമികജ്ഞാനം കുട്ടികൾ ആർജ്ജിക്കേണ്ടതുണ്ട്.

സാധാരണ സംസാരത്തിലും മറ്റും നിഷ്പ്രയാസം പ്രയോഗിക്കുന്ന ഒന്നാണു വിശേഷണം എന്നു കുട്ടികൾ തിരിച്ചറിയണം.

**ടീച്ചർ ചില ഉദാഹരണങ്ങൾ BBയിൽ കുറിക്കുന്നു:**

- ഞാൻ നട്ടുവളർത്തിയ പനിനീർച്ചെടിയിൽ മനോഹരമായ ഒരു പൂ വിരിഞ്ഞു.
- രാവിലെ കിട്ടിയത് ചൂടുള്ള ചായയായതിനാൽ എനിക്കു കുടിക്കാൻ കഴിഞ്ഞില്ല.
- കൂട്ടുകാരി എനിക്കു പുളിക്കുന്ന മിഠായി തന്നു.
- അൻസൽ നല്ല കുട്ടിയാണെന്ന് പ്രിൻസിപ്പാൾ പറഞ്ഞു.

ഈ വാക്യങ്ങളിൽ അടിവരയിട്ട പദങ്ങൾ ശ്രദ്ധിച്ചില്ലേ?ഇതു പോലുള്ള ധാരാളം പദങ്ങൾ നമ്മുടെ സംസാരത്തിൽ കടന്നുവരാറില്ലേ?

ഇങ്ങനെ വിശേഷണപദങ്ങൾ തിരിച്ചറിഞ്ഞശേഷം വർക്കുബുക്കിൽ നൽകിയ വാക്യങ്ങളിൽ, അനുയോജ്യമായ പദങ്ങൾ എടുത്തു ചേർക്കട്ടെ. ഗ്രൂപ്പിൽ അവ തരിപ്പിച്ചു കൃത്യത വരുത്തിയാണ് എഴുതേണ്ടത്.

ഒന്നോ രണ്ടോ ഗ്രൂപ്പുകൾ അവ ക്ലാസിൽ അവതരിപ്പിക്കട്ടെ.

ടീച്ചർ വിലയിരുത്തണം. അപാകതകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണം.

# പാഠം – 15
# മാനിഷാദ:

മാനിഷാദ: അരുത്,കാട്ടാളാ അരുത്.' സഹിക്കാൻ കഴിയാത്തൊരു പാതകം കൺമുമ്പിൽ കണ്ടപ്പോൾ ആദികവിയെന്നു വിശേഷിപ്പിക്കപ്പെട്ട വാൽമീകിമുനിയുടെ അധരത്തിൽ നിന്നടർന്നുവീണ ആദ്യകവിതാ വചനമാണത്രേ മാനിഷാദ:

"മാനിഷാദ പ്രതിഷ്ഠാം –
ത്വമഗമശ്ശാതീസ്സമാ:
യത് ക്രൗഞ്ച മിഥുനാദേക–
മവധീ:കാമമോഹിതം."

കാമമോഹിതരായി ക്രീഡകളിലേർപ്പെട്ട ക്രൗഞ്ചപ്പക്ഷികളിലൊന്നിനെ അമ്പെയ്തു വീഴ്ത്തിയ കാട്ടാളാ, അരുത്, ഇത്തരം ക്രൂരതകൾ ചെയ്യരുത്. നിനക്കു ശാശ്വതമായ സൗഖ്യം ലഭിക്കാതെ പോകട്ടെ. രാമായണത്തിന്റെ സത്ത ഈ വരികളിൽ സംക്ഷിപ്തമായിരിക്കുന്നു എന്നാണു പണ്ഡിതാഭിപ്രായം. സർവജീവജാലങ്ങളോടുമുള്ള അഹിംസാപൂർണമായ സമീപനമാണ് ഈ വരികൾ നൽകുന്ന സന്ദേശം.

കോടിക്കണക്കിനു ജീവജാലങ്ങൾ നമുക്കു ചുറ്റും വസിക്കുന്നുണ്ട്. അവയിൽ നാം കാണുന്നവയും കാണാത്തവയുമുണ്ട്. ഈ ജീവജാലങ്ങളെല്ലാം പല നിലയിൽ പ്രകൃതിയുടെ സുസ്ഥിതിയുമായി ബന്ധപ്പെട്ടാണു നിലകൊള്ളുന്നത്; ഓരോന്നിനും വ്യത്യസ്തമായ ധർമ്മങ്ങൾ സ്രഷ്ടാവ് നിശ്ചയിച്ചിട്ടുണ്ട്. അവ പാലിക്കപ്പെടുമ്പോഴാണ് പ്രകൃതിയുടെ പൂർണത സംജാതമാകുന്നത്. കുമാരനാശാൻ 'മിന്നാമിനുങ്ങ്' എന്ന കവിതയിൽ സൂചിപ്പിച്ചപോലെ: പാരിന്നാനന്ദമുണ്ടാക്കാൻ

/ പാട്ടുകാരൻ ജനിച്ചു നീ
വെള്ളിച്ചമാകും പോലേകാൻ /
വേണ്ടി സൃഷ്ടിച്ചിതെന്നെയും.

കുയിലിനും മിന്നാമിനുങ്ങിനുമൊക്കെ സ്വന്തമായ ധർമ്മങ്ങളുണ്ട്. ഒന്നു മറ്റൊന്നിന് ആഹാരമായിത്തീരുന്നതും ആ ധർമ്മത്തിന്റെ ഭാഗം തന്നെയാണ്. പ്രയോജനകരമായ കാര്യത്തിനല്ലാതെ ഒന്നിനെയും ഹിംസിക്കാൻ പാടില്ലെന്നാണ് ധർമ്മസംഹിതകൾ ചൂണ്ടിക്കാട്ടുന്നത്. എന്നാൽ പ്രകൃതിയുടെ കേന്ദ്രസ്ഥാനത്ത് ഇരിപ്പുറപ്പിച്ച മനുഷ്യൻ പലപ്പോഴും ഈ ധർമ്മങ്ങൾ പാലിക്കുന്നില്ല. സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി മനുഷ്യൻ ഭൂമിയിൽ സംഹാരത്തിനു തുനിയുന്നു. മറ്റു ജീവജാലങ്ങളുടെ അവസ്ഥകൾ പരിഗണിക്കാതെ നാശങ്ങൾ വിതറുന്നു. ഇതിന്റെ പരിണിതഫലം ഒടുക്കം മനുഷ്യൻ തന്നെ അനുഭവിക്കേണ്ടിവരുമെന്നാണ് വർത്തമാനകാല അനുഭവങ്ങൾ പഠിപ്പിക്കുന്നത്. പ്രകൃതിയുടെ തിരിച്ചടികൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് മനുഷ്യവർഗ്ഗത്തെയാണല്ലോ.

'മാനിഷാദ': ഹിംസയുടെ വേദന കരളിലേക്കിറക്കിവിടുന്ന കവിതയാണ്. പരിത്യാഗിയായ മാമുനിയുടെ മനസ്സിനെപ്പോലും ഇണപ്പക്ഷികളുടെ പ്രേമകേളികൾ ആകർഷിക്കുന്നു.ആ കാഴ്ച നോക്കി നിന്ന മാമുനിയുടെ മനസ്സ് ദിവ്യാനഭൂതിയിൽ ലയിച്ചുചേരുന്നു. സർവം മറന്നങ്ങനെ നിൽക്കുമ്പോഴാണ് ഇണപ്പക്ഷികളിലൊന്നിന്റെ കരൾപിളർക്കാനൊരു കൂരമ്പ് പറന്നുചെന്നത്. പച്ചപ്രാണനിൽ കൂരമ്പേറ്റ ആ ഓമൽകിളി തന്റെ ഇണയിൽനിന്നു വേർപെട്ട് പിടഞ്ഞുവീഴുന്നു. മണ്ണിൽവീണു പിടഞ്ഞുപിടഞ്ഞു ജീവൻ വെടിയുമ്പോഴും അതിന്റെ കണ്ണ് ആ കൊമ്പിലിരുന്നു കരയുന്ന തന്റെ കൂട്ടുകാരനിൽ ഉടക്കി നിൽക്കുന്നു. ഞെട്ടിപ്പോയ കവി ചുറ്റും നോക്കിയപ്പോൾ അമ്പുകുലച്ചു നിൽക്കുന്ന വേടനെയാണു കാണുന്നത്. ആ പക്ഷി അവന്റെ ആഹാരമാണെങ്കിലും മാമുനിക്ക് ആ ക്രൂരത സഹിക്കാവുന്നതായിരുന്നില്ല. അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നു വേദനയിൽ കുതിർന്ന ശാപവചനങ്ങൾ ഉതിർന്നുവീണു. അതാണു മാനിഷാദ:

രാമായണത്തിന്റെ രചന/ളിസെറസഴ നയിച്ച പശ്ചാത്തലം കുട്ടികളുടെ മനസ്സിലേക്കു കൊണ്ടുവരാനും ഹിംസയുടെ ഗൗരവമുണർത്താനും ഈ പാഠഭാഗം പ്രയോജനപ്പെടുത്താം.

## പാഠാവതരണം

പാഠഭാഗത്തെ ചിത്രം കുട്ടികൾ നിരീക്ഷിക്കട്ടെ.

ഈ ചിത്രം നിങ്ങളോടു പറയുന്നതെന്തെല്ലാം?

കുട്ടികൾ സൂക്ഷ്മമായി നിരീക്ഷിച്ച് ഓരോ കാര്യവും ചൂണ്ടിക്കാണിക്കട്ടെ. കൈചൂണ്ടി നിൽക്കുന്ന സന്യാസി, അമ്പേറ്റു പിടയുന്ന പക്ഷി, അതിന്നടുത്തേക്കു പറന്നുവരാൻ വെമ്പുന്ന മറ്റൊരു പക്ഷി. വില്ല് നിലത്തൂന്നി നിൽക്കുന്ന വേടൻ.

ഈ ചിത്രത്തിൽ നിന്നു നിങ്ങൾക്ക് എന്തെല്ലാം ഊഹിച്ചെടുക്കാം? ഏതാനും കുട്ടികൾ തങ്ങളുടെ ഊഹം വെളിപ്പെടുത്തട്ടെ. മറ്റു കുട്ടികൾ ഇടപെട്ട് കൂടുതൽ വിശദമാക്കട്ടെ.

**ക്രോഡീകരണം :**

- വേടൻ ഒരു പക്ഷിയെ അമ്പെയ്തു വീഴ്ത്തിയിരിക്കുന്നു.
- അതിന്റെ ഇണക്കിളി കരഞ്ഞുകൊണ്ട് പാറിവരുന്നു.
- ഈ കാഴ്ച കണ്ട് സന്യാസി വേടനോട് ദേഷ്യപ്പെടന്നു. കൈചൂണ്ടി താക്കീത് ചെയ്യുന്നു.
- വേടൻ നിസ്സംഗനായി നിൽക്കുന്നു.

'ഈ ചിത്രത്തിനു പിന്നിലുള്ള കഥയറിയേണ്ടേ? മാനിഷാദ: എന്ന കവിതയിലൂടെ നമുക്കതു മനസ്സിലാക്കാം.' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നു.

ആശയ ഗ്രഹണത്തിനു ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കുന്നു:

- ഒന്നാം കൊമ്പത്തുവന്നിരുന്ന പൂന്നാരക്കിളി ചോദിച്ചതെന്താണ്?

- അപ്പോൾ അങ്ങേക്കൊമ്പത്തിരുന്ന പെൺകിളിയുടെ പ്രതികരണം എങ്ങനെയായിരുന്നു? (പെൺകിളി നാണത്തോടെ ഒന്നും പ്രതികരിക്കാതെ തന്റെ സ്നേഹം ഭാവത്തിലൂടെ പ്രകടമാക്കുന്നത് വ്യക്തമാക്കിക്കൊടുക്കണം)

- അപ്പോൾ ആൺകിളി എന്താണ് ചെയ്തത്?
- ആ രണ്ടിണക്കിളികൾ മുട്ടിച്ചേർന്ന് സ്നേഹം പങ്കിടുന്ന കാഴ്ച നോക്കി നിന്നിരുന്നതാരാണ്?
- അപ്പോൾ എന്താണവിടെ സംഭവിച്ചത്?
- മണ്ണിൽ വീണു പിടയുന്ന കിളിയുടെ കണ്ണ് മരക്കൊമ്പിലുടക്കി നിന്നു എന്നതിന്റെ സൂചനയെന്താണ്?
- മുനിയുടെ മനസ്സിൽ അപ്പോഴുണ്ടായ ഭാവവ്യത്യാസമെന്താണ്?
- അദ്ദേഹം എന്താണ് വേടനോടാജ്ഞാപിച്ചത്?
- ഈ സംഭവം വിവരിച്ച കവി അവസാനം പ്രതികരിക്കുന്നതെങ്ങനെ?

ചോദ്യങ്ങളുടെ ഉത്തരം കുട്ടികൾ കവിതയിൽ നിന്നെടുത്തു പറയട്ടെ. ആവശ്യമായ വിശദീകരണം ടീച്ചർ നൽകണം.

## പഠനപ്രവർത്തനങ്ങൾ

### കണ്ടെത്താം TB

ചോദ്യങ്ങൾ നോട്ടുബുക്കിലെഴുതി കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയശേഷം എഴുതിയെടുക്കട്ടെ.

ടീച്ചർ വിലയിരുത്തണം.

### ആശയം വിശദീകരിക്കാം TB

കവിതാവരികൾ കുട്ടികൾ വായിക്കട്ടെ.

- ഏതു ശബ്ദമാണ് കവി ഏറ്റുപാടുന്നത്?
- 'അതിന്റെ കാൽച്ചിലമ്പൊലി എൻ ഗാനത്തിൽ കാണാം' എന്നു പറയുന്നതിന്റെ സൂചനയെന്ത്?
- ഏതു തരം തത്വശാസ്ത്രത്തെ സ്നേഹിക്കയില്ലെന്നാണു കവി പറയുന്നത്?

**ക്രോഡീകരിക്കാം :**

- മാനിഷാദ : അരുത്, കാട്ടാളാ അരുത്. എല്ലാ തരം ഹിംസകൾക്കുമെതിരെയുള്ള വാൽമീകി മഹർഷിയുടെ ആഹ്വാനമാണു കവിയും ഏറ്റുപാടുന്നത്.
- തന്റെ കവിതയിൽ അതിന്റെ കാൽച്ചിലമ്പൊലികൾ കണ്ടെത്താൻ കഴിയും.
- നോവനുഭവിക്കുന്ന ആത്മാവുകളെ - ഏതു ജീവിയായാലും - സ്നേഹിക്കാത്ത ഒരു തത്വശാസ്ത്രത്തെയും താൻ സ്നേഹിക്കുകയില്ല.

ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പു തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഓരോ ഗ്രൂപ്പും ഓരോ കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കട്ടെ.

## അന്വേഷിച്ചറിയാം TB

വാൽമീകി മഹർഷിയുടെ പൂർവകാല കഥ

രത്നാകരൻ എന്ന കൊള്ളക്കാരനാണ് പിന്നീട് വാൽമീകി മഹർഷിയായി മാറിയത് എന്നാണു കഥ. ഒരിക്കൽ സപ്തർഷികൾ വനത്തിലൂടെ സഞ്ചരിക്കുമ്പോൾ രത്നാകരൻ അവരുടെ മുമ്പിൽ ചാടിവീണു. കൈയിലുള്ള സമ്പത്തും വസ്ത്രങ്ങളുമെല്ലാം തനിക്കു തരണമെന്നും അല്ലെങ്കിൽ കൊന്നുകളയുമെന്നും ഭീഷണിപ്പെടുത്തി. സപ്തർഷികൾ പക്ഷേ പതറിയില്ല. അവരിലൊരാൾ ചോദിച്ചു:

"നീയെന്തിനാണിങ്ങനെ നിരപരാധികളായ യാത്രക്കാരെ കവർച്ച ചെയ്യുകയും കൊല്ലുകയും ചെയ്യുന്നത്? ഇത് മഹാപാപമല്ലേ?"

"എനിക്കും എന്റെ ഭാര്യക്കും മക്കൾക്കും ജീവിക്കണം. അതിന് ഞാൻ കണ്ടെത്തിയ വഴിയിതാണ്. പാപവും പുണ്യവുമൊന്നും എനിക്കറിയില്ല." രത്നാകരൻ ഭാവഭേദമില്ലാതെ പറഞ്ഞു.

അപ്പോൾ സ്പതർഷികൾ പറഞ്ഞു: "കഷ്ടം! കുടുംബത്തിന്റെ ഉപജീവനത്തിനു വേണ്ടി നീ കഠിന ശിക്ഷയർഹിക്കുന്ന മഹാപാതകങ്ങൾ ചെയ്യുന്നല്ലോ. ഈ പാതകങ്ങളുടെ ശിക്ഷ നിന്നോടൊപ്പം പങ്കു വയ്ക്കാൻ അവരും തയ്യാറാകാമോ?"

"ന്യായപ്രകാരം അവരും സഹിക്കേണ്ടതാണല്ലോ അത്." രത്നാകരന്റെ മറുപടി കേട്ടപ്പോൾ മഹർഷിമാരിലൊരാൾ പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു. ന്യായം അങ്ങനെയായിരിക്കാം. എന്നാൽ മനുഷ്യരുടെ അവസ്ഥ അങ്ങനെയല്ല. ശിക്ഷയനുഭവിക്കാൻ അവരാരുമുണ്ടാവില്ല. താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻതാനനുഭവിച്ചിടുകെന്നേ വരൂ."

"എന്റെ ഭാര്യയും മക്കളും അങ്ങനെ എന്നെ കൈയൊഴിയുമെന്നു തോന്നുന്നില്ല." രത്നാകരൻ അൽപം ചിന്തിച്ചുകൊണ്ടു പറഞ്ഞു.

"എന്നാൽ ഒരു കാര്യചെയ്യൂ. അവരോട് അക്കാര്യമൊന്നു ചോദിച്ചുവരൂ." മഹർഷിമാരുടെ വാക്കുകേട്ട രത്നാകരന്റെ മനസ്സൊന്നിളകി.

"ഞാൻ ചോദിച്ചു വരുമ്പോഴേക്കും നിങ്ങൾ സ്ഥലം വിടില്ലേ?" രത്നാകരൻ സംശയം പ്രകടിപ്പിച്ചു.

"ഇല്ല. ഞങ്ങൾ ഇവിടെത്തന്നെ നിൽക്കാം." മഹർഷിമാർ സത്യം ചെയ്തു പറഞ്ഞു. ആ വാക്കുകളിൽ വിശ്വാസമർപ്പിച്ച് രത്നാകരൻ വീട്ടിലേക്കു കുതിച്ചു. ഭാര്യയെയും മക്കളെയും വിളിച്ചുകൂട്ടി കാര്യം പറഞ്ഞു. അപ്പോൾ അവർ പറഞ്ഞു: "ഞങ്ങളെ സംരക്ഷിക്കേണ്ടതും ഭക്ഷണം തരേണ്ടതും നിങ്ങളുടെ ബാധ്യതയാണല്ലോ. അതിനുള്ള സമ്പത്ത് നിങ്ങൾ എവിടെനിന്നു നേടുന്നു എന്നു ഞങ്ങൾ നോക്കേണ്ടതില്ല നിങ്ങൾ ചെയ്യുന്നത് പാപമാണെങ്കിൽ അതിന്റെ ഫലം നിങ്ങൾതന്നെ അനുഭവിച്ചു കൊള്ളണം. ഞങ്ങളെ അതിനു കിട്ടില്ല."

കുടുംബത്തിന്റെ പ്രതികരണമറിഞ്ഞപ്പോൾ രത്നാകരന്റെ മനസ്സിടിഞ്ഞു. കുറ്റബോധം അയാളെ തളർത്തി. പശ്ചാതാപമനസ്സോടെ അയാൾ തിരിച്ചുചെന്നു സപ്തർഷികളുടെ കാൽക്കൽ വീണു മാപ്പപേക്ഷിച്ചു. തനിക്കു മോക്ഷമാർഗ്ഗം പറഞ്ഞുതരണമെന്നപേക്ഷിച്ചു. സപ്തർഷികൾ രത്നാകരന് ഉപദേശങ്ങൾ നൽകി. സദാസമയവും ഈശ്വരനാമമുരുവിട്ട് തപസ്സനുഷ്ഠിക്കാൻ നിർദ്ദേശിച്ചു. അതനുസരിച്ചു രത്നാകരൻ ഉടനെ അവിടെത്തന്നെയിരുന്നു തപസ്സു തുടങ്ങി.

കാലങ്ങൾക്കുശേഷം സപ്തർഷികൾ അതുവഴി വന്നപ്പോൾ പുറ്റുകളുടെ ഒരു കൂമ്പാരം മാത്രമായിരുന്നു കാണാനുണ്ടായിരുന്നത്. അതിനുള്ളിൽ നിന്ന് ഈശ്വരസ്തോത്രം ഉയരുന്നതു കേട്ട് അവർ പുറ്റ് തട്ടിയുടച്ചു. അപ്പോൾ അതിന്നുള്ളിൽ തപസ്സിൽ മുഴുകിയിരിക്കുന്ന രത്നാകരനെ കണ്ടുവത്രെ. പിന്നീടദ്ദേഹം വാൽമീകത്തിൽ (പുറ്റ്) നിന്നുണ്ടായവൻ എന്ന അർത്ഥത്തിൽ വാൽമീകി എന്നറിയപ്പെട്ടു എന്നാണു കഥ.

വാൽമീകി കാട്ടിൽ താപസനായി കഴിയുന്ന കാലത്താണ് കാവ്യഭാഗത്തു പരാമർശിച്ച സംഭവമുണ്ടായത്. കാട്ടിലൂടെ നടക്കുമ്പോൾ രണ്ടു ക്രൗഞ്ചപ്പക്ഷികൾ പരസ്പരം കൊക്കുരുമ്മി ഒട്ടിച്ചേർന്ന് ലീലാ വിനോദങ്ങളിൽ മുഴുകിയ കാഴ്ച അദ്ദേഹത്തെ പിടിച്ചുനിർത്തി. ലൗകിക തല്പരനല്ലെങ്കിലും ആ മനോഹരമായ കാഴ്ച അദ്ദേഹത്തിന്റെ മനസ്സിൽ വല്ലാത്തൊരു ആത്മീയാനുഭൂതിയുണർത്തി. ആ കാഴ്ചയിൽ ലയിച്ചങ്ങനെ നിൽക്കുമ്പോഴാണ് ഒരു വേടൻ അമ്പെയ്യുന്നതും ഇണപ്പക്ഷികളിലൊന്ന് പിടഞ്ഞു നിലത്തുവീഴുന്നതും. വേദനാജനകമായ ആ കാഴ്ചയിൽ മനസ്സു തകർന്നുപോയ മഹർഷിയുടെ വായിൽ നിന്നടർന്നു വീണതാണത്രെ മാനിഷാദ: എന്നു തുടങ്ങുന്ന ശ്ലോകം.

പിന്നീട് ഈ വരികൾ നാരദ മഹർഷിയുടെ ശ്രദ്ധയിൽ പെട്ടപ്പോൾ ഇതൊരു ലക്ഷണമൊത്ത കാവ്യമാണെന്നും ഇതേ രീതിയിൽ രാമന്റെയും സീതയുടെയും കഥ രചിക്കണമെന്നും നിർദ്ദേശിച്ചുവത്രെ. അങ്ങനെയാണു രാമായണം പിറന്നത് എന്നാണു കഥ.

കുട്ടികൾ കണ്ടെത്തിയ കഥ ക്ലാസിൽ അവതരിപ്പിക്കട്ടെ.

ടീച്ചർ വിലയിരുത്തണം, കൂട്ടിച്ചേർക്കലുകൾ നടത്തണം

## കവിത ചൊല്ലാം TB

കിവതയരങ്ങ് സംഘടിപ്പിക്കാനുള്ള നിർദ്ദേശം നൽകുന്നു.

വയലാറിന്റെ ശ്രദ്ധേയമായ കവിതകളും ചലച്ചിത്ര ഗാനങ്ങളും ധാരാളമുണ്ട്. അവ

കുട്ടികൾ ശേഖരിക്കട്ടെ. ഓരോ കുട്ടിയും ഒരു രചനയെങ്കിലും സംഘടിപ്പിക്കണം.

കവിതയരങ്ങളിൽ എല്ലാ കുട്ടികളും കവിതയോ ഗാനമോ അവതരിപ്പിക്കട്ടെ.

ശേഖരിച്ച കവിത/ഗാനം A4 പേപ്പറിൽ വൃത്തിയായി എഴുതിക്കൊണ്ടുവരാൻ നിർദ്ദേശിക്കുക. അവ കുത്തിക്കെട്ടി പതിപ്പാക്കാം.

## കവിത ചൊല്ലാം അലങ്കാര ഭംഗി കണ്ടെത്താം WB

വയലാറിന്റെ 'മാനിഷാദ' എന്ന കവിതയിൽ ഉൾപ്പെട്ടതാണ് ഈ വരികളും.

കവിത കുട്ടികൾ ഈണത്തിൽ ചൊല്ലട്ടെ.

മനോഹരമായ വർണ്ണനകളാൽ സമ്പന്നമാണ് ഈ വരികളിലോരോന്നും.

കവിതയുടെ ആശയ വിശകലനത്തിന്നുതകും വിധമുള്ള ചോദ്യങ്ങൾ വർക്കുബുക്കിൽ നൽകിയിട്ടുണ്ട്.

- നീളൻ ദർഭപ്പുല്ലിന്റെ കതിരുകൾ തിങ്ങിയ നീലക്കാടുകൾ
- ചൂളം കുത്തിപ്പതഞ്ഞൊഴുകുന്ന കാട്ടുചോല
- ചായച്ചെപ്പും തുറന്നു കൊണ്ടെത്തിയ സായംസന്ധ്യ

നീലക്കാടുകൾ പൂ നീട്ടുന്നതും കാട്ടുചോല പുന്നാരം പറയുന്നതും സായംസന്ധ്യയുടെ രോമാഞ്ചവും ആറ്റിൻതീരത്തെ മരക്കൊമ്പുകൾ പുഞ്ചിരിപ്പൂ കുത്തുന്നതും കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. സന്ധ്യാസമയത്ത് മേഘത്തിൽ പ്രത്യക്ഷപ്പെടുന്ന നിറഭേദങ്ങൾ 'ചായച്ചെപ്പും തുറന്നു കൊണ്ടെത്തിയ സായം സന്ധ്യ' എന്ന പ്രയോഗത്തിലൂടെ എത്ര മനോഹരമായാണ് ആവിഷ്കൃതമായിരിക്കുന്നത്! സാധാരണ കാണുന്ന ദൃശ്യങ്ങൾ തന്നെ ഈ വിധം മനോഹരമായ വർണ്ണനകളിലൂടെ ആസ്വാദ്യകരമാക്കുന്നതാണ് അലങ്കാരപ്രയോഗം എന്ന ബോധം കുട്ടികളിലുണ്ടാക്കണം.

## പൂർണനാമമെഴുതുക WB

എഴുത്തുകാരുടെ പൂർണനാമങ്ങൾ കുട്ടികൾ അന്വേഷിച്ചു കണ്ടെത്തട്ടെ.

| | | |
|---|---|---|
| ഉറൂബ് | - | പി.സി. കുട്ടികൃഷ്ണൻ |
| ചങ്ങമ്പുഴ | - | കൃഷ്ണപിള്ള |
| ഇടശ്ശേരി | - | ഗോവിന്ദൻ നായർ |
| ഉള്ളൂർ | - | എസ്. പരമേശ്വര അയ്യർ |
| പി | - | പി. കുഞ്ഞിരാമൻ നായർ |
| ഒ.എൻ.വി | - | ഒ. എൻ. വേലുക്കുറുപ്പ് |

| | | |
|---|---|---|
| ജി. | - | ജി. ശങ്കരക്കുറുപ്പ് |
| വൈലോപ്പിള്ളി | - | ശ്രീധരമേനോൻ |
| വയലാർ | - | രാമവർമ്മ |
| എം.ടി | - | എം.ടി. വാസുദേവൻ നായർ |
| വള്ളത്തോൾ | - | വള്ളത്തോൾ നാരായണമേനോൻ |

ഇതൊരു സൂചക പ്രവർത്തനമാണ്. ആധുനികരായ പല എഴുത്തുകാരും ഈ വിധം തൂലികാ നാമത്തിലാണ് അറിയപ്പെടുന്നത്. അവ കണ്ടെത്തൽ ടീച്ചർ മാർഗനിർദ്ദേശം നൽകണം.

## ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക WB

പാഠഭാഗത്തെക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നതെങ്ങനെ?

കണ്ടെത്തേണ്ട ആസ്വാദനാംശങ്ങൾ തീരുമാനിച്ച ശേഷം കുട്ടികളെ അഞ്ചു ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിനും നിശ്ചിതവിഷയങ്ങൾ നറുക്കിട്ടു നൽകാം.

കവിതയുടെ, ആശയം, - അവതരണ ഭംഗി, ആലങ്കാരികപ്രയോഗങ്ങൾ, സന്ദേശം,

ഈണം - താളം എന്നിങ്ങനെ ഓരോ അംശവും വിലയിരുത്തി ഗ്രൂപ്പുകൾ എഴുതിത്തയ്യാറാക്കിയ കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കട്ടെ. ചർച്ചയിലൂടെ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തണം. എല്ലാ കുട്ടികളും ചർച്ചയിലെ പ്രധാനാശയങ്ങൾ കുറിച്ചെടുക്കണം.

എല്ലാം കൂട്ടിച്ചേർത്ത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കട്ടെ.

ടീച്ചർ വിലയിരുത്തണം.

# യൂണിറ്റ് – 5
# ഇത്തിരിയിലെ ഒത്തിരി വിശേഷം

ചെറുതുകളിൽ നിന്നാണു വലുതുകൾ രൂപം കൊള്ളുന്നത്. സാർവത്രികമായ ഒരു പ്രതിഭാസമാണിത്. ചിന്തിക്കുന്നവരെ അത്ഭുതപ്പെടുത്തുന്ന മാറ്റങ്ങൾ – വലുതുകളിലേക്കുള്ള മുന്നേറ്റം – ഈ ഭൂമിയിൽ നിരന്തരം സംഭവിച്ചു കൊണ്ടിരിക്കയാണ്. വികസനത്തിലേക്കു മുന്നേറുന്ന ചെറുതുകൾക്കു പുറമെ വമ്പൻശക്തികളായി നിലകൊള്ളുന്ന ചെറുതുകളും നിരവധിയുണ്ട് നമുക്കു ചുറ്റും. ചിന്തകരെ എക്കാലവും വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന ഇത്തരം കാര്യങ്ങളിലേക്ക് കുട്ടികളുടെ ചിന്ത തിരിക്കുന്നതും അവരുടെ ഭാവനകൾക്കു ചിറകുകൾ നൽകുന്നതുമാണ് 'ഇത്തിരിയിലെ ഒത്തിരി വിശേഷം' എന്ന യൂണിറ്റ്.

കേവലമൊരു അണുവിൽ നിന്നാണ് മനുഷ്യഭാവനകൾക്കുപോലും അപ്രാപ്യമായ പ്രപഞ്ചത്തിന്റെ വികാസം. അതിന്റെ അനുരണനങ്ങൾ നമ്മുടെചുറ്റും കാണുന്ന ഓരോ വസ്തുവിലുമുണ്ട്. പല വിത്തുകളും തരിമണികളാണ്; സൂക്ഷ്മമായി നിരീക്ഷിച്ചാൽ മാത്രം കാണാൻ കഴിയുന്ന തരിമണികൾ. അതിനുള്ളിൽ ഒരു മഹാവൃക്ഷത്തിന്റെ, പടർന്നു കയറുന്ന വല്ലികളുടെ മഹാകാരം ഒളിഞ്ഞിരിക്കുന്നുവെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമുണ്ടാകും. എന്നാൽ മണ്ണും വെള്ളവും അനുകൂലസാഹചര്യവും കൈവരുമ്പോൾ അവ പടർന്നു പന്തലിക്കുന്നത് നമുക്ക് കണ്ടറിയാൻ കഴിയും. ചെറുതുകളുടെ മഹാശക്തിയാണിതു കാണിക്കുന്നത്.

ചെറുതുകൾ കൂടിച്ചേർന്നു വലുതുകൾ രൂപം കൊള്ളുന്നുവെന്നതു മറ്റൊരു വശമാണ്. 'പലതുള്ളിപ്പെരുവെള്ളം' നമുക്കു സുപരിചിതമാണല്ലോ. ഇങ്ങനെ നിരീക്ഷിക്കുമ്പോൾ നിസ്സാരമായ കണങ്ങൾ സംഘാതമാകുമ്പോഴുണ്ടാകുന്ന ശക്തിയുടെയും പെരുപ്പത്തിന്റെയും കഥകൾ മണ്ണിലും മലകളിലും പർവതങ്ങളിലും പാറകളിലുമെല്ലാം വായിച്ചെടുക്കാൻ കഴിയും. ഇത് പല തിരിച്ചറിവുകളും നമുക്കു നൽകുന്നുണ്ട്. ജീവിതവ്യാപാരങ്ങൾക്കിടയിൽ ഒറ്റപ്പെട്ട പ്രവർത്തനങ്ങളെ നിസ്സാരമായി കണ്ടുകൂടെന്ന തിരിച്ചറിവ് തന്നെ പ്രധാനം. നിമിഷങ്ങൾ വളരെ നിസ്സാരം; പക്ഷേ അവ കൂടിച്ചേർന്നു മിനുട്ടുകളും മണിക്കൂറുകളും ദിവസങ്ങളും മാസങ്ങളും വർഷങ്ങളുമാവുന്നത് സ്വാഭാവികമാണല്ലോ. നിമിഷങ്ങളെ നിസ്സാരമായി കണ്ട് അവഗണിച്ചാൽ ഒന്നിച്ചുചേരുമ്പോൾ അവ വലിയ നഷ്ടമായിത്തീരും എന്നു ചുരുക്കം. ഒരു വട്ടമല്ലേ, ഒന്നല്ലേ, ഒരിക്കൽ മാത്രമല്ലേ എന്നൊക്കെ പറഞ്ഞു തെറ്റുകളെ ന്യായീകരിക്കുന്നവരുണ്ടാവും. എന്നാൽ അവ ഒന്നിലൊതുങ്ങണമെന്നില്ലല്ലോ. അങ്ങനെ കൊടും പാപങ്ങളിലെത്തിച്ചേരുന്നവരെത്ര!

നഗ്നനേത്രങ്ങൾ കൊണ്ടു കാണാൻപോലും പറ്റാത്ത ചെറുതുകൾ നമ്മുടെ ശരീരത്തിലും ചുറ്റുപാടുകളിലുമുണ്ട്. അവയിൽ പലതും നമ്മുടെ ശാരീരികവും ബുദ്ധിപരവുമായ സർവ്വകഴിവുകളെയും വെല്ലുവിളിച്ചുകൊണ്ട് സംഹാരതാണ്ഡവമാടുന്നതും മുന്നേറുന്നതും കാണാം. ശക്തരെന്നഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്ന മനുഷ്യർ അവയുടെ അപ്രതിരോധ്യമായ ശക്തിക്കുമുന്നിൽ നിസ്സാഹയരായിപ്പോകുന്ന എത്രയെത്ര രംഗങ്ങൾ!

ചെറുതുകളെക്കുറിച്ചുള്ള പഠനം നമ്മെ വിസ്മയിപ്പിക്കുന്നതും ചിന്തകളുണർത്തുന്നതുമാണ്. ഈ പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനം ബോധ്യപ്പെടുത്തുന്നതോടൊപ്പം നിസ്സഹായത വെളിപ്പെടുത്തുന്നതു കൂടിയാണത്. മനുഷ്യൻ ബുദ്ധിയുപയോഗിച്ചു നേടിയെടുത്ത മഹാനേട്ടങ്ങൾ അറ്റമില്ലാത്തതാണെങ്കിലും അവയുടെ പേരിൽ അഹങ്കരിക്കുന്നതിൽ ഒരർത്ഥവുമില്ല എന്ന് ഇതെല്ലാം കാണിച്ചുതരുന്നു. അൽപജ്ഞാനത്തിന്റെ ലക്ഷണമാണ് അഹങ്കാരം എന്ന തിരിച്ചറിവുണ്ടാക്കുന്നു. ഈ പ്രപഞ്ച സംവിധാനത്തെയും അതിന്നു പിന്നിലുള്ള മഹാശക്തിയെയുംകുറിച്ച്, അവയുടെ ആസൂത്രകനെക്കുറിച്ച് ബോധമുർണർത്തുന്നു.

മൂന്നു പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുമാരനാശാന്റെ 'ചെറിയവ' എന്ന കവിത ചെറുതുകളിലൂടെ വലുതുകൾ രൂപം കൊള്ളുന്നതും ചെറുതുകളുടെ സൗന്ദര്യവും സൂചിപ്പിക്കുന്നു. 'ഉറുമ്പുകളുടെ ലോകം' ഏവർക്കും സുപരിചിതരായ ഉറുമ്പുകളുടെ മഹാശക്തിയും ആസൂത്രണവൈഭവവും ബോധ്യപ്പെടുത്തുന്നു.'വമ്പന്മാരായ ഇത്തിരിക്കുഞ്ഞന്മാർ' നഗ്ന നേത്രങ്ങൾക്കു കണ്ടെത്താൻ കഴിയാത്ത വൈറസുകളും ബാക്ടീരിയകളും നമ്മുടെ ജീവിതത്തിനു നൽകുന്ന സഹായവും വരുത്തിത്തീർക്കുന്ന അപകടങ്ങളും വ്യക്തമാക്കിത്തരുന്നു. ഇങ്ങനെ ചെറുതുകളുടെ ശക്തിയെക്കുറിച്ച് വിവിധതലങ്ങളിലൂടെയുള്ള ഉണർത്തലുകളാണ് ഈ യൂണിറ്റ്.

## പ്രവേശക പ്രവർത്തനം

ചെറുതാണെന്നു കരുതി ഒന്നിനെയും നിസ്സാരമായി കാണുന്നതു ശരിയല്ല. പല ചെറുതുകളിലും മഹാശക്തികൾ ഒളിഞ്ഞിരിക്കുന്നുണ്ട്. അനുകൂല സാഹചര്യത്തിൽ അവ സ്വന്തംശക്തി പ്രകടിപ്പിക്കും. ഒരു ചെറിയ വിത്തെടുക്കാം. ആ വിത്തിൽ ഒരു മഹാവൃക്ഷത്തിന്റെ സത്ത ഒളഞ്ഞിരിക്കുന്നുണ്ട്. പക്ഷേ അതു കണ്ടെത്താൻ അപ്പോൾ നമുക്കു കഴിയില്ല. അനുകൂല സാഹചര്യത്തിൽ അതു മുളച്ച് മണ്ണിൽനിന്നു വെള്ളവും വളവും വലിച്ചെടുത്ത് വളർന്നു വലുതാവുമ്പോഴേ കാര്യം വ്യക്തമാവുകയുള്ളൂ.

പ്രവേശകക്കുറിപ്പ് കുട്ടികൾ മൗനമായി വായിക്കട്ടെ. ടീച്ചർ ചോദ്യങ്ങൾ ഉന്നയിക്കുന്നു:

- ചെറുതുകളിൽ മഹാശക്തികൾ ഒളിഞ്ഞിരിക്കുന്നുവെന്നും അവസരം കിട്ടുമ്പോൾ അവ വളർന്നു പന്തലിക്കുന്നുവെന്നും ഗുരു ശിഷ്യർക്കു ബോധ്യപ്പെടുത്തുന്നതെങ്ങനെ?
- ഏതു സന്ദർഭത്തിലാണ് ഗുരു ഇങ്ങനെ ബോധ്യപ്പെടുത്തുന്നത്?

ക്രോഡീകരണം:

- ഇത്തിരിപ്പോന്ന ചെറുതുകളായ വിത്തുകളിൽ പോലും ആകാശത്തു പടർന്നു പന്തലിക്കാനിരിക്കുന്ന വടവൃക്ഷത്തിന്റെ കരുത്ത് ഒളിഞ്ഞിരിക്കുന്നുണ്ട്.
- കേവലമൊരു കണത്തിൽ നിന്നാണ് ഈ പ്രപഞ്ചമഖിലം വികസിച്ചിട്ടുണ്ടായത് എന്ന കാര്യം ശിഷ്യരെ പഠിപ്പിക്കുകയായിരുന്നു ഗുരു.
- ചെറുതുകളൊന്നും അത്ര നിസ്സാരമല്ല. ചെറുതിൽ നിന്നാണു വലുത് ഉണ്ടാകുന്നത്.

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതയുടെ കാലം, പ്രമേയം, ചമത്കാര ഭംഗി എന്നിവ ഉൾക്കൊള്ളുകയും അവ താരതമ്യംചെയ്തു കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>• കവിതകൾ ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു.<br>• പദങ്ങൾ വേർതിരിച്ചെഴുതി കവിതാവരികളുടെ ആശയം കണ്ടെത്തുന്നു. | ചെറിയവ | • ചെറുതിൽ നിന്നാണ് ഏതു വലുതിന്റെയും തുടക്കം.<br>• ചെറുതെന്നു കരുതി ഒന്നിനെയും നിസ്സാരമായി കാണരുത്.<br>• അന്യർക്കു ചെറിയ ഉപകാരം ചെയ്യുന്നതിൽ ഒന്നും നഷ്ടപ്പെടാനില്ല. മറ്റുള്ളവർക്കു യാതൊരു ഉപകാരവുമില്ലെങ്കിൽ ഈ ജന്മത്തിനു തന്നെ ഒരു വിലയുമുണ്ടാവില്ല. | കവിത ആശയം ഉൾക്കൊണ്ട് ചൊല്ലൽ<br>കുറിപ്പ് തയ്യാറാക്കൽ<br>പഴഞ്ചൊല്ലു വിശദീകരിക്കൽ<br>താരതമ്യക്കുറിപ്പ് തയ്യാറാക്കൽ<br>അനുഭവക്കുറിപ്പ് തയ്യാറാക്കൽ. | ഈണത്തിലുള്ള കവിതാലാപനം<br>കുറിപ്പ്<br>വിശദീകരണക്കുറിപ്പ്<br>അനുഭവക്കുറിപ്പ് | **അനുഭവക്കുറിപ്പ്**<br>• ഉചിതമായ അനുഭവം കണ്ടെത്തിയിട്ടുണ്ട്.<br>• വ്യക്തമായ വിവരണം<br>• ഭാഷ<br>**പഴഞ്ചൊൽ വിശദീകരണം**<br>• വാചികാർത്ഥവും വ്യാംഗ്യാർത്ഥവും കണ്ടെത്തിയിട്ടുണ്ട്.<br>• ഉചിതമായി വ്യാഖ്യാനിച്ചിട്ടുണ്ട്. |
| • ലേഖനം, നിരൂപണം, പഠനം, ഉപന്യാസം എന്നിവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ തിരിച്ചറിഞ്ഞ് രചനകളിലും ജീവിത സന്ദർഭങ്ങളിലും ഔചിത്യപൂർവം പ്രയോജനപ്പെടുത്തുന്നു.<br>• പ്രകൃതിയെ നിരീക്ഷിക്കുകയും ചെറുജീവികളെ തിരിച്ചറിഞ്ഞ് അവയുടെ ജീവിതത്തിൽ നിന്ന് പാഠമുൾക്കൊള്ളുകയും ചെയ്യുന്നു.<br>• സർവനാമങ്ങൾ പരിചയപ്പെടുകയും അവ വാക്യങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു. | ഉറുമ്പുകളുടെ ലോകം | • ഉറുമ്പുകളെ നിസ്സാര ജീവികളായാണു കാണാറുള്ളതെങ്കിലും അവ അത്ര നിസ്സാരമല്ല. സാമൂഹിക ബോധവും സഹകരണവും ത്യാഗമനോഭാവവും മനുഷ്യർ അവയെ കണ്ടുപഠിക്കണം.<br>• സർവനാമങ്ങൾ ഭാഷയെ സൗകര്യപ്രദമായും ഭംഗിയായും അവതരിപ്പിക്കാനുള്ള ഉപാധിയാണ്.<br>• പരിസര നീരിക്ഷണത്തിലൂടെ ചെറുജീവികളെ അടുത്തറിയാൻ ശ്രമിക്കേണ്ടതുണ്ട്. | ഗദ്യഭാഗങ്ങൾ ആശയമുൾക്കൊണ്ട് ഭാവാത്മകമായി വായിച്ച<br>വതരിപ്പിക്കൽ<br>നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>സർവ നാമങ്ങൾ ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കൽ<br>ശൈലി വിശദീകരിക്കൽ. | ഭാവാത്മക വായന<br>നിരീക്ഷണക്കുറിപ്പ്.<br>സർവനാമങ്ങളുടെ ഉചിത പ്രയോഗങ്ങൾ<br>കുറിപ്പ് | **നിരീക്ഷണക്കുറിപ്പ്**<br>• നിരീക്ഷണം നടത്തിയിട്ടുണ്ട്.<br>• സൂക്ഷ്മ വശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>• ഉചിതമായ ഭാഷ<br>**സർവനാമങ്ങൾ**<br>• തിരിച്ചറിഞ്ഞിട്ടുണ്ട്.<br>• ഉചിതമായി പ്രയോഗിച്ചിട്ടുണ്ട്. |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • ലേഖനങ്ങൾ, പഠനങ്ങൾ ഉപന്യാസം എന്നിവ വായിച്ച് ആശയം ഗ്രഹിക്കുന്നു.<br>• അവയിലെ ആസ്വദനീയാംശങ്ങൾ കണ്ടെത്തുന്നു.<br>• ഗദ്യഭാഗങ്ങൾ ഭാവം ഉൾക്കൊണ്ട് വായിച്ചവതരിപ്പിക്കുന്നു.<br>• ജനങ്ങളെ ബോധവത്കരിക്കുന്ന പോസ്റ്റർ വാക്യങ്ങൾ തയ്യാറാക്കുന്നു.<br>• അഭിമുഖം നടത്താൻ ചോദ്യങ്ങൾ തയ്യാറാക്കുന്നു.<br>• പത്രവാർത്തകൾ തയ്യാറാക്കുന്നു<br>• സമാസം, വിഗ്രഹം എന്നിവ പരിചയപ്പെടുന്നു. | വമ്പന്മാരായ ഇത്തിരിക്കുഞ്ഞന്മാർ | • കോടിക്കണക്കിനു സൂക്ഷ്മജീവികൾ നമ്മുടെ ശരീരത്തിലും പരിസരങ്ങളിലും ജീവിക്കുന്നുണ്ട്.<br>• അവയിൽ നമുക്കു പ്രയോജനപ്പെടുന്നതും ഉപദ്രവകാരികളുമുണ്ട്.<br>• ആരോഗ്യംനിലനിർത്താൻ ഇത്തരം സൂക്ഷ്മജീവികളെക്കുറിച്ച് അറിഞ്ഞിരിക്കൽ അനിവാര്യമാണ്.<br>• പ്രകൃതിപരമായിത്തന്നെ നമ്മുടെ സംരക്ഷണത്തിനുള്ള സംവിധാനമുണ്ട്. | ഗദ്യഭാഗം ഭാവാത്മക വായന<br>പോസ്റ്റർ വാക്യങ്ങൾ തയ്യാറാക്കൽ<br>പത്രവാർത്ത തയ്യാറാക്കൽ.<br>അഭിമുഖ ചോദ്യാവലി തയ്യാറാക്കൽ.<br>കുറിപ്പ്<br>സമാസം, വിഗ്രഹം പരിചയപ്പെടൽ | വായന<br>പോസ്റ്റർ വാക്യങ്ങൾ<br>പത്രവാർത്ത<br>അഭിമുഖ ചോദ്യാവലി<br>കുറിപ്പ് | **പോസ്റ്റർ**<br>• വിഷയബന്ധം സംക്ഷിപ്തത<br>• ആകർഷകത്വം<br>• സംവിധാനരീതി<br>• ഭാഷ<br>**പത്രവാർത്ത**<br>• ശീർഷകം<br>• വിഷയബന്ധം<br>• വിവരണരീതി<br>• ഭാഷ<br>**അഭിമുഖ ചോദ്യാവലി**<br>• വിഷയാധിഷ്ഠിതചോദ്യങ്ങൾ<br>• വ്യക്തത<br>• സൂക്ഷ്മാന്വേഷണം<br>• ഉചിതമായ ഭാഷ |

# പാഠം – 16
# ചെറിയവ

കുമാരനാശാന്റെ ചെറു കവിതകളിലൊന്നാണ് 'ചെറിയവ.' ചെറുതുകളുടെ ശക്തിയും സൗന്ദര്യവും അവയുൾക്കൊള്ളുന്ന വൈപുല്യവും മനനം ചെയ്തു കവി കൗതുകകരവും ചിന്താർഹവും ആസ്വദനീയവുമായ കുറെ സത്യങ്ങൾ മനോഹരമായി ആവിഷ്കരിച്ചിരികുകയാണീ കവിതയിൽ. 'പലതുള്ളിപ്പെരുവെള്ളം' എന്ന ചൊല്ല് നമുക്ക് സുപരിചിതമാണ്. അതേ കാര്യം തന്നെയാണ് കവിതയുടെ ആദ്യവരികളിൽ കാണുന്നതും.

ചെറുതുള്ളികൾ ചേർന്നു തന്നെയീ
കരകാണാതെഴുമാഴിയായതും

തുടർന്നു കവി നാം വസിക്കുന്ന ഭൂമിയിലേക്കു ശ്രദ്ധ തിരിക്കുന്നു. മൺതരികൾ ചേർന്നാണ് വാസയോഗ്യമായ ഈ കരകളൊക്കെ രൂപം കൊണ്ടത്. ജീവിതത്തിലേക്കു കണ്ണോടിക്കുന്ന കവി നിമിഷങ്ങളുടെ മൂല്യത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. പരിഗണനീയമെന്നു നമുക്കു തോന്നാതെ നിമിഷങ്ങൾ അങ്ങനെ കടന്നുപോകുന്നു. എന്നാൽ ഈ നിമിഷങ്ങളാണ് മിനുട്ടുകളും മണിക്കൂറുകളും ദിവസങ്ങളും ആഴ്ചകളും മാസങ്ങളും വർഷങ്ങളുമായി നമ്മുടെ ആയുഷ്ക്കാലം പൂർത്തിയാക്കുന്നത്. ഓരോ നിമിഷവും ഫലപ്രദമായി വിനിയോഗിക്കേണ്ടതിന്റെ ആവശ്യകത ഈ സൂചനയിൽ ഉൾക്കൊള്ളുന്നുണ്ട്.

തുടർന്നു നമ്മുടെ കർമ്മങ്ങളിലേക്കുള്ള സൂചനയാണ്. നന്മയും തിന്മയും നമ്മുടെ ജീവിതപാതയിൽ അഭിമുഖീകരിക്കുന്നുണ്ട്. നന്മ ചെയ്തു വിശുദ്ധിയിലേക്കു കയറിക്കയറിപ്പോകാം, തിന്മയിൽ മുഴുകി നികൃഷ്ടാവസ്ഥയിലേക്ക് ഇറങ്ങിയിറങ്ങിപ്പോകാം. തെറ്റുകളായിരിക്കും നമ്മെ കൂടുതൽ പ്രലോഭിപ്പിക്കുന്നത്. അപ്പോൾ തെറ്റിലേക്കു തിരിഞ്ഞേക്കാം. ഒന്നല്ലേ, ഒരിക്കലല്ലേ, എന്നും ആവർത്തിക്കുന്നില്ലല്ലോ എന്നിങ്ങനെയുള്ള ന്യായങ്ങളും സമാധാനിപ്പിക്കലും പൈശാചികസ്വാധീനത്തിലകപ്പെട്ട മനസ്സിൽ നിന്നുണ്ടാവാം. എന്നാൽ ഓർക്കുക; ചെറുതെറ്റുകൾ തന്നെ മതി, അവ പെരുകിപ്പെരുകി, നന്മകളെയകറ്റി, വഴികേടിലേക്കു നയിച്ച് നമ്മെ ദുരിതത്തിൽ കൊണ്ടെത്തിച്ചേക്കും. ചെറുതെറ്റുകൾ പോലും ചെയ്തുപോകുന്നതിൽനിന്ന് അകന്നുനിന്നു ജാഗ്രത പാലിക്കാനുള്ള ഉപദേശം ഈ വരികളിൽ അന്തർലീനമായിരിക്കുന്നു.

നന്മയുടെ വഴികളാണു തുടർന്നു കവി സൂചിപ്പിക്കുന്നത്. നല്ല വാക്കുകൾ പറയുക. ദയാപൂർണമായ ചെറിയൊരു വാക്കുമതി, മറ്റുള്ളവരുടെ മനസ്സിൽ സന്തോഷം നിറയ്ക്കാൻ. ചീത്ത വാക്കുകൾ ദുഃഖവും വേദനയും ഉത്സാഹക്കുറവും സൃഷ്ടിക്കുമെന്ന കാര്യവുമോർക്കുക.

ചെറു പുഞ്ചിരി മതി ലോകത്തെ മുഴുവൻ പരമാനന്ദത്തിലാറാടിക്കാൻ. വൈരവും വിദ്വേഷവും മറന്നു സ്നേഹത്തോടെ, പുഞ്ചിരിയോടെ മറ്റുള്ളവരെ എതിരേൽക്കുമ്പോൾ പകയും പിണക്കവുമെല്ലാം അപ്രത്യക്ഷമാവും. അതുപോലെ ചെറുനന്മകളിലൂടെ

ലോകത്തെ സേവിക്കാനും അതുവഴി സന്തോഷിപ്പിക്കാനും കഴിയും ഓർക്കുക, ഇത്തരം ചെറുനന്മകൾ ചെയ്യുമ്പോൾ നമുക്കൊന്നും നഷ്ടപ്പെടാനില്ല. ലഭിക്കുന്നതോ, സംതൃപ്തമായ ചുറ്റുപാടായിരിക്കും.

മനുഷ്യൻ സാമൂഹികജീവിയാണ്. ഈ ജന്മം സഫലമാകുന്നത് സമൂഹത്തിലെ ഒരംഗമായി മറ്റുള്ളവരുമായി ഇടപഴകി, സേവനങ്ങൾ ചെയ്ത്, മറ്റുള്ളവർക്ക് ഉപകാരിയായിക്കഴിയുമ്പോഴാണ്. നമ്മെക്കൊണ്ട് ആർക്കും ഒരുപകാരവും ലഭിക്കുന്നില്ലെങ്കിൽ ഈ ജന്മത്തിന്റെ മഹത്വം ഇല്ലാതായിപ്പോകും. ചെറുതെങ്കിലും ദയാപൂർണമായ, സ്നേഹപൂർണമായ സഹായ സഹകരണങ്ങൾ, ചെറുതെങ്കിലും ഉള്ളഴിഞ്ഞുകൊണ്ടുള്ള നല്ല വാക്കുകൾ ------ ഇങ്ങനെ ചെറുതുകൾ പെരുകിപ്പെരുകി വരുമ്പോൾ ഈ ഭൂമി ഒരു പുഷ്പവാടിയായി മാറും. നരലോകം ദേവലോകത്തിനു തുല്യം വിശുദ്ധമായിത്തീരും.

സ്നേഹത്തിന്റെയും ദയയുടെയും കാരുണ്യത്തിന്റെയും പരസ്പരസഹകരണത്തിന്റെയും പരസഹായത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്താനും ഇവയുൾക്കൊണ്ട് നല്ല വ്യക്തിത്വം രൂപപ്പെടുത്താനും പ്രചോദനമേകും വിധമാകണം ഈ പാഠഭാഗം അവതരിപ്പിക്കുന്നത്. കുട്ടികളായിരിക്കുമ്പോഴേ നന്മകളിൽ പങ്കാളിയാവാനുള്ള പരിശീനവും ഇതോടൊപ്പം ലഭിക്കേണ്ടതുണ്ട്.

## പാഠാവതരണം

ടീച്ചർ രണ്ടു സംഭവങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു:

- ഇന്നലെ രാത്രി എന്നെ ഒരു രക്ഷിതാവ് വിളിച്ചു. അവരുടെ മകൻ സ്കൂളിൽ നിന്നുവന്നതു കരഞ്ഞുകൊണ്ടാണത്രെ! ആരോ അവനെ ഒരു ചീത്തപ്പേരു വിളിച്ചതാണുകാരണം. ഞങ്ങൾ എത്ര സമാധാനിപ്പിച്ചിട്ടും അവന്റെ മനസ്സ് ശാന്തമാകുന്നില്ല. അവനു പഠിക്കാൻ കഴിയുന്നില്ല. ഇടക്കിടെ കണ്ണീർ!

- മറ്റൊരു സംഭവം: സ്കൂൾ വിട്ടുപോകുമ്പോൾ ഖൻസ എന്നോടൊരു കാര്യം പറഞ്ഞു: "സാറേ, ആ അനീസയുണ്ടല്ലോ നല്ല കൂട്ട്യാ, നല്ല നല്ല കുട്ടി. അവളിന്ന് എനിക്കു ചെയ്ത സഹായമുണ്ടല്ലോ, അതിനു പകരം എന്തുകൊടുത്താലും മതിയാകില്ല. ഞാനെന്റെ ജീവിത കാലത്തൊരിക്കലും ഈ സഹായം മറക്കില്ലാട്ടോ."

"അതെന്താ ഇത്ര വലിയ സഹായം?"

"അതോ, ഇന്ന് സ്കൂളിലേക്കു വരുമ്പോ എന്നോട് പേനയെടുക്കാൻ മറന്നു പോയി. സ്കൂളിലെത്തിയപ്പോഴാണ് കാര്യം മനസ്സിലായത്. പുതിയതൊന്ന് വാങ്ങാനാണെങ്കിൽ എന്റേട്ത്ത് പൈസയും ഇല്ല. ഒന്നു രണ്ടു കൂട്ടുകാരോടാക്കെ ചോദിച്ചു. അവരൊന്നും തന്നില്ല. അപ്പോഴാണ് അനീസ എനിക്കു നല്ലൊരു പേന തന്നത്. അല്ലെങ്കില് എന്റെ ഇന്നത്തെ ദിവസം....... സാറ്മാരൊക്കെ ദേഷ്യപ്പെടില്ലേ....ഞാനൊരിക്കലും ഈ സഹായം മറക്കൂല."

- ഈ രണ്ടു സംഭവങ്ങളും എന്താണു സൂചിപ്പിക്കുന്നത്?
- ഒന്നാമത്തെ സംഭവത്തിൽ ആ കുട്ടിയെ അത്രയധികം വേദനിപ്പിച്ചതെന്താണ്?

- രണ്ടാമത്തെ സംഭവത്തിൽ ഖൻസയെ സന്തോഷിപ്പിച്ചതോ?

കുട്ടികൾ അഭിപ്രായം പറയട്ടെ.

ക്രോഡീകരണം:

- ചെറിയൊരു വാക്കാണ് ഒരു കുട്ടിയെ അഗാധദുഃഖത്തിലാഴ്ത്തിയത്. സമാധാനിപ്പിക്കുന്ന വാക്കുകൾക്കു പോലും അത് മനസ്സിൽനിന്നു മായ്ക്കാൻ കഴിയുന്നില്ലല്ലോ.
- ചെറിയൊരു സഹായമാണ് ഒരു കുട്ടിക്ക് ഒരു ദിവസം വീണ്ടെടുത്തു കൊടുത്തത്. ആ സഹായം കിട്ടിയില്ലെങ്കിൽ അന്ന് ആ കുട്ടിയുടെ അവസ്ഥ എന്താകുമായിരുന്നു!
- ചെറിയൊരു വാക്ക്, ചെറിയൊരു സഹായം .... ചെറുതാണെങ്കിലും അവയെത്ര വലിയ പ്രതിഫലനങ്ങളാണു സൃഷ്ടിക്കുന്നത്!

'നമുക്കിന്നു ചെറുതുകളെക്കുറിച്ചുള്ള ഒരു കവിത ചൊല്ലാം' എന്ന ആമുഖത്തോടെ ടീച്ചർ കവിത വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ മൗനമായി കവിത വായിക്കുന്നു.

## പ്രവർത്തന വിശകലനം

## ആശയം ഗ്രഹിക്കാം TB

കവിതയിലെ ഓരോ വരിയും കുട്ടികൾ പദങ്ങൾ വേർതിരിച്ചു പറഞ്ഞുനോക്കട്ടെ.

ഈരണ്ടു വരികൾ ഈവിധം വേർതിരിച്ചു പറഞ്ഞ് മനസ്സിലായ ആശയം വെളിപ്പെടുത്താൻ നിർദ്ദേശിക്കാം. ഇടയ്ക്ക് അർത്ഥമറിയാത്ത പദങ്ങളുണ്ടെങ്കിൽ ടീച്ചർ പറഞ്ഞുകൊടുക്കണം.

ഇങ്ങനെ ടീച്ചറുടെ ഇടപെടലിലൂടെ, കൂട്ടിച്ചേർക്കലിലൂടെ കവിതയുടെ ആശയം പൂർണമായി വിശദീകരിക്കാം.

ടീച്ചർ വരികൾ വായിച്ച് ആശയം പറഞ്ഞു കൊടുക്കുകയല്ല, ആശയം കണ്ടെത്താനുള്ള പരിശ്രമങ്ങൾക്കു സഹായിയാവുകമാത്രമാണു ചെയ്യേണ്ടത്.

## ഉത്തരം കണ്ടെത്താം

ചോദ്യങ്ങൾ നോട്ടുബുക്കിൽ എഴുതിയെടുത്ത് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. തുടർന്നു ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം.

ഉത്തരങ്ങൾ ക്ലാസിൽ അവതരിപ്പിച്ച്, കണ്ടെത്തിയത് ശരിയാണോ എന്ന് ചർച്ച ചെയ്യാം. ടീച്ചർ ആവശ്യമായ കൂട്ടിച്ചേർക്കലുകളിലേക്കു നയിക്കണം.

## ആശയം വിശദീകരിക്കാം

കവിതാവരികൾ ടീച്ചർ BBയിൽ കുറിക്കുന്നു. കുട്ടികൾ വായിക്കുന്നു.

എന്താണ് ഈ വരികളിലെ ആശയം? ഏതാനും പേർ ആശയം പറയട്ടെ.

കണ്ടെത്തിയ ആശയം പൂർണമാണോ? മറ്റു കുട്ടികൾ വിലയിരുത്തി കൂട്ടിച്ചേർക്കലുകൾ നടത്തട്ടെ.

ക്രോഡീകരണം : ചെറിയ തെറ്റുകൾ നിസ്സാരമായിത്തോന്നാം. എന്നാൽ അവ ആവർത്തിക്കുമ്പോൾ നമ്മിലെ നന്മകൾ ഇല്ലാതാവും. ക്രമേണ അവ ജീവിതത്തെ ദുഷിപ്പിക്കും. ദുരിതത്തിലേക്കു നയിക്കും. അതുകൊണ്ടു തെറ്റുകൾ ചെറുതാണെങ്കിലും, ഒരിക്കലാണെങ്കിലും ചെയ്തു പോകുന്നതു സൂക്ഷിക്കണം.

മനസ്സിലായ ആശയം കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താൻ അവസരം നൽകാം. ടീച്ചർ നിരീക്ഷിക്കുകയും വിലയിരുത്തുകയും വേണം.

## മനസ്സിലാക്കാം TB

'ചൊട്ടയിലെ ശീലം ചുടല വരെ'

ഈ പഴഞ്ചൊല്ല് കുട്ടികളുടെ ശീലങ്ങൾ രൂപപ്പെടുത്തുന്ന അവസ്ഥയുമായി ബന്ധപ്പെടുത്തി വിശദീകരിക്കാനുള്ള പ്രവർത്തനമാണിത്. പല തിന്മകളുടെയും ബീജങ്ങൾ വ്യക്തി മനസ്സുകളിൽ കടന്നു കൂടുന്നത് കുട്ടിക്കാലത്തായിരിക്കും. മുതിർന്നവരുമായുള്ള സഹവാസവും വീട്ടിലെ മോശമായ സാഹചര്യങ്ങളുമൊക്കെ അതിനു നിമിത്തമാവാം. കുട്ടികളല്ലേ എന്ന നിലക്ക് അവർ ചെയ്യുന്ന തെറ്റുകളെ അവഗണിക്കുന്ന പതിവുമുണ്ടാകാം. എന്നാൽ കുട്ടിക്കാലത്ത് ആവർത്തിക്കുന്ന തെറ്റുകൾ ശീലമായിത്തീരാൻ ഏറെ സാധ്യതയുണ്ട്. ശീലമായാൽ പിന്നെയത് ഒഴിവാക്കാൻ പ്രയാസമായിരിക്കും. മോഷണം, ദുഷിച്ച വാക്കുകളുടെ പ്രയോഗം, കള്ളം പറയൽ, മറ്റുള്ളവരെ ഉപദ്രവിക്കൽ, ഒളിഞ്ഞുനോട്ടം തുടങ്ങിയ തെറ്റുകൾ ഇത്തരത്തിൽ പെട്ടതാണ്.

കുട്ടികളുമായി അടുത്തബന്ധം സ്ഥാപിച്ച് അവരുടെ സ്വഭാവവും പ്രവർത്തനങ്ങളും നിരീക്ഷിക്കാനും ആവശ്യമായ ഉപദേശനിർദ്ദേശങ്ങളും ഇടപെടലുകളും സാന്ദർഭികമായി നടത്താനും ടീച്ചർ ശ്രദ്ധിക്കണം. രക്ഷിതാക്കളെ ക്ലാസ് പി.ടി.എ. മീറ്റിങ്ങിലൂടെയും രഹസ്യമായും ഇത്തരം കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും വേണം. പാഠ്യപ്രവർത്തനത്തോടൊപ്പം ഇത്തരം കാര്യങ്ങളിലേക്കും അധ്യാപകരുടെ ശ്രദ്ധ തിരിയേണ്ടതാണ്.

## കവിത ചൊല്ലാം WB

കുട്ടികൾ കവിത വായിക്കട്ടെ, ഈണം കണ്ടെത്തി അവതരിപ്പിക്കട്ടെ.

പാഠഭാഗത്തെ ആശയം തന്നെ മറ്റൊരുവിധത്തിൽ അവതരിപ്പിക്കുകയാണ് ഈ വരികളിൽ. കുട്ടികൾ അതു കണ്ടെത്തി ചോദ്യങ്ങൾക്ക് ഉത്തരമെഴുതട്ടെ.

## താരതമ്യക്കുറിപ്പ് തയ്യാറാക്കുക WB

പ്രസ്തുത കവിതയ്ക്ക് 'ചെറിയവ' എന്ന കവിതയുമായി എന്തെല്ലാം സാദൃശ്യങ്ങളാണുള്ളത്? രണ്ടുകവിതകളും തമ്മിലുള്ള വ്യത്യാസമെന്താണ്?

ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തട്ടെ. ഓരോ ഗ്രൂപ്പും കണ്ടെത്തിയവ ക്ലാസിൽ അവതരിപ്പിച്ചു ചർച്ച ചെയ്ത് കൂട്ടിച്ചേർക്കലുകൾ നടത്തിയ ശേഷം താരതമ്യക്കുറിപ്പ് തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം :

**വിലയിരുത്തൽ സൂചനകൾ :**
സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി വേർതിരിച്ചെഴുതിയിട്ടുണ്ട്.
രണ്ടു കവിതകളിലെയും ആശയം വ്യക്തമാക്കിയിട്ടുണ്ട്.
അനുയോജ്യമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്.

## അനുഭവക്കുറിപ്പ് തയ്യാറാക്കുക WB

ആരിൽനിന്നെങ്കിലും സ്വീകരിച്ച ഉപകാരത്തെക്കുറിച്ച അനുഭവങ്ങൾ, അല്ലെങ്കിൽ ആർക്കെങ്കിലും ചെയ്തുകൊടുത്ത ഉപകാരങ്ങൾ കുട്ടികൾ ഓർമ്മിച്ചെടുക്കട്ടെ.

ടീച്ചർ ചില അനുഭവങ്ങൾ വിശദീകരിക്കുന്നു. (ആ ഉപകാരങ്ങൾ ഉണ്ടാക്കിയ പ്രതിഫലനങ്ങൾ കൂടി വിശദീകരിക്കാം) കുട്ടികൾ സ്വതന്ത്രമായി അനുഭവക്കുറിപ്പ് തയ്യാറാക്കട്ടെ. ഹോം വർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം.

# പാഠം – 17

# ഉറുമ്പുകളുടെ ലോകം

മനുഷ്യരെപ്പോലെ സമൂഹമായി ജീവിക്കുന്ന ജീവി വർഗമാണ് ഉറുമ്പുകൾ എന്നാണു പഠനങ്ങൾ തെളിയിക്കുന്നത്. ജീവിവർഗങ്ങളിലധികവും കൂട്ടാമായാണു ജീവിക്കുന്ന തെങ്കിലും പര്സപരസഹകരണവും നിശ്ചിതമായ ഒരു ലക്ഷ്യം നേടാനുള്ള സംഘടിത പ്രവർത്തനവും അധികജീവിവർഗങ്ങളിലും കാണാറില്ല. എന്നാൽ ഉറുമ്പുകൾ അങ്ങനെ യല്ല. സങ്കേതങ്ങളൊരുക്കുന്നതിലും തലമുറകളെ ഉല്പാദിപ്പിക്കുന്നതിലും ആഹാരസാ ധനങ്ങൾ സംഭരിക്കുന്നതിലുമൊക്കെ അവയ്ക്കു പ്രത്യേകമായ കൂട്ടായ്മ തന്നെയുണ്ട്. ഇതുകൊണ്ടാവാം വേദങ്ങളിലും പ്രവാചകകഥകളിലുമൊക്കെ ഉറുമ്പുവർഗത്തിന് ഇടം ലഭിച്ചത്. വിശുദ്ധഖുർആനിൽ സോളമൻ ചക്രവർത്തിയുമായി ബന്ധപ്പെട്ട് ഉറുമ്പുകളെ ക്കുറിച്ചുള്ള പരാമർശം കാണാം. മുഹമ്മദ് നബിയും 'സഹജീവി' എന്ന നിലയ്ക്ക് ഉറുമ്പു കളെ പ്രത്യേകം പരിഗണിച്ച് അനുയായികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ആസൂത്രിതമായ ജീവിതമാണ് ഉറുമ്പുകളുടേത് എന്നു നിരീക്ഷിച്ചാൽ ബോധ്യമാ വും. സഞ്ചാരപാതയിലും ഭക്ഷണശേഖരണത്തിലും മറ്റും അവ കാണിക്കുന്ന ജാഗ്ര തയും സൂക്ഷ്മതയും ഇതിനു തെളിവാണ്. ഉറുമ്പുവർഗ്ഗത്തിൽപെട്ട ചിതലുകളെക്കു റിച്ച് മാർട്ടിൻ ല്യൂഷർ, ഉർസ്റാം എന്നീ ശാസ്ത്രജ്ഞർ ആഫ്രിക്കയിലെ ഉഷ്ണമേഖ ലാവനങ്ങളിൽ എട്ടുവർഷത്തോളം നടത്തിയ പഠനം അത്ഭുതകരമായ പല അറിവു കളും നൽകുന്നുണ്ട്. ആറുമീറ്റർ പൊക്കവും അത്രയും അടിത്തറയുമുള്ള വൻചിതൽപ്പു റ്റുകൾ അവർ കണ്ടെത്തി. അവയുടെ പുറംഭിത്തിക്കു മുക്കാൽ മീറ്ററോളം കനമുണ്ടത്രെ! അതിന്നകത്ത് താമസക്കാരായ 20 ലക്ഷത്തോളം ചിതലുകൾക്ക് സുഖമായി കഴിയാനുള്ള സജ്ജീകരണങ്ങളുണ്ട്. മഴവെള്ളം ഉള്ളിലേക്കെത്തില്ല, ഏതു കാലത്തും തണുത്ത അന്ത രീക്ഷം, ശുദ്ധവായുവും ഭക്ഷണവും സുലഭം, റാണിക്ക് പ്രത്യേക അന്തപുരം, അതിനു ചുറ്റും മുട്ടയിടാനുള്ള അറകൾ, കുഞ്ഞുങ്ങൾക്ക് ആഹരിക്കാൻ കൃഷിചെയ്തുണ്ടാക്കുന്ന കൂണുകൾ... ഇങ്ങനെ എന്തെല്ലാം സംവിധാനങ്ങൾ! ശരിക്കും മനുഷ്യരുടെ ബുദ്ധിയെയും കണ്ടുപിടുത്തങ്ങളെയും കവച്ചുവയ്ക്കുന്ന ജന്മവാസനകൾ ഈ ചെറുജീവികൾക്കുണ്ടത്രെ!

പ്രകൃതിയെ സൂക്ഷ്മായി നിരീക്ഷിക്കാനുള്ള താല്പര്യമുണർത്തുന്നതോടൊപ്പം കുട്ടികളുടെ മനസ്സിൽ സഹജീവിസ്നേഹം വളർത്താനും ചെറുജീവികൾ പോലും നമ്മുടെ പരിസ്ഥിതിയുടെ സുസ്ഥിതിയിൽ വലിയ പങ്കു വഹിക്കുന്നതിനാൽ അവയു ടെ സുരക്ഷ ഉറപ്പുവരുത്തുംവിധം പ്രവർത്തിക്കാനും ഇത്തരം പഠനങ്ങൾ സഹായകമാ ണ്. കൂടാതെ ഇത്തരം ജീവികളിൽനിന്നു നമുക്കു പല പാഠങ്ങളും പഠിക്കാനുമുണ്ട്; സാമൂഹിക ജീവിതം, അനുസരണം, കഠിനാധ്വാനം, ത്യാഗശീലം, അച്ചടക്കം, സൂക്ഷ്മ ത, സാഹസികത, സമരവീര്യം തുടങ്ങി പലതും. ജന്മവാസനകളായി അവയിൽ അന്തർലീ നമായതാണെങ്കിലും ഈ ഗുണവശങ്ങൾ നൽകുന്ന ജീവിതസമാധാനവും സുരക്ഷി തത്വവും നാം കണ്ടു മനസ്സിലാക്കേണ്ടതുണ്ട്. കൗതുകം ജനിപ്പിക്കുന്നതും അത്ഭുതപ്പെ

ടുത്തുന്നതുമായ ഇത്തരം അറിവുകൾ കുട്ടികളുടെ മനസ്സിൽ ചിന്താബോധമുണർത്താനും പരിസ്ഥിതി സംരക്ഷിക്കപ്പേടണ്ടതാണെന്ന അവബോധമുണ്ടാക്കാനും പ്രയോജനപ്പെടുമെന്നു പ്രത്യാശിക്കാം.

## പാഠാവതരണം

ഉറുമ്പനുഭവങ്ങൾ പങ്കുവച്ചുകൊണ്ടു തുടങ്ങുന്നു:

എപ്പോഴെങ്കിലും ഉറുമ്പുകടിച്ചു വിഷമത്തിലായ അനുഭവം ടീച്ചർ അവതരിപ്പിക്കുന്നു. സമാനമായ അനുഭവങ്ങൾ കുട്ടികളും പറയട്ടെ.

- എല്ലാ ഉറുമ്പുകളും ഒരുപോലെയാണോ?
- ഏതെല്ലാം തരം ഉറുമ്പുകളെ നിങ്ങൾ കണ്ടിട്ടുണ്ട്?
- ഓരോ ഉറുമ്പുവർഗത്തിന്റെയും സ്വഭാവമെങ്ങനെയാണ്?
- ആ വർഗ്ഗങ്ങളുടെയൊക്കെ പേരുകളറിയാമോ?

സൗഹൃദ സംഭാഷണത്തിലൂടെ ഉറുമ്പുകളെക്കുറിച്ചുള്ള സാമാന്യധാരണയുണ്ടാക്കുന്നു.

തുടർന്നു ടീച്ചറുടെ നിർദ്ദേശപ്രകാരം കുട്ടികൾ 'ഉറുമ്പുകളുടെ ലോകം' എന്നപാഠഭാഗം മൗനമായി വായിക്കട്ടെ.

ഇനിയൊരു ശ്രാവ്യവായനയാവാം. ടീച്ചർ ഒന്നോ രണ്ടോ ഖണ്ഡിക ഭാവമുൾക്കൊണ്ട് മാതൃകാ വായന നടത്തുന്നു. ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികൾ തുടർന്നുള്ള ഭാഗത്തെ നിശ്ചിത ഖണ്ഡികകൾ വായിക്കട്ടെ.

## ആശയ വിശകലനം:

ടീച്ചർ പാഠഭാഗത്തെ ആശയം കണ്ടെത്താനാവുംവിധം ലളിതമായ ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- കട്ടുറുമ്പു കടിച്ചാലുള്ള അനുഭവമെങ്ങനെ?
- നീറുകളുടെ സ്വഭാവമെങ്ങനെയാണ്?
- ചോണനുറുമ്പുകളുടെ പ്രത്യേകതയെന്തെല്ലാം?
- ഉറുമ്പുകൾ എങ്ങനെയാണ് ഉറങ്ങുന്നത്?
- ചിതൽപുറ്റുകളിലെ സജ്ജീകരണങ്ങളെന്തെല്ലാം?
- ഭൂമിയിൽ ആദ്യത്തെ കർഷകരും കന്നുകാലി വളർത്തുകാരും ചിതലുകളാണെന്നു പറയുന്നതെന്തുകൊണ്ട്?
- ഉറുമ്പുകളിൽ കാണുന്ന അനുകരണീയ ഗുണങ്ങളെന്തെല്ലാം?
- ഉറുമ്പുകളുടെയും മനുഷ്യരുടെയും കഴിവുകൾ തമ്മിലുള്ള വ്യത്യാസമെന്താണ്?

## പ്രവർത്തന വിശകലനം

### സമാനപദം കണ്ടെത്താം TB

അർത്ഥമറിയാത്ത പദങ്ങൾ പാഠഭാഗത്തു നിന്നു കണ്ടെത്തി സന്ദർഭത്തിനൊതിതി കുട്ടികൾ ഊഹിച്ചുപറയട്ടെ. നിഘണ്ടുനോക്കി ഉറപ്പുവരുത്തിയശേഷം നോട്ടുബുക്കിൽ എഴുതാം. പ്രത്യേകം എടുത്തു കാണിച്ചതല്ലാത്ത പദങ്ങളും അർത്ഥമറിയാത്തതായുണ്ടെങ്കിൽ എഴുതിയെടുക്കാൻ നിർദ്ദേശിക്കണം.

### ശൈലി വിശദീകരിക്കുക TB

നീറിന്റെ സ്വഭാവമെന്താണ്? പാഠഭാഗത്തുനിന്നു മനസ്സിലാക്കിയതനുസരിച്ച് കുട്ടികൾ വിശദമാകട്ടെ.

നീറ് ശരീരത്തിൽ കടിച്ചാൽ പിന്നെ കടി വിടില്ല. അവിടെത്തന്നെ തൂങ്ങിക്കിടക്കും. തുടച്ചുമാറ്റുമ്പോൾ മിക്കവാറും നീറിന്റെ ജീവൻ നഷ്ടപ്പെടുകയും ചെയ്യും.

ഇതുപോലെ ചില ആളുകളുണ്ട്. എന്തെങ്കിലും പറഞ്ഞുകൊണ്ട് അവർ പിന്നാലെ കൂടും. എങ്ങനെ പ്രതികരിച്ചാലും ഒഴിഞ്ഞുമാറാതെ ശല്യമായിത്തീരുന്ന ഇത്തരക്കാരെക്കുറിച്ചാണ് ഇങ്ങനെ പ്രയോഗിക്കുന്നത്.

### ഉത്തരം കണ്ടെത്താം WB

ആവശ്യബോധത്തോടെ പാഠഭാഗം വീണ്ടും വായിക്കാനുള്ള അവസരമാണിത്. ചോദ്യങ്ങൾ വായിച്ച് ഉത്തരം കണ്ടെത്താൻ കുട്ടികൾ പാഠഭാഗം പരിശോധിക്കട്ടെ. കണ്ടെത്തിയ ഉത്തരം ടീച്ചറുടെ നിർദ്ദേശപ്രകാരം ക്ലാസിൽ അവതരിപ്പിക്കട്ടെ. വിലയിരുത്തിയശേഷം കൂട്ടിച്ചേർക്കലുകൾ നടത്തി നോട്ടുബുക്കിലെഴുതാം.

### വാക്യത്തിൽ പ്രയോഗിക്കുക

ശൈലികളും പ്രത്യേകപദങ്ങളും ഉൾപ്പെടുത്തി വാക്യങ്ങൾ രചിക്കാനുള്ള പ്രവർത്തനം ആവർത്തിച്ചു വരുന്നുണ്ട്. വാക്യരചനാ പാടവം നേടിയെടുക്കാനുള്ള അവസരമായി ഇതിനെ കാണണം. വാക്യങ്ങൾ കുട്ടികൾ തന്നെ കണ്ടെത്തണമെന്നു പ്രത്യേകം നിർദ്ദേശിക്കണം. വ്യക്തിഗതമായി എഴുതിയ വാക്യങ്ങൾ ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തട്ടെ. എല്ലാ ഗ്രൂപ്പും എഴുതിക്കഴിഞ്ഞശേഷം ഏതാനും വാക്യങ്ങൾ അവതരിപ്പിക്കാൻ ഗ്രൂപ്പുകൾക്ക് അവസരം നൽകാം. ആശയധാരണയുണ്ടാക്കാനും അപാകതകൾ തിരുത്താനും ഈ അവസരം ഉപയോഗപ്പെടുത്തണം.

വാക്യ രചനയിൽ ഇടയ്ക്ക് ടീച്ചർവേർഷൻ അവതരിപ്പിക്കുന്നത് നല്ലതാണ്.

### നിരീക്ഷിക്കാം, കണ്ടെത്താം TB

നിരീക്ഷണതാല്പര്യം വളർത്താൻ ഈ പ്രവർത്തനം സഹായകമാണ്.

കുട്ടികൾ നിരീക്ഷിച്ച് കണ്ടെത്തട്ടെ. ഉറുമ്പുകളുടെ പേരുകൾ, അവയുടെ രൂപം, നിറം, പ്രവർത്തനരീതികൾ തുടങ്ങിയവ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കട്ടെ. വർക്കുബുക്കിലെ 'നീരിക്ഷിക്കാം, കുറിപ്പ് തയ്യാറാക്കാം' എന്ന ഭാഗത്ത് രേഖപ്പെടുത്തിയാൽ മതി.

## സർവ്വനാമം

- ഗാന്ധിജി കോഴിക്കോട്ടെത്തി. ഗാന്ധിജി ജനങ്ങളോടു സംസാരിച്ചു.
- ഗാന്ധിജി കോഴിക്കോട്ടെത്തി. അദ്ദേഹം ജനങ്ങളോടു സംസാരിച്ചു.

ഈ രണ്ടുവാക്യങ്ങൾ ടീച്ചർ BBയിൽ കുറിക്കുന്നു.

- ഇവ തമ്മിൽ ആശയത്തിൽ വ്യത്യാസമുണ്ടോ?
- വാക്യഘടനയിൽ എന്തു വ്യത്യാസമാണുള്ളത്?
- ഏതുവാക്യമാണ് കൂടുതൽ ഭംഗിയുള്ളതായി തോന്നുന്നത്?

സർവനാമങ്ങൾ പ്രയോഗിക്കുമ്പോഴുള്ള സൗകര്യവും വാക്യഭംഗിയും കൂടുതൽ ഉദാഹരണങ്ങളിലൂടെ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരാം. തുടർന്ന് ഏതാനും വാക്യങ്ങൾ നൽകി സർവനാമം ചേർത്തെഴുതാൻ നിർദ്ദേശിക്കാം.

# പാഠം – 18
# വമ്പന്മാരായ ഇത്തിരിക്കുഞ്ഞന്മാർ

ഈ ദൃശ്യപ്രപഞ്ചത്തിനപ്പുറം അറ്റമില്ലാത്ത, മനുഷ്യഭാവനകൾക്കുപോലും അതീതമായ നക്ഷത്രസമൂഹങ്ങളും ശൂന്യസ്ഥലങ്ങളും ഗ്രഹങ്ങളുമൊക്കെയുണ്ടെന്നു ശാസ്ത്രം പറയുന്നു. അതുപോലെ ഭൂമിയിൽ നാം കാണുന്ന ജീവജാലങ്ങൾക്കു പുറമെ തിട്ടപ്പെടുത്താനാവാത്തവിധം സൂക്ഷ്മജീവികൾ വസിക്കുന്നുണ്ടെന്നാണു കണ്ടെത്തൽ. നമ്മെപ്പോലെയല്ലെങ്കിലും അവയും ആഹാരം കഴിക്കുന്നുണ്ട്, വെള്ളം കുടിക്കുന്നുണ്ട്, ശ്വസിക്കുന്നുണ്ട്, അവയ്ക്കുമുണ്ട് ജനനവും മരണവും. ശാസ്ത്രം ഏറെ പുരോഗമിച്ച ഇക്കാലത്ത് ഈ വിശേഷങ്ങളൊന്നും അവിശ്വസനീയമല്ല. കാരണം മൈക്രോസ്കോപ്പ് പോലുള്ള സൂക്ഷ്മനിരീക്ഷണ യന്ത്രങ്ങളുടെ സഹായത്താൽ കണ്ടെത്താവുന്നതാണിവയൊക്കെ.

ഈ ജീവജാലങ്ങളിൽ അധികവും പ്രത്യക്ഷമായോ പരോക്ഷമായോ നമ്മുടെ സഹായികളാണ്. ജീവിതത്തിൽ നമുക്കനിവാര്യമായ പല അവസ്ഥകളും സംജാതമാക്കുന്നത് ഇവയുടെ പ്രവർത്തനങ്ങളാണ്. എന്നാൽ ചില സൂക്ഷ്മജീവികൾ അപകടകാരികളായുമുണ്ട്. പകർച്ചവ്യാധികളായും മാരകരോഗവാഹികളായും അവ പലപ്പോഴും മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും കനത്ത നാശനഷ്ടങ്ങളുണ്ടാക്കിത്തീർക്കുന്നുണ്ട്. വലിയ ഭീഷണിയുയർത്തുന്നുമുണ്ട്. 2018-ൽ കേരളത്തിന്റെ ചില ഭാഗങ്ങളിൽ ഏതാനും പേരെ കൊന്നൊടുക്കിയ നിപവൈറസ് ഉദാഹരണം. നിപയെ എടുത്തുപറയാൻ കാരണമുണ്ട്; രോഗികളുമായി സഹവസിക്കുന്നവർ മാത്രമല്ല, ഏതെങ്കിലും വിധത്തിൽ രോഗികളോട് അടുക്കാനിടയാകുന്നവരെപ്പോലും പിടികൂടിയേക്കുമെന്നു പ്രചരിപ്പിക്കപ്പെട്ട വൈറസാണിത്.ഈ വൈറസ്ബാധ അന്നു കേരളീയരെ വല്ലാത്ത ഭീതിയിലാഴ്ത്തുകതന്നെ ചെയ്തു.

വൈറസുകളെക്കുറിച്ചും ബാക്ടീയകളെക്കുറിച്ചുമുള്ള അറിവ് മനുഷ്യരെ ചില തിരിച്ചറിവുകളിലേക്കു നയിക്കുന്നുണ്ട് എന്നതുകൊണ്ടുതന്നെ വിദ്യാർത്ഥികളിൽ ഇവയെക്കുറിച്ചുള്ള അവബോധമുണർത്തേണ്ടതുണ്ട്. ആരോഗ്യശാസ്ത്രവും ജീവശാസ്ത്രവുമൊക്കെ ഇവയുടെ ശാസ്ത്രീയവശങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഇത്തരം മേഖലകളുണർത്തുന്ന മാനവികവും ധർമ്മപരവുമായ വശങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുക സാഹിത്യത്തിന്നായിരിക്കും. ഫംഗസുകൾ, വൈറസുകൾ, ബാക്ടീരിയകൾ തുടങ്ങിയവയെക്കുറിച്ചുള്ള രസകരമായ ആവിഷ്ക്കാരമാണ് 'വമ്പന്മാരായ ഇത്തിരിക്കുഞ്ഞന്മാർ എന്ന പാഠഭാഗം. ചെറുതെങ്കിലും, നഗ്നനേത്രങ്ങൾ കൊണ്ടു കാണാൻ കഴിയാത്തവയെങ്കിലും ഇത്തരം ജീവികൾ നൽകുന്ന സേവനവും ഇവയുയർത്തുന്ന ഭീഷണികളും ഈ ലേഖനത്തിൽ അനാവൃതമാകുന്നുണ്ട്. ഇവ വിശകലനം ചെയ്യുന്നതോടൊപ്പം പല പ്രതിഭാസങ്ങളുടെയും മുമ്പിൽ മനുഷ്യൻ എത്ര നിസ്സാരനും നിസ്സഹായനുമാണെന്ന സൂചനകൾ നൽകുന്നുമുണ്ട്. ഇതൊരു തിരിച്ചറിവാണ്, ഭൂമിയിൽ മനുഷ്യൻ എന്ന നിലക്ക് അഹങ്കരിച്ച് ഇതര ജീവജാലങ്ങൾക്കെല്ലാം ഭീഷണിയുയർത്തുകയും പരിസ്ഥിതിയുടെ

സുസ്ഥിതിയെ അവതാളത്തിലാക്കുകയും ചെയ്യുന്ന പ്രവൃത്തികൾ സ്വന്തം നാശത്തിനു തന്നെ കളമൊരുക്കുന്നതാണെന്ന തിരിച്ചറിവ്! ഒപ്പം ചെറുതുകളിലും മഹാശക്തികൾ ഒളിഞ്ഞിരിക്കുന്നുണ്ടെന്ന അവബോധവും.

## പാഠാവതരണം

ടീച്ചർ സൂക്ഷ്മ ജീവികളെക്കുറിച്ചു ചില കാര്യങ്ങൾ ചോദിച്ചുകൊണ്ടു തുടങ്ങുന്നു:

- ഇന്നലെ രാത്രി കുറച്ച് അരി കുതിർത്ത് ഉഴുന്നുപരിപ്പും ചേർത്ത് അരച്ചുവച്ചു. രാവിലെയെടുത്തപ്പോൾ ഒന്നാന്തരം ദോശമാവ്.
- പാലുകാച്ചി ഇത്തിരി മോരൊഴിച്ചു വച്ചു. രാവിലെ നോക്കുമ്പോൾ നല്ല തൈര്.
- ബ്രഡ് വാങ്ങി സൂക്ഷിച്ചിരുന്നു. തിന്നാനായി എടുത്തപ്പോൾ സൈഡിലൊക്കെ പച്ചനിറം, പൂപ്പൽ! എന്തു ചെയ്യാനാ... വെറും ചായകൊണ്ട് മതിയാക്കേണ്ടി വന്നു.

എന്തുകൊണ്ടാണിങ്ങനെയൊക്കെ? കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

അവർക്കു ലഭിച്ച അറിവുകളുടെ അടിസ്ഥാനത്തിൽ സ്വന്തം നിഗമനങ്ങൾ പറയട്ടെ.

ഇതു സംബന്ധമായി ചില കാര്യങ്ങൾ മനസ്സിലാക്കാൻ 'വമ്പന്മാരായ ഇത്തിരിക്കുഞ്ഞന്മാർ' എന്ന പാഠഭാഗം വായിക്കാം എന്ന് നിർദ്ദേശിക്കുന്നു. അൽപം ദീർഘിച്ച പാഠമായതുകൊണ്ട് യുക്തംപോലെ നാലോ അഞ്ചോ ഭാഗങ്ങളാക്കി തിരിച്ച് വായിക്കുന്നതാണ് ഉചിതം. ഓരോ ഭാഗവും വായിച്ചു കഴിയുമ്പോൾ ആശയവിശകലനം നടത്താം...

മൈക്രോസ്കോപ്പ്,<br>
മൈക്രോസ്കോപ്പി,<br>
മൈക്രോ ബയോളജി<br>
ആന്റണി വാൻല്യൂഹോക്ക്,<br>
ലൂയിപാസ്റ്റർ

} പ്രത്യേകം പരിചയപ്പെടുത്താം.

- നമ്മുടെ ശരീരത്തിൽ പ്രധാനമായും എവിടെയൊക്കെയാണ് സൂക്ഷ്മജീവികൾ വസിക്കുന്നത്?
- ഒരു സാമാന്യമനുഷ്യന്റെ തൊലിയുടെ വിസ്തീർണ്ണമെത്രയാണ്?
- രോഗപ്രതിരോധ ശേഷി എന്നു പറയുന്നതെന്തിന്നാണ്?
- പുറമെ നിന്നു വരുന്ന അപകടകാരികളായ സൂക്ഷ്മജീവികൾ എവിടെയൊക്കെയാണ് പറ്റിക്കൂടുന്നത്?
- അവയെ എങ്ങനെ തുരത്താം?
- ബാക്ടീരിയകളെ തുരത്താനുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്നതെന്തിൽ നിന്നാണ്?

- എങ്ങനെയെല്ലാമാണു ബാക്ടീരിയകൾ നിത്യജീവിതത്തിൽ നമ്മുടെ സഹായികളായിത്തീരുന്നത്?
- സൂക്ഷ്മജീവികൾ പരത്തുന്ന മുഖ്യ രോഗങ്ങൾ ഏതെല്ലാം?
- കൃഷികളെ ഏതെല്ലാം വിധത്തിലാണു വൈറസുകൾ പിടികൂടുന്നത്?

ചർച്ചയിലൂടെ, ടീച്ചറുടെ സന്ദർഭോചിതമായ വിശദീകരണത്തിലൂടെ, ചോദ്യങ്ങളിലൂടെ പാഠഭാഗത്തെ ആശയം കുട്ടികളെ ബോധ്യപ്പെടുത്താം.

## പ്രവർത്തന വിശകലനം

### കണ്ടെത്താം TB

ചോദ്യങ്ങൾ കുട്ടികൾ എഴുതിയെടുത്ത് വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ടീച്ചർ ചില കുട്ടികളോട് ചോദ്യമുന്നയിച്ച് എഴുതിയ ഉത്തരം വായിക്കാനാവശ്യപ്പെടുന്നു.

കുട്ടി വായിച്ച ഉത്തരം ശരിയാണോ? വല്ല മെച്ചപ്പെടുത്തലുകലും ആവശ്യമുണ്ടോ? എന്തുമാറ്റമാണു വരുത്തേണ്ടത്? മറ്റു കുട്ടികൾ വ്യക്തമാക്കട്ടെ.

എല്ലാവരും കൂടി ഒന്നിച്ചു പ്രതികരിക്കുന്ന അവസ്ഥയുണ്ടാവരുത്. തിരുത്തലുകൾ, മെച്ചപ്പെടുത്തലുകൾ അതാതു സമയത്തുതന്നെ നിർവ്വഹിക്കാം.

### പോസ്റ്റർ, വാക്യങ്ങൾ തയ്യാറാക്കാം

അപകടകാരികളായ സൂക്ഷ്മാണുക്കളെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകുന്ന പോസ്റ്ററുകളാണ് തയ്യാറാക്കേണ്ടത്. പോസ്റ്റർ വാക്യങ്ങളിലൂടെ രചനയിൽ മുമ്പു പരിശീലനം നേടിയിട്ടുണ്ടല്ലോ. കുട്ടികൾ ഗ്രൂപ്പുകളായിരുന്ന് അനുയോജ്യമായ വാക്യങ്ങൾ കണ്ടെത്തട്ടെ. ഓരോ ഗ്രൂപ്പും അഞ്ചുവാക്യങ്ങൾ വീതം കണ്ടെത്തണം.

പോസ്റ്റർ വാക്യങ്ങൾ ആശയ സമ്പുഷ്ടമാകണം. ആകർഷകമാകണം,
ഒറ്റനോട്ടത്തിൽ വായിച്ചു ഗ്രഹിക്കാൻ കഴിയുംവിധം ലളിതമാവണം.
വായിക്കാൻ പറ്റിയവിധം വരികൾ സംവിധാനിക്കണം.

### ശേഖരിക്കാം, പട്ടികപ്പെടുത്താം TB

ഈ കാര്യങ്ങൾ സയൻസ് അധ്യാപകരോടു ചോദിച്ചു മനസ്സിലാക്കട്ടെ.

അതിന്നായി ആദ്യം ചോദ്യങ്ങൾ തയ്യാറാക്കണം. കുട്ടികൾ ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് എന്തെല്ലാം കാര്യങ്ങൾ ചോദിക്കണമെന്നു തീരുമാനിക്കട്ടെ. അനുയോജ്യമായ ചോദ്യങ്ങൾ കണ്ടെത്തട്ടെ.

ശേഖരിച്ച വിവരങ്ങൾ ചാർട്ടിൽ വൃത്തിയായി രേഖപ്പെടുത്തുന്നു.

ഗ്രൂപ്പുകൾക്കിടയിൽ ഇക്കാര്യത്തിൽ ഒരു മത്സരം സംഘടിപ്പിക്കാം. ഏറ്റവും നന്നായി സംവിധാനം ചെയ്ത ചാർട്ടിനു പ്രോത്സാഹനസമ്മാനം നൽകാം.

## അഭിമുഖ ചോദ്യാവലി തയ്യാറാക്കാം WB

ഡോക്ടറുമായി അഭിമുഖം നടത്താനുള്ള ചോദ്യങ്ങളാണു തയ്യാറാക്കേണ്ടത്.

പാഠഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കിയാൽ മതി.

കുട്ടികൾ സ്വതന്ത്രമായി ചോദ്യങ്ങൾ കണ്ടെത്തട്ടെ.

**ഉദാ:-** അപകടകാരികളായ സൂക്ഷ്മാണുക്കൾ എങ്ങനെയെല്ലാമാണു നമ്മെ ബാധിക്കുന്നത്?

- അവ ബാധിച്ചിട്ടുണ്ടെന്ന് എങ്ങനെയാണു മനസ്സിലാക്കാൻ കഴിയുക?
- ഏതെല്ലാം രോഗങ്ങളാണ് അവ പരത്തുക?
- അത്തരം രോഗങ്ങളെ എങ്ങനെ തിരിച്ചറിയാം?
- വൈറസുകൾ പരത്തുന്ന രോഗങ്ങൾക്ക് ഏതു തരത്തിലുള്ള ചികിത്സയാണു വേണ്ടത്?
- വൈറസുകൾ നമ്മുടെ ശരീരത്തെ ബാധിക്കുന്നത് എങ്ങനെ തടയാം?
- വൈറസ് ബാധയേൽക്കാതിരിക്കാൻ എന്താണു ചെയ്യേണ്ടത്?

ചുരുങ്ങിയത് പത്തുചോദ്യങ്ങളെങ്കിലും കുട്ടികൾ കണ്ടെത്തട്ടെ.

## പത്രവാർത്ത തയ്യാറാക്കാം TB

വാർത്ത തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

കുട്ടികൾ ദിനപ്പത്രം നോക്കി കണ്ടെത്തട്ടെ. കണ്ടെത്തിയ കാര്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു: ശീർഷകം, റിപ്പോർട്ടു ചെയ്യുന്ന സ്ഥലം, വസ്തുതകളുടെ വിവരണം .............

ക്രോഡീകരണം :

- ആകർഷകമായ ശീർഷകം വേണം.
- റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലമേതെന്നു വ്യക്തമാക്കണം.
- മുന്നറിയിപ്പുവാർത്തകളും മറ്റും കൊടുക്കുമ്പോൾ ആരാണു പറയുന്നതെന്നു വെളിപ്പെടുത്തണം.
- കാര്യങ്ങൾ ക്രമത്തിൽ വിവരിക്കണം.
- ശ്രദ്ധിക്കേണ്ടവ പ്രത്യേകം എടുത്തു പറയണം.

ചർച്ചയിൽ വ്യക്തമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളിലായി റിപ്പോർട്ട് തയ്യാറാക്കട്ടെ.

ഓരോ ഗ്രൂപ്പും തയ്യാറാക്കിയ റിപ്പോർട്ടുകൾ ക്ലാസിൽ അവതരിപ്പിക്കുന്നു.

ചർച്ച ചെയ്യുന്നു. കൂട്ടിച്ചേർക്കലുകൾക്കു ശേഷം എല്ലാ കുട്ടികളും നോട്ടുബുക്കിൽ എഴുതുന്നു.

## സമാസിച്ചെഴുതുക WB

സമാസിച്ച പദങ്ങൾ വിഗ്രഹിക്കുന്ന പ്രവർത്തനമാണ് മുമ്പു പരിചയപ്പെട്ടത്. ഇവിടെ സമാസിച്ചെഴുതാനുള്ള പ്രവർത്തനമാണ്. സമാസിക്കുമ്പോൾ എഴുതാനും പറയാനുമുള്ള സൗകര്യവും ഭാഷയ്ക്കുണ്ടാവുന്ന സൗന്ദര്യവും തിരിച്ചറിയാൻ ഈ പ്രവർത്തനത്തിലൂടെ അവസരം ലഭിക്കുന്നു.

- സൂക്ഷ്മാണുക്കൾ
- പ്രതിരോധമാർഗങ്ങൾ
- രോഗവാഹി
- പരീക്ഷണ നിരീക്ഷണങ്ങൾ
- മനുഷ്യമൃഗാദികൾ
- തൊലിപ്പുറം

വ്യക്തിപരമായി കുട്ടികൾ സമസ്തപദങ്ങൾ കണ്ടെത്തി എഴുതട്ടെ. തുടർന്ന് ടീച്ചറുടെ നിർദ്ദേശ പ്രകാരം കുട്ടികൾ പദങ്ങൾ പറയുന്നു. ടീച്ചർ അവ BBയിൽ കുറിക്കുന്നു.

കണ്ടെത്തിയ പദം ശരിയാണോ? ചർച്ച ചെയ്യുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തിയ ശേഷം ശരിയായ രൂപം ടീച്ചർ പ്രദർശിപ്പിക്കുന്നു.